©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## നാല്പത്തൊമ്പതാമത് റിപ്പോർട്ട്

(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2023-2026)**

**നാല്പത്തൊമ്പതാമത് റിപ്പോർട്ട്**

**(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

929/2024.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും / ശിപാർശകളും | .. | 146 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്ന് ലഭിച്ച മറുപടി | .. | 158 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

**ഘടന**

<u>അധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി. സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ നാല്പത്തൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2024 ജൂൺ മാസം 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂൺ 27.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്

ഓഡിറ്റ് ഖണ്ഡിക

**വികസന അതോറിറ്റികൾ**

തിരുവനന്തപുരം വികസന അതോറിറ്റി

| | |
|---|---|
| ◆ | നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ട്രിഡയ്ക്ക് കഴിയുന്നില്ല. |
| ◆ | വായ്പാ കുടിശ്ശികയിൽ വൻവർദ്ധന. |
| ◆ | റവന്യൂ വരവ് പ്രതീക്ഷിച്ചത് 1091.769 ലക്ഷം; കിട്ടിയത് 159.111 ലക്ഷം. |

തലസ്ഥാന നഗരിയുടെയും സമീപപ്രദേശത്തുള്ള ഗ്രാമപഞ്ചായത്തുകളുടെയും സമഗ്രവികസനത്തിനായി അംഗീകരിച്ച മാസ്റ്റർപ്ലാൻ സുഗമമായി നടപ്പിലാക്കുകയാണ് ട്രിഡയുടെ പ്രാഥമികലക്ഷ്യം. സംസ്ഥാന നഗരാസൂത്രണ വകുപ്പുമായി ബന്ധപ്പെട്ട് വികസന അതോറിറ്റിയുടെ പരിധിയിലുള്ള നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ചുമതല ട്രിഡയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. മാർക്കറ്റുകൾ, വിശ്രമസങ്കേതങ്ങൾ, അപ്പാർട്ട്മെന്റുകൾ, പുനരധിവാസ ബ്ലോക്കുകൾ, വ്യാപാരസമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണം, നഗരത്തിന്റെ ഹൃദയഭാഗത്തുള്ള വിവിധ റോഡുകളുടെ വികസനം എന്നീ വികസന പ്രവർത്തനങ്ങൾ ട്രിഡ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ വികസന പ്രവർത്തനങ്ങൾ മുൻവർഷങ്ങളിലേതിനേക്കാൾ കുറവാണെന്ന് കാണുന്നു.

തിരുവനന്തപുരം നഗരസഭയിൽനിന്നും പത്ത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സെന്റേജ് ചാർജ്ജ്, ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള ആസ്തികളിൽ നിന്നുമുള്ള വരവുകൾ, സർക്കാരിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വരവുകളും വായ്പകളും, വികസന സെസ്സ്, ഡിബഞ്ചറുകൾ വഴിയുള്ള ധനസമാഹരണം എന്നിവയാണ് വികസന അതോറിറ്റിയുടെ പ്രധാന മൂലധന സ്രോതസ്സുകൾ. 2008-09 വർഷം സെന്റേജ് ചാർജ്ജ് ഇനത്തിൽ തുകയൊന്നും ട്രിഡയ്ക്ക് ലഭിച്ചിട്ടില്ല. തൻവർഷം സർക്കാരിൽ നിന്ന് ഗ്രാന്റുകളൊന്നും ലഭിച്ചിട്ടില്ല. ധനത്തിന്റെ കുറവ് ട്രിഡ ഏറ്റെടുത്തു നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നതിന് കാരണമായിട്ടുണ്ട്. ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ അതിന്റെ വായ്പാതുക കൂടാതെ പലിശയിനത്തിൽ അധികമായി തുക

ചെലവഴിക്കേണ്ടിവരുന്നു. ഇതിനാൽ വായ്പാ കുടിശ്ശികയിൽ വൻ വർദ്ധനവുണ്ടാകുന്നു. 2008-09 സാമ്പത്തിക വർഷം റവന്യൂ വരവിനത്തിൽ 1091.769 ലക്ഷം രൂപ പ്രതീക്ഷിച്ചിരുന്നെങ്കിലും 159.111 ലക്ഷം രൂപ മാത്രമേ സ്വരൂപിക്കാൻ കഴിഞ്ഞുള്ളൂ (19.58%). എന്നാൽ റവന്യൂ ചെലവാകട്ടെ പ്രതീക്ഷിച്ചതിനേക്കാൾ 23.216 ലക്ഷം രൂപ കൂടുതലാവുകയും ചെയ്തു. വിവിധ നിർമ്മാണാവശ്യങ്ങൾക്കായി എടുത്ത ബാങ്ക് വായ്പകൾ, ഡിബഞ്ചറുകൾ, സർക്കാരിൽ നിന്നും പല ആവശ്യങ്ങൾക്കായി എടുത്ത വായ്പകൾ, കെ.യു.ആർ.ഡി.എഫ്.സി. വായ്പ എന്നിവ ഉൾപ്പെടെ ട്രിഡയുടെ മൊത്തം ബാധ്യത 3679.99 ലക്ഷം രൂപയാണ്. 31-3-2009-ൽ സർക്കാരിൽ നിന്നും എടുത്തിട്ടുള്ള വായ്പയിൽ ഭൂരിഭാഗവും ഗ്രാന്റായി മാറ്റണമെന്ന് ട്രിഡ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടണമെങ്കിൽ വാടക ഇനത്തിലെ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കൽ ഉൾപ്പെടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ ക്രിയാത്മക നടപടികൾ ഉണ്ടാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നില്ല, വായ്പ കുടിശ്ശികയിൽ വർദ്ധനവ്, റവന്യൂ വരവിൽ പ്രതീക്ഷിച്ചതിനേക്കാൾ കുറവുണ്ടായി തുടങ്ങിയ ഓഡിറ്റ് പരാമർശങ്ങളെ സംബന്ധിച്ച് എന്ത് വിശദീകരണമാണ് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, 2017-18 വരെയുള്ള വായ്പാ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കലിലൂടെ അവസാനിപ്പിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം നഗരസഭയിൽ നിന്ന് 2018-19 മുതൽ 2021-22 വരെ സെന്റേജ് ചാർജ്ജ് ഇനത്തിൽ 2,97,01,352 രൂപ ലഭിക്കാനുണ്ടെന്നും ഇതുസംബന്ധിച്ച് 23-9-2022-ൽ നഗരസഭാ സെക്രട്ടറിക്ക് കത്ത് നല്കിയെങ്കിലും തുക നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി.

2. 2017 വരെ സെന്റേജ് ഇനത്തിൽ കൊടുക്കാനുണ്ടായിരുന്ന തുക ട്രിഡ എഴുതിത്തള്ളിയിട്ടുണ്ടെന്നും സെന്റേജിനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തെ കുടിശ്ശിക തുകയായ 2.95 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് നഗരസഭയ്ക്ക് കത്ത് ലഭിച്ചിട്ടുണ്ടെന്നും എന്നാൽ ട്രിഡയുടെ പതിനഞ്ചോളം കെട്ടിടങ്ങളുടെ നികുതി പ്രസ്തുത തുകയ്ക്ക് ഏകദേശം തുല്യമാകുന്നുണ്ടെന്നും കൂടാതെ, 2017-ന് മുമ്പുള്ള കാലയളവിലെ കെട്ടിട നികുതി കുടിശ്ശികയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക ആവശ്യപ്പെട്ടുകൊണ്ട് ട്രിഡയ്ക്ക് കത്തയച്ചിട്ടുണ്ടെന്നും കണക്കുകൾ തീർപ്പാക്കുമ്പോൾ വലിയൊരു തുക ട്രിഡ നഗരസഭയ്ക്ക്

നൽകേണ്ടതായി വരുമെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. സെന്റേജ് ചാർജ്ജ് നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, 2016-ലെ ദി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റും ആക്റ്റ് പ്രകാരമുള്ള ചട്ടവുമനുസരിച്ച് സെന്റേജ് ചാർജ്ജ് നിലവിലുണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വെളിപ്പെടുത്തി. 2017-ൽ മന്ത്രി തലത്തിൽ നടന്ന യോഗത്തിൽ അതുവരെയുള്ള സെന്റേജ് ചാർജ്ജ് ഒഴിവാക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും കേരള വികസന അതോറിറ്റി ചട്ടങ്ങൾ 22 ക്ലോസ് സി പ്രകാരം 0.5% സെന്റേജ് ചാർജ്ജ് ഈടാക്കണമെന്ന വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടെന്നും ട്രിഡ സെക്രട്ടറി കൂട്ടിച്ചേർത്തു.

3. 2017-ന് ശേഷമുള്ള സെന്റേജ് ചാർജ്ജ് നാല് ഗഡുക്കളായി ഈടാക്കുന്നതിന് സർക്കാരിൽ നിന്നും ഉത്തരവ് ലഭിച്ചിരിക്കുകയാണെന്നും പഴയ ചട്ടപ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ വരുമാനത്തിന്റെ 2% ആണ് സെന്റേജ് ചാർജ്ജായി നല്കാനുള്ളതെന്നും ഇത്തരത്തിലുള്ള തുക തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും ട്രിഡ സെക്രട്ടറി വിശദീകരിച്ചു. പുതിയ ആക്റ്റ് വന്നതിന് ശേഷം ഇക്കാര്യത്തിൽ സംശയമുണ്ടെന്നും മേൽവിഷയം വിശദമായി പരിശോധിക്കണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദവസരത്തിൽ അറിയിച്ചു. ഇക്കാര്യത്തിൽ, ട്രിഡ സെക്രട്ടറിയും നഗരസഭാ സെക്രട്ടറിയും കൂടി ചർച്ച ചെയ്ത് മേൽ വിഷയം തീർപ്പാക്കാൻ കഴിയുമോയെന്ന് പരിശോധിച്ചതിനുശേഷം സമിതി മുമ്പാകെ അഭിപ്രായം പറയാൻ ഒരവസരംകൂടി നൽകുന്നതായിരിക്കും ഉചിതമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. പ്രസ്തുത നിർദ്ദേശം അംഗീകരിച്ച സമിതി മേൽ വിഷയം സംബന്ധിച്ച് ട്രിഡ സെക്രട്ടറിയും നഗരസഭാ സെക്രട്ടറിയും ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്തണമെന്നും ആയതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

4. 2016-ലെ ആക്റ്റിന്റെ സെക്ഷൻ 99-ൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള വികസന ഫണ്ട് ട്രിഡ രൂപീകരിച്ചിട്ടില്ലെന്നും പ്രസ്തുത ആക്റ്റിൽ കൊണ്ടുവന്ന ക്രമീകരണം ഇതുവരെയും കേരളത്തിൽ നടപ്പായിട്ടില്ലെന്നും റൂൾ പ്രകാരം വികസന ഫണ്ടിനെ സംബന്ധിച്ച അക്കൗണ്ട്സ്, ഓഡിറ്റ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഓഡിറ്റിന്റെ ഭാഗത്തുനിന്ന് പരിശോധിക്കുമ്പോൾ അത്തരത്തിലൊരു വികസന ഫണ്ടോ അക്കൗണ്ട്സോ കണ്ടെത്താൻ കഴിയുന്നില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

5. ട്രിഡ കടപ്പത്രം പുറപ്പെടുവിച്ചത് സംബന്ധിച്ച മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് കടപ്പത്രം പുറപ്പെടുവിച്ച ഇനത്തിലുണ്ടായ 75 കോടി രൂപ പലിശയുൾപ്പെടെ 93 കോടി രൂപ ബാങ്കിൽ തീർപ്പാക്കിയതിന്റെ രേഖ ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**6. 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭയിൽ നിന്നും സെന്റേജ് ചാർജ്ജ് ഇനത്തിൽ ലഭിക്കുവാനുള്ള ₹2.95 കോടി സംബന്ധിച്ച് തിരുവനന്തപുരം നഗരസഭയും തിരുവനന്തപുരം വികസന അതോറിറ്റിയും തമ്മിൽ അഭിപ്രായ വ്യത്യാസവും തർക്കവും നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു. വിഷയം സംബന്ധിച്ച് ട്രിഡ സെക്രട്ടറിയും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയും ചർച്ച ചെയ്ത് തീരുമാനത്തിലെത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

വാടകക്കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല : ലക്ഷങ്ങളുടെ നഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 2.7

- **കൺസ്യൂമർ ഫെഡുമായുള്ള വാടക കരാർ പുതുക്കുന്നില്ല.**
- **കൺസ്യൂമർ ഫെഡിൽനിന്ന് കിട്ടാനുള്ള വാടക 10.37 ലക്ഷം.**

തിരുവനന്തപുരം വികസന അതോറിറ്റിയുടെ കേശവദാസപുരത്തുള്ള കേദാരം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം.8, 79, സ്റ്റോർ 4 മുതൽ 11 വരേയും സാഫല്യം കോംപ്ലക്സിലെ കടമുറി നം. G.7, G.10, G.19 എന്നിവ കേരളാ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷന് ട്രിഡ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. ഇവയുടെ കരാർ കാലാവധി യഥാക്രമം 19-7-2008, 29-2-2004, 11-10-2004, 31-3-2005, 27-7-2005, 5-2-2005, 29-7-2005 എന്നീ തീയതികളിൽ അവസാനിച്ചു. ട്രിഡ ഇക്കാര്യം കൺസ്യൂമർ ഫെഡിനെ അറിയിക്കുകയും കാലാവധി കഴിഞ്ഞതിനാൽ കരാർ പുതുക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. എന്നാൽ നാളിതുവരെ കൺസ്യൂമർഫെഡ് കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ ഈ കടകളുടെ വാടക കൃത്യമായി അടയ്ക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. 2008-09 കേദാരം വാടക രജിസ്റ്റർ (പേജ് 8, 79) പ്രകാരം കോംപ്ലക്സിലെ കടമുറി നം. 8, 79 എന്നിവയുടെ വാടക 12/08-ന് ശേഷം അടച്ചതായി കാണുന്നില്ല. സർവ്വീസ് ചാർജ്ജ് അടയ്ക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വാടക ഇനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കെ തന്നെ വാടകക്കരാർ പുതുക്കാതിരിക്കുകകൂടി ചെയ്യുന്നത് കരാർ വ്യവസ്ഥകളുടെ കടുത്ത ലംഘനമാണ്. ട്രിഡ ഫയൽ G1/2134/(8)/94 പരിശോധിച്ചതിൽ നിന്നും കരാർ പുതുക്കിയിരുന്നെങ്കിൽ 29-10-2007-ൽ അടയ്ക്കേണ്ട വാടകയിനത്തിൽ കൺസ്യൂമർ ഫെഡ് കൈവശം വച്ചിരിക്കുന്ന കടകൾക്കെല്ലാം കൂടി

5,94,288 രൂപയുടെ വർദ്ധനവ് വരുമായിരുന്നു. 9-1-09-ലെ നം. ആർ.2/2134/98(8) ടിഡ കത്ത് പ്രകാരം കരാർ പുതുക്കാത്തത് കാരണം 10,37,643 രൂപ ടിഡയിലേക്ക് കൺസ്യൂമർഫെഡ് അടയ്ക്കുവാൻ ബാക്കിയുണ്ട്.

കരാർ വ്യവസ്ഥ 4(1) പ്രകാരം ഓരോ മൂന്നുവർഷം കൂടുമ്പോഴും കരാർ അവസാനിക്കുന്ന മുറയ്ക്ക് വാടകക്കരാർ പുതുക്കാനും വാടകയിനത്തിൽ 15% വർദ്ധനവ് വരുത്തുന്നത് അടയ്ക്കാനും കൺസ്യൂമർഫെഡ് ബാദ്ധ്യസ്ഥമായിരുന്നു. കരാർ വ്യവസ്ഥ 10 (3, 4) പ്രകാരം വാടക അടയ്ക്കുന്നതിൽ വീഴ്ചവരുത്തുകയോ കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ ടി കടകളിൽ നിന്നും വാടകക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ അധികാരമുണ്ട്. ഇക്കാര്യം ടിഡ 19-4-2004, 19-6-2004, 3-6-2006, 16-10-2007, 29-10-2007 എന്നീ തീയതികളിൽ കൺസ്യൂമർ ഫെഡ് അധികാരികളെ അറിയിച്ചിരുന്നു. കൂടാതെ 30-9-2008-ൽ അർദ്ധ ഔദ്യോഗിക കത്ത് നം. ആർ.2-2134/99(S)(W)(8) പ്രകാരം കൊച്ചിയിലെ മാനേജിംഗ് ഡയറക്ടറെയും തിരുവനന്തപുരത്തെ റീജിയണൽ മാനേജരേയും ഇതു സംബന്ധമായ വിവരങ്ങൾ അറിയിച്ചിരുന്നു. 23-2-2008-ൽ കേരള പബ്ലിക് ബിൽഡിംഗ്സ് (എവിക്ഷൻ ഓഫ് അൺ ആതറൈസ്ഡ് ഓക്കുപെന്റ്സ് ആക്റ്റ്) 1968 4(1) പ്രകാരമുള്ള ഒഴിപ്പിക്കൽ സ്റ്റേറ്റ്മെന്റടക്കം ടിഡ കൺസ്യൂമർ ഫെഡിന് നൽകിയിട്ടുണ്ട്. ടിഡയുടെ കത്തുകൾക്കും നോട്ടീസുകൾക്കും യഥാസമയം കൺസ്യൂമർഫെഡ് മറുപടി നൽകിയിട്ടില്ല. 23-10-2008-ൽ കൺസ്യൂമർ ഫെഡ് എം.ഡി.യുടെ 914842203796 നമ്പർ ഫാക്സ് സന്ദേശത്തിന്റെ അടിസ്ഥാനത്തിലും ടി ദിവസം ടിഡയുടെ ചെയർമാനും കൺസ്യൂമർഫെഡിന്റെ വൈസ് ചെയർമാനും തമ്മിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും 9-11-2008 മുതൽ വാടകയിനത്തിൽ 10% വർദ്ധനവ് സമ്മതിച്ച് വാടകക്കരാർ പുതുക്കുവാൻ തയ്യാറാണെന്ന് കൺസ്യൂമർ ഫെഡ് അറിയിച്ചിരുന്നു. 9-11-8 മുതൽ വാടകയിനത്തിൽ 10% വർദ്ധനവ് വരുത്തിയാൽ പോര; മറിച്ച് കരാർ പുതുക്കാതിരുന്നാൽ മൊത്തം കാലയളവിലെയും വർദ്ധനവ് കണക്കാക്കി അതിൻപ്രകാരം അടയ്ക്കേണ്ട തുക കൺസ്യൂമർ ഫെഡ് ടിഡയിൽ അടയ്ക്കേണ്ട അവസ്ഥയാണ് ഉണ്ടാകേണ്ടത്. അതല്ലെങ്കിൽ കൺസ്യൂമർഫെഡ് കൈവശം വച്ചിരിക്കുന്ന കടകൾക്കെല്ലാം കൂടി അടയ്ക്കേണ്ടിയിരുന്ന തുക (വാടക വർദ്ധനവ് 29-10-2007-ൽ 5,94,228 രൂപയും, 9-1-2009-ൽ കരാർ പുതുക്കാത്തതു കാരണം ടിഡയിലേക്ക് കൺസ്യൂമർഫെഡ് അടയ്ക്കേണ്ട തുക 10,37,643 രൂപയും ടിഡ ഫയൽ പ്രകാരം) ടിഡയ്ക്ക് നഷ്ടമാകുമോയെന്ന് ഓഡിറ്റിന് ആശങ്കയുണ്ട്.

ഈ സാഹചര്യത്തിലാണ് നം. ആർ.2/2134/94/(8) ടിഡ 9-1-2009 കത്ത് പ്രകാരം 10,37,643 രൂപ വാടക കുടിശ്ശിക അടയ്ക്കുന്നതിനായി ടിഡ കൺസ്യൂമർ ഫെഡിനോട് നിർദ്ദേശിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ചും വാടക പുതുക്കുന്ന കാര്യത്തിലും കൺസ്യൂമർ

ഫെഡിന്റെ മറുപടിയൊന്നും ട്രിഡക്ക് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സത്വരവും കൂടുതൽ കാര്യക്ഷമവുമായ നടപടികൾ ട്രിഡയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇത് സംബന്ധിച്ച് ട്രിഡ കൈക്കൊണ്ട നടപടികളും വിശദാംശങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ബി. ദിലീപ്കുമാർ, സെക്രട്ടറി,

തിരുവനന്തപുരം വികസന അതോറിറ്റി,

തിരുവനന്തപുരം. (ഹൗസ് നമ്പർ 23, ശാന്തിനഗർ, തിരുവനന്തപുരം)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4.1(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വാടക കുടിശ്ശിക വന്നിട്ടുള്ളത് കൺസ്യൂമർ ഫെഡുമായി ബന്ധപ്പെട്ടാണെന്നും 2008-09 കാലയളവിലെ കുടിശ്ശിക അവർ അടച്ചുതീർത്തിട്ടുണ്ടെന്നും ട്രിഡ ഓരോ വർഷവും 15 ശതമാനം വീതം വാടക വർദ്ധിപ്പിക്കാറുണ്ടെന്നും അതനുസരിച്ച് പുതിയ വാടകക്കരാർ നടപ്പാക്കുന്നുണ്ടെന്നും എന്നാൽ കൺസ്യൂമർ ഫെഡ് അപ്രകാരം കരാർ പുതുക്കാൻ തയ്യാറാകുന്നില്ലെന്നും പഴയ വാടക തന്നെയാണ് നൽകിക്കൊണ്ടിരിക്കുന്നതെന്നും ഇതുവരെ 53 ലക്ഷം രൂപ വാടകയിനത്തിൽ കുടിശ്ശികയുണ്ടെന്നും കൺസ്യൂമർ ഫെഡിനോട് കരാർ പുതുക്കണമെന്ന് ആവശ്യപ്പെടാറുണ്ടെങ്കിലും അവർ സർക്കാരിനെ സമീപിക്കുകയും സമയം ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ നിന്നും ട്രിഡയ്ക്ക് കത്ത് ലഭിക്കുകയുമാണ് പതിവെന്നും ട്രിഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശികയിൽ ഭൂരിഭാഗവും സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമാണെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി. ദി കേരള പബ്ലിക് ബിൽഡിംഗ്സ് (എവിക്ഷൻ ഓഫ് അൺഓതറൈസ്ഡ് ഓക്യുപെന്റ്സ്) ആക്ട് പ്രകാരം നോട്ടീസ് കൊടുത്ത് വാടകക്കാരെ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും സ്വകാര്യ സ്ഥാപനങ്ങളെ ഇപ്രകാരം ഒഴിവാക്കാറുണ്ടെന്നും എന്നാൽ സർക്കാർ സ്ഥാപനങ്ങൾ സർക്കാരിനെ സമീപിച്ച് കാലാവധി നീട്ടി നൽകണമെന്നാവശ്യപ്പെട്ട് കത്തുതരികയാണ് പതിവെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി.

8. സ്വകാര്യ മേഖലയിൽ പ്രസ്തുത പ്രശ്നം സാധാരണ ഉണ്ടാകാറില്ലെന്നും നഗരസഭയുടെ ഒരു വസ്തു പാട്ടത്തിന് കൊടുത്താൽ അത് പാട്ടത്തിനെടുക്കുന്ന ആളുടെ അവകാശമായി മാറുന്നതായിട്ടാണ് കാണുന്നതെന്നും പ്രസ്തുത വസ്തു യഥാസമയം പരിപാലിക്കാനോ കൃത്യമായി

വാടക പിരിക്കാനോ സാധിക്കാതെ വരികയും പിന്നീട് കോടതിയിൽ കേസിന് പോവുകയുമാണ് പതിവെന്നും ഒരു കെട്ടിടം വാടകയ്ക്ക് കൊടുത്താൽ കൃത്യമായി വാടക ലഭ്യമാക്കുന്നതിന് നിയമപരമായ പരിഹാരമുണ്ടെങ്കിലും അതൊന്നും പ്രാവർത്തികമാകുന്നില്ലെന്നതാണ് പ്രശ്നമെന്നും വാടകക്കാരിൽനിന്നും നാലോ അഞ്ചോ മാസത്തെ വാടക സുരക്ഷാ നിക്ഷേപമായി വാങ്ങുകയാണെങ്കിൽ കുടിശ്ശിക വന്നാൽ സുരക്ഷാ നിക്ഷേപത്തിൽ നിന്നും അത് ഈടാക്കാനും പ്രസ്തുത കാലാവധിക്കുള്ളിൽത്തന്നെ വാടകക്കാരനെ ഒഴിപ്പിക്കാനും സാധിക്കുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

9. കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനും വാടക പിരിക്കുന്നതിനും നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും അപര്യാപ്തതയുണ്ടെങ്കിൽ ആയതിന് പരിഹാരമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

10. നിലവിൽ വാടക കരാറും സുരക്ഷാ നിക്ഷേപവും വയ്ക്കാറുണ്ടെന്നും സുരക്ഷാ നിക്ഷേപം ചില കേസുകളിൽ ആറ് മാസത്തെയും ചിലപ്പോൾ മൂന്ന് മാസത്തെയും വാടകയ്ക്ക് തുല്യമായ തുകയായിരിക്കുമെന്നും ചില കേസുകളിൽ ലേലം നടത്തിയായിരിക്കും തുക തീരുമാനിക്കുന്നതെന്നും അതിന് ചട്ടത്തിൽ വ്യവസ്ഥയില്ലെങ്കിലും ധനകാര്യ സമിതി പരിശോധിച്ചതിനുശേഷം കൗൺസിലിൽ വച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നതെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

11. ട്രിഡയിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിക്ഷേപം, വാടക എന്നിവ എത്രയെന്ന് നിശ്ചയിക്കുന്നതെന്നും സാധാരണയായി സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് കൊടുക്കുമ്പോൾ ആറ് മാസത്തെ വാടക നിക്ഷേപമായി വാങ്ങാറുണ്ടെന്നും അതേസമയം സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുമ്പോൾ 24 മുതൽ 36 മാസത്തെ വരെ വാടകയുടെ അടിസ്ഥാനത്തിലാണ് ലേലം നടക്കുന്നതെന്നും സ്വകാര്യ വ്യക്തികൾക്ക് കെട്ടിടം വാടകയ്ക്ക് കൊടുക്കുന്ന കാര്യത്തിൽ കാര്യമായ പ്രശ്നം ഉണ്ടാകാറില്ലെന്നും എന്നാൽ സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തുകയും നോട്ടീസ് നൽകുമ്പോൾ കൂടുതൽ സമയം അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിക്കുകയും ചെയ്യുമെന്നും അങ്ങനെയാണ് കുടിശ്ശിക വർദ്ധിക്കുന്നതെന്നും ട്രിഡ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

12. കൺസ്യൂമർ ഫെഡുമായി ചർച്ച ചെയ്ത് സൗഹൃദാന്തരീക്ഷത്തിലൂടെ കുടിശ്ശിക വാങ്ങിയെടുക്കാനുള്ള ശ്രമം നടത്തുന്നതായിരിക്കും ഉചിതമെന്ന് സമിതി നിരീക്ഷിക്കുകയും അതിൻ പ്രകാരം തുടർനടപടി സ്വീകരിക്കാൻ ട്രിഡ സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു. വാടക പിരിക്കുന്നതിന് നിയമപരമായ അപര്യാപ്തതയുണ്ടെങ്കിൽ അതുസംബന്ധിച്ചും പ്രസ്തുത പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നത് സംബന്ധിച്ചും പരിശോധന നടത്തി റിപ്പോർട്ട് സർക്കാരിന് നൽകണമെന്നും സമിതി നിർദ്ദേശിച്ചു. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം മേൽ വിഷയത്തിൽ തീർപ്പുകൽപ്പിക്കാമെന്ന് സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**13. ട്രിഡ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ സാധിക്കുന്നില്ലായെന്ന് നിരീക്ഷിച്ച സമിതി ട്രിഡയിൽ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനും വാടക പിരിക്കുന്നതിനും നിലവിലുള്ള നിയമത്തിൽ അപര്യാപ്തതയുണ്ടെങ്കിൽ ആയതിന് പരിഹാരമുണ്ടാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

**14. കൺസ്യൂമർ ഫെഡുമായി ചർച്ച ചെയ്ത് സൗഹൃദാന്തരീക്ഷത്തിലൂടെ കുടിശ്ശിക വാങ്ങിയെടുക്കാനുള്ള ശ്രമം നടത്തുന്നതായിരിക്കും ഉചിതമെന്ന് സമിതി നിരീക്ഷിക്കുന്നു. വാടക പിരിക്കുന്നതിന് നിയമപരമായ അപര്യാപ്തതയുണ്ടെങ്കിൽ അത് സംബന്ധിച്ചും പ്രസ്തുത പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നത് സംബന്ധിച്ചും സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

### തിരുവനന്തപുരം ജില്ല

<u>ഓഡിറ്റ് ഖണ്ഡിക</u>

**തനതു ഫണ്ട് നഷ്ടം**

**തിരുവനന്തപുരം കോർപ്പറേഷൻ**

**നികുതി/നികുതിയേതര കുടിശ്ശികയിനത്തിലെ നഷ്ടം 21,74,45,090 രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ: 2.2

- നികുതി/നികുതിയേതര കുടിശ്ശിക 21.74 കോടി
- കാലഹരണപ്പെട്ട നികുതി ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കണം.

| വരവിനം | കുടിശ്ശിക ഡിമാന്റ് (രൂപ) | തൻവർഷ ഡിമാന്റ് (രൂപ) | പിരിവ് (രൂപ) | ബാക്കി (രൂപ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| വസ്തു നികുതി | - | 22,44,77,376 | 14,59,71,831 | 7,85,05,545 |
| വസ്തു നികുതി | 18,08,82,787 | - | 6,43,68,643 | 11,65,14,144 |
| തൊഴിൽ നികുതി | - | 16,35,17,682 | 15,86,38,678 | 48,79,004 |
| തൊഴിൽ നികുതി | 65,21,476 | - | 61,38,014 | 3,83,462 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| പരസ്യ നികുതി | 3,30,894 | - | - | 3,30,894 |
| റിസീവബിൾ ഫോർ അദർ ടാക്സ് | 40,550 | - | - | 40,550 |
| ഓഫീസ് കെട്ടിട വാടക | - | 2,01,25,910 | 1,36,69,686 | 64,56,224 |
| ഓഫീസ് കെട്ടിട വാടക | 1,02,75,092 | - | 9,36,671 | 93,38,421 |
| ഡി & ഒ ലൈസൻസ് ഫീസ് | 12,81,418 | - | 2,85,555 | 9,95,863 |
| റിസീവബിൾ ഫോർ അദർ ഫീസ് | 983 | - | - | 983 |
| **ആകെ** | **19,93,33,200** | **40,81,20,968** | **39,00,09,078** | **21,74,45,090** |

വിവിധയിനം നികുതിയിനങ്ങളിൽ 21,74,45,090 രൂപ കുടിശ്ശിക ഉണ്ടായിരുന്നിട്ടും അത് ഈടാക്കുവാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539 അനുസരിച്ച് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ ജപ്തിദൗത്യം ചെയ്യാമായിരുന്നതോ, വ്യവഹാര ദൗത്യം നടത്താമായിരുന്നതോ, ശിക്ഷാനടപടി ദൗത്യം ആരംഭിക്കാമായിരുന്നതോ ആയ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിനു ശേഷം യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരം ചെയ്യുകയോ യാതൊരു ശിക്ഷാ നടപടിയും അനുവദിക്കുകയോ ചെയ്യാൻ പാടില്ല. യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ചവരുത്തിയശേഷം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുക കാലഹരണപ്പെടുന്നപക്ഷം അപ്രകാരം മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെട്ടതായ തുക, അത് ഏത് ഉദ്യോഗസ്ഥന്റെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന്, നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ ബോദ്ധ്യപ്പെടേണ്ടതും, അങ്ങനെയുള്ള ഉദ്യോഗസ്ഥനിൽ നിന്നും 12% പലിശ സഹിതം ഈടാക്കേണ്ടതുമാണ്. ഈ സെക്ഷൻ അനുസരിച്ച് ഓരോ വർഷത്തേയ്ക്കുമുള്ള നഷ്ടം പ്രത്യേകം തിട്ടപ്പെടുത്തി ജോലി വിഭജനമനുസരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ നിശ്ചയിച്ച് നികുതി കുടിശ്ശിക ഈടാക്കുകയോ ഉത്തരവാദിയായ കക്ഷിയിൽ നിന്നും നഷ്ടം ഈടാക്കുകയോ ചെയ്യേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ജോൺസൺ കെ. ജോർജ്ജ് (ഐ.എ.എസ്.) സെക്രട്ടറി,

കല്ലുംപുറത്ത് വീട്, വി.എസ്.എൻ.എൽ. റോഡ്,

കാക്കനാട് പി. ഒ., കൊച്ചി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.1(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. 2008-09 സാമ്പത്തിക വർഷം 21.74 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും ഏകദേശം മുഴുവൻ തുകയും പിരിച്ചെടുത്തുവെന്നാണ് മനസ്സിലാക്കുന്നതെന്നും 2014-2016-ൽ മുഴുവൻ ഡേറ്റയും സാംഖ്യ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറ്റുകയും പിന്നീട് പുനർമൂല്യനിർണയം നടത്തുകയും ചെയ്തതുകാരണം തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ രേഖകളിൽ കാണുന്നില്ലെന്നും നടപ്പ് സാമ്പത്തിക വർഷം 45.6 കോടി രൂപ ഒക്ടോബർ മാസം 31-ാം തീയതി വരെ പിരിച്ചെടുത്തിട്ടുണ്ടെന്നും കഴിഞ്ഞ ദിവസം 8 കോടി രൂപ അധികം പിരിച്ചെടുത്തിട്ടുണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. പിരിച്ചെടുത്ത കുടിശ്ശിക തുക എത്രയാണെന്ന് കൃത്യമായി പറയാൻ കഴിയില്ലെന്ന നഗരസഭാ സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നുവെന്നും സഞ്ചയ ഡാറ്റാബേസും മാന്വൽ രജിസ്റ്ററിലെ വിവരങ്ങളും വാലിഡേറ്റ് ചെയ്താൽ മാത്രമേ അതിന് പരിഹാരമാകുകയുള്ളൂ എന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ നവീകരണം നൂറ് ശതമാനമായിട്ടുണ്ടെന്നും ചില മിസ്സിംഗുകൾ മാത്രമേ ഇനി നവീകരിക്കാനുള്ളൂവെന്നും തിരുവനന്തപുരം നഗരസഭയിലുള്ള 4.67 ലക്ഷം അസ്സസ്‌മെന്റുകളിൽ 35 ശതമാനത്തോളം പേയ്‌മെന്റുകൾ ഓൺലൈൻ മുഖേന വരുന്നുണ്ടെന്നും കുടിശ്ശികയുള്ളവരുടെ പട്ടിക കഴിഞ്ഞ ആറുമാസക്കാലമായി നഗരസഭയുടെ വെബ്‌സൈറ്റിൽ എല്ലാ മാസവും പത്താം തീയതിയോടെ പ്രസിദ്ധീകരിക്കുന്നുണ്ടെന്നും 2016-17 മുതൽ സാംഖ്യ സോഫ്റ്റ്‌വെയർ വഴി ഓരോരുത്തരുടെയും കൃത്യമായ കുടിശ്ശിക അറിയാൻ സാധിക്കുമെന്നും കഴിഞ്ഞ മാസം വരെയുള്ളത് പുതുക്കിയിട്ടുണ്ടെന്നും അതിനുമുമ്പുള്ളവയുടെ കാര്യത്തിൽ ഓരോ കേസിലുമുള്ള കുടിശ്ശിക പ്രത്യേകമായി കണ്ടെത്തുക ബുദ്ധിമുട്ടാണെന്നും നഗരസഭാ സെക്രട്ടറി വിശദീകരിച്ചു. നിയമപ്രകാരം നികുതിയിളവ് നൽകിയിട്ടുള്ള കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവയുടെ കെട്ടിട നമ്പരുകൾ സഞ്ചയ സോഫ്റ്റ്‌വെയർ വഴി തിരിച്ചറിയാൻ കഴിയുന്നില്ലെന്നും നഗരസഭയും ഓഡിറ്റ് വകുപ്പും സംയോജിച്ച് സഞ്ചയ ഡാറ്റാബേസും വാർഡ്/ ഡിവിഷൻ തലത്തിലുള്ള ജീവനക്കാർ കൈകാര്യം ചെയ്യുന്ന മാന്വൽ ഹാന്റ്ബുക്കിലെ വിവരങ്ങളും വാലിഡേറ്റ് ചെയ്താൽ മാത്രമേ ഇതിന് പരിഹാരമാകുകയുള്ളൂവെന്നും നികുതി ബാധകമാകുന്ന കെട്ടിടങ്ങളെ നികുതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടില്ലായെന്നുള്ളത് അപാകതയാണെന്നും കെട്ടിട നമ്പർ സഹിതമുള്ള പട്ടികയുണ്ടെങ്കിൽ പോലും പ്രസ്തുത കെട്ടിടം തിരിച്ചറിയാൻ കഴിയുന്നില്ലെന്നതാണ്

പ്രശ്നമെന്നും ടാക്സ് ഡാറ്റാബേസിൽ എല്ലാ കെട്ടിടവും വന്നുവെന്നുള്ള സ്ഥിരീകരണം ലഭിച്ചുകഴിഞ്ഞാൽ പട്ടികയിൽ പറഞ്ഞ വിവരവും യഥാർത്ഥ കെട്ടിടത്തിന്റെ വിവരവും ശരിയാണോയെന്ന് പരിശോധിക്കാൻ കഴിയുമെന്നും ആയത് കൃത്യമാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ മേൽ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്നും ഓഡിറ്റ് ഡയറക്ടർ ബോധിപ്പിച്ചു. സാംഖ്യ സോഫ്റ്റ്‌വെയറിൽ കെട്ടിട നമ്പരില്ലെങ്കിൽ കെട്ടിടങ്ങളുടെ വിലാസം വച്ച് തിരിച്ചറിയുന്ന രീതിയിൽ ഒരു ഫീച്ചർ കൊണ്ടുവന്നാൽ കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് രൂപപ്പെടുത്താൻ സാധിക്കുമെന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും നഗരസഭയ്ക്ക് നേരിട്ട് ഇതുസംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ കഴിയില്ലെന്നും എന്നാൽ ഇൻഫർമേഷൻ കേരള മിഷനോട് ആവശ്യപ്പെട്ടാൽ അവർക്ക് ചെയ്യാൻ സാധിക്കുമെന്നും നഗരസഭാ സെക്രട്ടറി മറുപടി നൽകി. ലോക ബാങ്കിന് ഈ വർഷം മുതൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് നിർബന്ധമായും നൽകേണ്ടതാണെന്നും ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ലഭിക്കണമെങ്കിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്നും എന്നാൽ ഇതുവരെ ലഭിച്ച തുകയും ഇനി ലഭിക്കാനുള്ള തുകയും എത്രയെന്ന് കണ്ടെത്താൻ ഒരു മാർഗവുമില്ലാത്തതിനാൽ അക്കൗണ്ട് വാലിഡേറ്റ് ചെയ്യാൻ പ്രയാസമാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. 2016-ൽ സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് മാറിയപ്പോൾ കുടിശ്ശിക പൂർണമായും ക്യാരി ഓവർ ചെയ്ത് രേഖപ്പെടുത്തിയിട്ടില്ലെന്നും തിരുവനന്തപുരം നഗരസഭയുടെ ഡാറ്റാബേസിൽ ഉൾപ്പെടുന്ന 4.67 ലക്ഷം അസ്സസ്മെന്റ് കേരളത്തിലെ തന്നെ ഏറ്റവും ഉയർന്ന നിരക്കാണെന്നും ചെറിയ സമയപരിധിക്കുള്ളിൽ ഇത്രയും കണക്കുകൾ പൂർണ്ണമായും വാലിഡേറ്റ് ചെയ്യാൻ പ്രയാസമാണെന്നും നഗരസഭയുടെ കണക്കുകൾ മുഴുവനായെടുക്കാതെ വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിൽ ചെയ്യുന്നതായിരിക്കും ഉചിതമെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

16. ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി തിരുവനന്തപുരം നഗരസഭ ഓഡിറ്റ് വകുപ്പുമായി സഹകരിച്ച് സമയപരിധി നിശ്ചയിച്ച് പ്രവർത്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. അതിൻപ്രകാരം നടപടി സ്വീകരിക്കാമെന്ന് നഗരസഭാ സെക്രട്ടറിയും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ഓഡിറ്റ് ഡയറക്ടറും മറുപടി നൽകി.

17. ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമായതിനുശേഷം മേൽ വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**18. തിരുവനന്തപുരം നഗരസഭ ഓഡിറ്റ് വകുപ്പുമായി സഹകരിച്ച് സമയപരിധി നിശ്ചയിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള പ്രവർത്തനം നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗോൾഫ്‌ലിങ്ക്സ് ബംഗ്ലാവ് 2002-03 മുതൽ 2005-06 വരെയുള്ള നികുതി നഷ്ടമായി**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2008-09 ഖണ്ഡിക നമ്പർ: 2.4.4

പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള ഗോൾഫ്‌ലിങ്ക്സ് ബംഗ്ളാവിന്റെ (ടി.സി.നം.5/2314 മുതൽ 2318 വരെയും 5/2656 മുതൽ 2660 വരെയും) വാർഷിക വസ്തുനികുതി 9,315 രൂപയായി നിശ്ചയിച്ചതായി പൊതുമരാമത്തു കെട്ടിടങ്ങളെ സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കാണുന്നു. ഗോൾഫ് ലിങ്ക്സ് ബംഗ്ളാവിന്റെ 2002-03 ഒന്നാം അർദ്ധ വർഷം മുതൽ 2005-06 രണ്ടാം അർദ്ധവർഷം വരെയും 07-08 ഒന്നാം അർദ്ധവർഷം മുതൽ 2008-09 രണ്ടാം അർദ്ധവർഷം വരെയുമുള്ള നികുതി ഒടുക്കിയിട്ടില്ല. 2008-09 ഒന്നാം അർദ്ധവർഷം വരെ വസ്തുനികുതിയിനത്തിൽ 51,233 രൂപ, ലൈബ്രറി സെസ്സ് ഇനത്തിൽ 2,562 രൂപ, പിഴപ്പലിശയിനത്തിൽ 29,622 രൂപ എന്നിങ്ങനെ മൊത്തം 80,855 രൂപ ബംഗ്ളാവിന്റെ വസ്തുനികുതിയിനത്തിലും 2,562 രൂപ ഗ്രന്ഥശാലാവരിയിനത്തിലും കുടിശ്ശികയുള്ളതായി 31-10-2008-ലെ ആർ.9/7769/94 (134)-ാം നമ്പർ കത്തുമുഖേന റവന്യൂ ഓഫീസർ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. 2006-07-ലെ വസ്തുനികുതി ഒടുക്കവരുത്തിയെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും രസീത് നമ്പരോ മറ്റ് വിശദാംശങ്ങളോ ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഒരു മുനിസിപ്പൽ പ്രദേശത്തെ വസ്തുവിൻമേൽ നികുതി അസ്സസ് ചെയ്യുന്ന അർദ്ധവർഷം മുതൽ, തുടർച്ചയായി ഓരോ വർഷവും വസ്തു നികുതി ഈടാക്കേണ്ടതാണെന്നിരിക്കെ (വേക്കൻസി റമിഷൻ, എഴുതിത്തള്ളൽ, ഒഴിവാക്കൽ, കുറവുചെയ്യൽ എന്നീ നടപടികൾ സ്വീകരിക്കാത്തപക്ഷം) 2002-03 മുതൽ 2005-2006 വരെയുള്ള കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 2006-07 ലേക്ക് മാത്രം ഒടുക്കവരുത്തിയത് മുനിസിപ്പൽ ആക്റ്റിലെ 238-ാം വകുപ്പിന് വിരുദ്ധമാണ്.

2005-06 വരെയുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നിയമപരമായ തടസ്സമുണ്ടാകുമെന്നത് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പു പ്രകാരം വ്യക്തമാണ്. 539-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുംവിധം പ്രസ്തുത നഷ്ടത്തിന് കാരണക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടമായ തുക 12% പലിശ സഹിതം ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥ:

ശ്രീമതി ഉമ ബി. നായർ (റവന്യൂ ഓഫീസർ),

റ്റി.സി. 24/4591(6),

ജയശ്രീ, പി.ആർ.എസ്. റോഡ്,

തൈക്കാട്, തിരുവനന്തപുരം,

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.1(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന തുക പിരിച്ചെടുത്തതായി തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**20. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന തുക പിരിച്ചെടുത്തതായി ബന്ധപ്പെട്ട വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വസ്തു നികുതി ഒഴിവാക്കൽ (പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്)**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ 2.4.10 എ

തിരുവനന്തപുരം നഗരസഭയിൽ വസ്തു നികുതിയിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള ഒഴിവാക്കലുകൾ സംബന്ധിച്ച വിവരങ്ങൾ പൊതുവായി പരിശോധിച്ചതിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് മെയിൻ ഓഫീസിന്റേയും ഫോർട്ട് സോണൽ ഓഫീസിന്റേയും പരിധിയിലുള്ള കെട്ടിടങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഒഴിവാക്കലുകൾ സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധിച്ചതിൽ പലവിഭാഗം കെട്ടിടങ്ങൾക്കും നിയമാനുസൃതമല്ലാതെയും വ്യവസ്ഥാപിതമായതിൽ കവിഞ്ഞും ഇളവുകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഇനംതിരിച്ചുള്ള വിശദവിവരം താഴെ കൊടുക്കുന്നു.

1. സംസ്ഥാന സർക്കാർ കെട്ടിടങ്ങൾ:

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 പ്രകാരം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. ഒരു കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നു എന്നതുകൊണ്ടുമാത്രം പ്രസ്തുത കെട്ടിടത്തിന് തദ്ദേശഭരണ സ്ഥാപനത്തിനുള്ള നികുതിബാധ്യതയിൽ നിന്നും സംരക്ഷണം സിദ്ധിക്കുന്നില്ല. അതേസമയം അവ ഏതേത് ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവുകൾക്ക് അർഹമാണ്. നികുതി നിർണ്ണയം സംബന്ധിച്ച രേഖകളിൽ നിരവധി കെട്ടിടങ്ങളെ 'സർക്കാർ കെട്ടിടം' എന്ന ഒറ്റക്കാരണത്താൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| 1 | ഗവൺമെന്റ് ഡയറി വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടം.(റ്റി. സി.2/1391) |
| 2 | റ്റി. സി.30/1308,30/1309 എന്നീ ഗവൺമെന്റ് ടെസ്റ്റ് ബുക്ക് ഡിപ്പോ കെട്ടിടങ്ങൾ |
| 3 | റ്റി. സി.19/1928 മുതൽ റ്റി. സി.19/1955 വരെയുള്ള സർക്കാർ കെട്ടിടങ്ങൾ |
| 4 | പോലീസ് ട്രെയിനിംഗ് കോളേജ്. (റ്റി. സി.24/637) |
| 5 | റ്റി. സി.24/1685 മുതൽ റ്റി. സി.24/1688 വരെയുള്ള പോലീസ് ട്രെയിനിംഗ് കോളേജ് ക്വാർട്ടേഴ്സുകൾ |
| 6 | വിവിധ സെൻട്രൽ ജയിൽ കെട്ടിടങ്ങൾ (ജയിൽ ക്വാർട്ടേഴ്സ്) |
| 7 | മെഡിക്കൽ കോളേജ് ഒഴികെയുള്ള വിവിധ സർക്കാർ ആശുപത്രി കെട്ടിടങ്ങൾ. |
| 8 | വഞ്ചിയൂർ ജില്ലാ കോടതി ആസ്ഥാനത്തുള്ള കോർട്ട് കോംപ്ലക്സ് മന്ദിരം. |
| 9 | ഹെൽത്ത് സർവ്വീസ് ഡയറക്ടേറ്റ് (റ്റി. സി.27/129) |

2. ബോർഡുകൾ/കോർപ്പറേഷനുകൾ/അതോറിറ്റികൾ മുതലായവ:

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 പ്രകാരം ബോർഡുകൾ, കോർപ്പറേഷനുകൾ, അതോറിറ്റികൾ മുതലായവയ്ക്ക് വസ്തുനികുതിയിൽ നിന്ന് യാതൊരു സംരക്ഷണവും വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും ഇത്തരത്തിലുള്ള നിരവധി സ്ഥാപനങ്ങളെ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയതായി കാണുന്നു. ഉദാഹരണം: കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരളാ വാട്ടർ അതോറിറ്റി വക വിവിധ കെട്ടിടങ്ങൾ, വാട്ടർ അതോറിറ്റി വക ജലസംഭരണികൾ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവയുടെ വിവിധ കെട്ടിടങ്ങൾ.

3. എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ:

വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ, ഇൻഡ്യൻ ഭരണഘടനയുടെ 285-ാം അനുഛേദപ്രകാരമുള്ള, യൂണിയന്റെ വസ്തുവകകൾക്ക് ബാധകമായ നികുതി ബാദ്ധ്യതയിൽ നിന്നുള്ള സംരക്ഷണത്തിന് അർഹമല്ല. എന്നാൽ എയർപോർട്ട് അതോറിറ്റിയുടെ വിവിധ കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയത് നിയമാനുസൃതമല്ല.

4. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ/ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ:

കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ/ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ എന്നിവയ്ക്ക് വസ്തു നികുതിയിൽ നിന്നും ഇളവുകളോ ഒഴിവാക്കലുകളോ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള നിരവധി കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

5. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ 35/234 നമ്പരായുള്ള കെട്ടിടം.

6. ആൾ ഇൻഡ്യാ റേഡിയോയുടെ 15/1330 മുതൽ 1340 വരെയുള്ള കെട്ടിടങ്ങൾ.

7. പൊതു/സഹകരണ/സ്വകാര്യ മേഖലയിലുള്ള വിവിധ ബാങ്കുകൾ:

ബാങ്കിംഗ് കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങളായ പൊതുമേഖലാ ബാങ്കുകൾക്ക് ഭരണഘടനാ അനുഛേദം 285-ന്റെ സംരക്ഷണം ബാധകമല്ലെന്ന് 7-5-1976-ലെ 61305/ഡി.1/75 തസ്വഭവ. നമ്പരായുള്ള കത്തിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളെയും വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

8. ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി

കേന്ദ്രസർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിക്ക് ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 285 പ്രകാരമുള്ള ഒഴിവാക്കൽ ബാധകമല്ലെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ റ്റി.സി.1/1001 മുതൽ 1051 വരെയുള്ള കെട്ടിടങ്ങൾക്ക് നാളിതുവരെ നികുതി ചുമത്തിയിട്ടില്ല.

9. ആരാധനാലയങ്ങൾ:

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235(1)(എ) പ്രകാരം പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും ഒന്നുകിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ മറ്റ് യാതൊരാവശ്യത്തിനും ഉപയോഗിക്കാത്തതുമായ സ്ഥലങ്ങൾ, പൊതു ആരാധനയ്ക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ എന്നിവയ്ക്ക് വസ്തുനികുതിയിൽ നിന്നും ഇളവ് വ്യവസ്ഥ ചെയ്യുന്നുണ്ട്. മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളുടെ പ്രതിഫലനമെന്നോണം മിക്ക ആരാധനാലയങ്ങളോട് അനുബന്ധിച്ചും ഓഫീസുകൾ, വാടകയ്ക്ക് നൽകപ്പെട്ടിട്ടുള്ള കച്ചവട സ്ഥാപനങ്ങൾ, വിവാഹമണ്ഡപങ്ങൾ, ആഡിറ്റോറിയങ്ങൾ തുടങ്ങിയവ സാധാരണമായി കണ്ടുവരുന്നു. ആരാധനാലയത്തിന് അനുബന്ധമായുള്ളതും എന്നാൽ ആരാധന എന്ന നിശ്ചിത ഉദ്ദേശ്യത്തിനല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കപ്പെടുന്ന യാതൊരു സ്ഥലത്തിനോ കെട്ടിടത്തിനോ അതിന്റെ ഭാഗത്തിനോ 235-ാം വകുപ്പ് പ്രകാരമുള്ള നികുതിയിൽ നിന്നുള്ള ഒഴിവാക്കലിന് അർഹതയില്ല. എന്നാൽ ക്ഷേത്രങ്ങൾ, മുസ്ലീം/ക്രൈസ്തവ ദേവാലയങ്ങൾ എന്നിവയുടെ വസ്തു നികുതി നിർണ്ണയത്തിൽ വളരെ ഔദാര്യപൂർണ്ണമായ സമീപനമാണ് നഗരസഭ പുലർത്തിവരുന്നത്. കാരണം, ഒരു ആരാധനാലയവുമായി ബന്ധപ്പെട്ട മിക്ക അനുബന്ധ കെട്ടിടങ്ങളേയും ക്ഷേത്രം/പള്ളി എന്ന് കണക്കാക്കുകയോ അനുബന്ധ കെട്ടിടങ്ങൾ എന്ന് പരിഗണിക്കാതെ കെട്ടിടസമുച്ചയത്തിന് ആകെ ഒരു ടി.സി. നമ്പർ നൽകി ഒഴിവാക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നു.

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രം:

മതിലകം കല്യാണ മണ്ഡപം, പാലസ് കെട്ടിടം, പാലസ് ട്രസ്റ്റ് ഓഫീസ്, കൊട്ടാര മഠം, മതിലകങ്ങൾ (3 എണ്ണം), റ്റി. സി.37/321 മുതൽ റ്റി.സി.37/334 വരെയുള്ള ശ്രീപദ്മം ബിൽഡിംഗുകൾ.

ബി) ബീമാപള്ളി:

പള്ളിവളപ്പിലുള്ളതും റോഡിന് അഭിമുഖമായുള്ളതുമായ ലൈൻ കെട്ടിടങ്ങളുടെ പിറകുവശത്തുള്ള താമസത്തിനായി ഉപയോഗിക്കുന്ന മുറികൾ, ട്രസ്റ്റ് ഓഫീസ്, മുൻഭാഗത്തുള്ള കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കടമുറികൾ എന്നിവയ്ക്കുപുറമേ പള്ളി കോമ്പൗണ്ടിൽ കിഴക്കുഭാഗത്തായി അന്തേവാസികൾക്കോ തീർത്ഥാടകർക്കോ താമസിക്കാനുള്ള അനവധി കെട്ടിടങ്ങൾ നിലവിലുണ്ട്. പള്ളി കോമ്പൗണ്ടിലുള്ള കെട്ടിടത്തിൽ തന്നെ ഹോട്ടൽ, പോസ്റ്റ് ഓഫീസ് എന്നിവയും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയൊന്നും നികുതിക്ക് വിധേയമായിട്ടില്ല.

സി) വെട്ടുകാട് പള്ളി:

വെട്ടുകാട് പള്ളിയുടെ ഉടമസ്ഥതയിലുള്ളതും പള്ളിക്ക് അഭിമുഖമായുള്ളതുമായ വായനശാലയോട് ചേർന്നുള്ളതും എന്നാൽ വായനശാലയുടെ ഭാഗമല്ലാത്തതുമായ ആധുനിക നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള വിശാലമായ ഹാൾ, ക്രൈസ്റ്റ് ദി കിംഗ് ഹൗസിംഗ് പ്രോജക്ടിന്റെ ഭാഗമായ, താമസിക്കുന്നതിനായി ഉപയോഗിക്കുന്ന കെട്ടിടം.

10. കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാന കെട്ടിടം.

11. കേരള നിയമസഭാ മന്ദിരം.

12. കേരള നിയമസഭയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്.

13. ഐ. എം. ജി., തിരുവനന്തപുരം.

14. വിവിധ സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും (ഉദാ: ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം)

(പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന കളിസ്ഥലങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള നികുതിയിളവിന് സമാനമായ വ്യവസ്ഥ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ നിലവിലില്ലാത്തതിനാൽ നഗരസഭാ പ്രദേശത്തുള്ള സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ നികുതിക്കു വിധേയമാണ്.)

15. കവടിയാർ കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും.

16. കോൺവെന്റുകൾ, ബിഷപ്പ് ഹൗസുകൾ, ആശ്രമങ്ങൾ മുതലായവ.

17. സാമൂഹിക സംഘടനകളുടെയും വിവിധ പാർട്ടികളുടെയും ഓഫീസുകൾ.

18. പ്രതിദിന നിരക്കിൽ വാടകയ്ക്ക് നൽകപ്പെടുന്ന വി.ജെ.ടി. ഹാൾ.

19. പി. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ റ്റി.സി.14/908(7)-ാം നമ്പർ കെട്ടിടം.

വസ്തുനികുതി ഒഴിവാക്കലുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ വേണ്ടത്ര അവധാനതയോടെയല്ല നടപ്പാക്കിയിട്ടുള്ളതെന്ന് മുകളിൽ പരാമർശിച്ച ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമാണ്. കഴിഞ്ഞ 3 ദശകമായി നഗരഹൃദയത്തിൽ പ്രവർത്തിക്കുന്ന ഐ.എം.ജി.യും കാൽനൂറ്റാണ്ടോളം പഴക്കമുള്ള നിയമസഭാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടും നഗരസഭാ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നികുതി നിർണ്ണയം നടത്താതിരുന്നതിനാൽ നഗരസഭയ്ക്ക്

ലഭ്യമാകുമായിരുന്ന വലിയ തുക നഷ്ടമായി. 1994-ലെ മുനിസിപ്പൽ നിയമം, വകുപ്പ് 22(1) പ്രകാരം നികുതി ചുമത്തുന്നതിൽ നിന്നും വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ ബാദ്ധ്യസ്ഥമായ നികുതി അപ്പീൽ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അർഹിക്കുന്ന ഗൗരവത്തോടെ ഈ വിഷയത്തെ സമീപിച്ചിട്ടില്ല എന്നത് വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഔദ്യോഗിക സംവിധാനങ്ങളിലെ ഗുരുതരമായ പാളിച്ചകളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

വസ്തു നികുതി ഒഴിവാക്കപ്പെട്ടതും വിട്ടുപോയിട്ടുള്ളതുമായ സംഗതികളിൽ നഗരസഭയ്ക്ക് നിയമാനുസൃതം ലഭിക്കുമായിരുന്ന ഗണ്യമായ നികുതി വരുമാനത്തിന്റെ സിംഹഭാഗവും മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം കാലഹരണപ്പെട്ടുകഴിഞ്ഞു. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിലേക്ക് നയിച്ച വീഴ്ചകളുടെ ഉത്തരവാദിത്തം നിശ്ചയിക്കാൻ ഭരണവകുപ്പ് നിയമാനുസൃതവും കാലികവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെയിൻ ഓഫീസിന്റെ പരിധിയിലുള്ളവയ്ക്കു പുറമെ ഫോർട്ട് മേഖലാ ഓഫീസിന്റെ പരിധിയിലുള്ള ഏതാനും വാർഡുകൾ മാത്രമേ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളൂ. ഈ റിപ്പോർട്ടിൽ പരാമർശിക്കുന്നവയും, ഓഡിറ്റിന് വിധേയമാക്കാതെ ശേഷിക്കുന്നതുമായ എല്ലാ വാർഡുകളിലെയും നികുതി ഒഴിവാക്കൽ സംബന്ധിച്ച എല്ലാ നടപടികളും അടിയന്തരമായി പുനഃപരിശോധിക്കേണ്ടതും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കേണ്ടതായി 1994-ലെ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235-ൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും 281 പ്രകാരം സർക്കാരോ അല്ലെങ്കിൽ സർക്കാർ അനുമതിയോടുകൂടി മുനിസിപ്പാലിറ്റിയോ നികുതി കൊടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തേണ്ടതുമാണ്.

(വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം കോർപ്പറേഷന്റെ 2008-09 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.4.10 എ കാണുക).

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.1(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. മേൽ വിഷയം സംബന്ധിച്ച് ആകെയുള്ള 19 കേസുകളും പരിശോധിച്ച് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും സർക്കാർ നികുതി ഒഴിവാക്കിയിട്ടുള്ള ചില കേസുകൾ ഒഴിവാക്കിയിട്ടുണ്ടെന്നും മറുപടി സർക്കാരിനും ഓഡിറ്റ് വകുപ്പിനും ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വെളിപ്പെടുത്തി. നികുതി ഈടാക്കിയിട്ടുണ്ടെന്ന മറുപടി ലഭിച്ചിട്ടുണ്ടെന്നും എന്നാൽ ആയത് സംബന്ധിച്ച വിശദവിവരം പരിശോധിക്കാൻ കഴിയുന്നില്ലെന്നും 2000-ലെ അസ്സസ്മെന്റ് നമ്പരിന്റെ അടിസ്ഥാനത്തിലാണ് പരിശോധിച്ചിരിക്കുന്നതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദവസരത്തിൽ വ്യക്തമാക്കി.

22. നികുതി ഈടാക്കുന്നത് സംബന്ധിച്ച വിശദവിവരം പരിശോധിക്കുന്നതിനായി സഞ്ചയ സോഫ്റ്റ്‌വെയറിലെ ബാക്ക് എൻഡ് ഡാറ്റയുടെ വ്യൂ ഓപ്ഷൻ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ കഴിയുമോയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആരാഞ്ഞതിൽ, ഇൻഫർമേഷൻ കേരള മിഷന് അത്തരത്തിൽ നിർദ്ദേശം നൽകുകയാണെങ്കിൽ ഓഡിറ്റ് വകുപ്പിന് ഡാറ്റബേസ് പരിശോധിക്കാൻ സാധിക്കുമെന്നും 2009-ലെയും ഇപ്പോഴത്തെയും കെട്ടിട നമ്പരിൽ വ്യത്യാസം കാണുമെന്നും പഴയ കെട്ടിട നമ്പർ വച്ച് സെർച്ച് ചെയ്താൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരം ലഭിക്കണമെന്നില്ലെന്നും സോഫ്റ്റ്‌വെയറിലെ പുതിയ നമ്പർ വച്ച് ക്രോസ് ചെക്ക് ചെയ്യാമെന്നും നഗരസഭാ സെക്രട്ടറി മറുപടി നൽകി.

23. ഓഡിറ്റ് വകുപ്പ് ഒന്നുകൂടി പരിശോധന നടത്തിയതിനുശേഷം പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനമെടുക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**24. വസ്തു നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് വീണ്ടും പരിശോധന നടത്തി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**കൊല്ലം ജില്ല**

ഓഡിറ്റ് ഖണ്ഡിക

**കൊല്ലം കോർപ്പറേഷൻ**

**വിനോദ നികുതി- ടിക്കറ്റ് സീൽ ചെയ്യുന്നതിൽ ക്രമക്കേട്-നഷ്ടം 8,69,270 രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 2-3-1 (എ)

കൊല്ലം കോർപ്പറേഷനിലെ 2009-10 വർഷത്തെ വിനോദനികുതിയുടെ പിരിവ്, ഒടുക്ക് എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

സിനിമാ തിയേറ്ററുകളുടെ ടിക്കറ്റുകൾ സീൽ ചെയ്തു കൊടുക്കുകയും കോർപ്പറേഷൻ അംഗീകരിച്ച വിനോദനികുതി ഈടാക്കി ഒടുക്ക് വരുത്തുകയും ചെയ്യുന്നതു സംബന്ധിച്ച വിവരങ്ങൾ ടിക്കറ്റ് സീൽ രജിസ്റ്ററിൽ ചേർത്തുവരുന്നു. എന്നാൽ ഈ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കാതെയും പണം ഒടുക്കാതെയുമുള്ള നിരവധി ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടു.

ടിക്കറ്റുകൾ തുടർച്ചയായി മാത്രം സീൽ ചെയ്യേണ്ടതു കൊണ്ട് ഇതു പോലെയുള്ള വിട്ടുപോകലുകൾ സംഭവിക്കേണ്ടതല്ല.

ഈയിനത്തിൽ 8,69,270 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. അധികൃതരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതും ഉത്തരവാദികളായ ആളുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഉത്തരവാദികളായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. എസ്. മധു (റവന്യൂ ഓഫീസർ 1),

മധു ഗിരി, റ്റി.സി.52/986, സ്റ്റുഡിയോ റോഡ്, നേമം,

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ., തിരുവനന്തപുരം.

2. ശ്രീ. കെ. അയ്യപ്പൻ (റവന്യൂ ഓഫീസർ II),

കോട്ടപ്പുറത്ത് വീട്, തിരുമുല്ലവാരം.പി.ഒ., കൊല്ലം - 691012.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.2(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**26. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വിനോദനികുതി - സിനിമാ ടിക്കറ്റ് സീൽ ചെയ്യുന്നതിൽ ക്രമക്കേട് എന്ന വിഷയത്തിൽ കൊല്ലം കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിനോദ നികുതി: ഒടുക്കിൽ കുറവ് - 33,600 രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 2-3-1 (ബി)

2009-10 വർഷം വിനോദനികുതി ഒടുക്കിൽ കുറവുവന്നതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു. കുറവുവന്ന തുക ഈടാക്കി തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്.

| തീയതി | തിയേറ്റർ /ക്ലാസ് | ടിക്കറ്റ് നമ്പർ | വിനോദ നികുതി | ഒടുക്കേണ്ടത് | ഒടുക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 25-8-09 | ആരാധന/യമുന | 5001-10000 | 5000x7.6 | 38000 | | |
| 25-8-09 | ആരാധന/ ഗോദാവരി | 5001-7000 | 2000x5.6 | 11200 | | |
| **ആകെ** | | | | **49200** | **26400** | **22800** |
| 8-2-10 | ഗ്രാന്റ് /ബാൽക്കണി | 4001-6000 | 2000x7.4 | 14800 | | |
| 8-2-10 | ഗ്രാന്റ്/സ്പെ. ക്ലാസ് | 3001-8000 | 5000x5.4 | 27000 | | |
| **ആകെ** | | | | **41800** | **31000** | **10800** |
| **ഒടുക്കാനുള്ള ആകെ** | | | | | | **33600** |

<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. വി. എസ്. മധു (റവന്യൂ ഓഫീസർ 1),
   മധു ഗിരി, റ്റി. സി. 52/986, സ്റ്റുഡിയോ റോഡ്, നേമം,
   ഇൻഡസ്റ്റിയൽ എസ്റ്റേറ്റ് പി. ഒ. തിരുവനന്തപുരം,

2. ശ്രീ. കെ. അയ്യപ്പൻ (റവന്യൂ ഓഫീസർ II),
   കോട്ടപ്പുറത്ത് വീട്, തിരുമുല്ലവാരം. പി. ഒ., കൊല്ലം - 691012.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.2(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26 എ. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**27. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഒടുക്കിൻ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കന്റോൺമെന്റ് മൈതാനം - വാടകയ്ക്ക് നൽകിയതിലെ അപാകത**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 2-3-2 (എ)

2010 ഏപ്രിൽ, മേയ് മാസങ്ങളിൽ 'സമ്മർ എക്സ്പോ' എന്ന പേരിൽ അക്വാ-പെറ്റ്സ് എക്സിബിഷൻ നടത്തുവാൻ കന്റോൺമെന്റ് മൈതാനം അനുവദിച്ചതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

2010 ഏപ്രിൽ 30 മുതൽ മേയ് 10 വരെ 'Summer Expo Season- I' എന്ന പേരിൽ അക്വാ-പെറ്റ്സ് എക്സിബിഷൻ നടത്തുന്നതിന് 100 സെന്റ് സ്ഥലം വാടകയ്ക്ക് ലഭിക്കുന്നതിന് 19-3-2010-ൽ Green Tree Notions എന്ന സംഘടനയും അതേ സ്ഥലത്ത് 2010 ഏപ്രിൽ 15 മുതൽ മേയ് 10 വരെ എക്സിബിഷൻ നടത്തുന്നതിന് 15-3-2010-ൽ SMASH ASPIRATION എന്ന സംഘടനയും അപേക്ഷ നൽകി.

"SMASH ASPIRATION"-ന് 3,75,242 രൂപയും അത്രയും തന്നെ സ്ഥലത്തിന് "ഗ്രീൻ ട്രീ നോഷൻസ് "-ന് 1,38,096 രൂപയുമാണ് ഫീസ് കണക്കാക്കിയത്. എന്നാൽ "ഗ്രീൻ ട്രീ നോഷൻസ് "-നാണ് സ്ഥലം വിട്ടുനൽകിയത്.

കൂടുതൽ ദിവസം വാടകയ്ക്ക് ആവശ്യപ്പെട്ട 'സ്മാഷ് ആസ്പിരേഷൻസിന് നൽകാതെ കുറച്ച് ദിവസത്തേക്ക് രണ്ടാമതായി അപേക്ഷ നൽകിയ ഗ്രീൻ ട്രീ നോഷൻസ്-ന് കുറഞ്ഞ നിരക്കിൽ അനുവാദം നൽകിയതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം നൽകിയതിലൂടെ നഗരസഭയ്ക്ക് വാടകയിനത്തിൽ മാത്രം (375242-138096) 2,37,146 രൂപ നഷ്ടമായി. കൂടാതെ കൂടുതൽ ദിവസം എക്സിബിഷൻ നടത്തുമ്പോൾ ലഭ്യമാകുമായിരുന്ന വിനോദനികുതിയും പാർക്കിംഗ് ഫീസും നഷ്ടപ്പെടുകയും ചെയ്തു.

ഉത്തരവാദികളായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. എസ്. മധു (റവന്യൂ ഓഫീസർ 1),
   മധു ഗിരി, റ്റി.സി.52/986, സ്റ്റുഡിയോ റോഡ്, നേമം,
   ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി. ഒ. തിരുവനന്തപുരം.
2. ശ്രീ. കെ. അയ്യപ്പൻ (റവന്യൂ ഓഫീസർ II),
   കോട്ടപ്പുറത്ത് വീട്, തിരുമുല്ലവാരം. പി. ഒ., കൊല്ലം- 691012.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.2(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. ഓഡിറ്റ് കാലഘട്ടത്തിൽ ഗ്രീൻ ട്രീ നോഷൻസ്, സ്മാഷ് ആസ്പിരേഷൻ എന്നീ രണ്ട് സംഘടനകളായിരുന്നു കന്റോൺമെന്റ് മൈതാനം വാടകയ്ക്കെടുക്കുന്നതിനായി അപേക്ഷ നൽകിയതെന്നും സ്മാഷ് ആസ്പിരേഷൻ എന്ന സംഘടന അപേക്ഷ നൽകിയെങ്കിലും തറവാടകയടച്ച് സ്ഥലമുപയോഗപ്പെടുത്താൻ തയ്യാറായില്ലെന്നും അതുകൊണ്ടാണ് ഗ്രീൻ ട്രീ നോഷൻസ് എന്ന സംഘടനയ്ക്ക് സ്ഥലം അനുവദിക്കുകയും വാടക വാങ്ങുകയും ചെയ്തിട്ടുള്ളതെന്നും കൊല്ലം നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത മറുപടി പരിശോധിക്കുന്നതിന് ആധികാരികമായ രേഖകൾ ഹാജരാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന്, 2009-10-ലെ വാടക രസീതുകൾ ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് സാവകാശം നൽകണമെന്ന് നഗരസഭാ സെക്രട്ടറി മറുപടി നൽകി. മൈതാനം വാടകയ്ക്ക് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, മൈതാനം വാടകയ്ക്ക് ലഭിക്കുന്നതിനായി എത്ര ഏരിയ, എന്താവശ്യത്തിനെന്ന് കാണിച്ചുകൊണ്ട് അപേക്ഷ നൽകിയാൽ ലൈസൻസ് ആവശ്യമുള്ളതാണെങ്കിൽ അത് ലഭ്യമാക്കുകയും മറ്റ് പ്രശ്നങ്ങളൊന്നുമില്ലെങ്കിൽ ആദ്യം അപേക്ഷിക്കുന്നവർക്ക് മൈതാനത്തിന് നിശ്ചയിച്ചിട്ടുള്ള വാടക പ്രകാരം സ്ഥലം അനുവദിച്ചുകൊടുക്കുകയും ചെയ്യുമെന്നും ഒന്നിലധികം അപേക്ഷകൾ വരുമ്പോൾ തറവാടക ആദ്യമടച്ചവർക്ക് അനുവദിച്ച് കൊടുക്കുകയാണ് ചെയ്യുന്നതെന്നും നഗരസഭയിൽ സാധാരണയായി ഈ രീതിയാണ് അവലംബിക്കുന്നതെന്നും നഗരസഭാ സെക്രട്ടറി മറുപടി നൽകി. അപേക്ഷകന് പണം അടയ്ക്കാൻ നിർദ്ദേശം നൽകാറുണ്ടോയെന്നും പണമടച്ചതിന് ശേഷമാണോ അപേക്ഷ സ്വീകരിക്കുന്നത് എന്നും ഓഡിറ്റ് ഡയറക്ടർ ആരാഞ്ഞതിന് അപേക്ഷകന് പണമടയ്ക്കാൻ നിർദ്ദേശം നൽകാറില്ലെന്നും അപേക്ഷ ലഭിച്ചാൽ സ്ഥലപരിശോധന നടത്തി വിസ്തീർണ്ണം അനുസരിച്ച് തുക കണക്കാക്കി സാധ്യതാപരിശോധനയ്ക്ക് ശേഷം മാത്രമാണ് പണമടയ്ക്കാൻ ആവശ്യപ്പെടുന്നതെന്നും കൊല്ലം നഗരസഭാ സെക്രട്ടറി അറിയിച്ചു.

29. കൂടുതൽ ദിവസത്തേക്ക് മൈതാനം വാടകയ്ക്ക് നൽകണമെന്ന് അപേക്ഷിച്ചിരുന്ന സ്മാഷ് ആസ്പിരേഷൻ എന്ന സംഘടനയോട് പണമടയ്ക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിൽ ആയതിന്റെ രേഖ ഓഡിറ്റ് വകുപ്പിന് നൽകണമെന്നും അതിനുശേഷം മറുപടി അംഗീകരിക്കാമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

30. ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**31. കന്റോൺമെന്റ് മൈതാനം വാടകയ്ക്ക് നൽകിയതിലെ അപാകത സംബന്ധിച്ച രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാമെന്നും സമിതി വ്യക്തമാക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**നിയമപരമായി ലഭിക്കേണ്ടുന്ന തൊഴിൽക്കരം ഡിമാന്റ് ചെയ്യാത്തതിനാൽ നഗരസഭയുടെ വരുമാനത്തിൽ ഗണ്യമായ നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2-3

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 245-ാം വകുപ്പും 2005-ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരവും തൊഴിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥരായ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മറ്റ് സമാനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, വിദേശ മദ്യഷാപ്പുകൾ, ബാറുകൾ, സ്റ്റാർ ഹോട്ടലുകൾ, പെട്രോൾ പമ്പുകൾ, സർവീസ് സ്റ്റേഷനുകൾ, ഫിലിം സ്റ്റുഡിയോകൾ, ഫിലിം വിതരണക്കാർ, ഫാക്ടറികൾ, ഒന്നിലധികം ടാക്സി വാഹനങ്ങൾ സ്വന്തമായിട്ടുള്ളവർ, കരാറുകാർ, അർദ്ധ വാർഷിക വിറ്റുവരവ് 30,000 രൂപയിൽ താഴെയല്ലാത്ത ടേൺഓവർ ഉള്ളവരും സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഇല്ലാത്തവരുമായ ചെറുകിട കച്ചവടക്കാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭ നാളിതുവരെ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും തടസ്സം നേരിടുന്ന അവസ്ഥയിൽ ഇത് നഗരസഭാ അധികാരികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു.

ഉത്തരവാദികളായ ഉദ്യോഗസ്ഥർ:

1. ശ്രീ. സേതുമാധവ ശർമ്മ (റവന്യൂ ഓഫീസർ)
   കണത്തുരുത്തിയിൽ ഇല്ലം, കൊക്കോതമംഗലം പി. ഒ.,
   ചേർത്തല, ആലപ്പുഴ.

2. ശ്രീ. റ്റി. സന്തോഷ് (സെക്രട്ടറി),
അഴകത്ത്, തെക്കേവിള, കൊല്ലം - 691016.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.4(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

32. 2010-11 സാമ്പത്തിക വർഷം ഡോക്ടർമാർ, അഭിഭാഷകർ, സ്റ്റാർ ഹോട്ടലുകൾ തുടങ്ങി ചില വിഭാഗങ്ങളെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയെന്നതാണ് ഓഡിറ്റ് പരാമർശമെന്നും 2.8 കോടി രൂപയായിരുന്നു പ്രസ്തുത വർഷത്തെ ഡിമാൻഡ് തുകയെന്നും ഓഡിറ്റ് പരാമർശത്തെത്തുടർന്ന് തൊട്ടടുത്ത വർഷം മേൽപ്പറഞ്ഞ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി 2.36 ലക്ഷം രൂപ ഡിമാൻഡ് ചെയ്തിട്ടുണ്ടെന്നും ഇതിൽ 91 ശതമാനം തുകയും പിരിച്ചെടുത്തിട്ടുണ്ടെന്നും നിലവിൽ എല്ലാ വിഭാഗം ആളുകളോടും ഡിമാൻഡ് ചെയ്യുകയും തൊഴിൽക്കരം പിരിക്കുകയും ചെയ്യുന്നുണ്ടെന്നും അഭിഭാഷകർ തൊഴിൽ നികുതി അടയ്ക്കുന്നതിൽ ഇതുവരെ വ്യക്തത വന്നിട്ടില്ലെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി വെളിപ്പെടുത്തി. തൊഴിൽ നികുതി അടയ്ക്കേണ്ടവരുടെ വിവരങ്ങൾ ലഭ്യമാണോയെന്ന് ഓഡിറ്റ് ഡയറക്ടർ ആരാഞ്ഞതിന് ആയത് ലഭ്യമാണെന്നും വിവിധ സ്ഥാപനങ്ങൾക്ക് കത്ത് നൽകി അവിടങ്ങളിൽ തൊഴിലെടുക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കാറുണ്ടെന്നും ചെറുകിട കച്ചവടക്കാരുടെയും ഡോക്ടർമാരുൾപ്പെടെയുള്ള പ്രൊഫഷണലുകളുടെയും വിവരങ്ങൾ ഇൻസ്പെക്ടർമാർ ഫീൽഡിൽ പോയി കണ്ടെത്തി ഡിമാൻഡ് ചെയ്യുകയാണ് പതിവെന്നും ഏകദേശം മുഴുവൻ പേരിൽ നിന്നും ഇത്തരത്തിൽ തൊഴിൽ നികുതി ഈടാക്കാൻ കഴിയുമെന്നും തൊഴിൽ നികുതി പരിശോധിച്ചതിനുശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ലൈസൻസ് ആവശ്യമില്ലാത്ത ചെറുകിട കച്ചവടക്കാരുടേതാണ് ചിലപ്പോൾ വിട്ടുപോകുന്നതെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

33. മുനിസിപ്പാലിറ്റി പരിധിയിലുള്ള എല്ലാ സ്ഥലം/കെട്ടിട ഉടമകളോടും തങ്ങളുടെ പരിധിയിൽ തൊഴിലെടുക്കുന്നവരുടെ വിവരം ആവശ്യപ്പെട്ട് നോട്ടീസ് നൽകണം എന്നതാണ് വ്യവസ്ഥയെന്നും അതുപ്രകാരം ലഭ്യമാകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ തൊഴിലിൽ നിന്നുള്ള വരുമാനത്തിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് രണ്ടാമതൊരു നോട്ടീസ് നൽകുകയും അതനുസരിച്ച് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യുകയുമാണ് വേണ്ടതെന്നും ഇവിടെ സ്ഥലം/കെട്ടിട ഉടമകളുടെ വിവരങ്ങൾ ശേഖരിച്ചതായി കാണുന്നില്ലെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടതിന്, നികുതി പിരിച്ചെടുക്കേണ്ടവരുടെ പട്ടിക കൈവശമുണ്ടെന്നും തൊഴിലെടുക്കുന്നവരുടെ വിവരം സമർപ്പിക്കുന്നതിനായി ഉടമകൾക്ക് നിയമാനുസൃതം നോട്ടീസ് നൽകാറുണ്ടെന്നും നികുതി

പൂർണ്ണമായും ഈടാക്കുന്നതിന് പരമാവധി ശ്രമിക്കാറുണ്ടെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരണം നൽകി. നികുതി പിരിവ് നൂറ് ശതമാനത്തിലേയ്ക്കെത്തിക്കാൻ കഴിയില്ലെന്നത് അനിഷേധ്യമായ കാര്യമാണെന്നും മുനിസിപ്പാലിറ്റിയുടെ പ്രധാന വരുമാനമാണ് തൊഴിൽ നികുതിയെന്നിരിക്കെ, ടാക്സ് ബേസ് കൃത്യമാക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും വ്യക്തമായ നിർദ്ദേശങ്ങളുണ്ടാകുന്നില്ല എന്നാണ് മനസ്സിലാക്കുന്നതെന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പിന്തുണ ആവശ്യമാണെന്നും സാധാരണഗതിയിൽ സ്ഥലം/കെട്ടിട ഉടമകളാണ് തൊഴിലെടുക്കുന്നവരുടെ വിവരങ്ങൾ നഗരസഭയ്ക്ക് നൽകേണ്ടതെങ്കിലും അങ്ങിനെ പലപ്പോഴും സംഭവിക്കാറില്ലെന്നും നികുതിദായകർക്ക് ഡിമാൻഡ് നോട്ടീസ് നൽകിയാൽത്തന്നെ വലിയ ശ്രമമുണ്ടെങ്കിൽ മാത്രമേ അവരുടെ പ്രതികരണം ലഭ്യമാകുകയുള്ളുവെന്നും സ്വമേധയാ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യണമെന്നത് ഓരോ നികുതിദായകന്റെയും ബാധ്യതയാണെന്നതുപോലെ തൊഴിൽ നികുതിയുടെ കാര്യത്തിലും ക്രമീകരണം ആവശ്യമാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതി മുൻപാകെ ബോധിപ്പിച്ചു.

34. നഗരസഭകളിലെ ഡിമാൻഡ് എല്ലാ വർഷവും ഒന്നാമത്തേയും ആറാമത്തേയും മാസങ്ങളിൽ പുതുക്കാറുണ്ടെന്നും ഇത് നവീകരിക്കുമ്പോൾ നികുതി പിരിവ് നൂറ് ശതമാനത്തിലേയ്ക്കെത്തുകയില്ലെന്നും തൊഴിൽ നികുതിയായാലും വസ്തു നികുതിയായാലും ഡിമാൻഡ് ചെയ്ത് നോട്ടീസ് കൊടുക്കുമ്പോൾ മാത്രമാണ് ക്ലെയിം ചെയ്യാൻ കഴിയുന്നതെന്നും ഇക്കാര്യത്തിൽ മാറ്റം വരുത്തിയാൽ എളുപ്പമായിരിക്കുമെന്നും നിലവിൽ നോട്ടീസ് നൽകിയാൽ മാത്രമേ ഡിമാൻഡ് ആകുകയും നികുതി ഒടുക്കാൻ ബാധ്യസ്ഥരാകുകയും ചെയ്യുന്നുള്ളുവെന്നും തിരുവനന്തപുരം നഗരസഭയിലെ നികുതി ഒടുക്കേണ്ട 4.67 ലക്ഷം ആളുകളിലേക്കും ഡിമാൻഡ് എത്തിക്കാൻ കഴിയില്ലെന്നും എല്ലാ നികുതിദായകരും ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതുപോലെ തൊഴിൽ നികുതിയും സ്വമേധയാ അടയ്ക്കാൻ ബാദ്ധ്യസ്ഥരാണെന്ന രീതിയിൽ മാറ്റം ആവശ്യമാണെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അഭിപ്രായപ്പെട്ടു.

35. സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ തുടങ്ങിയ ചില വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭിക്കാത്ത സാഹചര്യത്തിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ബാർ അസോസിയേഷൻ തുടങ്ങിയ പ്രൊഫഷണൽ ഏജൻസികളുമായി ചർച്ച ചെയ്ത് സ്വകാര്യ തൊഴിൽ നികുതിദായകരുടെ പട്ടിക ശേഖരിച്ചാൽ മാത്രമേ അവരിൽ നിന്ന് നികുതി ഈടാക്കാൻ കഴിയുകയുള്ളുവെന്നും തൊഴിൽ നികുതി നൽകുന്നത് നികുതിദായകന്റെ ബാധ്യതയാക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറും കൂടി ചർച്ച ചെയ്ത്

നിയമഭേദഗതി നടത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി നൽകുകയാണെങ്കിൽ ആയത് സർക്കാർ തലത്തിൽ ചർച്ച ചെയ്യാവുന്നതാണെന്നും പോളിസി തലത്തിൽ തീരുമാനമെടുത്താൽ മാത്രമേ ഇക്കാര്യത്തിൽ മുന്നോട്ട് പോകാൻ കഴിയുകയുള്ളുവെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

36. ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**37. തൊഴിൽ കരം ഡിമാന്റ് ചെയ്യാത്തതുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിക്കുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയെ സംബന്ധിച്ച പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**തൃശ്ശൂർ ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഗുരുവായൂർ നഗരസഭ**

**ഗുരുവായൂർ ദേവസ്വം വക മാലിന്യം നീക്കുന്നതിന്-ഗുരുവായൂർ ദേവസ്വം അംശാദായം നൽകുന്നില്ല. നഷ്ടം - 1.23 കോടി രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 2-7

- കോടതി ഉത്തരവുണ്ടായിട്ടും മാലിന്യം നീക്കം ചെയ്യുന്നതിന് ഗുരുവായൂർ ദേവസ്വം നഗരസഭയ്ക്ക് അംശാദായം നൽകുന്നില്ല.
- നഗരസഭയ്ക്ക് കിട്ടാനുള്ളത് 1.23 കോടി രൂപ
- മാലിന്യം നീക്കം ചെയ്യുന്നതിന്റെ അധിക ബാധ്യത നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുന്നു.

ഗുരുവായൂർ ക്ഷേത്രം വക ഊട്ടുപുര, ക്ഷേത്രത്തിന്റെ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നഗരസഭയ്ക്ക് വരുന്ന ചെലവിന്റെ 50% അടവാക്കാൻ ഗുരുവായൂർ ദേവസ്വം ബാധ്യസ്ഥരാണ്. (കേരളാ മുനിസിപ്പൽ ആക്റ്റ് 1984 നിയമം 333). 1984 വരെ ദേവസ്വം അംശാദായം നഗരസഭയിൽ അടച്ചിരുന്നതാണ്. എന്നാൽ ഇതിനു ശേഷം ദേവസ്വം ഈ ഇനത്തിൽ നഗരസഭ ചാർജ്ജ് ചെയ്യുന്ന അംശാദായം അടയ്ക്കുന്നില്ല. അംശാദായം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ദേവസ്വം ഫയൽ ചെയ്ത കേസ് (4062/91) ഹൈക്കോടതി തള്ളിയിരുന്നു. അംശാദായം സംബന്ധിച്ച

കണക്കുകളിൽ അപാകതകൾ ഉണ്ടെങ്കിൽ നഗരസഭയ്ക്ക് പരാതി നൽകാമെന്നതും അത്തരം പരാതിയിൽ രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ച് ദേവസ്വം നൽകിയ റിട്ട് ഹർജി (WA. No. 382/00) കോടതി തള്ളിയിരുന്നതാണ്. എന്നാൽ ദേവസ്വം ഇക്കാര്യത്തിൽ പരാതി നൽകുകയോ അംശാദായ കുടിശ്ശിക അടയ്ക്കുകയോ ചെയ്തിരുന്നില്ല. നഗരസഭയുടെ കണക്കനുസരിച്ച് 2005-2006 വരെ 1,22,94,547 രൂപ ഈ ഇനത്തിൽ ദേവസ്വത്തിൽ നിന്ന് ലഭിക്കേണ്ടതുണ്ട്.

ദേവസ്വം ഭരണാധികാരികളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയും ദേവസ്വം മാലിന്യം നീക്കം ചെയ്യുന്നതിന് നഗരസഭയ്ക്ക് വരുന്ന അധിക ബാധ്യതമൂലം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ യഥാസമയം ഏറ്റെടുക്കാൻ സാധിക്കാത്ത വസ്തുത ബോദ്ധ്യപ്പെടുത്തിയും ഇക്കാര്യം പരിഹരിക്കുന്നതിന് സത്വരനടപടി എടുക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.5(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

38. ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 1984-85 മുതൽ 2019 വരെയുള്ള അംശാദായമായ 1,22,94,547 രൂപയുൾപ്പെടെ മൂന്ന് കോടി രൂപ ഗുരുവായൂർ ദേവസ്വം നൽകിയിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും ഗുരുവായൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

39. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**40. മാലിന്യം നീക്കുന്നതിന് അംശാദായം നൽകുന്നില്ല എന്ന പരാമർശം സംബന്ധിച്ച് വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ദേവസ്വവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**വയനാട് ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പനമരം ഗ്രാമ പഞ്ചായത്ത്**

**വസ്തുനികുതി ക്രമവിരുദ്ധമായി ഡിമാന്റിൽ നിന്ന് ഒഴിവാക്കി**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക: 2.2

പനമരം ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ 2007-08 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ 47170.60 രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 1900.50 രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. ഈ തുകകൾ ഏത് കാലയളവിൽ ഉള്ളതായിരുന്നുവെന്നോ, ഏതെല്ലാം നികുതിദായകരിൽ നിന്ന് ലഭിക്കേണ്ടതായിരുന്നുവെന്നോ, ഒഴിവാക്കുന്നതിനുള്ള കാരണമെന്ത് എന്നെല്ലാം വ്യക്തമാക്കുന്ന രേഖകളോ രജിസ്റ്ററുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ 2 എ/14-1-2010-ാം നമ്പർ ഓഡിറ്റ് നോട്ടിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച 1998-ലെ കേരളാ പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ-ചട്ടം 3-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെയാണ് തുകകൾ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇത്തരത്തിൽ ഒഴിവാക്കിയ വസ്തു നികുതി 47,170 രൂപയും ലൈബ്രറി സെസ്സ് 1,900 രൂപയും ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി അതത് ഫണ്ടുകളിൽ അടയ്ക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>

ശ്രീമതി പി. ടി. ലീലാമ്മ, പീസ് ഹോം, പയ്യമ്പള്ളി (പി. ഒ.),
മാനന്തവാടി, വയനാട് ജില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പാർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.7(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. നഷ്ടത്തുക ഇതുവരെ ഈടാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ കാണുന്നതെന്നും ഇതു സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന്, നഷ്ടത്തുക ഈടാക്കുന്നതിനായി 13-10-2022-ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പനമരം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

42. റവന്യൂ റിക്കവറി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**43. വയനാട്, പനമരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ക്രമവിരുദ്ധമായി ഡിമാൻഡിൽ നിന്ന് ഒഴിവാക്കിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ റവന്യൂ റിക്കവറി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്**

**കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കാത്തതിനാൽ കാലഹരണപ്പെട്ടത് സംബന്ധിച്ച്**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക: 2-8

2007-08 കാലയളവിൽ തൊഴിൽ നികുതി, വസ്തു നികുതി ഇനത്തിൽ യഥാക്രമം 1,21,065 രൂപയും 4,50,009 രൂപയും കുടിശ്ശികയാണ്. ഗ്രാമപഞ്ചായത്ത് അധികൃതർ ഓഡിറ്റിന് ഹാജരാക്കിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി 1996-97 മുതലും വസ്തുനികുതി 1997-98 മുതലുള്ളതുമാണ് മേൽ കുടിശ്ശിക. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 243 പ്രകാരവും 1963-ലെ കാലഹരണ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരവും ഒരു തുക അത് ഈടാക്കുവാനുള്ള സമയപരിധി കഴിഞ്ഞ് ഈടാക്കുവാൻ നിയമാനുസൃതം നടപടി സ്വീകരിച്ചില്ലെങ്കിൽ 3 വർഷത്തിന് ശേഷം ആയത് നിയമപരമായി ഈടാക്കാൻ സാധിക്കില്ല. മേൽ വ്യവസ്ഥക്ക് വിധേയമായി വസ്തുനികുതി, തൊഴിൽ നികുതിയിനത്തിൽ താഴെ പറയുന്ന തുകകൾ കാലഹരണപ്പെട്ടിട്ടുണ്ട്.

**തൊഴിൽ നികുതി**

| വർഷം | തുക | കാലഹരണപ്പെടുന്ന തുക |
|---|---|---|
| (1) | (2) | (3) |
| 1996-97 | 4,635 | 4,635 |
| 1997-98 | 5,820 | 5,820 |
| 1998-99 | 9,200 | 9,200 |
| 1999-00 | 12,880 | 12,880 |
| 2000-01 | 23,930 | 23,930 |
| 2001-02 | 17,580 | 17,580 |

| (1) | (2) | (3) |
|---|---|---|
| 2002-03 | 4,890 | 4,890 |
| 2003-04 | 12,740 | 12,740 |
| 2004-05 | 40,000 | 4,000 |
| 2005-06 | 6,460 | - |
| 2006-07 | 12,650 | - |
| 2007-08 | 6,280 | - |
| **ആകെ** | **1,57,065** | **95,675** |

**കെട്ടിട നികുതി / വസ്തു നികുതി**

| വർഷം | തുക | കാലഹരണപ്പെടുന്ന തുക |
|---|---|---|
| 1997-98 | 2,020 | 2,020 |
| 1998-99 | 1,779 | 1,779 |
| 1999-00 | 4,747 | 4,747 |
| 2000-01 | 8,641 | 8,641 |
| 2001-02 | 18,704 | 18,704 |
| 2002-03 | 44,924 | 44,924 |
| 2003-04 | 30,210 | 30,210 |
| 2004-05 | 41,011 | 41,011 |
| 2005-06 | 53,001 | - |
| 2006-07 | 25,897 | - |
| 2007-08 | 2,19,075 | - |
| **ആകെ** | **4,50,009** | **1,52,036** |

മേൽതുകകൾ ഈടാക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ശ്രീ. വി. പുഷ്പഹാസൻ, സെക്രട്ടറി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.8(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

45. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വയനാട്, കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**തിരുവനന്തപുരം ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വെള്ളറട ഗ്രാമപഞ്ചായത്ത്**

**കാർഷികോൽപ്പന്ന വിപണന കേന്ദ്രത്തിന്റെ കരാറുകാരൻ മത്സ്യവിപണന കേന്ദ്രം പൊളിച്ചുനീക്കി**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2008-09, ഖണ്ഡിക നമ്പർ: 3-10

- കാർഷികോൽപ്പന്ന വിപണന കേന്ദ്രത്തിനുവേണ്ടി 2002-ൽ നിർമ്മിച്ച മത്സ്യ വിപണനകേന്ദ്രം പൊളിച്ചു നീക്കി.
- പൊളിച്ചത് കരാറുകാരൻ -പഞ്ചായത്തിന്റെ അനുവാദമില്ലാതെ
- നഷ്ടം 4.5 ലക്ഷം

പനച്ചമൂട് പൊതുമാർക്കറ്റിനോടനുബന്ധിച്ച് കാർഷിക വിളകൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം ഒരുക്കുന്നതിനായി 8 സ്റ്റാളുകൾ നിർമ്മിക്കുന്നതിന് പദ്ധതി ലക്ഷ്യമിട്ടിരുന്നു. 5,50,000 രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തി, കരാറുകാരനായ ശ്രീ. വിൽഫ്രഡ് രാജിന് എസ്റ്റിമേറ്റ് തുകയുടെ 0.1% കുറഞ്ഞനിരക്കിൽ അനുവദിച്ചു. വിപണന കേന്ദ്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പല അപാകതകളും സംഭവിച്ചതായി കാണുന്നു. 27-12-07-ൽ

ടെണ്ടർ നടത്തുകയും 1-1-08-ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. സ്റ്റാൾ നിർമ്മിക്കുന്നതിനുവേണ്ടി സമീപത്തുള്ള മത്സ്യവിപണന സംവിധാനം 17-1-08-ൽ പൊളിച്ചുമാറ്റുകയുണ്ടായി. ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ 2001-02-ൽ 4.5 ലക്ഷം രൂപ മുടക്കിയാണ് മത്സ്യവിപണന കേന്ദ്രം സ്ഥാപിച്ചിരുന്നത്. ഫിഷറീസ് വകുപ്പിൽനിന്ന് 60,000 രൂപയും ബാക്കി പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ചാണ് ഈ സംവിധാനം നിലവിൽ വന്നത്. സർക്കാർ അനുവാദമില്ലാതെ മത്സ്യ വിപണന കേന്ദ്രത്തിലുള്ള മാർബിൾ സ്ലാബുകൾ പൊളിച്ചുമാറ്റിയതിലൂടെ 4,50,000 രൂപ നഷ്ടപ്പെട്ടുവെന്ന് ബന്ധപ്പെട്ട ഫയലിൽനിന്ന് വ്യക്തമാകുന്നു. നിലവിലുണ്ടായിരുന്ന മത്സ്യവിപണനകേന്ദ്രം പൊളിച്ചുമാറ്റിയത് പഞ്ചായത്തിന്റെ അനുവാദം വാങ്ങാതെയും സ്റ്റാൾ നിർമ്മാണം ഏറ്റെടുത്ത കരാറുകാരന്റെ നേതൃത്വത്തിലുമാണെന്ന് ഫയലിൽ നിന്ന് വ്യക്തമാണ്. 25-1-08-ലെ 1(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ മാർബിൾ സ്ലാബുകൾ നശിപ്പിച്ചതിൽ ശ്രീ. വിൽഫ്രഡ് രാജ് എന്ന കരാറുകാരന് പങ്കുണ്ടെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമ ബോദ്ധ്യമുണ്ടെന്നും ആയതിനാൽ ടിയാന്റെ ദർഘാസുകൾ സ്വീകരിക്കുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. വെള്ളറട പോലീസ് സ്റ്റേഷനിൽ ക്രൈം നം. 15/08 പ്രകാരം ഈ വിഷയത്തിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പൊളിച്ചുമാറ്റിയ സാധനങ്ങളെ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയതായോ നഷ്ടം ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. മാർക്കറ്റിനുള്ളിൽ സ്ഥാപിച്ചിരുന്ന മാർബിൾ ഫലകങ്ങൾ ഇളക്കിക്കൊണ്ടുപോയത് കരാറുകാരന്റെ നേതൃത്വത്തിലാണെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോധ്യം വരുകയും തുടർന്ന് ടെണ്ടറുകൾ ടിയാന് അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുക്കുകയും ചെയ്ത ശേഷം ടി കരാറുകാരനെക്കൊണ്ടുതന്നെ സ്റ്റാൾ നിർമ്മാണം നടപ്പിലാക്കിയത് ക്രമവിരുദ്ധമാണ്.

ഈ പ്രവൃത്തിക്ക് രണ്ടുവിധത്തിലുള്ള ബില്ലുകൾ തയ്യാറാക്കിയതായി കാണുന്നു. 21-4-2008-ൽ തയ്യാറാക്കിയ ഒന്നാമത്തെ ബില്ലിൽ പ്രവൃത്തിയുടെ മൂല്യം 4,78,112.84 രൂപ എന്നാണ് രേഖപ്പെടുത്തിയിരുന്നത് (അളവു പുസ്തകം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല). ടി ബിൽ അംഗീകാരത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തതായും രേഖയുണ്ട്. എന്നാൽ 24-6-08-ൽ ബിൽ തുക 5,49,720 രൂപയായി കണക്കാക്കി താഴെപ്പറയുംവിധം കരാറുകാരന് തുക നൽകിയിരിക്കുന്നു.

| | | |
|---|---|---|
| മൂല്യനിർണ്ണയം നടത്തിയത് | : | 5,49,720 (അളവ് പുസ്തകം 35/08 പേജ് 42) |
| (-) ടെണ്ടർ (0.1%) | : | 550 |
| | | 5,49,170 |

(-) പാർട്ട് ബിൽ : 3,56,872 (ബിൽ നം. 26-7-08 തീയതി 31-3-08)

1,92,298

(-) നികുതികൾ : 11,999 (ബിൽ നം.1-8-09 തീയതി 24-6-08)

**കരാറുകാരന് നൽകിയ തുക : 1,80,299 രൂപ**

ഒറിജിനൽ എസ്റ്റിമേറ്റിൽ പണി പൂർത്തിയാക്കുകയും ഫൈനൽ ബിൽ തയ്യാറാക്കുകയും ചെയ്തിട്ടും വീണ്ടും എസ്റ്റിമേറ്റിൽ മാറ്റം വരുത്തി കൂടുതൽ തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതായി രേഖകളില്ല. ആയതിനാൽ 71,607 രൂപ (549720-478113) ഈ പ്രവൃത്തിക്ക് അധികം ചെലവഴിച്ചതായി കണക്കാക്കുന്നു, തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. മത്സ്യവിപണന സ്റ്റാൾ നിർമ്മാണത്തിനായി ചെലവഴിച്ച 4.5 ലക്ഷം രൂപ ഉപയോഗശൂന്യമായിപ്പോയത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ഉദാസീനതമൂലമാണ്. ഈ തുക കരാറുകാരനിൽനിന്നോ ഭരണസമിതിയിൽനിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. എം. സാം മോസസ്, അസിസ്റ്റന്റ് എഞ്ചിനീയർ,
റ്റി. സി. 11/1341, 37-ബെയ്ൻസ് കോമ്പൗണ്ട്,
നന്തൻകോട്, തിരുവനന്തപുരം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.1(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

46. മത്സ്യവിപണന കേന്ദ്രം പൊളിച്ചുനീക്കിയ സംഭവത്തിലെ പ്രതിയെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രതിയെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെന്നാണ് ഏറ്റവുമവസാനം ലഭിച്ച റിപ്പോർട്ടിലുള്ളതെന്നും കേസ് നെയ്യാറ്റിൻകര കോടതിയുടെ പരിഗണനയിലാണെന്നും കരാറുകാരനാണ് പ്രതി എന്നായിരുന്നു പഞ്ചായത്തിന്റെ നിഗമനമെന്നും പോലീസ് റിപ്പോർട്ടിൽ പ്രതിയെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളതെന്നും വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

47. കുറ്റം നടന്നുവെങ്കിലും പ്രതിയെ കണ്ടെത്താനായില്ലെന്നും കെട്ടിടം പൊളിച്ചയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് അപേക്ഷിച്ചതിനുശേഷം തീരുമാനമെടുക്കാമെന്നും എന്നാൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി അധികം നൽകിയ തുക എത്രയെന്നും ആരാണ് അതിനുത്തരവാദിയെന്നും കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ അത് തിരിച്ചുപിടിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കേണ്ടതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

48. പ്രസ്തുത വിഷയത്തിന്മേൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ ശിപാർശകൾ

**49. വെള്ളറട ഗ്രാമപഞ്ചായത്തിൽ മത്സ്യവിപണന കേന്ദ്രം പൊളിച്ചു നീക്കിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി അധികം നൽകിയ തുക എത്രയാണെന്നും ആരാണ് അതിനുത്തരവാദിയെന്നും കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ആയത് തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

### തിരുവനന്തപുരം കോർപ്പറേഷൻ

**കോൺക്രീറ്റ് റോഡ് പൊളിച്ച് മാറ്റി ടാർ റോഡ് നിർമ്മാണം - തുക നിരാകരിക്കുന്നു. 7,68,446 രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ: 3.8.4

പെരുന്താന്നി വാർഡിൽ ഐശ്വര്യനഗറിലെ നിലവിലുണ്ടായിരുന്ന കോൺക്രീറ്റ് റോഡ് പൊളിച്ച് മാറ്റി ടാർ റോഡ് നിർമ്മിക്കുവാനും വശങ്ങളിലെ ഓട നവീകരിക്കുവാനുമായിരുന്നു പദ്ധതി. ഈ പ്രവൃത്തിക്കായി 30-1-2007-ൽ 5,45,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 21-3-2007-ൽ ഭരണാനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ എഗ്രിമെന്റ് നടപടികളിലേക്ക് നീങ്ങാതെ 2007-ലെ ഷെഡ്യൂൾ നിരക്കനുസരിച്ച് 7,15,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 17-11-2007-ൽ നഗരസഭ കരാറുകാരനുമായി ഉടമ്പടിയിലേർപ്പെടുകയും ചെയ്തു. എന്നാൽ 5-12-2007-ലെ ഫയൽ നോട്ടിൽ, 4 അടുക്ക് കോൺക്രീറ്റ് പൊളിച്ച് നീക്കാനുണ്ടെന്നും, മെറ്റലിംഗിന് മുമ്പായി റോഡ് ഫോർമേഷൻ നടത്തണമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിക്കാണുന്നു. തുടർന്ന് 24.05% വർദ്ധന വരുത്തിക്കൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റിന് 8,86,972 രൂപയുടെ അംഗീകാരം നൽകുകയും ചെയ്തു.

നഗരസഭാ എഞ്ചിനീയർക്ക് 21-1-2008-ൽ പെരുന്താന്നി വാർഡ് കൗൺസിലർ നൽകിയ കത്തിൽ, നിലവിലെ കോൺക്രീറ്റ് റോഡ് പൊളിച്ച് മാറ്റിയാൽ റോഡ് നിർമ്മാണ സമയത്ത് റോഡ്റോളറിന്റെ ആഘാതത്തിൽ റോഡിന്റെ മുകൾതട്ടിലുള്ള വാട്ടർസപ്ലൈ ലൈനിന് തകരാറ് സംഭവിക്കാനിടയുണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ഇക്കാരണം കൊണ്ടുതന്നെ കോൺക്രീറ്റ് ചെയ്യുന്നതാണുത്തമം എന്നും കൗൺസിലർ നഗരസഭാ എഞ്ചിനീയറെ ധരിപ്പിച്ചിരുന്നു. ഐശ്വര്യനഗർ റസിഡൻസ് അസോസിയേഷൻ 25-1-2006-ൽ നഗരസഭയ്ക്ക് നൽകിയ നിവേദനത്തിൽ പറയുന്നത്, പ്രസ്തുത റോഡ് 1980-കളിൽ ടാർ റോഡായിരുന്നുവെന്നും ശേഷം പലതവണയായി ഇതിന് മുകളിലൂടെ കോൺക്രീറ്റ് നടത്തിയെന്നുമാണ്. കൂടാതെ നിലവിലെ റോഡിന്റെ ഒരു വശത്തുകൂടിയുള്ള ഓടയിൽ മണ്ണ് അടിഞ്ഞു കൂടി വെള്ളം കവിഞ്ഞൊഴുകുന്നതായും പറയുന്നു.

നിലവിലെ കോൺക്രീറ്റ് റോഡ് അറ്റകുറ്റപണി നടത്തുകയും ഓടയിലെ മണ്ണ് നീക്കം ചെയ്യുകയും ചെയ്തിരുന്നെങ്കിൽ റോഡ് സഞ്ചാരയോഗ്യമാക്കാൻ കഴിയുമായിരുന്നു. 1980 കളിൽ ഉണ്ടായിരുന്ന ടാർ റോഡിന് മുകളിലൂടെ പലപ്രാവശ്യമായുള്ള കോൺക്രീറ്റിംഗ് പൊളിച്ച് മാറ്റിയ ശേഷം റോഡ് ഫോർമേഷൻ നടത്തിയതായി പറയുന്നത് അനുവദനീയമല്ല. റോഡ് ഫോർമേഷനും മെറ്റലിംഗും ടാറും ഉണ്ടായിരുന്നതിന് മുകളിലാണ് 4 അടുക്ക് കോൺക്രീറ്റ് ചെയ്തത്. എന്നാൽ ഇവിടെ നിലവിലുണ്ടായിരുന്ന കോൺക്രീറ്റ് റോഡ് പൊളിച്ച് നീക്കി റോഡ് ഫോർമേഷനും മെറ്റലിംഗും നടത്തി പണി അവസാനിപ്പിക്കുകയായിരുന്നു. നിലവിലുണ്ടായിരുന്ന കോൺക്രീറ്റ് റോഡും പുതിയതായി നിർമ്മിക്കാനുദ്ദേശിച്ച ടാർ റോഡും ഇല്ലാത്ത അവസ്ഥയാണ് ഇതുമൂലം സംജാതമായത്.

സാങ്കേതിക പഠനം നടത്താതെയും അലംഭാവത്തോടെയും പദ്ധതി നടപ്പാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോർപ്പറേഷൻ എഞ്ചിനീയർ, നഗരസഭാ സെക്രട്ടറി എന്നിവർ ഈ പദ്ധതിയുടെ പരാജയത്തിനുത്തരവാദികളാണ്. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതിനും നഷ്ടമായ 7,68,446 രൂപയും കോൺക്രീറ്റ് റോഡ് നശിപ്പിച്ചതിലൂടെയുണ്ടായ നഷ്ടവും ഇവരിൽനിന്നും ഈടാക്കുന്നതിനും ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ജോൺസൺ കെ. ജോർജ്ജ് (ഐ.എ.എസ്.), സെക്രട്ടറി,
കല്ലുംപുറത്ത് വീട്, വി.എസ്.എൻ.എൽ. റോഡ്,
കാക്കനാട് പി. ഒ., കൊച്ചി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.2(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

50. കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം വന്നു എന്നതാണ് ഓഡിറ്റ് പരാമർശമെന്നും പെരുന്താന്നി വാർഡിലെ പ്രവൃത്തിയാണിതെന്നും 1980-കളിൽ ഇത് ടാർ റോഡായിരുന്നുവെന്നും പിന്നീട് കോൺക്രീറ്റ് റോഡായി മാറുകയായിരുന്നുവെന്നും കോൺക്രീറ്റ് റോഡ് തകർന്നപ്പോൾ, അത് ടാർ റോഡായി നവീകരിക്കുവാൻ 2007-ൽ 5,45,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയെന്നും പിന്നീട് നിരക്ക് പുനർനിർണ്ണയിച്ചതിനെത്തുടർന്ന് 7,15,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാറുകാരനുമായി ഉടമ്പടിയിലേർപ്പെടുകയും ചെയ്തുവെന്നും കോൺക്രീറ്റ് പൊളിച്ചുനീക്കണമെന്നതും മെറ്റലിംഗിന് മുമ്പായി റോഡ് നിർമ്മിക്കണമെന്നതും പരിഗണിച്ച് 8,86,972 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് തുടർന്ന് അംഗീകാരം നൽകുകയുണ്ടായെന്നും എന്നാൽ ടാറിംഗിന്റെ സമയത്ത് റോഡ് റോളറിന്റെ ആഘാതത്തിൽ റോഡിന്റെ മുകൾത്തട്ടിലുള്ള ജലവിതരണ ലൈനിന് തകരാറ് സംഭവിക്കാനിടയുണ്ടെന്നും അതിനാൽ കോൺക്രീറ്റ് ചെയ്യുന്നതാണ് നല്ലതെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് പെരുന്താന്നി വാർഡ് കൗൺസിലർ നഗരസഭയ്ക്ക് കത്ത് നൽകിയെന്നും ഓഡിറ്റ് പരാമർശം വന്നതിന്റെയടിസ്ഥാനത്തിൽ നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പിന് കത്ത് നൽകുകയും സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉൾപ്പെടുന്ന ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി 15-12-2014-നും 16-12-2014-നും ഫയലും സ്ഥലവും പരിശോധിച്ച് സാങ്കേതിക പരിഹാരം നൽകുകയുണ്ടായെന്നും അതുപ്രകാരം തകർന്ന കോൺക്രീറ്റ് മാറ്റി റോഡ് ടാർ ചെയ്തിട്ടുണ്ടെന്നും ഇത്തരത്തിൽ പ്രസ്തുത വിഷയം പരിഹരിച്ച് നിലവിൽ റോഡ് ടാർ ചെയ്ത് കൃത്യമായി പരിപാലിച്ച് പോരുന്നുണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വിശദമാക്കി. പ്രസ്തുത വിഷയത്തിൽ, പ്രഥമദൃഷ്ട്യാ ക്രമക്കേട് നടന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും മുൻവർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 799-ൽപ്പരം സിവിൽ പ്രവൃത്തികളും 400-ഓളം മറ്റുപ്രവൃത്തികളും ചെയ്തിട്ടുണ്ടെന്നും ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറും 23 അസിസ്റ്റന്റ് എഞ്ചിനീയർ മാരുമാണ് ഇത്രയും പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതെന്നും എല്ലാ പ്രവൃത്തികളും ശരിയായ രീതിയിൽ മേൽനോട്ടം വഹിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ലെന്നും കൂടാതെ കെട്ടിട നിർമ്മാണ അനുമതി, ഒക്യുപൻസി സർട്ടിഫിക്കറ്റ് തുടങ്ങിയ കാര്യങ്ങളുൾപ്പെടെ ദിനംപ്രതി ശരാശരി 80 ഫയലുകളോളം കൈകാര്യം ചെയ്യേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും അതിനുപുറമെ അനധികൃത പ്രവൃത്തികൾ ഉൾപ്പെടെയുള്ളവ പരിശോധിക്കേണ്ടതുണ്ടെന്നും നഗരസഭാ ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള കുറവ് പ്രവൃത്തികളുടെ നിലവാരത്തെ ബാധിക്കുന്നുണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി കൂട്ടിച്ചേർത്തു. സാമ്പത്തിക

ഭദ്രതയുള്ള നഗരസഭയായതിനാൽ ഏറ്റെടുക്കുന്ന റോഡുകളിൽ മുഴുവനായി പ്രവൃത്തി നടത്തിക്കൂടേയെന്ന് സമിതി ആരാഞ്ഞതിന്, ആയത് ശിപാർശ ചെയ്യേണ്ടത് അതത് വാർഡ് കൗൺസിലർമാരാണെന്നും റോഡുകളുടെ അവസ്ഥയനുസരിച്ചാണ് ജോലികൾ പൂർത്തീകരിക്കുന്നതെന്നും കേടുപാടുകൾ സംഭവിച്ച റോഡുകൾ മാത്രമാണ് പണി പൂർത്തീകരിക്കാനായി നിലവിൽ തെരെഞ്ഞെടുത്തിട്ടുള്ളതെന്നും ചെറിയ ദൈർഘ്യമുള്ള റോഡുകളാണെങ്കിൽ പണി മുഴുവനായി ചെയ്യുമെന്നും അല്ലാത്തവ കേടുപാടുള്ള ഭാഗം മാത്രം ശരിയാക്കുമെന്നും നിലവിൽ ഇരുപത്തഞ്ചോളം അപ്രന്റീസുകളെ പുതുതായി നിയമിച്ചിട്ടുണ്ടെന്നും തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനായി സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുകയോ പ്രവൃത്തികളുടെ മേൽനോട്ടത്തിന് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുകയോ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

51. നഗരസഭാ സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിൽ തൊഴിലാളികളുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു

**നിഗമനങ്ങൾ/ ശിപാർശകൾ**

**52. കോൺക്രീറ്റ് റോഡ് പൊളിച്ച് ടാർ റോഡ് നിർമ്മാണം എന്ന പരാമർശത്തിന്മേൽ സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**53. നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊല്ലം കോർപ്പറേഷൻ**

**അക്ഷയ ഊർജ്ജ ഉൽപ്പാദനവും നിർവ്വഹണവും - 20,10,000 രൂപ അനെർട്ടിന് നൽകി - പദ്ധതി നടപ്പിലായില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 3-8

- 20.1 ലക്ഷം മുൻകൂർ നൽകി 3 വർഷം കഴിഞ്ഞിട്ടും പദ്ധതി നടപ്പിലായില്ല.
- പദ്ധതിയുടെ ആദ്യഘട്ടമായ ഊർജ്ജാസൂത്രണ റിപ്പോർട്ട് തയ്യാറാക്കൽ, വിവരശേഖരണം, പവർലൈൻ മാപ്പിംഗ് എന്നിവയ്ക്ക് നൽകിയത് 10.1 ലക്ഷം

- രണ്ടാം ഘട്ടമായി ഉപകരണങ്ങൾ വാങ്ങാൻ 10 ലക്ഷം രൂപ നൽകിയെങ്കിലും ഏത് ഉപകരണങ്ങളാണ് വാങ്ങേണ്ടത് എന്ന് പ്രോജക്ടിൽ പറഞ്ഞിരുന്നില്ല.

കൊല്ലം നഗരസഭയുടെ 11-3-2008-ലെ 46-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അനുമതി നൽകിയ "കോർപ്പറേഷൻതല ഊർജ്ജാസൂത്രണവും പൈലറ്റ് അക്ഷയ ഊർജ്ജ ഉൽപ്പാദനവും" എന്ന പ്രോജക്ടിന് (പ്രോജക്ട് നമ്പർ 805/07-08) 15-3-08-ലെ ജില്ലാ ആസൂത്രണ സമിതിയുടെ 483/2007/DPO/DPC നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചു. എന്നാൽ 9-4-2008-ൽ 20,10,000 രൂപ ചെക്ക് നം. 195567 തീയതി 9-4-08 പ്രകാരം അനെർട്ടിന് നൽകിയിട്ടും നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2008 മാർച്ച് 29-ാം തീയതി അനെർട്ട് ഡയറക്ടറും കോർപ്പറേഷൻ സെക്രട്ടറിയും ഒപ്പിട്ട ഉടമ്പടി പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ 1-4-2008-ൽ തുടങ്ങേണ്ടതും 30-6-2009 നകം പൂർത്തിയാക്കേണ്ടതുമായിരുന്നു. അംഗീകൃത പദ്ധതി പ്രകാരം 10,10,000 രൂപ ഒന്നാം വർഷത്തേക്കും 10,00,000 രൂപ രണ്ടാം വർഷത്തേക്കുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഒറ്റ ഗഡുവായി 20,10,000 രൂപ 9-4-2008-ൽ അനെർട്ടിന് നൽകി. ഇത് ക്രമവിരുദ്ധമായ നടപടിയാണ്.

2. ഊർജ്ജാസൂത്രണ റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി വിവരശേഖരണം, പവർലൈൻ മാപ്പിംഗ് എന്നിവ നടത്തുന്നതിന് വേണ്ടിയാണ് ആദ്യവർഷം 10,10,000 രൂപ വകയിരുത്തിയിരുന്നത്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനവും നടന്നതിന് ഫയലിൽ രേഖകൾ ഇല്ല.

3. രണ്ടാം ഗഡുവായ 10 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങാനാണ് വകയിരുത്തിയിരുന്നത്. ഏതെല്ലാം ഉപകരണങ്ങളാണ് വാങ്ങി സ്ഥാപിക്കാൻ ഉദ്ദേശിച്ചത് എന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ലെന്ന് ജില്ലാ ഊർജ്ജ സുരക്ഷാ മിഷന്റെ കോ-ഓർഡിനേറ്ററുടെ കത്തിൽ സൂചിപ്പിക്കുന്നു. ഇത് പ്രോജക്ടിന്റെ പോരായ്മയായി കണക്കാക്കാവുന്നതാണ്. ഈ കത്തിന് സെക്രട്ടറി നൽകിയ മറുപടിയിൽ ഗ്രൂപ്പ് ഉപഭോക്താക്കൾക്ക് വേണ്ടി സൗരവിളക്കുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

സെക്രട്ടറി അനെർട്ടിന് അയച്ച കത്തിൽ സൂചിപ്പിച്ചിരിക്കുന്നത് ലൈറ്റുകൾ കോർപ്പറേഷൻ ഓഫീസിലും ടൗൺ ഹാളിലും മറ്റും സ്ഥാപിക്കാനാണ്. എന്നാൽ അനെർട്ട് ഇതുവരെ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

1-4-2008-ൽ തുടങ്ങി 30-6-2009-ൽ തീരേണ്ട പ്രോജക്ടിന്റെ ഒരു പ്രവർത്തനവും നടന്നിട്ടില്ല എന്ന് 4-1-2011-ൽ സെക്രട്ടറി, അനെർട്ട് ഡയറക്ടർക്ക് അയച്ച ഓർമ്മക്കുറിപ്പിൽ നിന്നും വ്യക്തമാണ്. ആയതിനാൽ ഈയിനത്തിൽ അനെർട്ടിന് നൽകിയ 20,10,000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിന്മേൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ പതിയേണ്ടതും മേൽ നടപടികളെടുത്ത് ടി തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥ:

ശ്രീമതി എ. കെ. ശശികല (കോർപ്പറേഷൻ സെക്രട്ടറി),
ആചാരി പറമ്പ്, റെയിൽവേ സ്റ്റേഷൻ കട്ട് റോഡ്, ചെങ്ങന്നൂർ.
(കല, 11/505, ശ്രീകാര്യം പഞ്ചായത്ത്,
പാങ്ങപ്പാറ പി. ഒ., തിരുവനന്തപുരം.)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.9(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. 2009-2010-ൽ കോർപ്പറേഷൻതല 'ഊർജ്ജസംരക്ഷണവും പൈലറ്റ് അക്ഷയ ഊർജ്ജ ഉൽപ്പാദനവും' എന്ന പ്രോജക്ടിന് 20,10,000 രൂപ മുൻകൂർ നിക്ഷേപിച്ചിരുന്നുവെങ്കിലും അനെർട്ടിന് പ്രവൃത്തി നിർവ്വഹിക്കാൻ കഴിഞ്ഞില്ലെന്നും പ്രസ്തുത തുക ഉൾപ്പെടെ 4-4-2015-ലെ ജി. ഒ. (ആർ.റ്റി.)81/2015 പ്രകാരം 28,36,31,707 രൂപ ട്രഷറി മുഖേന സർക്കാർ ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തുക ഒരുമിച്ചാണ് ട്രഷറിയിൽ അടച്ചിട്ടുള്ളതെന്നും അതിനാലാണ് നഗരസഭയുടേത് മാത്രമായി പ്രത്യേകം റെസീപ്റ്റ് ഇല്ലാത്തതെന്നും കൊല്ലം നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

55. ചലാൻ രസീത് പരിശോധിച്ചുമാത്രം അടച്ച തുക സംബന്ധിച്ച് വ്യക്തത വരുത്താൻ കഴിയില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

56. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നോ ട്രഷറിയിൽ നിന്നോ വ്യക്തത വരുത്തി റിപ്പോർട്ട് ഹാജരാക്കണമെന്ന് സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**57. കൊല്ലം കോർപ്പറേഷൻ അനെർട്ടിന് തുക നൽകിയെങ്കിലും പദ്ധതി നടപ്പാക്കാത്തതിനാൽ തുക തിരച്ചടച്ചിട്ടുണ്ടെന്നുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അടച്ച തുക വകുപ്പിൽ നിന്നാണോ ട്രഷറിയിൽ നിന്നാണോ എന്ന് വ്യക്തത വരുത്തി വിശദാംശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ഹാജരാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗര ശുചീകരണത്തിന് വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ചില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 3-50

- 20000 ഡസ്റ്റ്ബിന്നുകൾ വാങ്ങി. ഉപയോഗിച്ചത് 700 എണ്ണം മാത്രം.
- 250 ലിറ്റർ കീടനാശിനി വാങ്ങി. ഉപയോഗിച്ചത് 40 ലിറ്റർ.
- ശേഷിച്ച കീടനാശിനി ഉപയോഗശൂന്യമായി.
- 1.62 ലക്ഷത്തിന്റെ ഫോഗിംഗ് മെഷീനുകൾ നാളിതുവരെ ഉപയോഗിച്ചില്ല.

2009-10 വർഷം നഗരസഭാ സെക്രട്ടറി നിർവഹണം നടത്തിയ സമ്പൂർണ്ണ ശുചിത്വ നഗരപദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്ന് 75,63,000 രൂപയും തനത് ഫണ്ടിൽ നിന്ന് 34,59,400 രൂപയുമുൾപ്പെടെ 1,10,22,400 രൂപ വകയിരുത്തി. പദ്ധതിയുടെ ഭാഗമായി നഗരത്തിലെ ബി.പി.എൽ. കുടുംബങ്ങളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മൂടിയുള്ളതും, മൂടിയില്ലാത്തതുമായ 20000 ഡസ്റ്റ്ബിന്നുകൾ 24,30,000 രൂപ ചെലവഴിച്ച് (ചെക്ക് നം.401841/ 8-4-2009) വാങ്ങിയതിൽ നാളിതുവരെ 700 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. അവശേഷിക്കുന്ന ഡസ്റ്റ്ബിന്നുകൾ 19300 എണ്ണം മുണ്ടയ്ക്കലിലെ സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. എന്നാൽ എണ്ണി തിട്ടപ്പെടുത്താൻ സാധ്യമല്ലാത്ത തരത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. നുവാൻ കീടനാശിനി 20-4-2009-ൽ 250 ലിറ്റർ സ്റ്റോക്കിൽ എടുത്തതിൽ 40 ലിറ്റർ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. കാലപ്പഴക്കംകൊണ്ട് കീടനാശിനികൾ ഉപയോഗശൂന്യമായിരിക്കാനിടയുണ്ട്. 1,62,600 രൂപ ചെലവഴിച്ച് രണ്ട് ഫോഗിംഗ് മെഷീനുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും

ഉപയോഗിച്ചിട്ടില്ല. ഇതിൽനിന്ന് ആവശ്യകത വിലയിരുത്തിയല്ല സാധനങ്ങൾ വാങ്ങിയതെന്ന് വ്യക്തമാകുന്നു. നഗര ശുചീകരണം പോലുള്ള പദ്ധതികൾ അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കുന്നതിന് പകരം ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങി പാഴ്ച്ചെലവ് വരുത്തുകയാണുണ്ടായത്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ

വി.കെ.പ്രതാപ ചന്ദ്രൻ (സെക്രട്ടറി),

ഹരിചന്ദനം, മെയ് ഫെയർ ലെയ്ൻ,

ബാനർജി റോഡ്, കൊച്ചി-18, എറണാകുളം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.9(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. 2009-2010 കാലഘട്ടത്തിൽ സമ്പൂർണ്ണ ശുചിത്വ നഗരം പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവ-അജൈവ മാലിന്യശേഖരണത്തിനായി 20000 ബക്കറ്റുകൾ വാങ്ങിയെന്നും ഓഡിറ്റ് കാലാവധിക്ക് മുമ്പായി 700 ബക്കറ്റുകൾ വിതരണം ചെയ്തുവെന്നും അവശേഷിച്ച ബക്കറ്റുകളിൽ 16100 എണ്ണം കൗൺസിൽ തീരുമാനപ്രകാരം നഗരസഭയിലെ വിവിധ ഡിവിഷനുകളിലെ ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം നടത്തിയെന്നും 3200 ബക്കറ്റുകൾ നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കുരീപ്പുഴയിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നഗരസഭ പദ്ധതി ആരംഭിച്ചെങ്കിലും അവിടെയുണ്ടായ സമരപരിപാടികളുടെ ഭാഗമായി ആയത് നടപ്പിലാക്കാൻ കഴിയാതെ വന്നതിനാൽ ഗാർഹിക മാലിന്യങ്ങൾ ശേഖരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായെന്നും സർക്കാരിന്റെ വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതിപ്രകാരമുള്ള മാലിന്യ ഊർജ്ജ പ്ലാന്റ് നിലവിൽ പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും കുരീപ്പുഴയിൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കം ചെയ്ത് മാലിന്യ ഊർജ്ജ പ്ലാന്റിന്റെ പ്രവൃത്തി ടെണ്ടർ ചെയ്ത് എൻ.ഒ.സി. നല്കിയിട്ടുണ്ടെന്നും കുറച്ച് ഭൂമികൂടി ഏറ്റെടുത്ത് പദ്ധതി പ്രാവർത്തികമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. മുഖേന സ്വീകരിച്ചുവരുന്ന നടപടി അന്തിമഘട്ടത്തിലാണെന്നും ഹരിതകർമ്മസേന മുഖേന അജൈവ മാലിന്യ ശേഖരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 3200 ബക്കറ്റുകൾ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മാലിന്യ സംസ്കരണ പദ്ധതികളിൽ ഉപയോഗിക്കാവുന്നതാണെന്നും കൊല്ലം നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

59. കൊല്ലം നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**60. സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നഗര ശുചീകരണത്തിന് വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ചില്ലെന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**വികസന ഫണ്ട്/മെയിന്റനൻസ് ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു- ശുചീകരണ ആവശ്യത്തിന് ലോറി വാടക നൽകുന്നതിൽ ക്രമക്കേട്**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-23

- മെയിന്റനൻസ് ഫണ്ട് ലോറി വാടക നൽകാൻ വകമാറ്റി.
- കരാർ പുതുക്കാതെയും കൗൺസിൽ അംഗീകാരമില്ലാതെയും ലോറി വാടക കൂട്ടിനൽകി.
- നഗരസഭാ വാഹനങ്ങൾ മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയുക്തമാക്കുന്നില്ല.

ആലപ്പുഴ നഗരസഭയിൽ ശുചീകരണ ആവശ്യങ്ങൾക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്ന ഇനത്തിൽ വാടകയായി 2007-08-ൽ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽനിന്നും ചുവടെ ചേർത്തിരിക്കുന്ന തുകകൾ നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | അടങ്കൽ തുക | ലോറി വാടക ഇനത്തിൽ നൽകിയ തുക (നികുതികൾ കഴിച്ച് | വൗച്ചർ |
|---|---|---|---|
| എസ്.ഒ. 146/06-07/സമ്പൂർണ്ണ ശുചീകരണം (228/07-08) | 10,00,000 | 2,44,500<br>2,56,500 | 24-7/07<br>1-10/07 |
| എസ്.ഒ. 56/06-07 180/07-08 കണ്ടിജന്റ് വിഭാഗത്തിന് ശുചീകരണ ഉപകരണങ്ങൾ | - | 2,59,484 | 12-3/08 |
| എസ്.ഒ. 240/07-08 187/06-07 ടൗൺഹാൾ മെയിന്റനൻസ് | 27,02,822 | 2,80,008 | ലഭ്യമല്ല |
| **ആകെ** | | **10,40,492** | |

ആലപ്പുഴ നഗരസഭയിലെ വാഹനക്കരാറുകാരനായ സൈജു എം.എസ്. എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.8-യു.6781, കെ.എൽ.8-പി.6619, കെ.എൽ.8.എച്ച്. 5958, കെ.എൽ.8 എക്സ്.933 എന്നീ നാല് ടിപ്പർ ട്രാക്ടറുകൾ വിവിധ കാലയളവിൽ 334 ദിവസം ചവർ നീക്കംചെയ്യൽ ജോലിയിൽ ഏർപ്പെട്ടിരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതിദിനം 1500 രൂപ പ്രകാരം 334 ദിവസത്തേക്ക് 5,01,000 രൂപ വാടകയായി നിശ്ചയിക്കുകയും ചെയ്തു. ചവറുകൾ നീക്കം ചെയ്യുന്നതിന് വണ്ടി വാടകയ്ക്ക് എടുത്തയിനത്തിൽ കൊടുക്കുവാനുള്ള തുകയുടെ 50% പ്ലാൻ ഫണ്ടിൽനിന്നും കൊടുക്കുവാൻ ചെയർമാൻ 6-7-2007-ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 163 ദിവസത്തെ തുക 2,44,500 രൂപ പ്രോജക്ട് നം.എസ്.ഒ.146/06-07 സമ്പൂർണ്ണ ശുചീകരണത്തിൽ നിന്നും നൽകി. ബാക്കി തുക 2,56,500 രൂപ ഇതേ പ്രോജക്ടിൽ നിന്നും നൽകുന്നതിന് ചെയർമാൻ 17-9-2007-ൽ മുൻകൂർ അനുമതി നൽകി.

കെ.എൽ.8-പി.6619 വാഹനത്തിന്റെ 1-6-2007 മുതൽ 30-11-2007 വരെ 177 ദിവസത്തെ വാടകയായ 2,65,500 രൂപ കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിന് ചെയർമാൻ മുൻകൂർ അനുമതി നൽകി. പ്രോജക്ട് നം:എസ്.ഒ.56/06-07 (180/07-08) കണ്ടിജന്റ്വിഭാഗത്തിന് ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടിൽ നിന്നും 2,59,484 രൂപ ചെക്ക് നം.667232/10-3-2008 പ്രകാരം നൽകിയിട്ടുണ്ട്.

1-6-2007 മുതൽ 31-12-2007 വരെ 191 ദിവസം കെ.എൽ.8-യു.6781 വാടക വാഹനം മാലിന്യം നീക്കം ചെയ്തയിനത്തിൽ 2,86,500 രൂപ വാടകയായി അനുവദിക്കണമെന്ന് സൈജു അപേക്ഷ നൽകി. ഈ തുക ജനകീയാസൂത്രണ പദ്ധതിയിലെ പ്രോജക്ടിൽ നിന്നും നൽകുന്നതിന് കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ച് ചെയർമാൻ മുൻകൂർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2,80,008 രൂപ പ്രോജക്ട് നം.എസ്.ഒ.240/07-08 (187/06-07) ടൗൺഹാൾ മെയിന്റനൻസ്) മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡിൽ നിന്നും നൽകിയിട്ടുള്ളതാണ്. വാഹന വാടക നൽകിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിനായി നഗരസഭ ഹാജരാക്കിയ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച രേഖകൾ പ്രകാരം നം.എസ്.ഒ.228/07 (146/06-07) സമ്പൂർണ്ണ ശുചീകരണമെന്ന പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നും 10,00,000 രൂപ വകയിരുത്തി. എന്നാൽ ഫയൽ ഓഡിറ്റിനു ഹാജരാക്കാത്തതിനാൽ പ്രോജക്ട് നടപ്പാക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നോ വണ്ടിവാടക ഇതിൽ ഉൾപ്പെടുത്തിയിരുന്നോ എന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പ്രോജക്ടിൽ നിന്നും വാഹന വാടകയിനത്തിൽ നൽകിയ 5,01,000 രൂപ (2,44,500 + 2,56,500) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുവാൻ പാടുള്ളതല്ല എന്ന് മാർഗ്ഗരേഖ [ജി.ഒ.(എം.എസ്)330/04 ത.സ്വ.ഭ.വ. 9-12-2004 ഖണ്ഡിക 4-8] -യിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ആലപ്പുഴ നഗരസഭാ ടൗൺഹാൾ മെയിന്റനൻസിനായി 2007-08-ൽ വകയിരുത്തിയിരുന്ന 27,02,822 രൂപയിൽ 2,80,008 രൂപ ലോറി വാടകയായി നൽകി. ടി സർക്കാർ ഉത്തരവ് ലംഘിച്ച് കൊണ്ടാണ് വണ്ടിവാടകയിനത്തിൽ മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്. കൗൺസിലിനു നിയമോപദേശം നൽകേണ്ട നഗരസഭാ സെക്രട്ടറി ഇക്കാര്യത്തിൽ മൗനം പുലർത്തുന്നതായി ഫയലിൽ കാണുന്നു. ഇക്കാരണങ്ങളാൽ കണ്ടിജന്റ് വിഭാഗത്തിനു ശുചീകരണ ഉപകരണങ്ങൾ, ടൗൺഹാൾ മെയിന്റനൻസ് എന്നീ പ്രോജക്ടുകളിൽ നിന്നും നിയമവിരുദ്ധമായി വകമാറ്റി ചെലവഴിച്ച 5,39,492 (2,59,484+2,80,008) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിയമവിരുദ്ധമായ ഈ ചെലവിന് മുനിസിപ്പൽ ചെയർമാനും സെക്രട്ടറിയും ഉത്തരവാദികളാണ്.

3. കരാറുകാരൻ സൈജു 10-11-2005-ൽ വച്ച കരാർ പിന്നീട് പുതുക്കിയിട്ടില്ല. എന്നാൽ ടിയാന് നൽകുന്ന ലോറിവാടക 1375-ൽ നിന്നും 1500-രൂപയായി വർധിപ്പിച്ചു. 334 ദിവസം നൽകിയിട്ടുള്ളത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ആയതിനു കൗൺസിൽ അംഗീകാരം ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. ഇപ്രകാരം കരാർ ഇല്ലാതെയും കൗൺസിൽ അംഗീകാരമില്ലാതെയും 41,625 രൂപയാണ് അധികമായി ടിയാന് നൽകിയത്.

4. കരാറുകാരന് വിവിധ ഘട്ടങ്ങളിൽ വൻതുകകൾ നൽകിയിട്ടുണ്ടെങ്കിലും ടിയാന്റെ കൈപ്പറ്റുരസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ടിപ്പർ ട്രാക്ടർ വാടകയിനത്തിൽ പിൻവലിച്ച തുക മുഴുവൻ കരാറുകാരന് ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

5. കാലപ്പഴക്കംചെന്ന നഗരസഭാ വാഹനങ്ങൾ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തുകയോ പുതിയ വാഹനങ്ങൾ വാങ്ങുകയോ ചെയ്യുവാൻ നഗരസഭ താൽപ്പര്യം കാണിക്കുന്നില്ല. വാടകയ്ക്ക് വാഹനംഎടുത്ത് ചവർ നീക്കം ചെയ്യുന്ന പ്രവൃത്തി ഒരു സ്ഥിരം സംവിധാനം എന്ന നിലയിലാണ് നഗരസഭ ഏറ്റെടുത്തിരിക്കുന്നത്.

ഈയിനത്തിൽ നഗരസഭയ്ക്ക് തുടർച്ചയായ സാമ്പത്തിക നഷ്ടംവന്നു കൊണ്ടിരിക്കുന്നു. ഇതിനു ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പദ്ധതി വിഹിതം / മെയിന്റനൻസ് ഗ്രാന്റ് നിയമവിരുദ്ധമായി വകമാറ്റി ചെലവഴിക്കുന്ന രീതി അവസാനിപ്പിക്കേണ്ടതും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. സത്വരനടപടി സ്വീകരിക്കാൻ സർക്കാരിന്റെയും ഭരണ വകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

ഉത്തരവാദികളായ ഉദ്യോഗസ്ഥർ

1. ശ്രീ പി.പി.ചിത്തരഞ്ജൻ (മുൻസിപ്പൽ ചെയർമാൻ)

ഐശ്വര്യ , സിവിൽ സ്റ്റേഷൻ വാർഡ്, ബസാർ പി.ഒ., ആലപ്പുഴ.

2. ശ്രീ. റ്റി. സന്തോഷ് (സെക്രട്ടറി),

അഴകത്ത്, തെക്കേവിള കൊല്ലം -691016.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.13(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**62. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചത് - ക്രമവിരുദ്ധം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-26

ആലപ്പുഴ നഗരസഭ ഹെൽത്ത് വിഭാഗത്തിന് ശുചീകരണ ഉപകരണങ്ങളായ കണ്ടെയ്നർ ബോക്സുകൾ, വീൽബാരോ, മൺവെട്ടി, പിക്കാസ്, കമ്പിപ്പാര എന്നിവ വാങ്ങുന്നതിനായി 10,00,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കി (49/07-08) ഡി.പി.സി. അംഗീകാരം വാങ്ങുകയുണ്ടായി. ഈ തുകയിൽനിന്നും നഗരസഭ ഹെൽത്ത് വിഭാഗത്തിന്റെ ശുചീകരണ വാഹനം കെ.എൽ.4-എഫ്. 6132 ടിപ്പർ ലോറി റിപ്പയർ ചെയ്ത ഇനത്തിൽ പോപ്പുലർ മെഗാ മോട്ടോഴ്സിന് ചെക്ക് നമ്പർ 667221/25.01.08 പ്രകാരം 71,397 രൂപ നൽകുകയുണ്ടായി. "ശുചീകരണ പ്രവർത്തനങ്ങൾക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വാഹനങ്ങൾ അപര്യാപ്തമാണ്. മുനിസിപ്പൽ ഫണ്ടിൽ പണം ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിൽ നിന്നും പണം നൽകുന്നതിന് കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച്

മുൻകൂർ അനുവാദം നൽകുന്നു", എന്ന് ചെയർമാൻ ഫയലിൽ രേഖപ്പെടുത്തി, നിയമവിരുദ്ധ ചെലവിന് അനുവാദം നൽകി. പദ്ധതി നിർവഹണത്തിനു ലഭിച്ച തുക വകമാറ്റി ചെലവഴിക്കാൻ അനുവാദം നൽകുവാൻ കൗൺസിലിന് അധികാരമില്ലാതിരിക്കെ കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ച് ചെയർമാൻ ചെലവനുവാദം നൽകിയത് ക്രമപ്രകാരമല്ല, എന്നാൽ ആയതിന് കൗൺസിൽ അംഗീകാരം നൽകിയതായും കാണുന്നില്ല. വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് തനതുഫണ്ടിൽനിന്നും ചെലവുചെയ്യേണ്ടതിനു പകരം പദ്ധതിവിഹിതം ക്രമവിരുദ്ധമായി വകമാറ്റി ചെലവു ചെയ്യുന്നത് സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്കും നഗരസഭയുടെ ധനവിനിയോഗ നിയമങ്ങൾക്കും വിരുദ്ധമാണ്. ആയതിനാൽ പദ്ധതി ചെലവിൽനിന്നും വകമാറ്റി ചെലവഴിച്ച തുക പദ്ധതി ചെലവായി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഖജനാവിൽ തിരികെ അടച്ച് ക്രമീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെയും സർക്കാരിന്റെയും സത്വരശ്രദ്ധ പതിയേണ്ടതാണ്. ചെലവു തുക 71,397 രൂപ തടസ്സപ്പെടുത്തുന്നു.

<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ</u>

1. ശ്രീ.പി.പി ചിത്തരഞ്ജൻ (മുൻസിപ്പൽ ചെയർമാൻ)

ഐശ്വര്യ, സിവിൽ സ്റ്റേഷൻ വാർഡ്, ബസാർ, പി.ഒ, ആലപ്പുഴ.

2. ശ്രീ.റ്റി.സന്തോഷ് (സെക്രട്ടറി),

അഴകത്ത്, തെക്കേവിള, കൊല്ലം - 691 016.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.13(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**64. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വികസന ഫണ്ട് ക്രമവിരുദ്ധമായി ചെലവഴിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പറക്കോട് ബ്ലോക്ക്**

**വൃദ്ധ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-1

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 2007-2008 വർഷം എസ്. ഒ. 33/05, എസ്. ഒ. 77/08 എന്നീ നമ്പരുകളിലായി ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്കായി വൃദ്ധ വികലാംഗക്ഷേമം എന്ന പേരിൽ രണ്ടു പ്രോജക്റ്റുകളാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നത്. പ്രോജക്റ്റുകൾക്കായി യഥാക്രമം 4,68,550 രൂപയും 5,48,631 രൂപയും വീതം മൊത്തം 10,17,181 രൂപയാണ് വകയിരുത്തിയിരുന്നത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വൃദ്ധരും വികലാംഗരുമായിട്ടുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ചികിത്സാ സഹായവും കണ്ണടയും മരുന്നുകളും വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റിൽ ലക്ഷ്യമിട്ടുന്നത്. ഇരു പ്രോജക്റ്റുകളുടെയും ധനകാര്യ വിശകലനത്തിൽ മരുന്നുവാങ്ങൽ, പ്രചരണം, മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നവർക്കുള്ള യാത്രാപ്പടി തുടങ്ങിയ ചെലവുകൾക്കും തുക വകയിരുത്തിയിരുന്നു. രണ്ടു പ്രോജക്റ്റുകളുടെയും ഗുണഭോക്താക്കൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരായിരിക്കണമെന്ന് പ്രോജക്റ്റുകളിൽ ഉണ്ടെങ്കിലും ഇതിന് ഉപോൽബലകമായ രേഖകളൊന്നും ഗുണഭോക്താക്കളിൽനിന്ന് വാങ്ങി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

ബന്ധപ്പെട്ട സഞ്ചാര സഹായികൾ കെൽട്രോണിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഗുണഭോക്താക്കൾക്കായി വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരങ്ങൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പല ഇനവും വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കാണുന്നു.

പ്രോജക്റ്റ് നമ്പർ 33/07-08-നുവേണ്ടി 29-3-2008 ലെ ബിൽ നമ്പർ 78/2007-08 പ്രകാരം പിൻവലിച്ച 3,79,930 രൂപയും പ്രോജക്റ്റ് നമ്പർ 77/07-08 നു വേണ്ടി 29-3-2008-ലെ ബിൽ നമ്പർ 77/07-08 പ്രകാരം പിൻവലിച്ച 4,34,745 രൂപയും ഉൾപ്പെടെ മൊത്തം 8,14,675 രൂപ ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാൻ വേണ്ടി വാങ്ങി സ്റ്റോക്കിലെടുത്ത ഉപകരണങ്ങൾ കൈപ്പറ്റാൻ ഗുണഭോക്താക്കൾ എത്താത്തതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വിലയായ 3,88,767 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (വിശദവിവരങ്ങൾ ഒറിജിനൽ ഓ.റി.ഖ.3.1 കാണുക)

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ശ്രീ വി.മുരളീധരൻ, സെക്രട്ടറി,

എണ്ണയ്ക്കാട്ട് വീട്, കുടശ്ശനാട് പി.ഒ, പന്തളം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.15(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. 2007-2008 കാലഘട്ടത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വൃദ്ധ വികലാംഗക്ഷേമ പദ്ധതിയാണ് ഓഡിറ്റ് പരാമർശിച്ചിട്ടുള്ളതെന്നും 3,88,767 രൂപയുടെ ഓഡിറ്റ് തടസ്സമാണുള്ളതെന്നും കെൽട്രോണിൽ നിന്ന് വാങ്ങിയ വികലാംഗർക്കുള്ള യന്ത്രവൽകൃതമല്ലാത്ത ട്രൈസൈക്കിളുകളിൽ 30 എണ്ണം മാത്രമാണ് അവശേഷിക്കുന്നതെന്നും ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ഇവ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും പഴക്കമുള്ളതുകൊണ്ടും യന്ത്രവൽകൃതമല്ലാത്തതുകൊണ്ടും ഇന്നത്തെ സാഹചര്യത്തിൽ ആരും വാങ്ങാൻ തയ്യാറല്ലെന്നും പ്രസ്തുത ട്രൈസൈക്കിളുകൾ ലേലം ചെയ്ത് വിൽക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അടുത്ത യോഗത്തിൽ വിശദവിവരം സഹിതം ഫയൽ സമർപ്പിക്കാനാണ് കമ്മിറ്റി നിർദേശിച്ചതെന്നും പറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദമാക്കി.

66. ഒരു പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി ആവശ്യമനുസരിച്ച് സാധനങ്ങൾ വാങ്ങണമെന്ന് നിർദേശിച്ച സമിതി ജനങ്ങളുടെ പണമുപയോഗിച്ച് വാങ്ങിയ വസ്തുക്കൾ ഉപയോഗശൂന്യമാകുന്ന രീതിയാണ് പൊതുവിലുള്ള തെന്ന് വിലയിരുത്തി. പ്രസ്തുത വിഷയത്തിൽ ലേലനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**67. ഒരു പദ്ധതി നടപ്പാക്കുമ്പോൾ ജനങ്ങളുടെ പണമുപയോഗിച്ച് വാങ്ങിയ വസ്തുക്കൾ ഉപയോഗശൂന്യമാകുന്ന രീതിയാണ് പൊതുവിലുള്ളതെന്ന് വികലാംഗർക്ക് ട്രൈസൈക്കിൾ വാങ്ങുന്ന പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തിന്റെ വെളിച്ചത്തിൽ സമിതി വിലയിരുത്തുന്നു. ഒരു പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി ആവശ്യമനുസരിച്ച് സാധനങ്ങൾ വാങ്ങണമെന്ന് സമിതി നിർദേശിക്കുന്നു.**

**68. വിതരണം ചെയ്യാൻ കഴിയാതെ അവശേഷിക്കുന്ന ട്രൈസൈക്കിളുകൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വികലാംഗർക്ക് ബങ്ക് -പദ്ധതി നടത്തിപ്പിലെ അപാകതകൾ**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ: 3-5

- 32 ബങ്കുകളുടെ വില 3,20,000 രൂപ, നൽകിയത് 4,00,000 രൂപ.
- വായ്പ ലഭ്യമാക്കുന്നതിന് പകരം ബങ്കുകൾ നേരിട്ട് വാങ്ങി നൽകി
- വിതരണം ചെയ്തത് 14 ബങ്കുകൾ
- സബ്സിഡി ഇനത്തിൽ 30,000 രൂപ അധിക ചെലവ്.

2006-07 വാർഷിക പദ്ധതിയിൽ വൃദ്ധ വികലാംഗക്ഷേമം എന്ന പേരിൽ ജനറൽ, എസ്.സി.പി. വിഭാഗങ്ങളിലായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതു വിഭാഗം പദ്ധതിക്ക് 3,25,000 രൂപയും (പ്രോജക്റ്റ് നം.എസ്.0059/07), എസ്.സി.പി.വിഭാഗം പദ്ധതിക്ക് 5,00,000 രൂപയുമായിരുന്നു (പ്രോജക്റ്റ് നം.എസ്. 0127/ 07) വകയിരുത്തിയിരുന്നത്. പ്രസ്തുത പദ്ധതികളുടെ ഭാഗമായി വികലാംഗർക്ക് സ്വയംതൊഴിൽ സംരംഭമായി കച്ചവടം ആരംഭിക്കുന്നതിന് ബങ്കുകൾ വിതരണം ചെയ്യുന്നതിനായി 8,00,000 രൂപ വികസന ഫണ്ടിൽനിന്നും വകയിരുത്തി.

എസ്.ജി.എസ്.വൈ. മാനദണ്ഡ പ്രകാരം വായ്പാബന്ധിതമായി ബാങ്ക് മുഖേന സബ്സിഡി വിതരണം ചെയ്യുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ജനറൽ വിഭാഗത്തിൽ 30 പേർക്കും എസ്.സി.പി.വിഭാഗത്തിൽ 50 പേർക്കും 10,000 രൂപ വീതം സബ്സിഡി നൽകുന്നതിനാവശ്യമായ 8,00,000 രൂപ 26-3-2007-ൽ കാനറാ ബാങ്ക്, അടൂർ ബ്രാഞ്ചിൽ നിക്ഷേപിച്ചു. എന്നാൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് ബാങ്കിന് കൈമാറുന്നതിനും വായ്പ അനുവദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനു പകരം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 10,000 രൂപ നിരക്കിൽ 32 ബങ്കുകൾ ബ്ലോക്ക് പഞ്ചായത്ത് നേരിട്ടുവാങ്ങി. 28-10-2008-ലെ വി. 135/08-09 നമ്പരിലുള്ള രണ്ട് ഇൻവോയ്സുകൾ പ്രകാരം 3,20,000 രൂപയാണ് ഇതിന് ചെലവായിട്ടുള്ളത്. എന്നാൽ ബങ്കുകളുടെ വിലയായി 4 ലക്ഷം രൂപയാണ് കാനറാ ബാങ്ക് അക്കൗണ്ടിൽ നിന്നും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുള്ളത്. എൺപതിനായിരം രൂപ അധികം നൽകി.

സ്റ്റോക്ക് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ 14 ബങ്കുകൾ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. മൊത്തം 35 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 14 പേർ ബങ്കുകൾ കൈപ്പറ്റിയതിന്റെ രസീതികൾ മാത്രമാണ് ഫയലിൽ ഉള്ളത്. ഇവരിൽ 12 പേർ ജനറൽ വിഭാഗത്തിലും 2 പേർ പട്ടികജാതി വിഭാഗത്തിലും പെട്ടവരാണ്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന

18 ബങ്കുകൾക്ക് എന്ത് സംഭവിച്ചുവെന്ന് വിശദീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല. അവ അന്യാധീനപ്പെട്ടുപോയതായാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

11-ാം പഞ്ചവൽസര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം [24-7-07-ലെ സ.ഉ(എം.എസ്) 183/07/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്] സ്വയംതൊഴിലിന് ആസ്തികൾ നൽകുന്ന പ്രോജക്ടുകൾക്ക് എസ്.ജി.എസ്.വൈ. നിരക്കുകളും, മാനദണ്ഡങ്ങളുമാണ് ബാധകമാക്കിയിട്ടുള്ളത്. ആയത് പ്രകാരം വ്യക്തിഗത സംരംഭങ്ങൾക്ക് പൊതുവിഭാഗത്തിൽ പെട്ടവർക്ക് 7500 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് 10,000 രൂപയുമാണ് പരമാവധി സബ്സിഡി. പൊതുവിഭാഗത്തിൽപ്പെട്ട 12 പേർക്ക് 10,000 രൂപ വിലവരുന്ന ബങ്കുകൾ വിതരണം ചെയ്യുക വഴി അനുവദനീയമായതിനേക്കാൾ 30,000 രൂപ അധികം (2500x12) സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിരിക്കുന്നു.

വിതരണം ചെയ്തതായി രേഖയില്ലാത്തതും, എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്കിൽ അവശേഷിച്ചിട്ടില്ലാത്തതുമായ 18 ബങ്കുകളുടെ വിലയായ 1,80,000 രൂപയും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അധികം നൽകിയ 80,000 രൂപയും അധിക സബ്സിഡി നൽകിയ ഇനത്തിലുള്ള 30,000 രൂപയും ഉൾപ്പെടെ ആകെ 2,90,000 രൂപ നിർവഹണാധികാരിയായ സെക്രട്ടറിയിൽനിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അതുപോലെതന്നെ പദ്ധതിക്കായി ആകെ വകമാറ്റിയ 8,00,000 രൂപയിൽ ചെലവഴിക്കപ്പെടാതെ കാനറാ ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ അവശേഷിക്കുന്ന 4,00,000 രൂപയും കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യാഗസ്ഥൻ:</u>

ശ്രീ. വി. മുരളീധരൻ, സെക്രട്ടറി,

എണ്ണയ്ക്കാട്ട് വീട്, കുടശ്ശനാട് പി. ഒ., പന്തളം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.15(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. 2006-07-ലെ പദ്ധതിയാണിതെന്നും തിരുവനന്തപുരം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ 40 ബങ്കുകളിൽ വിതരണം ചെയ്യാതെ അവശേഷിച്ചിരുന്ന 4 എണ്ണം 15-11-2014-ലെ 5(4) നമ്പർ തീരുമാനപ്രകാരം വിതരണം ചെയ്തിട്ടുണ്ടെന്നും

2,500 രൂപ വീതം 12 പേർക്ക് സബ്സിഡിയായി 30,000 രൂപ അധികം നൽകിയെന്ന താണ് ഓഡിറ്റ് പരാമർശമെന്നും മാനദണ്ഡപ്രകാരമുള്ള ബങ്കുകൾ 7,500 രൂപയ്ക്ക് ലഭ്യമല്ലാതിരുന്നതിനാലാണ് 10,000 രൂപ വീതം ബങ്കൊന്നിന് നൽകിയതെന്നാണ് രേഖകൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞതെന്നും പറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

70. നിലവിൽ എത്ര പേർ ബങ്ക് ഉപയോഗിക്കുന്നുണ്ടെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**71. വികലാംഗർക്ക് ബങ്ക് എന്ന പദ്ധതി പ്രകാരം വിതരണം ചെയ്ത ബങ്കുകൾ നിലവിൽ എത്ര പേർ ഉപയോഗിക്കുന്നുണ്ടെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള പദ്ധതിയിൽ അധിക ചെലവ്**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-8(1)

2006-07 വാർഷിക പദ്ധതിയിൽ 3,58,000 രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണിത്. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും 3,50,000 രൂപയും, ഗുണഭോക്തൃ വിഹിതമിനത്തിൽ 8,000 രൂപയും ചെലവഴിക്കുന്നതിനാണ് അനുമതി ലഭിച്ചത്. (സാങ്കേതികാനുമതി തുക 3,57,951 രൂപ) ഗുണഭോക്തൃ സമിതി മുഖാന്തിരമാണ് പ്രവൃത്തി നടത്തിയത്. (കൺവീനർ - ശ്രീ. അപ്പുക്കുട്ടൻ). 31-1-2007-ൽ എഗ്രിമെന്റ്വെച്ച പ്രവൃത്തി 29-3-2008-ലാണ് പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

കൺവീനർക്ക് അർഹമായതിലധികം പ്രതിഫലം നൽകിയത്:

പ്രവൃത്തിയുടെ എം.ബുക്ക് (നം.54/06-07, പേജ് നം.21-36) പരിശോധിച്ചതിൽ ഫൈനൽ ബിൽ പ്രകാരമുള്ള യഥാർത്ഥ പ്രവൃത്തി മൂല്യം 2,69,952 രൂപയാണെന്ന് കാണുന്നു. 11-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം കുടിവെള്ള പ്രോജക്ടുകളുടെ മൂലധന നിക്ഷേപത്തിന്റെ 10% ഗുണഭോക്തൃ വിഹിതം സമാഹരിക്കേണ്ടതാണ്. ഇപ്രകാരം മൊത്തം പ്രവൃത്തി മൂല്യമായ 2,69,952 രൂപയുടെ 10% കുറച്ച് 2,42,956 രൂപ മാത്രമാണ് കൺവീനർക്ക് വികസന ഫണ്ടിൽ നിന്നും പ്രതിഫലം നൽകാനാവുന്ന തുക. എന്നാൽ കൺവീനർ ചുവടെ ചേർക്കും പ്രകാരം 3,12,024 രൂപ വികസന ഫണ്ടിൽ നിന്നും പ്രതിഫലം നൽകി.

| | | |
|---|---|---|
| C.C. 1st & part bill | Rs. 1,24,440 | (Treasury Bill No. 178/06-07 dtd: 30-3-2007) |
| Final Bill | Rs. 1,72,584 | (Treasury Bill No. 79/07-08 dtd: 29-3-2008) |
| Refund of retension amount | Rs. 15,000 | (Cheque No. 185432 dtd: 9-5-2008) |
| **Total** | **Rs. 3,12,024** | |

മേൽ വിവരിച്ച പ്രകാരം പ്രവൃത്തിയുടെ കൺവീനർക്ക് 69,068 രൂപ അധികം നൽകി. ബിൽ പാസ്സാക്കുന്നതിനു മുമ്പ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ അളവുകളും തുകകളും ശരിയാണോ എന്നും നിയമ പ്രകാരമുള്ള എല്ലാ കിഴിവുകളും വരുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടത് നിർവഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ആയതിൽ വീഴ്ച വരുത്തിയതുമൂലമുള്ള നഷ്ടം നിർവഹണാധികാരിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യാഗസ്ഥൻ</u>:

ശ്രീ. വി. മുരളീധരൻ, സെക്രട്ടറി,

എണ്ണയ്ക്കാട്ട് വീട്, കുടശ്ശനാട് പി. ഒ., പന്തളം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.15(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. 2006-07 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പട്ടികവർഗ വിഭാഗത്തിൽ പെട്ടവർക്കുവേണ്ടി കുടിവെള്ള പദ്ധതി നടപ്പിലാക്കിയതെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വാല്യുവേഷൻ തുകയായ പാർട്ട് ബില്ലിലെ 1,57,012 രൂപയുടെയും ഫൈനൽ ബില്ലിലെ 1,85,297 രൂപയുടെയും സ്റ്റാറ്റ്യൂട്ടറി ഡിഡക്ഷൻ കുറവുചെയ്ത് മാത്രമാണ് കൺവീനർക്ക് നൽകിയിട്ടുള്ളതെന്നാണ് രേഖകൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞതെന്നും പറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകി.

73. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**74. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതിയിലെ അധികച്ചെലവ് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കിണർ നിർമ്മാണം - പിൻവലിച്ച തുക വിതരണം ചെയ്തില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-17

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ 20 ഗുണഭോക്താക്കൾക്ക് കുടിവെള്ള കിണർ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയിലുൾപ്പെട്ട (പ്രോജക്ട് നം. 069/08) 9 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 29-3-2008-ലെ ബിൽ നമ്പർ 88/07-08 പ്രകാരം 90,000 രൂപ പിൻവലിച്ചിട്ടുണ്ട്. ഇതിനായി ഡി.ഡി. വാങ്ങി വിതരണം ചെയ്യാതെ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് ഡി.ഡി. എടുത്തിരിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഡി.ഡി. നമ്പരും തീയതിയും | തുക (രൂപ) |
|---|---|---|---|
| 1 | ഭാസ്കരൻ, വേങ്ങവിള, മങ്ങാട് | 542462/18-4-2008 | 10,000 |
| 2 | ലക്ഷ്മിക്കുട്ടി, സന്തോഷ് ഭവനം,കുറുമ്പക്കര | 542463/18-4-2008 | 10,000 |
| 3 | രമണി, ചരുവിള വീട്, മങ്ങാട് | 542455/18-4-2008 | 10,000 |
| 4 | രാജമ്മ, ഇടയിലെ തുണ്ടിൽ,പൂതങ്കര | 542456/18-4-2008 | 10,000 |
| 5 | സുഗന്ധി, വാലുതുണ്ടിൽ, മാരൂർ | 542457/18-4-2008 | 10,000 |
| 6 | കൃഷ്ണൻ, വട്ടവിള വീട്, ഇളമണ്ണൂർ | 542458/18-4-2008 | 10,000 |
| 7 | ജഗദമ്മ, ചാമവിള വീട്, ഇളമണ്ണൂർ | 542459/18-4-2008 | 10,000 |
| 8 | അമ്മിണി, ചരുവിള | 542460/18-4-2008 | 10,000 |
| 9 | സുമതി, തേക്കും വിളയിൽ,ഇളമണ്ണൂർ | 542461/18-4-2008 | 10,000 |
| **ആകെ** | | | **90,000** |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അലോക്കേഷൻ ആന്റ് ഡ്രോവൽ ഓഫ് ഫണ്ട് സംബന്ധിച്ച ജി.ഒ.(പി)177/2006/ഫിൻ, തീയതി 12-4-2006, ഖണ്ഡിക 8.3 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുക 30 ദിവസത്തിനകം വിതരണം ചെയ്യുന്നില്ലെങ്കിൽ ട്രഷറിയിൽ

ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി 90,000 രൂപ പിൻവലിച്ച് ഡി.ഡി. ആക്കി 2 വർഷമായി ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നതിനിടയായ സാഹചര്യം സംബന്ധിച്ച് വിശദീകരണം നൽകുകയും തുക അടിയന്തരമായി തിരികെ ഒടുക്കുകയും ചെയ്യേണ്ടതാണ്.

ഉത്തരവാദി ലഭ്യമല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.15(4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. സർക്കാരിന്റെ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**76. വകുപ്പിന്റെ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കിണർ നിർമ്മാണം പിൻവലിച്ച തുക വിതരണം ചെയ്തിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് - കരാറുകാരന് അധികം തുക നൽകി**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ:3-7

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് നടത്തുന്നതിന് വേണ്ടി 2006-07 സാമ്പത്തിക വർഷം 9,04,016 രൂപ വികസന ഫണ്ട് വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തി. കരാറുകാരൻ ശ്രീ. ടി. രാജേന്ദ്രൻ 31-3-2007-ൽ 7,99,716 രൂപയുടെ ഒന്നാം പാർട്ട് ബിൽ സമർപ്പിക്കുകയും നികുതികളും റിടെൻഷൻ തുകയും കിഴിച്ച് 6,71,442 രൂപ പ്രതിഫലം പറ്റുകയും ചെയ്തു. (ഡി.ഡി.നം.367896/21-4-2007), 2007-08-ൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ യഥാർത്ഥ മൂല്യം 5,53,060 രൂപ മാത്രമാണ്. പാർട്ട് ബിൽ തയ്യാറാക്കിയപ്പോൾ തുകകൾ കണക്കാക്കി എഴുതിയതിലുണ്ടായ പിഴവുമൂലമാണ് 2,46,656 രൂപ അധികം പ്രവൃത്തിമൂല്യം രേഖപ്പെടുത്താനിടയായത്. ഇക്കാരണത്താൽ 1,51,787 രൂപ കാരാറുകാരന് അധികം നൽകുന്നതിനും 14,897 രൂപ നികുതി, ക്ഷേമനിധി എന്നീ ഇനങ്ങളിൽ അധികം ഒടുക്കുന്നതിനും കാരണമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | ഒന്നാം പാർട്ട് ബിൽ പ്രാകരം കണക്കാക്കിയത് | ഫൈനൽ ബിൽ പ്രാകരമുള്ള യഥാർത്ഥ തുക | അധികം തുക |
|---|---|---|---|
| പ്രവൃത്തി മൂല്യം | 7,99,716 | 5,53,060 | 2,46,656 |
| മൂല്യവർധിത നികുതി (3%) | 23,991 | 16,592 | |
| ആദായ നികുതി (2.04%) | 16,314 | 11,282 | |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) | 7,997 | 5,531 | |
| ആകെ | 48,302 | 33,405 | 14,897 |
| കുറയ്ക്കുക: നികുതികൾ | 48,302 | 33,405 | |
| റീടെൻഷൻ തുക | 79,972 | | |
| കരാറുകാരന് അർഹമായ തുക | 6,71,442 | 5,19,655 | 1,51,787 |

മേൽ വിവരിച്ച പ്രകാരം കരാറുകാരന് അധികം നൽകിയ 1,51,787 രൂപയിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കരാറുകാരൻ സ്ഥാപനത്തിൽ ഒടുക്കിയ 45,220 രൂപ കിഴിച്ച് 1,06,567 രൂപയും, നികുതി, ക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിൽ അധികം ഒടുക്കിയ 14,897 രൂപയും ഉൾപ്പെടെ ആകെ 1,21,464 രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമാണ്. ആയത് കരാറുകാരനിൽ നിന്നോ തെറ്റായി പാർട്ട് ബിൽ മൂല്യം കണക്കാക്കി ബിൽ തുക പാസ്സാക്കിയ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

മേൽപ്പറഞ്ഞ പദ്ധതി സ്പിൽ ഓവറായി നടന്നുവരവേ തന്നെ 2007-08 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസിനായി 12,50,000 രൂപ വികസന ഫണ്ട് വകയിരുത്തി ഒരു പുതിയ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുകയുണ്ടായി. ഈ പ്രോജക്ടിന്റെ ഭാഗമായി ആകെ 11,31,940 രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. രണ്ട് വർഷം തുടർച്ചയായി ഓഫീസ് കെട്ടിടത്തിന്റെ മെയിന്റനൻസിനായി മാത്രം 19,31,656 രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചത്. രണ്ട് പ്രോജക്ടുകളുടേയും ഭാഗമായി ഏറെക്കുറെ സമാനമായ പ്രവൃത്തികളാണ് നടത്തിയത്. ഓരോ പ്രോജക്ടിന്റെയും ഭാഗമായി ചെയ്തിട്ടുള്ള പ്രവൃത്തികൾ വേർതിരിച്ചറിയുക അസാധ്യമാണ്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ തലത്തിൽ വിശദമായ പരിശോധന നടത്തുന്നത് ഉചിതമായിരിക്കും. ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

ഉത്തരവാദിയായ ഉദ്യാഗസ്ഥൻ:

ശ്രീ. വി. മുരളീധരൻ, സെക്രട്ടറി,

എണ്ണയ്ക്കാട്ട് വീട്, കുടശ്ശനാട് പി. ഒ., പന്തളം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.15(5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

77. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**78. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസിന് കരാറുകാരന് അധികം തുക നൽകിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇലന്തൂർ ബ്ലോക്ക്**

**വൈദ്യുതി ഇല്ല, ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യാനായില്ല**

ഓഡിറ്റ്റിപ്പോർട്ട്വർഷം: 2007-08, ഖണ്ഡിക നമ്പർ:3-1

| | |
|---|---|
| ◆ | കൈവശാവകാശമില്ലാത്ത ഭൂമിയിൽ കുടിവെള്ള പദ്ധതി |
| | വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാനാകുന്നില്ല |

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് 2007-2008-ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന എസ്.ഒ.044/2007-2008 നമ്പർ പ്രോജക്ടായിരുന്നു ചെറുകോൽ ഗ്രാമപഞ്ചായത്തിലെ നായിപ്രക്കരോട്ട് എസ്.സി. കോളനി ശുദ്ധജലവിതരണ പദ്ധതി. ഈ പ്രോജക്റ്റിന് ബി.പി./27/44/08 ഡി.പി.ഒ./പി.റ്റി.എ. നമ്പരായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ലഭിച്ചിരുന്നു.

അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം 3,35,913 രൂപ അടങ്കലുണ്ടായിരുന്ന ഈ പദ്ധതിയുടെ മോണിറ്ററിംഗ് സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ വികസന ഓഫീസറും, ബ്ലോക്ക് പഞ്ചായത്ത് സമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് എ.ഇ. എന്നിവർ മോണിറ്ററിംഗ് സമിതിയിലെ മറ്റ് അംഗങ്ങളും ആയിരുന്നു. ശ്രീ. ശശിഭൂഷൻ, രാംനിവാസ്, ഇലന്തൂർ പി.ഒ., എന്നയാളായിരുന്നു കോൺട്രാക്ടർ.

പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയുടെ അളവ് വിവരങ്ങൾ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ള 26/2006-2007 നമ്പർ അളവുപുസ്തക പ്രകാരം 2,92,312 രൂപയുടെ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും പാർട്ട് ബിൽ തുകയായ 49,087 രൂപയും നികുതി ഇനത്തിൽ 15,286 രൂപയും കിഴിച്ച് ബാക്കിയുള്ള 2,27,939/-രൂപയോടൊപ്പം റീട്ടെൻഷൻ തുകയായ 4,909 രൂപയും ചേർത്ത് 2,32,848 രൂപ ബിൽ നമ്പർ 31-3/08 പ്രകാരം 2-4-2008-ലെ 299691 നമ്പർ ഡി.ഡി. വഴി കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്.

പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനെ തുടർന്ന് ഇതിന്റെ നിജസ്ഥിതി ആരാഞ്ഞുകൊണ്ട് ചെറുകോൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 1-8-2009-ൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് 21-8-2009-ൽ സി4/1034/09 നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടിയിൽ നാളിതുവരെ പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

പമ്പാ ഇറിഗേഷൻ വക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള പമ്പ്ഹൗസിന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ അനുമതി ലഭിച്ചിട്ടില്ലാത്തതിനാലാണ് കമ്മീഷൻ ചെയ്യാൻ കഴിയാത്തതെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത സ്ഥലത്തിന്റെ ആധികാരികമായ അവകാശം ഉറപ്പുവരുത്താതെ പദ്ധതി നടപ്പിലാക്കിയതുമൂലം ഉണ്ടായ അപാകതയാണ് ഇത്തരത്തിലുള്ള ഒരു പ്രതിസന്ധി ഉണ്ടാക്കാൻ കാരണമായിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് വക പദ്ധതി വിഹിതം 2,92,312 രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ച പ്രോജക്ട് കമ്മീഷൻ ചെയ്യാൻ കഴിയാതെ വന്നതു സംബന്ധിച്ച് ഭരണ വകുപ്പ് അന്വേഷണം നടത്തുകയും പദ്ധതി മോണിറ്ററിങ്ങിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക പാഴ്ചെലവായി പരിണമിക്കാതെ പദ്ധതി കമ്മീഷൻ ചെയ്യാൻ വേണ്ട തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. കെ. ആർ. തങ്കപ്പൻ, സെക്രട്ടറി (രോഹിണി, മലമേക്കര പി.ഒ., അടൂർ).

2. ശ്രീ. കെ. വി. അരവിന്ദാക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയർ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.16(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. 2007-08-ൽ ചെറുകോൽ ഗ്രാമപഞ്ചായത്തിലെ നായിപ്രക്കരോട്ട് എസ്.സി. കോളനിയിൽ ശുദ്ധജല വിതരണത്തിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണിതെന്നും എന്നാൽ പി.ഐ.പി.-യുടെ സ്ഥലത്ത് അവരുടെ അനുമതിയില്ലാതെ പദ്ധതി നടപ്പാക്കാൻ കഴിയില്ലെന്നും പദ്ധതി നിർവഹണോദ്യോഗസ്ഥർ സ്ഥലത്തിന്റെ ആധികാരികമായ അവകാശം ഉറപ്പുവരുത്താതെ പദ്ധതി നടപ്പിലാക്കിയതിനാലാണ് പമ്പ് ഹൗസ് പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ തടസ്സം നേരിട്ടതെന്നും ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2,92,312 രൂപ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരായിട്ടുള്ള സെക്രട്ടറിയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നുമാണ് ഈടാക്കേണ്ടതെന്നും ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിനെ സമീപിച്ചിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ പദ്ധതി കമ്മീഷൻ ചെയ്യണമെന്ന ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പമ്പ ഇറിഗേഷൻ പദ്ധതിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി സംസാരിക്കുകയും കരാർ വയ്ക്കുന്നതിന് സമ്മതമാണെന്ന് അവർ അറിയിക്കുകയും ചെയ്തതനുസരിച്ച് ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഡി.പി.സി.-യിൽ അനുമതി തേടിയിട്ടുണ്ടെന്നും പദ്ധതി കമ്മീഷൻ ചെയ്ത് നടത്തിക്കൊണ്ടു പോകുന്നതിന് ബ്ലോക്ക് പഞ്ചായത്തും ഭരണ സമിതിയും തയ്യാറാണെന്നും പമ്പ് ഹൗസിന് കാര്യമായ മൂല്യശോഷണമൊന്നും സംഭവിച്ചിട്ടില്ലെങ്കിലും കാലപ്പഴക്കം മൂലം യന്ത്രസാമഗ്രികൾക്ക് ചെറിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും അതിന്റെ നഷ്ടം കണക്കാക്കി നൽകുന്നതിന് ജല അതോറിറ്റിയെ അറിയിച്ചിട്ടുണ്ടെന്നും ജല അതോറിറ്റിയുടെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് നിലവിലുള്ള യന്ത്രസാമഗ്രികളുടെ പരിപാലനത്തിന് എത്ര തുക വേണ്ടി വരുമെന്ന കൃത്യമായ കണക്ക് ലഭിച്ചുകഴിഞ്ഞാൽ ഇത് പരിഹരിക്കപ്പെടുമെന്നും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

80. പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി വീണ്ടും പണം ചെലവഴിക്കുന്നതിന് മുൻപ് കൃത്യമായ പരിശോധന നടത്തണമെന്നും പ്രദേശവാസികൾക്ക് കുടിവെള്ള പദ്ധതി നിലവിൽ ആവശ്യമുണ്ടോയെന്നും മറ്റുമുള്ള കാര്യങ്ങൾ പരിശോധിച്ചശേഷം സാങ്കേതിക

സാധ്യത ഉണ്ടെങ്കിൽ മാത്രം ഇതിനായി തുക ചെലവഴിച്ചാൽ മതിയാകുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

81. പ്രസ്തുത പദ്ധതിയുടെ ആവശ്യകതയും സാധ്യതയും പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**82. ഇലന്തൂർ ബ്ലോക്കിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിലെ നായിപ്രക്കരോട്ട് എസ്.സി. കോളനിയിൽ ശുദ്ധജല വിതരണത്തിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയുടെ ആവശ്യകതയും സാധ്യതയും പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അടൂർ നഗരസഭ**

**ഖരമാലിന്യ സംസ്കരണം - ദീർഘ വീക്ഷണമില്ലാത്ത പ്രോജക്ട്**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2004-05, ഖണ്ഡിക നമ്പർ:3-1

| | |
|---|---|
| * | സ്ഥല ലഭ്യത പരിഗണിക്കാതെ പദ്ധതി ആരംഭിച്ചു. |
| * | 2.5 ഏക്കർ ഭൂമി ആവശ്യമായ പദ്ധതിക്ക് ലഭ്യമായത് 77.5 സെന്റ് മാത്രം |
| * | മുൻകൂർ നൽകിയ 10 ലക്ഷം രൂപ നഷ്ടമായി |

അടൂർ നഗരസഭയിൽ 2004-05 സാമ്പത്തിക വർഷം ക്ലീൻ കേരള മിഷന്റെ സഹായത്തോടെ ഖരമാലിന്യ സംസ്കരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 40 ലക്ഷം രൂപയുടെ പ്രോജക്ട് സമർപ്പിച്ചു. ഈ പ്രോജക്ട് 19-11-2004-ൽ കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. പ്രോജക്ട് നടപ്പിലാക്കുന്നതുവഴി വളം വില്പനയിലൂടെ 3.24 ലക്ഷം രൂപ പ്രതിമാസ വരവും 2.50 ലക്ഷം രൂപ പ്രതിമാസ ചെലവും പ്രതീക്ഷിക്കുന്നതായി പ്രോജക്ടിൽ കാണുന്നു. പ്രോജക്ടിന് ക്ലീൻ കേരള മിഷന്റെയും സർക്കാരിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. നഗരസഭയും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ 752349/23-7-2005 നമ്പർ ഡി.ഡി. പ്രകാരം 10 ലക്ഷം രൂപ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അഡ്വാൻസായി നൽകിയിട്ടുണ്ട്.

നഗരസഭയുടെ കൈവശമുള്ളത് കേവലം 77.5 സെന്റ് ഭൂമി മാത്രമാണ്. ആ സ്ഥലം പരിശോധിയ്ക്കാതെ 2.5 ഏക്കർ സ്ഥലം ആവശ്യം വരുന്ന പ്രോജക്ട് റിപ്പോർട്ടാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നഗരസഭയ്ക്ക് നൽകിയത്. കരാർ പ്രകാരം നഗരസഭ ഉടനടി

സ്ഥലം വിട്ടുകൊടുക്കുകയും വൈദ്യുതിയും വെള്ളവും ലഭ്യമാക്കുകയും ചെയ്യണം. ടി സ്ഥലം കുന്നിൻപ്രദേശമായിരുന്നതിനാൽ ഇടിച്ച് നിരത്തി ലെവൽ ചെയ്ത് അനുയോജ്യമാക്കി പ്ലാന്റ് സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുകയുണ്ടായി.

പുതിയ ഭരണസമിതി അധികാരത്തിൽവന്ന സാഹചര്യത്തിൽ ടി പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസം ചർച്ച ചെയ്യുകയും സർക്കാർ സ്ഥാപനമായ അഗ്രോ ഇൻഡസ്ട്രീസിനെ ഒഴിവാക്കി മുൻകൂർ നൽകിയ 10 ലക്ഷം രൂപ തിരിച്ച് പിടിക്കുന്നതിനും അതനുസരിച്ച് വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയ്ക്ക് വീണ്ടും ക്വട്ടേഷൻ വിളിക്കുന്നതിനും തീരുമാനിച്ചു. ആയത് പ്രകാരം 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു.

(1) കാസർഗോഡ് സർവീസ് സൊസൈറ്റി

(2) കോർ ഫൗണ്ടേഷൻ

(3) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

ലഭിച്ച ക്വട്ടേഷനിൽ ബയോഗ്യാസ് പ്ലാന്റിൽ മാത്രം ക്വോട്ട് ചെയ്ത അഗ്രോ ഇൻഡസ്ട്രീസിനെ ഒഴിവാക്കി മറ്റ് രണ്ട് സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് കാസർഗോഡ് സർവീസ് സൊസൈറ്റിയുടെ വെർമികമ്പോസ്റ്റിന് 14.27 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിക്കുകയുണ്ടായി. 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് ഈ സ്ഥാപനവുമായി നടത്തിയ കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥാപനത്തിന് 7.50 ലക്ഷം രൂപ മുൻകൂർ നൽകുകയും ചെയ്തു. എന്നാൽ ഓഡിറ്റ് തീയതി വരെയും (7/08) പദ്ധതി പ്രാവർത്തികമായിട്ടില്ല.

അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ 10 ലക്ഷം രൂപ തിരികെ പിടിക്കേണ്ടതും പദ്ധതി നടപ്പിലാക്കാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

വൻതുക മുതൽ മുടക്കുള്ള ഈ പദ്ധതിക്ക് നഗരസഭ സ്ഥലത്തിന്റെ ലഭ്യത ഉറപ്പാക്കിയതായി കാണുന്നില്ല. ആസൂത്രിതമായി പദ്ധതികൾ നടപ്പാക്കുന്നതിന് പകരം കാലാകാലങ്ങളിൽ അധികാരമേൽക്കുന്ന ഭരണസമിതികൾ നഗരസഭയുടെ സാമ്പത്തിക നഷ്ടം കണക്കാക്കാതെയും ജനനന്മ ലക്ഷ്യമാക്കാതെയും പദ്ധതികൾ നടപ്പിലാക്കുന്നത് നഗരസഭയുടെ വികസനത്തിന് വിലങ്ങുതടിയായി ഭവിക്കുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ</u>

ശ്രീ. കെ. പ്രേംകുമാർ, മുൻസിപ്പൽ സെക്രട്ടറി,

മഡോണ, പാപ്പനംകോട്, തിരുവനന്തപുരം.

[കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.17(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

83. നഗരസഭയുടെ ഖരമാലിന്യ പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും കേസ് ഇതുവരെ കോടതി പരിഗണിച്ചിട്ടില്ലെന്നും കേസിന്റെ തുടർ നടപടി ത്വരിതപ്പെടുത്തണമെന്ന് സ്റ്റാൻഡിംഗ് കൗൺസിലിന് നിർദേശം നൽകിയിട്ടുണ്ടെന്നും അടൂർ നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചു.

84. പ്രസ്തുത കേസ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും കേസിന്റെ വിധി വന്നതിനുശേഷം തുടർനടപടി സ്വീകരിക്കാമെന്നും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**85. അടൂർ നഗരസഭയുടെ ഖരമാലിന്യ പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്റെ നടപടികൾ ത്വരിതപ്പെടുത്തണമെന്നും കേസിന്റെ വിധി വന്നതിനു ശേഷം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.**

**തൃശ്ശൂർ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**തൃശ്ശൂർ ജില്ലാപഞ്ചായത്ത്**

**വാങ്ങി നൽകിയ ടാറിന്റെ വില ഈടാക്കിയില്ല - നഷ്ടം 93,498 രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2005-06, ഖണ്ഡിക നമ്പർ: 2-53

13-2-2004-ലെ ചെക്ക് നമ്പർ 847600 പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് ചക്കാലയ്ക്കൽ അമ്പലം റോഡിന്റെ ടാറിങ്ങ് ജോലിക്കായി 93,498 രൂപ ചെലവിൽ 7600 കിലോ ടാർ വാങ്ങി നൽകി. എന്നാൽ ഫൈനൽ ബില്ലിൽ പഞ്ചായത്തിൽ നിന്ന് നൽകിയ ടാറിന്റെ വില കുറവ് ചെയ്തിട്ടില്ലാത്തതിനാൽ ജില്ലാ പഞ്ചായത്തിന് 93,498 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഫൈനൽ ബില്ലിന്റെ മെമ്മോറാണ്ടം പേമെന്റ്സ് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ജോലിയുടെ ആകെ മൂല്യം (ടാക്സ് ഉൾപ്പെടെ): | | 4,66,700 |
| കുറയ്ക്കുക:- | | |
| മൊബി. അഡ്വാൻസ് | : 50,000 | |
| ധാന്യം | : 1,60,432 | |
| സെയിൽസ് ടാക്സ് | : 37,154 | |
| ക്ഷേമനിധി വിഹിതം | : 3,963 | |
| ഗണ്ണി ബാഗ് | : 2,689 | 2,54,238 |
| : | | |
| | | 2,12,462 |
| | | ======= |

31-8-2005-ലെ 423316 നമ്പർ ചെക്ക് പ്രകാരം 2,12,462 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്.

26-7-2005-ലെ നം. ഡി3/EAS/SGRY/2003 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ടാറിന്റെ വിലയായി 92211 രൂപ ബില്ലിൽ കുറവ് ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഫൈനൽ ബില്ലിൽ തന്നെ ടാറിന്റെ അധിക വില ഉൾക്കൊള്ളിച്ചതിനാൽ ടാറിന് യഥാർഥ വിലയായ 93,498 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്. എഞ്ചിനീയറുടെ നിർദേശം പാലിക്കാതെ ഫൈനൽ പേമെന്റ് നൽകിയതിനാൽ ജില്ലാ പഞ്ചായത്തിനുണ്ടായ 93,498 രൂപയുടെ നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.18(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

86. 2005-06 വർഷം പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ ചക്കാലയ്ക്കൽ അമ്പലം റോഡിന്റെ ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് വാങ്ങി നൽകിയ 7600 കിലോഗ്രാം ടാറിന്റെ വിലയായ 93,498 രൂപ ഫൈനൽ ബില്ലിൽ നിന്ന് കുറവ്

ചെയ്തിട്ടില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത തുക ഈടാക്കുന്നതിന് 2005-06 കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എൻ. രവി എന്നയാൾക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും അദ്ദേഹം ചുമതലയേറ്റ് ചുരുങ്ങിയ നാളുകൾക്കുള്ളിലാണ് ഓഡിറ്റ് പരാമർശത്തിൽ പറയുന്ന തുക നൽകിയതെന്നും കരാറുകാരന് ടാർ വാങ്ങി നൽകിയത് അദ്ദേഹത്തിന് അറിയില്ലായിരുന്നുവെന്നും അധികതുക കൈപ്പറ്റിയ കരാറുകാരനിൽ നിന്നും തുക ഈടാക്കണമെന്നാണ് അദ്ദേഹം തന്ന മറുപടിയിൽ പറഞ്ഞിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തി ഏൽപ്പിച്ചിരുന്നത് ഗുണഭോക്തൃ സമിതിയെ ആയിരുന്നതിനാൽ ഗുണഭോക്തൃ സമിതിയുടെ ചെയർമാനും കൺവീനർക്കും കത്ത് നൽകിയെങ്കിലും അവർ തുക തിരിച്ചടയ്ക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ലെന്നും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ഗുണഭോക്തൃ സമിതിയുമായി ഏർപ്പെട്ട കരാർ ഉൾപ്പെടുന്ന ഫയൽ ലഭ്യമല്ലെന്നും ഫയൽ കണ്ടെത്തുന്നതിനുവേണ്ടി ഓഫീസിൽ നിന്നും പ്രത്യേകം ജീവനക്കാരെ നിയോഗിച്ചെങ്കിലും ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പ്രസ്തുത ഫയൽ 16 വർഷത്തോളം പഴക്കമുള്ളതിനാലും അതിനുശേഷം നിരവധി നവീകരണ പ്രവർത്തനങ്ങൾ ഓഫീസിൽ നടന്നിട്ടുള്ളതിനാലും ഫയൽ കണ്ടെത്തുക അസാധ്യമാണെന്നും നിർവഹണോദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ട് 15 വർഷമായതിനാൽ അദ്ദേഹത്തിൽ നിന്നും തുക ഈടാക്കാൻ കഴിയില്ലെന്നും വിരമിച്ച് മൂന്ന് വർഷം കഴിഞ്ഞാൽ പെൻഷൻ തുകയിൽ നിന്നും തിരിച്ചുപിടിക്കാൻ സാധ്യമാകില്ലെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ വിശദീകരിച്ചു.

87. പെൻഷൻ തുകയിൽ നിന്നും തുക തിരിച്ചുപിടിക്കുന്നതിന് നിയമതടസ്സമൊന്നുമില്ലെന്നും ഇതുമായി ബന്ധപ്പെട്ട് രണ്ടു മൂന്ന് സിറ്റിംഗ് നടത്തിയിട്ടുണ്ടെന്നും ആവശ്യമായ രേഖകളുടെ സഹായത്തോടെ നോട്ടീസ് കൊടുത്തെങ്കിൽ മാത്രമേ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ കഴിയുകയുള്ളുവെന്നും ഇത്രയും വർഷം കഴിഞ്ഞതുകൊണ്ട് ആവശ്യമായ രേഖകൾ കണ്ടെത്തുക എളുപ്പമല്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി. അധികം നൽകിയ തുക തിരിച്ചുപിടിക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഇല്ലെങ്കിൽ ഉത്തരവാദികളിൽ നിന്നും വിശദീകരണം വാങ്ങണമെന്നും സമിതി നിർദേശിച്ചു. നിലവിൽ ഇത്തരം കേസുകളിൽ സമിതിയുടെ മേൽനോട്ടവും സർക്കാർ തലത്തിലുള്ള നിയന്ത്രണവുമുള്ളതുകൊണ്ട് കുറച്ച് മാറ്റം വന്നിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു.

88. പ്രസ്തുത വിഷയം സർക്കാർ സാധൂകരിച്ച് നൽകുകയാണെങ്കിൽ ഒഴിവാക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചപ്പോൾ അതിൻപ്രകാരം സാധൂകരണത്തിനുള്ള അപേക്ഷ സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**89. പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ റോഡ് ടാറിംഗ് പ്രവൃത്തിക്ക് കരാറുകാരന് അധികം നൽകിയ തുക തിരിച്ചുപിടിക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കൃത്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഇല്ലെങ്കിൽ ഉത്തരവാദികളായവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും സമിതി നിർദേശിക്കുന്നു. കരാറുകാരന് അധികമായി തുക നൽകിയ നടപടി സാധൂകരണത്തിനായി സർക്കാരിന് അപേക്ഷ സമർപ്പിക്കണമെന്നും സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൃശ്ശൂർ നഗരസഭ**

**സ്ത്രീപദവി പഠനം 4,26,580 രൂപ പാഴായി**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2006-07, ഖണ്ഡിക നമ്പർ: 3-30

| | |
|---|---|
| * | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| * | ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ പദ്ധതി, തയ്യാറാക്കിയത് കൈപ്പുസ്തകം - ചെലവ് 4.26 ലക്ഷം |

തൃശ്ശൂർ നഗരസഭയിലെ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക അവസ്ഥകളെക്കുറിച്ച് സർവ്വേ നടത്തി ഒരു ഡാറ്റ ബാങ്ക് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു ഈ പദ്ധതി.

ലക്ഷ്യങ്ങൾ:

1. നഗരസഭയിലെ 52 ഡിവിഷനുകളിലെയും മുഴുവൻ സ്ത്രീകളുടെയും ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരികം, തൊഴിൽപരവും വരുമാനപരവുമായ കുടുംബ പശ്ചാത്തലം, കുടുംബപദവി തുടങ്ങി എല്ലാ വിവരങ്ങളും ശേഖരിക്കുക.

2. ഈ വിവരങ്ങളെ അടിസ്ഥാനമാക്കി വനിതാ പദ്ധതികൾക്ക് രൂപം നൽകുക.

3. വിവിധ വനിതാ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ സർവെ വഴി കണ്ടെത്തുക.

4. തൊഴിൽ സംരംഭകരെയും, തൊഴിൽ വിദ്യാഭ്യാസമുള്ളവരെയും കണ്ടെത്തി ഉൽപാദനപ്രക്രിയയിൽ പങ്കാളികളാക്കുക.

ഈ പദ്ധതിയുടെ സാമ്പത്തിക വിശകലനം/പദ്ധതികാലയളവിലെ ചെലവ് എന്നിവ താഴെ ചേർത്തിരിക്കുന്നതു പ്രകാരമാണ്.

| ഇനം | അംഗീകരിച്ച പദ്ധതി പ്രകാരം വകയിരുത്തിയിരുന്ന ചെലവ് | പദ്ധതി നിർവഹണ ഘട്ടത്തിലെ ചെലവ് |
|---|---|---|
| സൂപ്പർവൈസർ/വോളണ്ടിയർ ട്രെയിനിംഗ് | 43,000 | 42,276 |
| ചോദ്യാവലി അച്ചടി | 1,50,000 | 1,13,750 |
| സർവ്വേ/യാത്രാപ്പടി | 2,30,000 | 93,558 |
| ഡാറ്റാക്രോഡീകരണം/ഡാറ്റാ എൻട്രി | 40,000 | 1,66,996 |
| സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരണങ്ങൾ | 37,000 | 10,000 |
| **ആകെ** | **5,00,000** | **4,26,580** |

ഈ പദ്ധതി നടപ്പിലാക്കി സൃഷ്ടിച്ച ഡാറ്റാബാങ്കിന്റെ ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. പദ്ധതി വിഭാവനം ചെയ്തിരുന്ന ലക്ഷ്യങ്ങളിൽ ഒന്നുപോലും കൈവരിക്കാനാകാത്തതായിരുന്നു അവ.

ഡാറ്റ ബാങ്കിന്റെ ഹാർഡ് കോപ്പി യഥാർത്ഥത്തിൽ 16 പേജുള്ള ഒരു കൈപ്പുസ്തകമാണ്. സ്ത്രീപദവി പഠന സർവ്വേ 2006-07 എന്ന ഈ കൈപുസ്തകത്തിൽ സ്ത്രീകളുടെ കുടുംബപരമായ വിവരങ്ങൾ ശേഖരിച്ചത് താഴെ ചേർത്തിരിക്കുന്നത് പ്രകാരമാണ്.

| അണുകുടുംബം | കൂട്ടുകുടുംബം | തനിച്ച് |
|---|---|---|
| 61% | 32% | 7% |

ഡാറ്റാ ബാങ്ക് എന്ന പേരിൽ ഹാജരാക്കിയ ഈ കൈപുസ്തകം മുഴുവൻ മേൽ പ്രകാരം സാമാന്യവൽക്കരിച്ച ഒരു പഠന റിപ്പോർട്ടാണ്. ഇപ്രകാരം ഒരു പഠനത്തിലുപരിയായി തികച്ചും വ്യക്ത്യാധിഷ്ഠിതമായ ഒരു ഡാറ്റ ബാങ്കാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. മേൽപ്രകാരം ഒരു കൈപുസ്തകം തയ്യാറാക്കുന്നതിന് ഒരു പ്രത്യേക സർവെയുടെയും പഠനത്തിന്റെയും ആവശ്യകത ഇല്ലായിരുന്നു.

സ്ത്രീപദവി പഠന സർവെ യഥാർത്ഥത്തിൽ പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് ഉത്തമോദാഹരണമാണ്. പരാജയപ്പെട്ട പദ്ധതികളിൽ പലതിലും നിഷ്ക്രിയ ആസ്തികളെങ്കിലും അവശേഷിക്കുമെങ്കിലും ഇക്കാര്യത്തിൽ നഗരസഭയ്ക്ക് ഒരു തരത്തിലുള്ള നേട്ടവും അവകാശപ്പെടാനാകാത്ത വിധത്തിൽ 4,26,580 രൂപ നഷ്ടം ഉണ്ടായിരിക്കുന്നു. ഈ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥയിൽ നിന്ന് മേൽ പ്രകാരം നഷ്ടം ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ</u>

ശ്രീമതി ചിത്രലേഖ, സി.ഡി.പി.ഒ.,

ടൈപ്പ് III ഇ.6 ക്വാർട്ടേഴ്സ്,

സിവിൽ ലൈൻ, അയ്യന്തോൾ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.19(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

90. 2006-07-ൽ സ്ത്രീപദവി ഉയർത്തുന്നതിന് സാമൂഹികപഠനത്തിനായി സർവ്വേ നടത്തിയിരുന്നുവെങ്കിലും പ്രതീക്ഷിച്ച ഫലം ലഭിച്ചിട്ടില്ലെന്നതാണ് ആക്ഷേപമെന്നും തുടർവർഷങ്ങളിൽ എല്ലാ വാർഷിക പദ്ധതിയിലുമുൾപ്പെടുത്തി സ്ത്രീകൾക്കുവേണ്ടി സ്വയംതൊഴിൽ സംവിധാനങ്ങളും പഠന സംവിധാനങ്ങളുമടക്കമുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിരുന്നുവെന്നും അതിന്റെ പട്ടിക ലഭ്യമാക്കിയിട്ടുണ്ടെന്നും പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടെന്നും തൃശ്ശൂർ നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

91. സ്ത്രീകളുടെ പദവി ഉയർത്തൽ പ്രസ്തുത പദ്ധതിക്ക് ശേഷമുണ്ടായിട്ടില്ലെന്നാണ് മനസ്സിലാകുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടതിന്, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വരും വർഷങ്ങളിലേയ്ക്ക് നിരവധി പദ്ധതികൾ ആയതിലേയ്ക്കായി ആവിഷ്കരിച്ചിട്ടുണ്ടെന്നും അതുസംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകാമെന്നും തൃശ്ശൂർ നഗരസഭാ സെക്രട്ടറി അറിയിച്ചു.

92. നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**93. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീപദവി പഠനത്തിനായി പാഴായ തുകയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്തതിൽ 83 ലക്ഷത്തിന്റെ അധിക ബാദ്ധ്യത**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-4

| | |
|---|---|
| * | ഏറ്റെടുത്ത സ്ഥലം സർക്കാർ കൈമാറിയിട്ടും ബാധ്യത നഗരസഭയ്ക്ക് |
| * | ബാധ്യതയ്ക്ക് കാരണം റിക്വിസിഷൻ അതോറിറ്റി എന്ന സ്ഥാനത്തുനിന്ന് നഗരസഭയെ ജില്ലാകളക്ടർ മാറ്റാതിരുന്നത് |
| * | ഭൂവുടമകൾക്ക് വർദ്ധിത നഷ്ടപരിഹാരം നൽകാനുള്ള ബാധ്യത നഗരസഭയ്ക്ക് |

19-7-1980 -ലെ 9-ാം നമ്പർ തീരുമാനപ്രകാരം സർവ്വേ നമ്പർ 180, 179 പാർട്ട് 177, 188, പാർട്ട് 3125 എന്നിവയിൽപ്പെട്ട ഉദ്ദേശം 2.87 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് ഒരു സ്വിമ്മിംഗ് പൂൾ, കാർപാർക്ക്, റോഡുകൾ, വസതികൾ എന്നിവ നിർമ്മിക്കുന്ന പദ്ധതിക്ക് തൃശ്ശൂർ നഗരസഭ അംഗീകാരം നൽകി.

ഡയറക്ടർ ഓഫ് മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ തൃശ്ശൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ലാന്റ് അക്വിസിഷൻ ചാർജ്ജിനത്തിൽ 31-7-1981-ൽ 3,52,619 രൂപ മുനിസിപ്പാലിറ്റി അടയ്ക്കുകയും ചെയ്തു. എന്നാൽ സ്ഥലമുടമയുടെ പരാതികൾ, മറ്റു നിയമ നടപടികൾ എന്നിവ മൂലം സ്ഥലമേറ്റെടുക്കുന്നതിൽ പുരോഗതി ഉണ്ടായില്ല.

1987 ഡിസംബറിൽ നടക്കേണ്ട നാഷണൽ അക്വാറ്റിക്സിന്റെ ആവശ്യത്തിലേക്ക് സ്വിമ്മിംഗ്പൂൾ നിർമ്മാണം പൂർത്തീകരിക്കേണ്ടത് ആവശ്യമായതിനാൽ 17-1-1987 നുമുമ്പായി സ്ഥലം അഡ്വാൻസ് പൊസഷൻ എടുത്ത് സ്പോർട്സ് കൗൺസിലിന് കൈമാറണമെന്ന് അന്നത്തെ നഗരസഭ ചെയർമാനും ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാനുമായ ജില്ലാകളക്ടർ 15-1-1987 ലെ ഇ.3-69155/85-ാം നമ്പർ കത്തുപ്രകാരം നഗരസഭ കമ്മീഷണർക്ക് നിർദ്ദേശം നൽകി.

27-1-1987-ലെ ജി.ഒ.(ആർ.ടി)നം. 253/87/എൽ.എ.ഡി. പ്രകാരം തൃശ്ശൂർ വില്ലേജിൽപ്പെട്ട 187/2, 188/1 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 2.0133 ഹെക്ടർ ഭൂമി സ്വിമ്മിംഗ് പൂൾ, കാർപാർക്ക് എന്നിവയ്ക്ക് അക്വയർ ചെയ്യാനും ആയത് നഗരസഭ അഡ്വാൻസ് പൊസഷൻ എടുത്ത് ജില്ലാകളക്ടർക്ക് കൈമാറാനും സർക്കാർ ഉത്തരവിറക്കി. ഈ അക്വിസിഷൻ സംബന്ധിച്ച് മുനിസിപ്പാലിറ്റിയുടെ ബാദ്ധ്യത 10 ലക്ഷം രൂപയായും ഈ ഉത്തരവുപ്രകാരം സർക്കാർ നിജപ്പെടുത്തി.

10-2-1987-ൽ മുനിസിപ്പാലിറ്റി സ്ഥലം അഡ്വാൻസ് പൊസഷൻ എടുക്കുകയും സ്ഥലമുടമകളുടെയും ഏറ്റെടുത്ത സ്ഥലത്തിന്റെയും വിശദാംശങ്ങൾ 6-6-1987 ലെ പി.ഡബ്ല്യു.13/2852/86-ാം നമ്പർ കത്തിൽ സ്പെഷൽ തഹസിൽദാർ (എൽ.എ.)യ്ക്ക്

കൈമാറുകയും ചെയ്തു. അതനുസരിച്ച് 32 സ്ഥലമുടമകളുടെ 1.960 ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തത്. ഈ സ്ഥലത്ത് സ്പോർട്സ് കൗൺസിൽ അക്വാറ്റിക്സ് കോംപ്ലക്സിന്റെ നിർമ്മാണം നടത്തിയതായും 2-4-1988-ലെ കത്തിൽ ജില്ലാ കളക്ടർ പരാമർശിച്ചിട്ടുണ്ട്.

സ്വിമ്മിംഗ് പൂളിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്തിട്ടുള്ളതിന് അവാർഡ് സംഖ്യ കൂടാതെ ഭാവിയിൽ ഉണ്ടായേക്കാവുന്ന എല്ലാ സാമ്പത്തിക ബാധ്യതകളും സർക്കാർ ഏറ്റെടുക്കുകയാണെങ്കിൽ അവാർഡ് സംഖ്യയിൽ 10 ലക്ഷം രൂപ അടച്ചത് കിഴിച്ച് ബാക്കി 6.50 ലക്ഷം രൂപ കൂടി അടയ്ക്കുന്നതിനും സ്വിമ്മിംഗ് പൂൾ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഈ വ്യവസ്ഥയ്ക്ക് വിധേയമായി സർക്കാരിനെ ഏൽപ്പിക്കുന്നതിനും 17-2-1989-ൽ 2-ാം നമ്പരായി കൗൺസിൽ തീരുമാനിച്ചു.

3-4-1989-ൽ പലിശയുൾപ്പെടെ 6.80 ലക്ഷം മുനിസിപ്പാലിറ്റി അടയ്ക്കുകയും മേൽവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്വിമ്മിംഗ് പൂളിനായി ഏറ്റെടുത്ത സ്ഥലം 28-5-1989 ൽ ഒപ്പുവച്ച കരാർപ്രകാരം (ട്രാൻസ്ഫർ ബൈ ഗിഫ്റ്റ് ഉടമ്പടി) തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻ (ജില്ലാ കളക്ടർ) കൈമാറുകയും ചെയ്തു. കൈമാറിയ സ്ഥലത്തിന്റെ സ്കെച്ച് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾകൂടി ഉൾപ്പെടുത്തി 5-3-1990-ൽ ഈ ഉടമ്പടി പുതുക്കി ഒപ്പുവച്ചു. ഇതോടെ സ്വിമ്മിംഗ് പൂളിനായി നഗരസഭ ഏറ്റെടുത്ത ഭൂമിയുടെ എല്ലാവിധ ബാദ്ധ്യതകളിൽ നിന്നും മുനിസിപ്പാലിറ്റി ഒഴിവാക്കപ്പെട്ടുവെങ്കിലും റിക്വിസിഷൻ അതോറിറ്റി എന്ന നിലയിൽ നിന്നും മുനിസിപ്പാലിറ്റിയെ ഒഴിവാക്കാൻ ജില്ലാകളക്ടർ നടപടി സ്വീകരിച്ചില്ല.

നീന്തൽക്കുളം നിർമ്മിക്കാനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ഓഫീസറുടെ 17-4-1989-ലെ 2/89-ാം നമ്പർ അവാർഡ്, 14-1-2004-ലെ 1/2004-ാം നമ്പർ അവാർഡ് എന്നിവയ്ക്കെതിരെ അസംതൃപ്തരായ ഭൂവുടമകൾ വർധിത നഷ്ടപരിഹാര തുകയ്ക്കായി (എൻഹാൻസ്ഡ് കോമ്പൻസേഷൻ) നിരവധി എൽ.എ.ആർ. (ലാന്റ് അക്വിസിഷൻ റഫറൻസ്) കേസുകൾ പിന്നീട് ഫയൽ ചെയ്തു. ഇത്തരത്തിൽ ആദ്യമായി ഫയൽ ചെയ്യപ്പെട്ടത് എൽ.എ.ആർ.23/91 നമ്പർ കേസ്സാണെന്ന് കാണുന്നു. ശ്രീമതി ദേവകിയമ്മ മുതൽപേർ ഫയൽ ചെയ്ത ഈ കേസ് തൃശ്ശൂർ സബ് കോർട്ട് പരിഗണിക്കുമ്പോൾ ലാന്റ് അക്വിസിഷൻ ഓഫീസർ മാത്രമായിരുന്നു എതിർകക്ഷി. റിക്വിസിഷൻ അതോറിറ്റി എന്ന സ്ഥാനത്തു നിന്നും മുനിസിപ്പാലിറ്റി ഒഴിവാക്കപ്പെടാതിരുന്നതിനാൽ ജില്ലാ കളക്ടർ (ലാന്റ് അക്വിസിഷൻ ഓഫീസർ) ഈ കേസിലെ ഡിക്രി തുകയുടെ ബാധ്യത മുനിസിപ്പാലിറ്റിക്ക് കൈമാറി.

ഇതിനിടെ നഗരസഭ റിക്വിസിഷനിംഗ് അതോറിറ്റി ആയി മറ്റ് ആവശ്യങ്ങൾക്കായി ഏറ്റെടുത്ത ഭൂമികളുടെ അവാർഡ് തുകകൾ സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട വിവിധ കേസുകൾ നഗരസഭയുടെ വിശദീകരണം കേൾക്കാതെയാണ് വർധിത നഷ്ടപരിഹാരം

കോടതി വിധിച്ചിട്ടുള്ളതെന്നും അത്തരം എല്ലാ കേസുകളിലും നഗരസഭയെക്കൂടി കക്ഷി ചേർക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യപ്പെട്ടു. 22 എൽ.എ.ആർ. കേസുകളാണ് ഇപ്രകാരം ഹൈക്കോടതിയുടെ ഉത്തരവിനായി നഗരസഭ സമർപ്പിച്ചത്. എന്നാൽ ഇതിൽ ഒരു കേസ് ഒ.പി.നമ്പർ 14017/96 എന്നത് മുൻപറഞ്ഞ എൽ.എ.ആർ.23/93 സംബന്ധിച്ചായിരുന്നു. 6-1-1998-ലെ പൊതു ഉത്തരവിൽ വിധിക്കടം കെട്ടിവയ്ക്കുന്നത് സംബന്ധിച്ച ചില ഉപാധികളോടെ മുനിസിപ്പാലിറ്റിയെക്കൂടി കക്ഷി ചേർത്ത് കേസ് വീണ്ടും പരിഗണിക്കുവാൻ ബഹു.ഹൈക്കോടതി കീഴ്ക്കോടതിയ്ക്ക് നിർദേശം നൽകി.

ബഹു.ഹൈക്കോടതി നിർദേശിച്ച ഉപാധികളോടെയുള്ള ഉത്തരവിനെതിരെ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുകയും കീഴ്ക്കോടതി വിധിച്ച വർധിത നഷ്ട പരിഹാരത്തുകയുടെ 50% കെട്ടിവക്കണമെന്ന നിബന്ധനയോടെ 24-2-1998-ൽ ബഹു.സുപ്രീംകോടതി സ്റ്റേ അനുവദിക്കുകയും ചെയ്തു. ഇക്കാര്യം നിലനിർത്തികൊണ്ട് 11-5-1999-ൽ ബഹു. കോടതിയുടെ അന്തിമവിധി ഉണ്ടാവുകയും ചെയ്തു.

ഇപ്രകാരം എൽ.എ.ആർ.23/91 കേസ് കൂടി ഉൾപ്പെടുത്തി ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യപ്പെട്ട് മേൽപ്പറഞ്ഞ പ്രകാരം വിധിയുണ്ടായതിനാൽ നഗരസഭയ്ക്ക് ബാധ്യതയില്ലാത്ത സ്വിമ്മിംഗ്പൂൾ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് പിന്നീട് ഫയൽ ചെയ്യപ്പെട്ട 14 എൽ.എ.ആർ. കേസുകളിൽ കൂടി മേൽപ്പറഞ്ഞ കോടതി ഉത്തരവുകളുടെ ചുവടുപിടിച്ച് നഗരസഭ എതിർകക്ഷി ആകാൻ കാരണമായി. അതുമൂലം കക്ഷികൾ വിധിക്കടം ഈടാക്കിയെടുക്കാൻ ഫയൽ ചെയ്യുന്ന എക്സിക്യൂഷൻ പെറ്റീഷനുകളിലും നഗരസഭയും കക്ഷിയാക്കപ്പെട്ടു. അങ്ങനെ വിധിക്കടബാദ്ധ്യതയിൽ നിന്നും മുനിസിപ്പാലിറ്റിക്ക് മോചനമില്ലാതായി. എൽ.എ.ആർ.23/91 നമ്പർ കേസിൽ കീഴ്ക്കോടതി നഗരസഭയെ ക്കൂടി കക്ഷിചേർത്ത് വിചാരണ നടത്തിയ അവസരത്തിലും ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് ബാധ്യതകളിൽനിന്നും തങ്ങളെ സർക്കാർ ഒഴിവാക്കിയിട്ടുള്ളതാണെന്നും ഭൂമി സ്പോർട്സ് കൗൺസിലിന് കൈമാറപ്പെട്ടതാണെന്നുമുള്ള കാര്യം കോടതിയെ അറിയിച്ചതായി 30-10-1999-ൽ ഉണ്ടായ വിധിന്യായത്തിൽ കാണുന്നില്ല. ഈ കേസിൽ മുനിസിപ്പാലിറ്റി ഫയൽചെയ്ത അഫിഡവിറ്റ് മുനിസിപ്പാലിറ്റിയിൽ ഇപ്പോൾ ലഭ്യമല്ല.

എന്നാൽ പിന്നീട് ഫയൽ ചെയ്യപ്പെട്ട എൽ.എ.ആർ.46/2004 കേസിന്റെയും 83/2005 കേസിന്റെയും വിചാരണ വേളയിൽ സ്വിമ്മിംഗ്പൂളിന് സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് ബാധ്യത ഇല്ലാത്തതിനാൽ നഗരസഭയെ എതിർകക്ഷി ആക്കരുതെന്നും പകരം സ്പോർട്സ് കൗൺസിലിനെ എതിർകക്ഷിയാക്കി കേസ് തീർപ്പാക്കണമെന്നും അപേക്ഷിച്ചെങ്കിലും കോടതി അതു പരിഗണിച്ചില്ല. മാത്രമല്ല എൽ.എ.ആർ.83/2005 നമ്പർ കേസിന്റെ 7-2-2008-ലെ വിധിന്യായത്തിൽ റിക്വിസിഷൻ അതോറിറ്റി നഗരസഭ ആയതിനാൽ സ്പോർട്സ് കൗൺസിൽ ഒരു കക്ഷിയല്ല എന്നാണ് തൃശ്ശൂർ സബ് കോടതി ഉത്തരവായത്.

1996 മുതൽ ഫയൽ ചെയ്യപ്പെട്ട എൽ.എ.ആർ. കേസുകളും ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന അപ്പീലുകളും മിക്കവാറും തീർപ്പാക്കപ്പെട്ടിരിക്കുന്നു. 14-7-2007-ൽ നഗരസഭയുടെ കൗൺസിൽ-അഡ്വ.കെ.ബി. മോഹൻദാസ് നൽകിയ നിയമോപദേശം അനുസരിച്ച് ഈ സ്ഥിതിയിൽ മുനിസിപ്പാലിറ്റിയെ (ഇപ്പോൾ കോർപ്പറേഷൻ) വിധിക്കടബാധ്യതയിൽ നിന്നും ഒഴിവാക്കി ജില്ലാ സ്പോർട്സ് കൗൺസിലിനെ കക്ഷിചേർക്കുന്ന കാര്യം നിയമപരമായി അനുവദനീയമല്ലെന്ന് അറിയിച്ചു. ആയതിനാൽ ഇക്കാര്യത്തിൽ നിയമപരമായ പരിഹാരം അവശേഷിക്കുന്നില്ല.

സ്പോർട്സ് കൗൺസിലിന് സ്വിമ്മിംഗ്പൂൾ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന 15 എൽ.എ.ആർ. കേസുകളിൽ ഇതുവരെയായി 31-3-2009 വരെ 99,50,010 രൂപ വർധിത നഷ്ടപരിഹാരമായി കോടതിവിധി പ്രകാരം നഗരസഭയിൽ നിന്നും ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് ഒടുക്കിയിട്ടുണ്ട്.

നീന്തൽക്കുളത്തിന് സ്ഥലമേറ്റെടുത്തതിൽ നഗരസഭയ്ക്ക് 16.50 ലക്ഷം രൂപയുടെ ബാധ്യത മാത്രമാണ് ഉള്ളതെന്നും ഭാവിയിലുള്ള എല്ലാ ചെലവുകളും സർക്കാരിന്റെ ഉത്തരവാദിത്വം ആയിരിക്കുമെന്നും വ്യക്തമായ സർക്കാർ ഉത്തരവുകൾ നിലവിലുള്ളതിനാലും ഏറ്റെടുത്ത സ്ഥലം വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കൗൺസിലിന് കൈമാറിയിട്ടുള്ളതിനാലും വർധിത നഷ്ടപരിഹാര തുകയിനത്തിൽ നഗരസഭ തെറ്റായി അടച്ചുപോയ വൻതുക തിരിച്ചുനൽകണമെന്ന് കാണിച്ച് വൈകിയാണെങ്കിലും സർക്കാരിലേയ്ക്കും സ്പോർട്സ് കൗൺസിലിലേയ്ക്കും പലവട്ടം അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. ഈ തുക നഗരസഭയ്ക്ക് തിരിച്ചുകിട്ടാനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നതായി കളക്ടറേറ്റിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്.

നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്തതിനാൽ നഗരസഭയ്ക്ക് വന്ന അധിക ബാധ്യത തുക (83,00,010 രൂപ) സർക്കാരിൽ നിന്നും തിരിച്ചുലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.19(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. ദേശീയ ഗെയിംസിന്റെ നീന്തൽക്കുളത്തിനായി 1981-ൽ നഗരസഭ സ്ഥലം ഏറ്റെടുത്തതിന് അവാർഡ് സംഖ്യയായ 10 ലക്ഷം രൂപയും പിന്നീട് 6.5 ലക്ഷം രൂപയും നൽകിയിരുന്നുവെന്നും 1989-ൽ പ്രസ്തുത സ്ഥലം നഗരസഭ ഗിഫ്റ്റ് ഉടമ്പടിയായി തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാനായ ബഹു.കളക്ടർക്ക് കൈമാറിയെന്നും

കൈമാറിയ സ്ഥലവുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന എല്ലാവിധ ബാധ്യതകളും സർക്കാരിൽ നിക്ഷിപ്തമാണെന്നും നഗരസഭയ്ക്ക് യാതൊരുവിധ ബാധ്യതയുമില്ലെന്ന് പ്രസ്തുത കരാറിൽ പറയുന്നുണ്ടെന്നും എന്നാൽ വർധിത നഷ്ടപരിഹാരത്തുകയ്ക്കായി ഭ്രൂവുടമകൾ കോടതിയെ സമീപിക്കുകയും റിക്വിസിഷൻ അതോറിറ്റി എന്ന സ്ഥാനത്തുനിന്നും മുനിസിപ്പാലിറ്റിയെ ഒഴിവാക്കാത്തതിനാൽ കോടതി വിധിപ്രകാരം വിവിധ ഭ്രൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേസുകളിലായി ഇതുവരെ 99,50,000 രൂപ നഗരസഭയിൽ നിന്നും നൽകേണ്ടി വന്നുവെന്നും പ്രസ്തുത തുകയിൽ നിന്നും സർക്കാരിന് സ്ഥലം കൈമാറുമ്പോൾ നഗരസഭ ഏറ്റെടുത്ത ബാധ്യതയായ 16.5 ലക്ഷം രൂപ കിഴിച്ച് 83,00,000 രൂപ തിരിച്ചുനൽകണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്കും കളക്ടർക്കും നിരവധി തവണ കത്ത് അയച്ചിട്ടും നാളിതുവരെ അനുകൂലമായി മറുപടി ലഭിച്ചിട്ടില്ലെന്നും തൃശ്ശൂർ നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

95. നഗരസഭയുടെ പ്രസ്തുത ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണെന്നും അന്തിമ തീരുമാനമായിട്ടില്ലെന്നും സ്ക്രീനിംഗ് കമ്മിറ്റിയിൽ ഇക്കാര്യം ചർച്ച ചെയ്തതാണെന്നും തീരുമാനമാകുന്ന മുറയ്ക്ക് റിപ്പോർട്ട് നൽകാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

96. പ്രസ്തുത വിഷയത്തിൽ എത്രയും പെട്ടെന്ന് സർക്കാർ തീരുമാനമെടുത്ത് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**97. ദേശീയ ഗെയിംസിന്റെ നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്ത വകയിൽ തൃശ്ശൂർ നഗരസഭയ്ക്ക് 83 ലക്ഷം രൂപ അധിക ബാധ്യതയുണ്ടായെന്ന വിഷയത്തിൽ സർക്കാർ തീരുമാനമെടുത്ത് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുരുവായൂർ നഗരസഭ**

**അടഞ്ഞുകിടന്ന കെട്ടിടത്തിൽ രണ്ടുതവണ മൊസൈക്ക് പോളിഷിംഗ്**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2005-06, ഖണ്ഡിക നമ്പർ:3-17

| | |
|---|---|
| * | പുതിയ ഷോപ്പിംഗ് കോംപ്ലക്സിന്റെ മൊസൈക്കിൽ ആദ്യ പോളിഷിംഗ് 2003 ഡിസംബറിൽ |
| * | അടഞ്ഞുകിടന്ന കെട്ടിടത്തിൽ വീണ്ടും പോളിഷിംഗ് നടത്തിയിരിക്കുന്നത് 06/2005 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം |
| * | നഷ്ടം: 1,41,719 രൂപ |

ഗുരുവായൂർ നഗരസഭ ടൗൺ ഹാളിനു സമീപത്തെ കുട്ടിക്കൃഷ്ണൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ പുതിയതായി പണിതതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഒന്നാംനിലയുടെ മൊസൈക്ക് പോളിഷിങ്ങ് ഒന്നര വർഷത്തിനകം വീണ്ടും നടത്തിയതായി കാണുന്നു.

ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ട് നിലകളോടുകൂടിയ കെട്ടിടത്തിന്റെ നിർമ്മാണം കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷൻ 64 ലക്ഷം രൂപയ്ക്ക് നടത്തിയിരുന്നു. ഈ പ്രവൃത്തിയുടെ ഒന്നാം നിലയിലെ മൊസൈക്ക് ഇടുന്നതിനും പോയിന്റിംഗിനും പോളിഷിങ്ങിനും ഉൾപ്പെടെ (819.94 ച.മീ.) 1,93,643 രൂപ അവസാന പ്രവൃത്തി ബില്ലിൽ (വൗച്ചർ നമ്പർ 35-1/04 തീയതി 25-10-2006 അളവ് പുസ്തകം 14/02-03 പേജ് 42) അനുവദിച്ചിരുന്നതാണ്. 2003 ഡിസംബർ മാസത്തിലാണ് ഈ പ്രവൃത്തി നടത്തിയത്.

ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാക്കിയുള്ള പണികൾ നടത്തണമെന്ന് 24-6-2005-ലെ അടിയന്തര നിർദേശത്തെ തുടർന്ന് തയ്യാറാക്കിയ 5.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ജനൽ, വാതിൽ എന്നിവ ഫിറ്റിങ്ങും, മൊസൈക്ക് പോളിഷിങ്ങും ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് എസ്റ്റിമേറ്റ് നിരക്കിലുള്ള ശ്രീ. സി. പി. വിനോദിന്റെ ടെണ്ടർ 1-2-2006-ലെ കൗൺസിൽ അംഗീകരിച്ചു. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ (വൗച്ചർ നമ്പർ 34-10/06 തീയതി 25-10-2006, അളവുപുസ്തകം 20/04-05, പേജ് 50) ഇനം (6) പ്രകാരം ഒന്നാം നില മൊസൈക്ക് പോളിഷിങ്ങിന് (965.39 ച.മീ.) 1,41,719 രൂപയും കരാറുകാരന് അനുവദിച്ചിരുന്നു.

2003 ഡിസംബർ മാസത്തിൽ മൊസൈക്ക് ഇട്ട് പോളിഷിങ്ങ് നടത്തിയ സ്ഥലത്ത് 6/05-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ വീണ്ടും പോളിഷിങ്ങ് നടത്തിയതിന്റെ ആവശ്യം വിശദീകരിച്ചിട്ടില്ല. ഈ കെട്ടിടം വാടകയ്ക്ക് നൽകിയിരുന്നുമില്ല. അടഞ്ഞുകിടക്കുന്ന കെട്ടിടത്തിന്റെ മൊസൈക്ക് പോളിഷിങ്ങ് ഒന്നര വർഷത്തിനുള്ളിൽ വീണ്ടും നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം നൽകുകയും ചെയ്ത മുനിസിപ്പൽ എഞ്ചിനീയർ, കൗൺസിലർമാർ, മുനിസിപ്പൽ സെക്രട്ടറി എന്നിവരിൽ നിന്ന് വിശദീകരണം വാങ്ങേണ്ടതും ഒഴിവാക്കാമായിരുന്ന 1,41,719 രൂപ നഗരസഭയ്ക്ക് ബാദ്ധ്യത വരുത്തിയതിന് ഉത്തരവാദിയായവരിൽ നിന്ന് പലിശയടക്കം (ഈ കെട്ടിടം നിർമ്മിക്കുന്നതിന് 17% പലിശ നിരക്കിലാണ് 40 ലക്ഷം രൂപ കെ.യു.ഡി.എഫ്.സി.-യിൽ നിന്ന് വായ്പ എടുത്തത്) ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി സ്ലിപ്പ് നമ്പർ -5 തീയതി 4-4-2009.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.20(1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

98. കുട്ടിക്കൃഷ്ണൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിലെ പ്രസ്തുത പ്രവൃത്തിയിൽ മൊസൈക്ക് പോളിഷിംഗ് കൂടി ഉൾപ്പെടുത്തിയാണ് 2005-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും പ്രവൃത്തി ഏറ്റെടുത്ത കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.സി. ലിമിറ്റഡ്) എന്ന സ്ഥാപനം 6-7-2005, 31-10-2005 എന്നീ തീയതികളിൽ നഗരസഭയുമായി നടത്തിയ കത്തിടപാടുകൾ പരിശോധിക്കുമ്പോൾ 1486/10 ചതുരശ്രമീറ്റർ എന്ന നിരക്കാണ് പോളിഷിംഗ് കൂടി ഉൾപ്പെടുത്തി വരുന്നതെന്നും എന്നാൽ പോളിഷിംഗ് ചെയ്യാത്തതിനാൽ 75 ശതമാനം കുറച്ച് 1114/10 ചതുരശ്രമീറ്റർ എന്ന നിരക്കിലാണ് കരാറുകാരന് തുക കൊടുത്തിരിക്കുന്നത് എന്നും വ്യക്തമാണെന്നും അതിനുശേഷമാണ് കുട്ടിക്കൃഷ്ണൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിൽ അധിക പ്രവൃത്തി നിശ്ചയിച്ച സമയത്ത് വീണ്ടും 1468/10 ചതുരശ്രമീറ്റർ എന്ന നിരക്കിൽ പോളിഷിംഗ് കൂടി ഉൾപ്പെടുത്തി നിശ്ചയിട്ടുള്ളതെന്നും ആദ്യഘട്ടത്തിൽ പോളിഷിംഗ് ചെയ്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നതെന്നും ആദ്യ പ്രവൃത്തിക്ക് 1468/10 ചതുരശ്രമീറ്റർ എന്ന നിരക്കും പിന്നീട് പോളിഷിംഗിന് മാത്രമായി 1468/10 ചതുരശ്രമീറ്റർ എന്ന നിരക്കുമാണ് സ്റ്റാൻഡേർഡ് ഡാറ്റ ബുക്ക് പ്രകാരം അനുവദിച്ചിട്ടുള്ളതെന്നും ഗുരുവായൂർ മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരണം നൽകി.

99. മൊസൈക്ക് ഇടുന്നതിനും പോളിഷിംഗ് ചെയ്യുന്നതിനുമായി അനുവദിച്ച അതേ നിരക്കുതന്നെ പിന്നീട് പോളിഷിംഗ് ജോലിക്ക് മാത്രമായി അനുവദിച്ചത് യുക്തിരഹിതമാണെന്നും ജോലി ചെയ്യാൻ ബാധ്യസ്ഥനായ ഒരു കരാറുകാരൻ അത് ചെയ്യാതിരുന്നാൽ തുടർനടപടി എന്തെല്ലാമാണ് എന്നുള്ളത് കരാർ വ്യവസ്ഥ പ്രകാരം നടപ്പാക്കേണ്ട കാര്യമാണെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

100. പ്രവൃത്തിയുടെ എം-ബുക്ക് നിലവിൽ ലഭ്യമല്ലെന്നും ഫയലിലെ വിശദാംശം പരിശോധിക്കുമ്പോൾ പ്രാഥമിക കരാറിൽ പോളിഷിംഗ് ഉൾപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുമെന്നും പ്രസ്തുത കരാറുകാരന് 5,76,287 രൂപ നൽകാനുണ്ടെന്നും ഇത്തരത്തിൽ ഒരു പ്രശ്നം നിലനിൽക്കുന്ന സാഹചര്യത്തിൽ ആദ്യഘട്ടത്തിൽ 1114/10 ചതുരശ്രമീറ്റർ എന്ന നിരക്കിൽ നൽകിയ തുക കുറവ് ചെയ്തശേഷം ഫൈനൽ ബിൽ നൽകിയാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ കഴിയുമോയെന്നും ഗുരുവായൂർ നഗരസഭാ സെക്രട്ടറി ആരാഞ്ഞു.

101. നഗരസഭാ സെക്രട്ടറി നിർദ്ദേശിച്ച പ്രകാരമുള്ള ഒരു തീർപ്പാക്കലിന് പ്രസ്തുത കരാറുകാരൻ തയ്യാറാകുമോ എന്നുള്ളതാണ് പ്രശ്നമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

102. മേൽ വിഷയം സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ സഹായത്തോടെ സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**103. ഗുരുവായൂർ നഗരസഭ ടൗൺഹാളിനു സമീപത്തെ കുട്ടികൃഷ്ണൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ പുതിയതായി പണിതതും ഉപയോഗമില്ലാതെ കിടക്കുന്നതുമായ ഒന്നാം നിലയുടെ മൊസൈക്ക് പോളിഷിംഗ് രണ്ടു തവണ നടത്തിയ വിഷയത്തിൽ ചീഫ് എഞ്ചിനീയറുടെ സഹായത്തോടെ സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഇടുക്കി ജില്ല

ഓഡിറ്റ് ഖണ്ഡിക

**വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്**

**നിഷ്ഫലമായ ജലസേചന പദ്ധതി-പാഴ്ചെലവ് 17,50,000 രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2006-07, ഖണ്ഡിക നമ്പർ : 3-7

| | |
|---|---|
| * | ജലസേചന പദ്ധതിക്കായി വാങ്ങിയ ഉപകരണങ്ങൾ പലതും എംബുക്കിലും സൈറ്റിലും ഇല്ല. |
| * | സൈറ്റിൽ കണ്ടവ തുരുമ്പിച്ച നിലയിൽ. |
| * | പമ്പ് ഹൗസുകളിൽ വൈദ്യുതി എത്തിയില്ല. |
| * | പമ്പ് ഹൗസ് വീടുപോലെ ഉപയോഗിക്കുന്നു, പമ്പ് സെറ്റ് കണ്ടെത്തിയത് കട്ടിലിനടിയിൽ |
| * | മഴക്കാലമായിട്ടും ബൂസ്റ്റർ ടാങ്കിൽ വെള്ളമില്ല. |

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ മുൻ 14-ാം വാർഡിൽ മ്ലാമല-ഇണ്ടൻ പ്രദേശത്തെ 300-ഓളം കർഷകരുടെ 15 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന കൃഷിഭൂമിക്ക് വേനൽക്കാലങ്ങളിൽ ഉണ്ടാകുന്ന ജലലഭ്യതയുടെ അപര്യാപ്തത മൂലം കൃഷിനാശവും കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നതിന് പരിഹാരമായി ചെറുകിട ജലസേചനത്തിൽ ഉൾപ്പെടുത്തി 1999-2000 വർഷത്തിൽ ജനറൽ വിഭാഗം ഉൽപാദന മേഖലയിൽ തുടങ്ങിയ പദ്ധതിയാണിത്.

കുളം, പമ്പ്ഹൗസ്, ബൂസ്റ്റർ ടാങ്ക് (25000 ലിറ്റർ), ബൂസ്റ്റർ പമ്പ്ഹൗസ് വാട്ടർടാങ്ക് (50000 ലിറ്റർ) എന്നിവ പണിയുകയും മോട്ടോർ-പമ്പുകൾ, പൈപ്പ് ലൈനുകൾ തുടങ്ങി

അനുബന്ധ സാമഗ്രികൾ സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്ന വിഭാവനം ചെയ്തിരുന്ന പദ്ധതിയുടെ രൂപരേഖ. പദ്ധതിക്കായി താഴെ വിശദമാക്കിയ പ്രകാരം 17,49,992 രൂപ ചെലവഴിച്ചിട്ടുണ്ട്.

| | **തുക (രൂപ)** | **ചെക്ക് നമ്പർ /തീയതി** |
|---|---|---|
| 1999-00 മൊബിലൈസേഷൻ അഡ്വാൻസ് | 75,000 | 641412/28-3-00 |
| 2000-01 സെക്വോർഡ് അഡ്വാൻസ് | 35,462 | 700215/6-7-00 |
| സെക്വോർഡ് അഡ്വാൻസ് | 72,772 | 700226/27-7-00 |
| സിഡ്കോയ്ക്ക് നൽകിയത് (ബിൽ 512/16.09.00) | 2,53,400 | 700264/16-9-00 |
| സിഡ്കോയ്ക്ക് നൽകിയത് (ബിൽ 512/16.09.00) | 2,13,000 | 700273/26-9-00 |
| സിഡ്കോയ്ക്ക് നൽകിയത് (ബിൽ 513/16.09.00) | 3,68,819 | 700274/27-9-00 |
| പാർട്ട്ബിൽ | 1,17,410 | 123704/30-1-01 |
| 2001-02 പാർട്ട് ബിൽ | 1,53,784 | 123792/5-12-01 |
| കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് | 1,37,000 | 807727/30-3-02 (ക്യാഷ് ബുക്ക് പ്രകാരം) |
| 2002-03 പാർട്ട് ബിൽ | 73,659 | 979515/27-11-02 |
| 2004-05 ടാക്സ് & നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 77,000 | ബിൽ നം.79/04-05 |
| 2005-06 ടാക്സ് | 17,913 | ചെക്ക് നമ്പർ 203629/8-5-05 |
| ഫൈനൽ ബിൽ | 42,812 | |
| മൊബിലൈസേഷൻ അഡ്വാൻസ് | 50,000 | 859672/4-4-06 |
| 2006-07 ടാക്സ് & നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 18,288 | 864828/16-8-06 |
| ഫൈനൽ ബിൽ | 43,673 | |
| | 17,49,992 | |

<u>പദ്ധതി നടത്തിപ്പ് രേഖകളിലൂടെ ചുരുക്കത്തിൽ</u>

പല ഘട്ടങ്ങളായി പൂർത്തിയാക്കുവാൻ തീരുമാനിച്ചിരുന്ന ഈ പദ്ധതിക്ക് 1999-2000-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് താഴെ പറയും പ്രകാരമാണ്.

<u>അടങ്കലിന്റെ സംഗ്രഹം</u>

| | | ഇനം | തുക (രൂപ) |
|---|---|---|---|
| **അനുബന്ധം** | എ | കുളം നിർമ്മാണം | 2,39,290 |
| | ബി | കുളത്തിനടുത്ത് മോട്ടോർപുര നിർമ്മാണം | 39,432 |
| | സി | സബ്- ടാങ്ക് നിർമ്മാണം (25000 ലിറ്റർ) | 1,07,900 |
| | ഡി | സബ് ടാങ്കിനടുത്ത് മോട്ടോർപുര നിർമ്മാണം | 37,209 |
| | ഇ | സ്റ്റോറേജ് ടാങ്ക് (50000 ലിറ്റർ) | 1,79,864 |
| | എഫ് | മോട്ടോർ -പമ്പ് സെറ്റ്, പൈപ്പ് ലൈൻ | 8,17,385 |
| | | ആകെ | **14,21,080** |
| | | മാനേജ്മെന്റ് ചാർജ്ജുകൾ | 1,42,108 |
| | | അപ്രതീക്ഷിത ചെലവുകൾ | 6,812 |
| | | **ആകെ** | **15,70,000** |

1999-2000-ലെ ഗുണഭോക്തൃ കമ്മിറ്റി കൺവീനറായ കെ.ജെ.ആന്റണി 27-3-2000-ൽ പഞ്ചായത്തുമായി ഒപ്പുവച്ച 8/99-00-ാം നമ്പർ ഉടമ്പടി പ്രകാരം 75000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി. തുടർന്ന് 2000-01-ൽ സാധനങ്ങൾ വാങ്ങി കുളം, പമ്പ് ഹൗസുകൾ, വാട്ടർ ടാങ്കുകൾ എന്നിവയുടെ പണിതുടങ്ങി. മോട്ടോർ - പമ്പ്, പൈപ്പുകൾ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുവാൻ പഞ്ചായത്തിൽ നിന്നും സിഡ്കോയ്ക്ക് പണം നൽകി. സിഡ്കോ ഈ സാധനങ്ങൾ 7/2000-ൽ സപ്ലൈ ചെയ്യുകയും ചെയ്തു. 6-12-2004 -ൽ വാർഡു മെമ്പർ ശ്രീ. എസ്.രാജൻ നൽകിയ പൂർത്തീകരണ റിപ്പോർട്ട്, ഫൈനൽ ബില്ല് എന്നിവ സെക്രട്ടറിക്ക് മുൻപാകെ ഹാജരാക്കി. എന്നാൽ 2004-05 വർഷത്തെ പദ്ധതിയിൽ ടി പ്രവൃത്തിയുടെ നികുതികൾ ഒടുക്കുവാൻ മാത്രമാണ് പണം കണ്ടെത്താനായത്. 2005-06 വർഷത്തിൽ 19-4-2005-ൽ ഡി.പി.സി. അംഗീകാരം നൽകിയ 1/06-ാം നമ്പർ പദ്ധതി പ്രകാരം ബാക്കി നികുതിബാധ്യതകളുടെ കിഴിവിനു ശേഷം കൺവീനർക്ക് ഫൈനൽ ബിൽ നൽകുകയും ചെയ്തു.

2005-2006-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 19-4-05-ൽ ഡി.പി.സി അംഗീകാരം നൽകിയ വാർഡു നം. 14-തേങ്ങാക്കൽ മൈനർ ഇറിഗേഷൻ എന്ന 16/06-ാം നമ്പർ പ്രോജക്റ്റ് പ്രകാരം 1,25,000 രൂപ പദ്ധതി വിഹിതം + 10,000 രൂപ സംഭാവന + 15,000 രൂപ ഗുണഭോക്തൃ വിഹിതം എന്ന രീതിയിൽ ഈ പദ്ധതിക്ക് വീണ്ടും പണം വകയിരുത്തി. വിതരണ കുഴലുകൾ വാങ്ങി സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.യിൽ സി.ഡി.-യും ഒ.വൈ.ഇ.സി.-യും അടയ്ക്കുന്നതിനു വേണ്ടിയും എസ്റ്റിമേറ്റ് തയ്യാറാക്കി.

അടങ്കലിന്റെ സംഗ്രഹം

| | | ഇനം | തുക(രൂപ) |
|---|---|---|---|
| അനുബന്ധം | എ | വിതരണ കുഴലുകൾ/ ലൈൻ | 74,000 |
| | ബി | കെ.എസ്.ഇ.ബി-സി.ഡി.-യും ഒ.വൈ.ഇ.സി.യും | 90,000 |
| | | അപ്രതീക്ഷിത ചെലവുകളും ടാക്സും | 16,000 |
| | | **ആകെ** | **1,80,000** |

ഈ പ്രവൃത്തിയുടെ കൺവീനറായ ജോസഫ് വർഗ്ഗീസ് 8-3-2006-ൽ പഞ്ചായത്തുമായി ഒപ്പുവച്ച 74/05-06-ാം നമ്പർ ഉടമ്പടി പ്രകാരം 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി. എന്നാൽ കെ.എസ്.ഇ.ബി.-യിൽ പണം ഒടുക്കാതെ വിതരണക്കുഴലുകൾ സ്ഥാപിക്കുകയും പമ്പ്ഹൗസിന്റെ ഇലക്ട്രിഫിക്കേഷൻ നടത്തുകയും ചെയ്തു ടിയാന് 8/06-ൽ ഫൈനൽ ബിൽ നൽകുകയും ചെയ്തു.

2006-2007 ഓഡിറ്റ് വേളയിൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് ആരാഞ്ഞതിൽ പദ്ധതി നടക്കുന്നില്ല എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. തുടർന്ന് പദ്ധതി പ്രദേശത്തെ വാർഡുമെമ്പർ, കൺവീനർമാർ എന്നിവരോടൊപ്പം 17,18/8/2009 തീയതികളിൽ സൈറ്റ് നേരിട്ട് കണ്ട് നടത്തിയ അവലോകനത്തിൽ 17,50,000 രൂപ ചെലവാക്കിയിട്ടും 300-ഓളം കർഷകരുടെ ജലസേചന-കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകേണ്ട പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാതെ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കെടുകാര്യസ്ഥതമൂലം നഷ്ടമായിരിക്കുന്ന ദയനീയാവസ്ഥയാണ് വെളിപ്പെട്ടത്.

വിശദ വിവരം ചുവടെ ചേർക്കുന്നു:

1. സിഡ്കോയിൽ നിന്നും വാങ്ങിയ പല സാധനങ്ങളും എം.ബുക്കിലും സൈറ്റിലും കാണുകയുണ്ടായില്ല. സൈറ്റിൽ കണ്ടവയെല്ലാം തന്നെ വർഷങ്ങളുടെ പഴക്കത്താൽ തുരുമ്പിച്ച അവസ്ഥയിലാണ്. ആയതിനാൽ നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുവാൻ സാങ്കേതിക വിദഗ്ധരുടെ വിശദമായ പരിശോധന ആവശ്യമാണ്.

2. കുളത്തിനോടനുബന്ധിച്ച പമ്പ്ഹൗസിന്റെ വൈദ്യുതി ലൈനുകൾ താറുമാറായ രീതിയിലാണ്. ഏകദേശം 200 മീറ്റർ ദൂരത്തിനു ശേഷമുള്ള ലൈനുകൾ മോഷ്ടിച്ചു കൊണ്ടുപോയി എന്ന് അന്വേഷണത്തിൽ അറിയുവാൻ സാധിച്ചു. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ലൈനുകൾ കൃത്യമായി സ്ഥാപിക്കാത്തതും ഇതിന് കാരണമാകാം. എന്തായിരുന്നാലും നാളിതുവരെ പമ്പ്ഹൗസുകളിൽ വൈദ്യുതി എത്തിച്ച് മോട്ടോർ പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടേയില്ല.

3. കുളം പണിതിരിക്കുന്ന ആർ.ബി.റ്റി. വക സ്ഥലവും ടാങ്കുകൾ, പമ്പ് ഹൗസ് എന്നിവ പണിയുന്ന സ്വകാര്യ സ്ഥലവും പഞ്ചായത്തിലേയ്ക്ക് സറണ്ടർ ചെയ്തു വാങ്ങിയതായി കാണുന്നില്ല.

4. ബൂസ്റ്റർ/സബ് ടാങ്കിനോടനുബന്ധിച്ചുള്ള പമ്പ്ഹൗസ് ഒരു കുടുംബം 'വീടുപോലെ' ഉപയോഗിച്ച് താമസിക്കുന്ന രീതിയിലാണ് കാണുവാൻ സാധിച്ചത്. പരിശോധനാവേളയിൽ മോട്ടോറും പമ്പും കണ്ടെത്തിയത് ഇവർ ഉപയോഗിച്ചിരുന്ന കട്ടിലിനടിയിലുമാണ്.

5. 25000 ലിറ്റർ ബൂസ്റ്റർ ടാങ്കും 50000 ലിറ്റർ മെയിൻ ടാങ്കും ഉപയോഗിക്കത്തക്കതാണെന്ന് കൺവീനർ പരിശോധനയിൽ ബോധിപ്പിച്ചു. എന്നാൽ മഴക്കാലമായിരുന്നിട്ടുകൂടി ബൂസ്റ്റർ ടാങ്കിൽ വെള്ളം ഇല്ലാത്ത അവസ്ഥയിലായിരുന്നു.

6. കുളവും പമ്പ്ഹൗസും കാടുമൂടി ഉപയോഗശൂന്യമായ അവസ്ഥയിലാണ്. കെയ്കോയിൽ നിന്നും വാങ്ങിയ സക്ഷൻ ഹോസ് ഫിറ്റിംഗുകൾ എം.ബുക്കിലുമില്ല, മോട്ടോറിൽ നാളിതുവരെ ഘടിപ്പിച്ചിട്ടുമില്ല. കൺവീനർ ശ്രീ.ആന്റണി ഇവയെല്ലാംകൈപ്പറ്റിയതായും രേഖകൾ വെളിപ്പെടുത്തുന്നു. എന്നാൽ 2000 മീറ്റർ ജി.ഐ. പൈപ്പിന്റെ ബില്ലുണ്ടെങ്കിലും കൈപ്പറ്റിയിരിക്കുന്നത് 900 മീറ്റർ മാത്രമാണ്.

7. ശ്രീ.ആന്റണി കൺവീനറായ പ്രവൃത്തിയിൽ എം ബുക്ക് 114/03-04-ൽ സിഡ്കോ നൽകിയിരിക്കുന്ന പാനൽ ബോർഡ് പിടിപ്പിച്ചിരിക്കുന്നതായി പറയുന്നു. എന്നാൽ ശ്രീ. ജോസഫ് കൺവീനറായ പ്രവൃത്തിയിലും പാനൽ ബോർഡ് വാങ്ങിയിരിക്കുന്നു. നിലവിലുള്ളത് ടിയാൻ ഘടിപ്പിച്ചിരിക്കുന്നതാണ് എന്ന് അവകാശപ്പെടുന്നു.

15 എച്ച്.പി. മോട്ടോർ 2 എണ്ണം ഉള്ളതായി എം.ബുക്കിൽ പറയുന്നു. എന്നാൽ കുളത്തിനടുത്തുള്ളത് 5 എച്ച്.പി. മോട്ടോറാണെന്ന് വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ 32,000 രൂപ വിലയുള്ള ഒരു 15 എച്ച്.പി. മോട്ടോറും 56,000 രൂപ വിലയുള്ള പമ്പും ഇല്ല എന്നു കാണാം. മാത്രമല്ല 56,000 രൂപയോളം വിലയുള്ള 2 പമ്പുകളും എം. ബുക്കു പ്രകാരം ഇല്ല. ഇതിൽ നിന്നും എഞ്ചിനീയർമാർ സൈറ്റു കാണാതെയാണ് അളവു രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്.

8. കുളത്തിനടുത്തെ പമ്പ് ഹൗസിലുള്ളത് 5 എച്ച്.പി. മോട്ടോറാണെങ്കിൽ ഇതിന്റെ കുതിരശക്തി തികച്ചും അപര്യാപ്തവും ഈ പദ്ധതിക്ക് തികച്ചും ഉപയോഗ ശൂന്യവുമാണ്. മോട്ടോർ - പമ്പുസെറ്റുകൾ എല്ലാംതന്നെ ബില്ലിൽ പറഞ്ഞിരിക്കുന്ന ബ്രാന്റുകളാണ് എന്ന് കാണുന്നുമില്ല.

9. ആകെ 15,70,000 രൂപ മാത്രം അടങ്കലുണ്ടായിരുന്നതും ശ്രീ. കെ. ജെ. ആന്റണി കൺവീനർ ആയി നടത്തിയതുമായ പ്രവൃത്തിക്ക് ആകെ 16,38,031 രൂപ നൽകിയിരിക്കുന്നു. പുതുക്കിയ അടങ്കലോ ഡി.പി.സി. അംഗീകാരമോ വാങ്ങിയിട്ടില്ല.

10. എം.ബുക്ക് പ്രകാരമുള്ള ഏകദേശം 2400 മീറ്റർ ജി.ഐ. പൈപ്പ് ലൈനുകളെല്ലാം തന്നെ സമീപ കാലത്തുണ്ടായ മഴയുടെ കുത്തൊഴുക്കിൽ നാമാവശേഷമായതാണ് എന്നു പറയുന്നു. ഇത് തികച്ചും വിശ്വസനീയമല്ല. എന്നിരുന്നാലും ഈ പ്രകൃതി ക്ഷോഭത്തിന് മുൻപ് പോലും 2000-2001-ൽ തുടങ്ങിയ പദ്ധതി പ്രാവർത്തികമാക്കിയിരുന്നില്ല എന്നത് ശ്രദ്ധേയമാണ്.

11. സിഡ്കോയിൽ നിന്നും വാങ്ങുവാൻ സർക്കാർ നിർദേശമുണ്ടെങ്കിൽ കൂടി ബില്ലിൽ കാണിച്ചിരിക്കുന്ന ബ്രാന്റിന് വിരുദ്ധമായി ഗുണനിലവാരമില്ലാത്ത കമ്പനിയുടെ സാധനങ്ങൾ സപ്ലൈ ചെയ്തതും ബില്ല്, എം.ബുക്ക്, സൈറ്റിൽ യഥാർത്ഥത്തിലുള്ള ഫിറ്റിംഗുകൾ എന്നിവ തമ്മിൽ ദുരൂഹമായ പൊരുത്തക്കേടുള്ളതും അഴിമതിയിലേക്ക് വിരൽ ചൂണ്ടുന്നു.

ചുരുക്കത്തിൽ 1999-2000 മുതൽ 17.5 ലക്ഷം രൂപയോളം മുടക്കിയിട്ടും പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാതെ പൊതുപണം പാഴാക്കിയ ഗുരുതരാവസ്ഥയാണ് കാണുവാൻ സാധിച്ചത്. അഴിമതിയുടെ വ്യാപ്തി വ്യക്തമായി അറിയുന്നതിന് ഭരണവകുപ്പിന്റെ ഒരു ഉന്നതതല അന്വേഷണം ശിപാർശ ചെയ്യുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.21(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, 1999-2000 വർഷത്തിൽ തുടങ്ങി 2005-06-ൽ പൂർത്തീകരിച്ച പദ്ധതിയാണിതെന്നും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ മുൻ 14-ാം വാർഡിൽ ജലസേചന, കുടിവെള്ള സൗകര്യങ്ങൾക്കായി കുളം, പമ്പ്ഹൗസ്, മോട്ടോർ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിച്ചെങ്കിലും തുടർച്ചയായുള്ള പ്രകൃതിക്ഷോഭം മൂലം പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നും പദ്ധതിക്കായി വാങ്ങിയ സാധനങ്ങളെല്ലാം തുരുമ്പെടുത്ത് നശിച്ചുപോയ അവസ്ഥയിലാണെന്നും 2018-ലെ പ്രളയത്തിനുശേഷം നാശാവസ്ഥയിലായ കുളം മാത്രമാണ് അവശേഷിക്കുന്നതെന്നും നിലവിൽ കുടിവെള്ള പദ്ധതിക്കായി ജൽജീവൻ മിഷനുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ടെന്നും പദ്ധതി പ്രവർത്തനമാരംഭിക്കുന്നതോടെ പദ്ധതി പ്രകാരം ഉദ്ദേശിച്ചിട്ടുള്ള ജലലഭ്യത ഉറപ്പാക്കാവുന്നതാണെന്നും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദമാക്കി. ജൽജീവൻ മിഷൻ പദ്ധതിയിലൂടെ ജലസേചന ആവശ്യം പൂർത്തീകരിക്കാൻ കഴിയുമോ എന്ന് സമിതി ആരാഞ്ഞതിന് ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിയായതിനാൽ ജലസേചന ആവശ്യം നിർവഹിക്കാൻ കഴിയില്ലെന്നും പ്രസ്തുത പ്രദേശത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജലസേചനത്തിനായി രണ്ട് കുളങ്ങളും ഏഴ് കിണറുകളും നിർമ്മിച്ചിട്ടുള്ളതിനാൽ ജലസേചന സൗകര്യം മെച്ചപ്പെട്ടിട്ടുണ്ടെന്നും കുളം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

105. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജലാശയം സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

106. പ്രസ്തുത കുളം ജൽജീവൻ മിഷൻ പദ്ധതിയുടെ ഉറവിടമായി മാറ്റാൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

107. പ്രസ്തുത കുളം ഉപയോഗയോഗ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് സർക്കാർ തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**108. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ജലസേചന പദ്ധതിയോടനുബന്ധിച്ചുള്ള കുളം ഉപയോഗയോഗ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**5,57,966 രൂപ ചെലവഴിച്ചിട്ടും ജലമെത്താത്ത ജലസേചന പദ്ധതി**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ 3-8**

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ മുൻ 14-ാം വാർഡിൽ മ്ലാമല പുതുവൽ പ്രദേശത്ത് താമസിക്കുന്ന 100-ൽ പരം കർഷകരുടെ 40 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന കൃഷിഭൂമിക്ക് വേനൽ കാലങ്ങളിൽ ജലത്തിന്റെ അപര്യാപ്തതമൂലം കൃഷിനാശവും കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നതിന് പരിഹാരമായി 1998-99 വർഷത്തിൽ ജനറൽ വിഭാഗം ഉൽപാദന മേഖലയിൽ ചെറുകിട ജലസേചനത്തിൽ ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതിയാണിത്.

കുളം പമ്പ് ഹൗസ്, വാട്ടർടാങ്ക് (31250 ലിറ്റർ) എന്നിവ പണിയുകയും മോട്ടോർ പമ്പ്, പൈപ്പ് ലൈനുകൾ, അനുബന്ധ സാധനങ്ങൾ സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു വിഭാവന ചെയ്തിരുന്ന പദ്ധതിയുടെ രൂപരേഖ. ഈ പദ്ധതിക്ക് നാളിതുവരെ 5,57,966 രൂപ താഴെ കാണും പ്രകാരം ചെലവഴിച്ചിട്ടുണ്ട്

| ഇനം | തുക (രൂപ) | ചെക്ക് നം./തീയതി |
|---|---|---|
| 1998-99 മൊബിലൈസേഷൻ അഡ്വാൻസ് | 50,000 | 98455/11-3-99 |
| 2000-01 പാർട്ട് ബിൽ | 80,000 | 123706/31-1-01 |
| 2005-06 ഫൈനൽ ബിൽ | 83,535 | 43/05-06<br>16.12.05 |
| ടാക്സ് & നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 32,031 | |
| നൽകിയിരിക്കുന്ന 75 എം.എം.ജി.ഐ. പൈപ്പിന്റെ വില | 3,12,400 | |
| **ആകെ** | **5,57,966** | |

<u>പദ്ധതി നടത്തിപ്പ് രേഖകളിലൂടെ ചുരുക്കത്തിൽ</u>

പല ഘട്ടങ്ങളായി പൂർത്തിയാക്കുവാൻ തീരുമാനിച്ചിരുന്ന ഈ പദ്ധതിയ്ക്ക് 1999-2000-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് താഴെ പറയും പ്രകാരമാണ്.

<u>അടങ്കലിന്റെ സംഗ്രഹം</u>

| | | ഇനം | തുക (രൂപ) |
|---|---|---|---|
| അനുബന്ധം | എ | കുളം നിർമ്മാണം | 27,488 |
| | ബി | മോട്ടോർപുര നിർമ്മാണം | 24,615 |
| | സി | ഗ്രൗണ്ട് ലെവൽ-ടാങ്ക് നിർമ്മാണം (31250 ലിറ്റർ) | 1,14,086 |
| | ഡി | പൈപ്പ് ലൈൻ സ്ഥാപിക്കൽ | 3,90,550 |
| | | **ആകെ** | **5,56,739** |
| | | മാനേജ്മെന്റ് ചാർജ്ജുകൾ | 55,674 |
| | | അപ്രതീക്ഷിത ചെലവുകൾ | 87 |
| | | **ആകെ** | **6,12,500** |

1998-99-ൽ കൺവീനർ ശ്രീ. പി. എം. ജോർജ്ജ് 9-3-1999-ൽ പഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി കുളം, പമ്പ്ഹൗസ് എന്നിവ പണിതു. ഡിപ്പാർട്ടുമെന്റ് സപ്ലൈ ചെയ്ത 1100 മീറ്റർ 75 എം.എം.ജി.ഐ. പൈപ്പ് സ്ഥാപിച്ചു. പദ്ധതിയുടെ പൂർത്തീകരണം ആരും തന്നെ സർട്ടിഫൈ ചെയ്തിട്ടില്ലെങ്കിലും 12/05 ൽ ഫൈനൽ ബിൽ നൽകുകയുണ്ടായി.

2006-07 വർഷ അക്കൗണ്ടിന്റെ ഓഡിറ്റ് വേളയിൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് ആരാഞ്ഞതിൽ പദ്ധതി നടക്കുന്നില്ല എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. കൺവീനർ ശ്രീ. ജോർജ്ജിനോട് ഹാജരാകുവാൻ വാർഡ് മെമ്പർ മുഖേന ആവശ്യപ്പെട്ടെങ്കിലും ടിയാൻ വിമുഖത കാണിക്കുന്നു എന്ന് അറിയിച്ചു. തുടർന്ന് 17,18-8-2009 തീയതികളിൽ പദ്ധതി നിലവിലുള്ള വാർഡിലെ മെമ്പറുമായി നേരിട്ട് കണ്ട് നടത്തിയ അവലോകനത്തിൽ 5,57,966 രൂപ മുടക്കിയിട്ടും ലക്ഷ്യപ്രാപ്തി കൈവരിക്കാതെ നഷ്ടമായിരിക്കുന്നതാണ് കാണുവാൻ സാധിച്ചത്.

<u>വിശദവിവരം ചുവടെ ചേർക്കുന്നു.</u>

1. കുളം-പമ്പ് ഹൗസ് എന്നിവ ശ്രീ. സിദ്ധാർദ്ധൻ സറണ്ടർ നൽകിയ സ്ഥലത്ത് പണിതിട്ടുള്ളതായി കാണുവാൻ സാധിച്ചു.

2. സ്ഥാപിച്ച പൈപ്പു ലൈനുകൾ എല്ലാം താറുമാറായി കാണുന്നുണ്ടെങ്കിലും കൃത്യമായ അളവ് പരിശോധനാ വിധേയമാക്കേണ്ടതുണ്ട്.

3. പണിതിരിക്കുന്ന ടാങ്ക് ജോസഫ് ചാക്കോ വയലിൽ എന്നയാളുടെ പുരയിടത്തിൽ ഉണ്ടെന്നും നിലവിൽ ഉപയോഗിക്കത്തക്കതാണെന്നും ടിയാന്റെ ഭാര്യ രേഖാമൂലം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുകയുണ്ടായി.

4. പരിശോധനാ വേളയിൽ ഈ പദ്ധതിയുടെ കൺവീനർ ജോർജ്ജിന്റെ വീട്ടിലെ കാർഷെഡ്ഡിൽ ഈ പദ്ധതിക്കുവേണ്ടി വാങ്ങിയ മോട്ടോർ വർഷങ്ങളായി സൂക്ഷിച്ചിരിക്കുകയാണെന്ന് പദ്ധതിയുടെ ചെയർമാൻ, മറ്റ് ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും അറിയുവാൻ സാധിച്ചു. ഇവരുടെ സാന്നിദ്ധ്യത്തിൽ ടിയാന്റെ വീട്ടിൽ നേരിട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ മോട്ടോറിന്റേയും അനുബന്ധ സാധനങ്ങളുടെയും ഫോട്ടോ താഴെ കാണിച്ചിരിക്കുന്നു.

5. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളിൽ 75 എം.എം. പൈപ്പും ടി മോട്ടോറും വാങ്ങിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഇതേ പ്രദേശത്തുതന്നെ ഇതേ കാലയളവിലുള്ള മേൽ പരാമർശിച്ചിരിക്കുന്ന തേങ്ങാക്കൽ-മ്ലാമല-ഇണ്ടൻചോല ജലസേചന പദ്ധതിയിൽ സിഡ്കോ സപ്ലൈ ചെയ്തിരിക്കുന്ന 2000 മീറ്റർ 75 എം.എം. ജി.ഐ. പൈപ്പിൽ കൺവീനർ കൈപ്പറ്റിയതായി കാണിച്ചിരിക്കുന്ന 900 മീറ്റർ കിഴിച്ച് ബാക്കിയുള്ള 1100 മീറ്ററാണോ എന്ന് ഓഡിറ്റ് സംശയിക്കുന്നു. മാത്രമല്ല കൺവീനറുടെ വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന മോട്ടോറും അനുബന്ധ സാമഗ്രികളും തേങ്ങാക്കൽ മ്ലാമല-ഇണ്ടൻചോല ജലസേചന പദ്ധതിയിലെ ബില്ലു പ്രകാരം വാങ്ങിയതാവാം. എന്തായിരുന്നാലും ഈ രണ്ടു പ്രവൃത്തിയുടെയും ഉത്തരവാദികൾ ഇക്കാര്യത്തിൽ തികച്ചും അജ്ഞരാണെന്ന് അളവു ബുക്കുകളിൽ നിന്നും അനുബന്ധ രേഖകളിൽ നിന്നും മനസ്സിലാക്കുന്നു. പ്രവൃത്തിയുടെ അളവെടുത്ത - മേൽ പരിശോധന നടത്തിയ എഞ്ചിനീയർമാരുടെ കൃത്യവിലോപം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

6. മ്ലാമല-പുതുവൽ ജലസേചന പദ്ധതിയുടെ ചെയർമാൻ, ഗുണഭോക്താക്കൾ എന്നിവർ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റിൽ 500 രൂപ വീതം എല്ലാവരിൽ നിന്നും കൺവീനർ വാങ്ങിയിട്ടുണ്ടെന്ന് പറയുന്നു. പഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് 1,10,000 രൂപ അടച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ടി പണം ഒടുക്കിന്റെ വിവരങ്ങൾ ഉറപ്പാക്കുന്ന രേഖകൾ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല.

ചുരുക്കത്തിൽ 1998-99 മുതൽ 5.5 ലക്ഷം രൂപയോളം മുടക്കിയിട്ടും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഉത്തരവാദിത്വമില്ലായ്മമൂലം പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാതെ പൊതുപണം പാഴ്ചെലവാക്കിയ ഗുരുതരമായ സാഹചര്യമാണ് കാണുവാൻ സാധിച്ചത്.

ഈ പദ്ധതികൾ ഇനിയും പ്രാവർത്തികമാക്കണമെങ്കിൽ കുഴലുകൾ, വൈദ്യുതി തുടങ്ങിയവയ്ക്കുവേണ്ടി ലക്ഷക്കണക്കിന് തുക വീണ്ടും ചെലവു ചെയ്യേണ്ടിവരുമെന്ന ആശങ്കയിലും 10 വർഷമായി ഒരു പ്രാവശ്യം പോലും പ്രവർത്തിക്കാത്ത മോട്ടോറും അനുബന്ധ സാമഗ്രികളും പ്രയോജനപ്പെടുമോ എന്ന ആകാംക്ഷയിലുമാണ് ഗുണഭോക്താക്കൾ. എന്നാൽ തുടർചെലവു (recurring expenses) വരുന്ന ഇത്തരം പദ്ധതികൾ ഈ പ്രദേശത്ത് ആവശ്യമില്ലെന്നും തേങ്ങാക്കൽ-മ്ലാമല ഇണ്ടൻചോല-പുതുവൽ മലയുടെ മുകളിൽ ഒരു ചെക്ക് ഡാം പണിതാൽ Gravity flow-യിൽ എല്ലാ കാലാവസ്ഥയിലും ധാരാളം ജലം ലഭിക്കത്തക്ക natural source ഉണ്ടെന്നും ഇത് ഈ രണ്ട് പദ്ധതിക്കും കൂടുതൽ പേർക്കും പ്രയോജനപ്പെടുമെന്ന് ഗുണഭോക്താക്കൾ അഭിപ്രായപ്പെടുകയുണ്ടായി.

ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവർ പ്രാദേശികമായ ഇത്തരം അറിവുകളും കൂടി സംയോജിപ്പിച്ച്, ദീർഘ വീക്ഷണത്തോടെ വ്യക്തമായ പ്ലാനിംഗോടെ സുതാര്യമായി, ശാസ്ത്രീയമായി പദ്ധതികൾ നടപ്പിലാക്കാത്തതിനാലാണ് 1998-00-ൽ സ്ഥാപിച്ച മോട്ടോറുകൾ ഒരു പ്രാവശ്യം പോലും പ്രവർത്തിക്കാതെയും ഒരു തുള്ളി വെള്ളം പോലും കുഴലുകളിലൂടെ ഒഴുക്കാതെയും 23 ലക്ഷം രൂപയോളം പാഴ്ച്ചെലവു ചെയ്ത് ടി പദ്ധതികൾ തികഞ്ഞ പരാജയമായി തുടരുന്നത്. ജനകീയാസൂത്രണത്തിന്റെ അന്തഃസത്തയെയും ഉദ്ദേശലക്ഷ്യങ്ങളെയും ഇത്തരം പ്രവർത്തനങ്ങൾ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.21 (2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

109. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ജലസേചന പദ്ധതിക്കായി 5,57,966 രൂപ വകയിരുത്തി കുളം നിർമ്മിച്ചെങ്കിലും വെള്ളപ്പൊക്കം മൂലം ചെളി കയറി ഉപയോഗശൂന്യമാകുകയും മോട്ടോർ പുരയും മോട്ടോറും വെള്ളം കയറി നശിക്കുകയുമുണ്ടായെന്നും ഇതിന്റെ കുടിവെള്ള സ്രോതസ്സ് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലായിരുന്നുവെന്നും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

110. സറണ്ടർ ചെയ്ത് നൽകിയ സ്ഥലത്താണ് കുളം നിർമ്മിച്ചിരിക്കുന്നത് എന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ടെന്നും സറണ്ടർ ചെയ്താൽ അത് പഞ്ചായത്ത് വക ഭൂമിയാണെന്നും മൂലധന നിക്ഷേപം നടത്തുമ്പോൾ സറണ്ടർ ചെയ്ത ഭൂമി പഞ്ചായത്തിന്റെ പേരിൽ പോക്ക്‌വരവ് ചെയ്ത് ആസ്തി രേഖയിൽ വരേണ്ടതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദമാക്കി.

111. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**112. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ 5,57,966 രൂപ ചെലവഴിച്ചിട്ടും എങ്ങുമെത്താത്ത ജലസേചന പദ്ധതിയെ സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മാങ്കുളം ഗ്രാമപഞ്ചായത്ത്**

**വൈദ്യുതി ഇല്ലാതെ വൈദ്യുതി നിലയം - ചെലവ് 83.57 ലക്ഷം**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക നമ്പർ 3.1

മൂന്നാർ ഗ്രാമപഞ്ചായത്തിലെ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ പ്പെടുത്തി പാമ്പുംകയത്ത് 50 കെ.ഡബ്ല്യൂ. ശേഷിയുള്ള ഒരു ചെറുകിട ജല വൈദ്യുതപദ്ധതി സ്ഥാപിക്കുവാൻ തീരുമാനിച്ചു. പഞ്ചായത്ത് സെക്രട്ടറിയായിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് (സിൽക്ക്) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും പവ്വർഹൗസ് സ്ഥാപിക്കുന്നതിനും പഞ്ചായത്ത് അനുമതി നൽകി. ഈ പദ്ധതി ടേൺ കീ

അടിസ്ഥാനത്തിൽ ചെയ്യുന്നതിന് 27-3-1999-ൽ മൂന്നാർ ഗ്രാമപഞ്ചായത്ത് സിൽക്കുമായി ഉടമ്പടിവച്ചു എന്ന് ഹാജരാക്കിയ ചില ഫയലുകളിൽ നിന്നും മനസ്സിലാകുന്നു. എന്നാൽ ഈ വിവരങ്ങൾക്ക് ആധാരമായ പല ഔദ്യോഗിക രേഖകളും മാങ്കുളം പഞ്ചായത്തിൽ ലഭ്യമല്ല. എന്നിരുന്നാലും ലഭ്യമായവയുടെ അടിസ്ഥാനത്തിൽ താഴെ കാണിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തുന്നു.

1999-2000-ൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിന്നും 43.46 ലക്ഷം രൂപയും 2002-ൽ മാങ്കുളം പഞ്ചായത്ത് 7,20,142 രൂപയും (ആകെ 50.66 ലക്ഷം രൂപ) സിൽക്കിന് മുൻകൂർ നൽകിയിട്ടുള്ളതായി ഫയലുകളിൽ നിന്നും വ്യക്തമാകുന്നു. തുടർന്ന് സിൽക്ക് തയ്യാറാക്കി സമർപ്പിച്ച 67 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 100 കെ.ഡബ്ല്യൂ. ശേഷിയുള്ള തുടർ പദ്ധതിക്ക് 31-3-2001-ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി.

പദ്ധതിയുടെ അനുബന്ധ പ്രവൃത്തികളായ വൈദ്യുത വിതരണ ശൃംഖല സർക്കാർ നിർദ്ദേശമനുസരിച്ച് എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇം.എം.സി.) സഹകരണത്തോടെ നടപ്പിലാക്കി. ഇ.എം.സി.യുടെ സാങ്കേതിക നിർദ്ദേശത്തിലും മേൽ പരിശോധനയിലും 11 കെ.വി.ലൈൻ, ട്രാൻസ്ഫോർമർ, ഹൈടെൻഷൻ/ലോടെൻഷൻ ലൈനുകൾ തുടങ്ങിയ വിതരണ സംവിധാനങ്ങൾ പവ്വർ ബെസ്റ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം വഴി 32,91,240 രൂപ ചെലവഴിച്ച് 28.10.2004-ൽ പൂർത്തിയാക്കി. ആദ്യഘട്ടത്തിൽ 360 ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തു.

വൈദ്യുതി വിതരണത്തിനായി പഞ്ചായത്ത് ഒരു സൊസൈറ്റി 1-6-2005-ൽ രൂപീകരിച്ചെങ്കിലും അത് വിജയിച്ചില്ല. സൊസൈറ്റിയുടെ ഒരു കണക്കും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് പരാജയപ്പെട്ട അവസ്ഥയിൽ 15-6-2005-ൽ പ്രിൻസിപ്പൽ സെക്രട്ടറി (പവ്വർ) യുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ വിതരണ ശൃംഖലയ്ക്കായി സ്ഥാപിച്ച ലൈനുകളും മറ്റ് ഉപകരണങ്ങളും വൈദ്യുതി ബോർഡിന് കൈമാറുന്നതിന് പഞ്ചായത്തിനോട് നിർദ്ദേശിച്ചു. തുടർന്ന് 12-10-2006-ൽ പഞ്ചായത്ത് സ്ഥാപിച്ച വൈദ്യുതി ശൃംഖല വൈദ്യുതി ബോർഡിന് കൈമാറി. വൈദ്യുതി നിലയത്തിലെ സാങ്കേതിക പ്രശ്നങ്ങൾമൂലം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, വൈദ്യുതി ബോർഡിന്റെ ശൃംഖലയിലേക്ക് സന്നിവേശിപ്പിക്കാൻ സാധിക്കാതിരുന്നതിനെ തുടർന്ന് ഒക്ടോബർ 2006 മുതൽ വൈദ്യുതി ഉൽപ്പാദനം നിറുത്തിവച്ചു.

പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സിൽക്കിന് രണ്ട് ഗഡുക്കളായി 50,66,142 രൂപ മുൻകൂർ നൽകിയെങ്കിലും ആകെ ചെലവാക്കിയ തുക, ബാക്കി തുക എന്നിവയുടെ വിശദമായ വിവരങ്ങൾ സിൽക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടുമില്ല.

2. നിലവിലുള്ള വൈദ്യുതി നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഏതുതരത്തിൽ വൈദ്യുതി ബോർഡിന്റെ സാങ്കേതിക നിലവാരത്തിലേക്ക് സമന്വയിപ്പിക്കാമെന്ന് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് അധികൃതർ യാതൊരു ശുഷ്കാന്തിയും കാണിച്ചിട്ടില്ല. ഇത്തരത്തിൽ വൈദ്യുതി ബോർഡിന് വൈദ്യുതി നൽകാതിരുന്നതുമൂലം ഒക്ടോബർ 2006 മുതൽ വൻനഷ്ടം ദൈനംദിനം പഞ്ചായത്തിന് സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

3. പ്രിൻസിപ്പൽ സെക്രട്ടറി (പവ്വർ) യുടെ ചേമ്പറിൽ 15-6-2005-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതു പ്രകാരം പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വിതരണ ശൃംഖലയുടെ മൂല്യമായി വൈദ്യുതി ബോർഡ് നിർണ്ണയിച്ചിരിക്കുന്നത് 25,86,756 രൂപയാണ്. എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇ.എം.സി.) സാങ്കേതിക നിർദ്ദേശം, മേൽപ്പരിശോധന എന്നിവ പ്രകാരം പഞ്ചായത്ത് 2004-ൽ 32,91,240 രൂപ ചെലവഴിച്ച വൈദ്യുതി വിതരണ ശൃംഖലാ സംവിധാനങ്ങൾക്ക് 25,86,756 രൂപ മാത്രമാണ് വൈദ്യുതി ബോർഡ് മൂല്യം കണക്കാക്കിയിരിക്കുന്നത്. വൈദ്യുതി ബോർഡ് ഏകപക്ഷീയമായി നടത്തിയ ഈ മൂല്യനിർണ്ണയത്തിന്റെ കൃത്യത പഞ്ചായത്ത് തലത്തിൽ വിലയിരുത്തുന്നതിന് സാധ്യമല്ലാത്തതിനാൽ ഇ.എം.സി.യെയോ ഈ രംഗത്തെ വിദഗ്ധരായ മറ്റ് ഏജൻസികളെയോ കൊണ്ട് വിലയിരുത്തേണ്ടതായിരുന്നു. ഇതിനുള്ള ശ്രമങ്ങൾ നാളിതുവരെ പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല.

4. വിതരണ ശൃംഖലയുടെ മൂല്യവും കെ.എസ്.ഇ.ബി.ക്ക് നൽകാനുള്ള തുകയും ചേർത്തുള്ള സെറ്റിൽമെന്റായി ആകെ 13,73,562 രൂപ പഞ്ചായത്തിന് 7-7-09-ൽ വൈദ്യുതി ബോർഡ് 456178-ാം നമ്പർ ചെക്കായി നൽകിയിട്ടുണ്ട്. എന്നാൽ ആസ്തി വിറ്റു ലഭിച്ച ഈ മൂലധന വരവ് (ക്യാപിറ്റൽ റസീറ്റ്) നിലവിൽ പഞ്ചായത്തിന്റെ ദൈനം ദിനാവശ്യങ്ങൾക്ക് ചെലവാക്കിക്കൊണ്ടിരിക്കുന്ന (റവന്യൂ എക്സ്പെൻഡിച്ചർ) ദയനീയ അവസ്ഥയാണ് കാണുന്നത്. ടി തുക അത്യാവശ്യമായി പ്രാവർത്തികമാക്കേണ്ട വൈദ്യുതി ഉൾപ്പാദന നിലയത്തിലെ സിങ്കണൈസിംഗ് സംവിധാനത്തിനുപോലും ഉപയോഗിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിലും സമീപനത്തിലും പഞ്ചായത്ത് അധികൃതരുടെ ഇത്തരത്തിലുള്ള തികഞ്ഞ അലംഭാവമാണ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത്.

ടി പദ്ധതിയുടെ നേരിട്ടുള്ള പരിശോധനയിൽ വൈദ്യുതി ഉൽപ്പാദന നിലയത്തിലെ സാധനങ്ങൾ തികച്ചും സുരക്ഷിതമല്ലാത്ത അവസ്ഥയിലാണ് എന്ന് കാണുവാനിടയായി. ഉന്നതാധികാരികൾ ഇക്കാര്യത്തിൽ വേണ്ട സത്വര നടപടികൾ സ്വീകരിക്കാത്ത പക്ഷം ലക്ഷങ്ങൾ മുടക്കിയിരിക്കുന്ന വൈദ്യുതി ഉൽപാദന നിലയത്തിലെ സകല സംവിധാനങ്ങളും അനതി വിദൂരഭാവിയിൽ നശിച്ചു പോകുവാനിടയുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.22(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

113. ആദ്യഘട്ടത്തിൽ പ്രസ്തുത പദ്ധതി മുഖേന 360 ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചുവെന്നും മാങ്കുളം ഹൈഡ്രോ ഇലക്ട്രിക് വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതോല്പാദനം ആരംഭിച്ച 3-8-2012 മുതൽ 2018-ലെ പ്രളയംമൂലം കേടുപാടുകൾ സംഭവിക്കുന്നത് വരെ വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്ത ഇനത്തിൽ ഏകദേശം 33,45,777 രൂപ ലഭിച്ചിട്ടുണ്ടെന്നും പ്രളയംമൂലം പ്രവർത്തനരഹിതമായ പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിക്കുകയും കോ-ഓർഡിനേഷൻ സമിതിയുടെ അനുമതിയോടെ എനർജി മാനേജ്മെന്റ് സെന്ററിനെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും കരാർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മാങ്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകി.

114. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**115. മാങ്കുളം ഗ്രാമപഞ്ചായത്തിലെ വൈദ്യുതി നിലയത്തെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

### തിരുവനന്തപുരം ജില്ല

ഓഡിറ്റ് ഖണ്ഡിക

**കുളത്തൂർ ഗ്രാമപഞ്ചായത്ത്**

**നിർമ്മാണം പൂർത്തിയായിട്ടും ഖരമാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്നില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08 ,ഖണ്ഡിക നമ്പർ 3-9

| | |
|---|---|
| • | അംഗീകാരമില്ലാത്ത സ്ഥാപനത്തെ ഖരമാലിന്യ പ്ലാന്റ് നിർമ്മാണം ഏൽപ്പിച്ചു |
| • | പ്ലാന്റിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ശുചിത്വ മിഷന്റെയും അംഗീകാരമില്ല |
| • | പ്ലാന്റ് സ്ഥാപിച്ചെങ്കിലും പ്രവർത്തനം തുടങ്ങിയില്ല |

ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 2007-08 വർഷം മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചതിന് താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | = 248391 (അളവു പുസ്തകം 192/07-08 പേജ് 27) |
| (-) നികുതികൾ | = 15510 |
| കരാറുകാരന് (കെ.എസ്. ശ്രീകുമാർ) | |
| നൽകിയ തുക | **232881** (ബിൽ)നമ്പർ 32/07-08 തീ: 31-3-08) |
| | ====== |

ടി പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 3-3-05-ലെ ജി.ഒ.(ആർ.ടി.) 796/05/ത.സ്വ.ഭ.വ. ഉത്തരവിൽ, ഖരമാലിന്യ സംസ്കരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സേവന ദാതാക്കളായി ഏതാനും സ്ഥാപനങ്ങളെ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സേവനദാതാക്കളുടെ ഈ പട്ടികയിൽപ്പെട്ട സ്ഥാപനമല്ല മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചത്.
2. വിവിധ പ്രദേശങ്ങളിൽ നിന്ന് മാലിന്യ നീക്കം നടത്തി, സംസ്കരണ പ്ലാന്റുകളിൽ നിക്ഷേപിക്കുന്നതിനെക്കുറിച്ച് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.
3. മാലിന്യ സംസ്കരണത്തിന് പൊല്യൂഷൻ ബോർഡിന്റെയോ ശുചിത്വമിഷന്റെയോ അംഗീകാരം വാങ്ങിയതായി കാണുന്നില്ല.
4. മാലിന്യ സംസ്കരണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്ലാന്റുകൾ സ്ഥാപിച്ചതിൽ കവിഞ്ഞ് മറ്റൊരു പ്രവർത്തനവും ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിൽ നിന്നും 248391 രൂപ പാഴായിപ്പോയതായി കണക്കാക്കുന്നു. 2007-08-ൽ വികസന ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണ സംവിധാനത്തിനായി ചെലവഴിച്ച 248391 രൂപ ഓഡിറ്റിൽ ഈ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :</u>

ശ്രീ. വി. ചന്ദ്രശേഖരൻ നായർ (സെക്രട്ടറി)

ഔദ്യോഗിക മേൽവിലാസം : സൂപ്രണ്ട്, എ.ഡി.പി. ഓഫീസ് , തിരുവനന്തപുരം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.1 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

116. പ്രസ്തുത പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, കുളത്തൂർ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ പ്ലാന്റ് നിർമ്മിച്ചത് തീരദേശത്താണെന്നും കടൽക്ഷോഭംമൂലം പ്രസ്തുത പ്ലാന്റ് ഉപയോഗശൂന്യമായ അവസ്ഥയിലാണെന്നും കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്ലാന്റിന്റെ പ്രവൃത്തി പൂർത്തിയായശേഷം എപ്പോഴെങ്കിലും അത് പ്രവർത്തിച്ചിട്ടുണ്ടോ എന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, മുൻപ് പ്രവർത്തനയോഗ്യമായിരുന്നുവെന്നും കടൽ ക്ഷോഭം, പ്രകൃതി ക്ഷോഭം, കാലപ്പഴക്കം എന്നിവ കാരണം പ്ലാന്റിന് കേടുപാടുകൾ സംഭവിച്ചതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

117. സമിതിയുടെ നിർദ്ദേശമനുസരിച്ച് സ്ഥലപരിശോധന നടത്തിയിരുന്നുവെന്നും പ്ലാന്റ് മുമ്പ് പ്രവർത്തിച്ചിരുന്നതായാണ് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും ഖരമാലിന്യ പ്ലാന്റ് എന്നുള്ള രീതിയിലായിരുന്നില്ല പകരം അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഒരു ചേംബറായിരുന്നു അവിടെ ഉണ്ടായിരുന്നതെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി. പഞ്ചായത്തിന് പ്രസ്തുത പ്ലാന്റ് ഇനിയാവശ്യമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാണ് പ്രസ്തുത പ്ലാന്റ് ഉപയോഗിച്ചിരുന്നതെന്നും നിലവിൽ ഹരിതകർമ്മസേന വഴി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് മറ്റൊരു ഏജൻസിക്ക് കൈമാറുന്നതിനാൽ പ്രസ്തുത സംവിധാനത്തിന്റെ ആവശ്യമില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**118. കുളത്തൂർ പഞ്ചായത്തിലെ ഖരമാലിന്യ പ്ലാന്റ് പ്രവർത്തിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്**

**അംഗൻവാടി നിർമ്മാണം പകുതിവഴിയിൽ നിർത്തി**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09, ഖണ്ഡിക നമ്പർ 3-7

29-10-2007-ലെ 499/07/എസ്.ഡബ്യൂ.ഡി.നമ്പർ ഉത്തരവുപ്രകാരം സുനാമി പുനരധിവാസ പദ്ധതിയിൽ 306 അംഗൻവാടികളുടെ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു. വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിയിലുൾപ്പെടുത്തി 8 കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുവാദം ലഭിക്കുകയും 6 കെട്ടിടങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. 43-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന്റെ പണി പൂർത്തിയാകാതെ വരികയും 87500 രൂപ പാർട്ട് പേയ്മെന്റായി നൽകുകയും ചെയ്തു (ചെക്ക് നമ്പർ 59278/23-9-2008).

സുനാമി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന 43-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് 3,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഗുണഭോക്തൃ സമിതി കൺവീനറായി ശ്രീമതി ലളിത, അംഗൻവാടി വർക്കറെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. റൂഫ്ലെവൽ പൂർത്തിയാക്കിയതായും, ഹാർബർ വകുപ്പിന്റെ അനുവാദമില്ലാത്തതുകൊണ്ട്, കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ഒന്നാംഘട്ടം 87,500 രൂപ കൺവീനർക്ക് നൽകി പണി അവസാനിപ്പിക്കുകയും ചെയ്തതായി ഫയലിൽ വ്യക്തമാക്കിയിരുന്നു. നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. തുറമുഖ വകുപ്പിന്റെ പേരിലുള്ള സ്ഥലത്ത് പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി ഹാർബർ വകുപ്പിന്റെ അനുവാദം വാങ്ങിയതായി രേഖകളില്ല. ഹാർബർ ഡിപ്പാർട്ട്മെന്റിന്റെ അനുവാദം ലഭിക്കാത്തതിനാൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉപേക്ഷിച്ചാണ് കൺവീനർക്ക് തുക നൽകിയിരിക്കുന്നത്. എന്നാൽ 19-6-2008-ലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയറുടെ 6623/ഡി.1/06/ഡി.ഇ. നമ്പർ കത്തിൽ സർവ്വേ നമ്പർ 76-ൽപ്പെട്ട 130 ച.മീ. സ്ഥലം വിഴിഞ്ഞം പഞ്ചായത്ത് അഭ്യർത്ഥിച്ചതനുസരിച്ച്, അംഗൻവാടി നടത്തുന്നതിന് വിട്ടുകൊടുക്കുന്നതിന് വകുപ്പിന് സമ്മതമാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ പഞ്ചായത്തിന്റെ വാദഗതി ശരിയല്ല എന്നു കാണുന്നു.

2. കെട്ടിടത്തിന്റെ റൂഫ്ലെവൽ പൂർത്തിയാക്കിയതായി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക സാമൂഹ്യക്ഷേമ ബോർഡിൽ നിന്ന് കൺവീനർക്ക് അനുവദിച്ചത്. എന്നാൽ നിർമ്മാണത്തിന്റെ മൂല്യ നിർണ്ണയം നടത്തി അളവ്

പുസ്തകത്തിൽ രേഖപ്പെടുത്താതെയാണ് തുക നൽകിയത്. നിർദ്ദിഷ്ട സ്ഥലം പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ ബേസ്മെന്റ് മാത്രമേ കാണാൻ കഴിഞ്ഞിട്ടുള്ളൂ. ആയതിനാൽ 87,500 രൂപ പാഴ്ചെലവായി കണക്കാക്കാവുന്നതാണ്, തെറ്റായ റിപ്പോർട്ട് നൽകിയതും പാർട്ട് ബിൽ തയ്യാറാക്കാതെ, തുക നൽകിയതും കാരണം അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടിക്രമത്തിലുണ്ടായ വീഴ്ചയാണ്. ആയതിനാൽ ടി തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>:

ശ്രീ. കെ. ഗോപിനാഥൻ നാടാർ, അസിസ്റ്റന്റ് എഞ്ചിനീയർ

സ്വരമാലിക, പരണിയം, കാഞ്ഞിരംകുളം പി.ഒ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.2 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

119. വിഴിഞ്ഞം, ഗ്രാമപഞ്ചായത്തായിരുന്ന സമയത്ത് ചെയ്ത പ്രവൃത്തിയാണിതെന്നും 2010-ൽ വിഴിഞ്ഞം പഞ്ചായത്തിനെ തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുൾപ്പെടുത്തുന്ന സമയത്ത് നടന്നുവന്നിരുന്ന അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണം പിന്നീട് മുന്നോട്ടുപോയില്ലെന്നും പകരം മറ്റൊരു സ്ഥലത്ത് അംഗൻവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് നൽകിയ 87,500 രൂപ നഷ്ടമായെന്നത് വാസ്തവമാണെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലുകളൊന്നും നഗരസഭയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാൻ സാധിക്കില്ലെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

120. നഗരസഭകളിലേയ്ക്കുള്ള പഞ്ചായത്തുകളുടെ കൂട്ടിച്ചേർക്കലിന്റെ ഭാഗമായി ഫയലുകൾ നഷ്ടപ്പെടുന്ന സംഭവങ്ങൾ നിരവധിയാണെന്നും ഫയൽ ലഭ്യമല്ലാത്തതിനാൽ ഉത്തരവാദിയായവർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു.

121. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അനുമതി ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് കെട്ടിട നിർമ്മാണം അവസാനിപ്പിച്ചിരിക്കുന്നതെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്നും എന്നാൽ പ്രസ്തുത വകുപ്പിന്റെ സമ്മതപത്രമുണ്ടായിരുന്നെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ നടത്തിയ സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നഗരസഭയ്ക്ക് കൈമാറിയിട്ടില്ലെങ്കിലും

ഉത്തരവാദിയായ എഞ്ചിനീയറുടെ സേവന വിവരങ്ങൾ പഞ്ചായത്ത് വകുപ്പിലോ ഡയറക്ടറേറ്റിലോ അന്വേഷിച്ചാൽ കണ്ടെത്താൻ കഴിയുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. ആയത് പരിശോധിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

122. മേൽ വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**123. നഗരസഭകളിലേക്കുള്ള പഞ്ചായത്തുകളുടെ കൂട്ടിച്ചേർക്കലിന്റെ ഭാഗമായി ഫയലുകൾ നഷ്ടപ്പെടുന്ന സംഭവങ്ങൾ നിരവധിയാണെന്നും ഫയൽ ലഭ്യമല്ലാത്തതിനാൽ ഉത്തരവാദിയായവർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അനുമതി ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ അംഗൻവാടി നിർമ്മാണം അവസാനിപ്പിച്ചിരിക്കുന്നതെന്നും എന്നാൽ പ്രസ്തുത വകുപ്പിന്റെ സമ്മതപത്രമുണ്ടായിരുന്നെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**എറണാകുളം ജില്ല**

ഓഡിറ്റ് ഖണ്ഡിക

**മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്**

**സ്വന്തമല്ലാത്ത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - പദ്ധതിപ്പണം പാഴായി**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-15

2004-05 വർഷത്തെ വാർഷിക പദ്ധതിയിൽ എസ്.സി.പി.വിഭാഗത്തിൽ പ്രോജക്ട് നമ്പർ 82/05 നമ്പരായി 8,00,000 രൂപ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും വാങ്ങി (987/2004/ഡി.പി.സി./ഇ.കെ.എം. തീയതി : 13-8-2004). എന്നാൽ സാങ്കേതിക ഉപദേശക സമിതിയുടെ ശിപാർശയിൽ [10-8-2004-ലെ എസ്.സി./എസ്.ടി.(19)04/04] സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറണമെന്ന്

വ്യക്തമാക്കിയിരുന്നു. ഉദയംപേരൂർ പഞ്ചായത്തിൽപ്പെട്ട മാളേക്കാട് ശ്രീ ഷൺമുഖവിലാസം പുലയസമാജം വക സ്ഥലത്താണ് കമ്മ്യൂണിറ്റി ഹാൾ പണിയുവാൻ ഉദ്ദേശിച്ചിരുന്നത്. സ്ഥലം പഞ്ചായത്തിലേയ്ക്ക് വിട്ടുതന്നു കൊണ്ടുള്ള രേഖകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിരുന്നില്ല. പകരം 29-3-2005-ൽ വാങ്ങിയ 50 രൂപ മുദ്രപ്പത്രത്തിൽ ക്ഷേത്ര സമിതിയ്ക്കുവേണ്ടി പ്രസിഡന്റ്, സെക്രട്ടറി തുടങ്ങി 5 ഭാരവാഹികൾ ചേർന്ന് ഒപ്പിട്ടു നൽകിയ ഒരു സമ്മതപത്രം മാത്രമാണ് ഫയലിൽ കാണുന്നത്. 31-7-2004-ൽ ശ്രീഷണ്മുഖ വിലാസം പുലയ സമാജം പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് എഴുതി നൽകിയ സമ്മതപത്രത്തിൽ സമാജം വക സർവ്വേ 153/2-ൽപ്പെട്ട സ്ഥലം വിട്ടുതരുവാൻ സമ്മതമാണെന്ന് അറിയിച്ചിരുന്നു. ഇതിനാലാവാം ഇത്തരത്തിൽ ഒരു പദ്ധതിയ്ക്ക് പഞ്ചായത്ത് രൂപം നൽകിയതെന്നും കരുതുന്നു. എന്നിരുന്നാലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്ത് നിയമാനുസൃതം ഏറ്റെടുക്കേണ്ടതായിരുന്നു. ഇത് അന്ന് സെക്രട്ടറിയായിരുന്ന ശ്രീ.പി.വി. തോമസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. സ്ഥലം ലഭിക്കാതെ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ കരാറുകാരനായ ശ്രീ.എ.ടി. പ്രമോദ് എന്നയാളുമായി 15-3-05-ൽ സെക്രട്ടറി ഒപ്പുവയ്ക്കുകയുണ്ടായി. തുടർന്ന് ഒന്നാം ഭാഗിക ബിൽ തയ്യാറാക്കി നിയമപ്രകാരമുള്ള കിഴിവുകൾ കഴിച്ച് (ബിൽ തുക 1,02,723-വിൽപ്പന നികുതി 6615, ആദായ നികുതി 2095, നി.തൊ.ക്ഷേമ നിധി വിഹിതം 1021, റീടെൻഷൻ 10272) 82,714 രൂപ 8-4-2005-ലെ ഡി.ഡി.നമ്പർ 740443 പ്രകാരം കരാറുകാരന് നൽകുകയുണ്ടായി. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്ന സ്ഥലം നിയമാനുസൃതം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയില്ലെന്ന കാരണത്താൽ പിന്നീട് കരാറുകാരന് തുകയൊന്നും നൽകിയില്ല. മേൽ സാഹചര്യത്തിൽ തുടർന്നുനടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറുകാരന് തുക നൽകാതിരുന്നതിനാൽ അദ്ദേഹം ഓംബുഡ്സ്മാൻ മുമ്പാകെ പരാതി സമർപ്പിക്കുകയും, നിർമ്മാണ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി കരാറുകാരന് ബാക്കി തുക നൽകുവാൻ 17-10-2007-ൽ ഉത്തരവാകുകയും ചെയ്തു. (ഒ.പി.നമ്പർ 745/07) ആയതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തി 2,08,960 രൂപ അനുവദിച്ചു നൽകിയതായി കാണുന്നു. 2007-08 വർഷത്തിലും 8,07,549 രൂപ വകയിരുത്തി സ്പിൽ ഓവർ പ്രോജക്ട് ആയി അംഗീകാരം വാങ്ങിയിരുന്നു. എങ്കിലും സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടാതിരുന്ന സാഹചര്യത്തിൽ പണി പൂർത്തീകരിക്കുകയുണ്ടായില്ല.

വേണ്ടത്ര ആലോചനയോ മുൻകരുതലോ എടുക്കാതിരുന്നതുമൂലം പദ്ധതി പൂർത്തീകരിക്കപ്പെടാത്ത നിലയിൽ കിടക്കുന്നു. ഈ സാഹചര്യത്തിൽ പദ്ധതി പ്രവർത്തനത്തിനായി ഉപയോഗിച്ച 3,01,412 രൂപ പാഴ്ചെലവായി കണക്കാക്കുന്നു. തുക ഉത്തരവാദിയായ സെക്രട്ടറി ശ്രീ.പി.വി. തോമസിൽ നിന്നും ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ശ്രീ.പി.വി. തോമസ്, സെക്രട്ടറി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.7(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

124. പ്രസ്തുത ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പുലയ സമാജത്തിന്റെ പേരിലുള്ള സ്ഥലത്താണ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചതെന്നും സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കാമെന്ന സമ്മതപത്രത്തിന്മേലാണ് പണി ആരംഭിച്ചതെങ്കിലും സ്ഥലം നിയമാനുസൃതം ഏറ്റെടുക്കാതിരുന്നതിനാൽ പ്രവൃത്തി നടത്തുന്നതിനായി വിനിയോഗിച്ച തുക പാഴ്ചെലവായി കണക്കാക്കി അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ബാധ്യത ചുമത്തിയിരുന്നുവെന്നും അതിനെതിരെ അദ്ദേഹം ബഹു. ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തുവെന്നും നിലവിൽ പ്രസ്തുത കെട്ടിടം പഞ്ചായത്തിന് കൈമാറിയിട്ടില്ലെങ്കിലും പണി പൂർത്തീകരിക്കുകയും പദ്ധതി വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ടെന്നും മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകി.

125. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**126. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**തൃശ്ശൂർ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**കടങ്ങോട് ഗ്രാമപഞ്ചായത്ത്**

**ഷോപ്പിങ്ങ് കോംപ്ലക്സ് നിർജ്ജീവ ആസ്തിയായി 4 വർഷമായി കിടക്കുന്നത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 2-2

പഞ്ചായത്ത് വക മരത്തംകോട് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച്

മൂന്ന് വർഷമായിട്ടും ഉപയോഗിക്കാതെ കിടക്കുന്നതായി കാണുന്നു. 2007 ജനുവരി മുതൽ വാടകയ്ക്ക് നൽകാമെന്ന് തീരുമാനിച്ച് 8-12-06-ലെ പഞ്ചായത്ത് കമ്മിറ്റി ഷോപ്പിങ്ങ് കോംപ്ലക്സിന്റെ ബൈലോ അംഗീകരിച്ചിരുന്നതാണ്. (തീരുമാനം. 111(1)/06). പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് 29-9-08-ലാണ് ബൈലോ അംഗീകരിച്ച് വന്നത് എന്നാണ് വിശദീകരിച്ചത്. ബൈലോ അംഗീകാരം സംബന്ധിച്ച് ഫയൽ പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല. 1997-98-ൽ തുടങ്ങി 8 ലക്ഷം രൂപ ചെലവ് ചെയ്ത് 2005 സെപ്റ്റംബറിൽ പൂർത്തിയായ കെട്ടിടം പഞ്ചായത്തിന് വരുമാനം ലഭിക്കാതെ 4 വർഷത്തോളം വെറുതെ കിടക്കുന്നത് പഞ്ചായത്തിന്റെ ധനനഷ്ടമാണ്.

ഭരണാധികാരികളുടെയും വകുപ്പിന്റെയും സത്വരശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.8(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

127. 2014 മുതൽ ഷോപ്പിംഗ് കോംപ്ലക്സിലെ 5 മുറികൾ വാടകയ്ക്ക് നല്കിയിട്ടുണ്ടെന്നും മുകളിലെ നിലയിലെ മൂന്ന് മുറികളുടെ പണി പൂർത്തീകരിക്കാനുണ്ടെന്നും പ്രസ്തുത പ്രവൃത്തി നടപ്പുവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കടങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് മറുപടി നൽകി.

128. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**129. തൃശ്ശൂർ കടങ്ങോട് പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർജ്ജീവ ആസ്തിയായി കിടന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**സെറികൾച്ചർ വികസനം - പദ്ധതി ലക്ഷ്യം നേടിയില്ല. എൽ.സി.ഡി. പ്രൊജക്റ്റർ, സ്ക്രീൻ, ലാപ്ടോപ്പ്, കമ്പ്യൂട്ടർ എന്നിവ സെറിഫെഡിന് നൽകിയിട്ടില്ല.**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 2-17

- 3.67 ലക്ഷത്തിന്റെ ഉപകരണങ്ങൾ വാങ്ങിയെങ്കിലും പദ്ധതി യാഥാർത്ഥ്യമായില്ല.
- വാങ്ങിയ ഉപകരണങ്ങളെല്ലാം നിർവ്വഹണ ഏജൻസിക്ക് നൽകിയില്ല.

തൃശ്ശൂർ ജില്ലയിൽ കർഷകർക്ക് സെറികൾച്ചർ മേഖലയിൽ വിജ്ഞാന വ്യാപനത്തിനും, എക്സിബിഷൻ, പബ്ളിസിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഒരു വാഹനം സജ്ജമാക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്നും 5,00,000 രൂപ തൻവർഷം വകയിരുത്തിയിട്ടുണ്ട്. 3,00,000 രൂപ വിലയുള്ള വാഹനം സെറിഫെഡ് നൽകുമെന്നും ഇതിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ജില്ലാ പഞ്ചായത്ത് തുക നൽകുന്നതെന്നും പ്രോജക്റ്റിൽ സൂചിപ്പിക്കുന്നു.

ജില്ലാ സെറികൾച്ചർ ഓഫീസർ തയ്യാറാക്കി സമർപ്പിച്ച പ്രോജക്റ്റിൽ ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ താഴെപ്പറയുന്ന ഇനങ്ങളിൽ 3,67,646 രൂപ ചെലവ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഉദ്ദേശ്യം | ചെക്ക് നമ്പർ/ തീയതി | തുക (രൂപ) | നൽകിയത് |
|---|---|---|---|
| (1) | (2) | (3) | (4) |
| എൽ.സി.ഡി.പ്രോജക്ടർ, സ്ക്രീൻ, ലാപ്ടോപ്പ്, കമ്പ്യൂട്ടർ | 181481/ 4-4-07 | 93,400 | എസ്ക്വയർ അസോസിയേറ്റ്സ്, എൻ.പി.കോംപ്ളക്സ്, മണ്ണത്ത് ലെയ്ൻ, എം.ജി.റോഡ്, തൃശ്ശൂർ. |
| തേനീച്ച വളർത്തൽ 5 മോഡലുകൾ | 181480/ 4-4-07 | 97,250 | കെ.പി.അബ്രഹാം, അൻസൽ അലുഫാബ്രിക്കേഷൻ, പി.ഒ.വടക്കാഞ്ചേരി. |
| ഡെമോൺസ്ട്രേഷൻ ഉപകരണങ്ങൾ | 181482/ 4-4-07 | 49,761 | ചിറയത്ത് ഏജൻസീസ്, ശ്രീനിവാസ് ബിൽഡിംഗ്, വടക്കാഞ്ചേരി. |
| മിനി മൈക്ക് + ആംപ്ളിഫയർ | 181483/ 4-4-07 | 17,990 | സാംസങ്ങ്, മലയാളം മാർക്കറ്റിംഗ് കമ്പനി, പൂത്തോൾ, തൃശ്ശൂർ. |
| ജനറേറ്റർ സെറ്റ് | 181484/ 4-4-07 | 19,650 | കേയാർ ട്രേഡിംഗ് കോർപ്പറേഷൻ, പി.ഒ., റോഡ്, തൃശ്ശൂർ. |
| വൈറ്റ് ബോർഡ് + അനുബന്ധ ഉപകരണങ്ങൾ | 181485/ 4-4-07 | 4,800 | ജോൺസൺ സ്റ്റോഴ്സ്, റൗണ്ട് വെസ്റ്റ്, തൃശ്ശൂർ. |

| (1) | (2) | (3) | (4) |
|---|---|---|---|
| പ്രിന്റിംഗ് ചാർജ് ലഘുലേഖ 10,000 കൈപുസ്തകം 2,000 | 181486/ 4-4-07 | 33,150 | രാമദാസ്. കെ.വി., ഇന്ദ്രപുരി കോംപ്ലക്സ്, അത്താണി, തൃശ്ശൂർ. |
| ചാർട്ടുകൾ, ഫ്ളാഷ് ബോർഡുകൾ, ഫോട്ടോഗ്രാഫ് | 181487/ 4-4-07 | 51,645 | എൻ.ആർ. രാധാകൃഷ്ണൻ, അവന്യൂ ഡിജിറ്റൽ സ്റ്റുഡിയോ, അത്താണി, തൃശ്ശൂർ. |
| **ആകെ** | | **3,67,646** | |

ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ, കാർഷിക സർവ്വകലാശാല, കൃഷി ഭവനുകൾ എന്നിവയുമായി സഹകരിച്ച് 30 ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിലും നിരന്തരം സഞ്ചരിച്ച് ചർച്ചാ ക്ലാസ്സുകൾ, സെറികൾച്ചർ, ഫിലിം പ്രദർശനം, എക്സിബിഷൻ, സെമിനാർ, കർഷക പരിശീലനം, ബോധവൽക്കരണം എന്നിവ നടത്തുന്നതിന് പ്രോജക്ട് ലക്ഷ്യമിടുന്നു. ഇതിനായി 3,67,646 രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി സെറിഫെഡിന് നൽകിയിട്ടുണ്ട്.

എന്നാൽ സെറിഫെഡിന്റെ തീയതി രേഖപ്പെടുത്താത്ത കൈപ്പറ്റ് രശീതി പ്രകാരം തൃശ്ശൂർ നെല്ലിക്കുന്നിലുള്ള ജില്ലാ സെറിഫെഡ് ഓഫീസിൽ ലഭിച്ച സാധനങ്ങളുടെ കൂട്ടത്തിൽ എൽ.സി.ഡി. പ്രോജക്ടർ, ലാപ്ടോപ്പ് കമ്പ്യൂട്ടർ, സ്ക്രീൻ വിത്ത് സ്റ്റാൻഡ് എന്നിവ ഉൾപ്പെട്ടിട്ടില്ല. ഈയിനത്തിൽ 93,400 രൂപ എസ്ക്വയർ അസോസിയേറ്റ്സിനു നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ 3,29,43,295 തീയതി 27-3-2007). ഇതിന്റെ കാരണം വ്യക്തമല്ല. (സ്റ്റോക്ക് കാഷ്/ക്രെഡിറ്റ് ബിൽ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല). ഇക്കാര്യം അന്വേഷണ വിധേയമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച സാധനങ്ങൾ ടി ഓഫീസിൽ കൈപ്പറ്റിയെന്നല്ലാതെ സെറികൾച്ചർ നടത്തുന്നതിന് കർഷകരെ ബോധവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് നൽകിയിട്ടില്ല. ഇത്തരം പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. 5,00,000 രൂപയിൽ കവിയുന്ന പ്രോജക്ടുകൾ മാത്രമേ ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതുള്ളൂ എന്നതിനാലും ഇത്തരത്തിൽ തുക ചെലവു ചെയ്യുന്നതിന് പദ്ധതിരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതിനാലും ഇതിനായി വാങ്ങിയ ഉപകരണങ്ങൾ, സാധനങ്ങൾ എന്നിവ നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ലായെന്നതിനാലും ഡി.പി.സി. അംഗീകാരമില്ലാതെ ചെലവഴിച്ച 3,67,646 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിരേഖാ മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്നു നടത്തിയ ചെലവിന് സർക്കാർ അനുമതി വാങ്ങേണ്ടതും, അല്ലാത്തപക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.9(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

130. തൃശ്ശൂർ ജില്ലയിൽ സെറികൾച്ചർ മേഖലയിൽ കർഷകർക്ക് വിജ്ഞാന വ്യാപനത്തിനും പ്രദർശനം നടത്തുന്നതിനും പബ്ലിസിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിനു മായിരുന്നു പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരുന്നതെന്നും ജില്ലാ പഞ്ചായത്തിന്റെ 2006-2007 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 5 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും എൽ.സി.ഡി. പ്രൊജക്ടർ, സ്ക്രീൻ, ലാപ്ടോപ്പ്, കമ്പ്യൂട്ടർ എന്നിവ സെറിഫെഡിന് നല്കിയിട്ടില്ലെന്നതുമാണ് ഓഡിറ്റ് പരാമർശമെന്നും പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഉപകരണങ്ങൾ തൃശ്ശൂർ ജില്ലാ സെറികൾച്ചർ ഓഫീസർ 20-4-2007-ന് കൈപ്പറ്റിയതായുള്ള രസീതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി മുഖേന സെറികൾച്ചർ മേഖലയിൽ കർഷകർക്ക് വളരെയധികം വിജ്ഞാനം ലഭിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നുവെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

131. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**132. വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൃദ്ധ സദനം ലക്ഷ്യം കൈവരിച്ചിട്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 2-46

നിർമ്മിതി കേന്ദ്ര, തൃശ്ശൂർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന് 5 ലക്ഷം രൂപയുടെ ഭരണ/സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. 60 വയസ്സിനുമേൽ പ്രായമുള്ളവരും

ബന്ധുക്കളിൽനിന്നും പരിചരണം ലഭിക്കാത്തവരുമായ വൃദ്ധർക്ക് അഭയം നൽകുക എന്നതാണ് ഈ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. ഇതിനായി കൈപ്പമംഗലം പഞ്ചായത്തിലെ 16-ാം വാർഡിൽ കമ്പനിക്കടവ് ഭാഗത്ത് തൃശ്ശൂർ നിർമ്മിതി കേന്ദ്രം മുഖേന കെട്ടിടം നിർമ്മിച്ചതിന് ജില്ലാ പഞ്ചായത്തിന് 4,89,751 രൂപ ചെലവായിട്ടുണ്ട്.

ഈ പദ്ധതിയുടെ അംഗീകരിച്ച പ്രോജക്ടിൽ കെട്ടിട നിർമ്മാണം, വാട്ടർ ടാങ്ക്, സാനിറ്ററി പ്രവൃത്തികൾക്കായി 4 ലക്ഷം രൂപയും ഫർണിച്ചർ വാങ്ങുന്നതിന് 1 ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഈ പ്രവൃത്തിക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കെട്ടിട നിർമ്മാണത്തിന് മാത്രമായി 5 ലക്ഷം രൂപയും വകയിരുത്തി. അതുപ്രകാരം നിർമ്മിതി കേന്ദ്രം മുഖേന നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല. അംഗീകരിച്ച പ്രോജക്ടിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പൂർണ്ണതോതിലുള്ള പ്രവൃത്തിചെയ്യാതെ പ്ലംബ്ബിംഗ്, സാനിറ്ററി, ഇലക്ട്രിക്കൽ, ഫർണിച്ചർ വാങ്ങൽ എന്നീ ജോലികൾ ഒഴിവാക്കി കെട്ടിടം പണി നടത്തിയതും ഫൈനൽ ബിൽ തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തിന് തുക നൽകിയതും ശരിയായ നടപടിയല്ല. കൂടാതെ നിരാലംബർക്ക് വേണ്ടിയുള്ള സദനത്തിൽ വി.ഐ.പി.-കൾക്ക് വേണ്ടി പ്രത്യേകം മുറി പണിതിരിക്കുന്നത് എന്തിനാണെന്ന് വിശദീകരിക്കേണ്ടതാണ്. പൊതുപണം ഉപയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവയുടെ വിജയസാധ്യത, തുടർനടത്തിപ്പ് മുതലായ വിഷയങ്ങൾ സജീവമായി പരിഗണിക്കേണ്ടതുണ്ട്. എന്നാൽ വൃദ്ധസദനത്തിന്റെ കാര്യത്തിൽ ഇവ പരിഗണനാവിഷയമായിട്ടില്ലെന്നാണ് പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ നിന്നും മനസ്സിലാകുന്നത്. പ്രോജക്ടിൽ വിഭാവനം ചെയ്തപോലെ വൃദ്ധസദനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് നിരാലംബരായ ജനങ്ങൾക്ക് അഭയം/സംരക്ഷണം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22-10-2008-ൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും അതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് കാണുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.9(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, തൃശ്ശൂർ ജില്ലയിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരും ബന്ധുക്കളിൽ നിന്നും പരിചരണം ലഭിക്കാത്തവരുമായ വൃദ്ധർക്ക് അഭയം നല്കുന്നതിനുവേണ്ടി 2006-2007-ൽ രൂപീകരിച്ച 5 ലക്ഷം രൂപ അടങ്കലുള്ള ഒരു പദ്ധതിയാണിതെന്നും പ്രസ്തുത പദ്ധതിയിൽ കെട്ടിട

നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം, സാനിട്ടറി പ്രവൃത്തികൾ, ഫർണിച്ചർ വാങ്ങൽ എന്നിവ ഉൾപ്പെടെ വിഭാവനം ചെയ്തിരുന്നുവെങ്കിലും അടങ്കൽ തുക തികയാതെ വന്നതിനാൽ കെട്ടിടനിർമ്മാണം മാത്രം പൂർത്തിയാക്കിയെന്നും തുടർന്നുള്ള വർഷങ്ങളിൽ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് മറ്റ് പണികൾ പൂർത്തിയാക്കി കെട്ടിടം ഉപയോഗയോഗ്യമാക്കിയെന്നും നിലവിൽ കെട്ടിടം പ്രവൃത്തിച്ചുവരുന്നുവെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ മറുപടി നൽകി.

134. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**135. തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ വൃദ്ധസദനം ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തിന് വകുപ്പ് നൽകിയ മറുപടി അംഗീകരിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൈദ്യുതി കണക്ഷൻ കിട്ടിയില്ല - വനിതാ കലാകേന്ദ്രം നിഷ്ക്രിയ ആസ്തി**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 2-47

12,50,000 രൂപ ഭരണ/സാങ്കേതികാനുമതിയുള്ള ഈ പദ്ധതി വനിതകൾക്കും കുട്ടികൾക്കുമായി കല, സാഹിത്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ വിഷയങ്ങളിൽ വികാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനായി പാറളം ഗ്രാമവേദി ജില്ലാ പഞ്ചായത്തിന് റിലിങ്ക്വിഷ് ചെയ്ത് നൽകിയ 17 സെന്റ് സ്ഥലത്ത് സർവ്വേ നമ്പർ 219/2 നിർമ്മിതി കേന്ദ്ര, തൃശ്ശൂർ മുഖേന നിർമ്മിച്ച ഇരുനില കെട്ടിടത്തിന് 31-3-2007 വരെ പഞ്ചായത്തിന് 12,49,999 രൂപ ചെലവ് വന്നിട്ടുണ്ട്. വനിതാ കലാകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം 2006 മേയ് മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും ഇതിലേക്ക് വൈദ്യുതി കണക്ഷൻ ഇതുവരേയും ലഭിച്ചിട്ടില്ലെന്നാണ് ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി നാലര വർഷത്തിലധികമായിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാര്യമായ യാതൊരുനടപടിയും സ്വീകരിച്ചുകാണുന്നില്ല എന്നത് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള അലംഭാവമാണ് വ്യക്തമാക്കുന്നത്. പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ വനിതകൾ, കുട്ടികൾ എന്നിവരുടെ കല, സാഹിത്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ വികാസം നേടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനക്കുലഭ്യമാക്കണമെന്ന് 22-10-2008-ൽ രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും

ഇവ ലഭ്യമാക്കുകയുണ്ടായില്ല. ഈ പ്രോജക്ടിന് വേണ്ടി സാങ്കേതികാനുമതി ലഭിച്ച മുഴുവൻ തുകയും ചെലവ് ചെയ്ത് കെട്ടിടം പണി പൂർത്തീകരിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടത്തി കാണുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.9(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

136. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**137. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ നിർമ്മിതി കേന്ദ്രം നിർമ്മിച്ച വനിതാ കലാകേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**വയനാട് ജില്ല**

ഓഡിറ്റ് ഖണ്ഡിക

**വയനാട് ജില്ലാ പഞ്ചായത്ത്**

**വനിതകൾക്ക് വ്യവസായം തുടങ്ങാൻ കെട്ടിടം നിർമ്മിച്ചു. വൈദ്യുതിയില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2008-09, ഖണ്ഡിക നമ്പർ : 3-2

ഫയൽ നമ്പർ ഡി.പി.12/616/06 പ്രകാരം വനിതാ വ്യവസായമായി മൂല്യ വർദ്ധിത ജൈവകാർഷിക ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ മാരപ്പൻ മൂലയിൽ ഒരു കെട്ടിടം നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്ത് 2003-04-ൽ എസ്.245/03 നമ്പരായി പ്രോജക്ട് രൂപീകരിച്ചു. നിർവ്വഹണത്തിന് 5 ലക്ഷം രൂപ നീക്കിവയ്ക്കുകയും 17-1-2005-ന് പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബില്ല് സമർപ്പിക്കുകയും 18-1-2005-ന് കരാറുകാരന് 4,20,058 രൂപ നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത കെട്ടിടം പ്രോജക്ട് വിഭാവനം ചെയ്ത ഉദ്ദേശത്തിന് നാളിതുവരെ ഉപയോഗിക്കാതെ 'കാടുകയറി' കിടക്കുന്നു. ഈ കെട്ടിടം നാളിതുവരെ വൈദ്യുതീകരിക്കുകയും ഉണ്ടായിട്ടില്ല. ഈ കെട്ടിടം പ്രവർത്തനക്ഷമമല്ലാതായത് സംബന്ധിച്ചും, നിഷ്ക്രിയ ആസ്തിയായി പരിണമിച്ചത് സംബന്ധിച്ചും വിശദീകരണം തേടിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 19546/എഎ 2/08 തീയതി 21-10-2008 പ്രകാരം കത്തയച്ചതായി കാണുന്നു.

ഹരിത വനിതാ സ്വാശ്രയസംഘം കെട്ടിടം പണിതുതന്നാൽ മതിയെന്നും യൂണിറ്റ് പ്രവർത്തിപ്പിക്കാനാവശ്യമായ യന്ത്രസാമഗ്രികൾ സംഘം സ്വന്തം ചെലവിൽ വാങ്ങി സ്ഥാപിക്കുമെന്നുമുള്ള ഉറപ്പിൻമേലാണ് 5 ലക്ഷം രൂപ മുഴുവനായും ജില്ലാ പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് ചെലവഴിച്ചത്. എന്നാൽ ഈ കെട്ടിടത്തിൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തിപ്പിക്കുന്നതിനോ പ്രസ്തുത ഹരിത സ്വാശ്രയസംഘം യാതൊരു ശ്രമവും നടത്തിയതായി കാണുന്നില്ല. വികസനാവശ്യത്തിന് ഉപകരിക്കേണ്ടുന്ന പൊതുധനം ഇങ്ങനെ നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കാൻ വിനിയോഗിക്കേണ്ടിവരുന്നത് അധികൃതരുടെ ദീർഘവീക്ഷണമില്ലായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ശ്രീ.പി.എം. അലിഅസ്ഗർ പാഷ.ഐ.എ.എസ്.(സെക്രട്ടറി)

കരോലിത, വേയർഹൗസിന് സമീപം,

പിണങ്ങോട് റോഡ്, കൽപ്പറ്റ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.16(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

138. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**139. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വയനാട് ജില്ലാ പഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**തിരുവനന്തപുരം ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ചെങ്കൽ ഗ്രാമപഞ്ചായത്ത്**

**ചട്ടങ്ങൾ പാലിക്കാതെ വർക്കുകൾ ടെണ്ടർ നൽകിയത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 3-5

(ശുദ്ധിപത്രം നമ്പർ. എൽ.എഫ്.റ്റി.ഡി.ജി.പി.1/1251/09/05.01.2012)

- കരാറുകാർ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതിനാൽ റീ ടെണ്ടർ ചെയ്തു.
- ഭരണ സമിതിയുടെ തീരുമാനത്തിന്മേൽ സെക്രട്ടറി വിയോജനക്കുറിപ്പെഴുതി.
- കുറഞ്ഞ നിരക്കുകൾ അംഗീകരിക്കാതിരുന്നത് കാരണം 5.35 ലക്ഷം രൂപ നഷ്ടം.

ചെങ്കൽ ഗ്രാമപഞ്ചായത്ത് 2006-07 വർഷം പദ്ധതി/പദ്ധതിയേതര പണം ചെലവഴിച്ച് താഴെ പട്ടികയിൽ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്തപ്പോൾ കേരള പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചതായി കാണുന്നില്ല. ടെണ്ടർ നിരക്ക് വളരെ കുറഞ്ഞുപോയി എന്ന കാരണത്താൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോട് പഞ്ചായത്ത് കമ്മിറ്റി അഭിപ്രായം ചോദിക്കുകയും ഇത്രയും കുറഞ്ഞ നിരക്കിൽ ടെണ്ടർ നൽകിയാൽ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിക്കാൻ സാധിക്കുകയില്ല എന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തോട് കമ്മിറ്റി യോജിക്കുകയും റീടെണ്ടർ നടത്തുകയും ചെയ്തതായി കാണുന്നു.

ഇപ്രകാരം റീടെണ്ടർ ചെയ്തപ്പോഴും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറോട് അഭിപ്രായം ആരായുകയും മേൽ അഭിപ്രായം തന്നെ അദ്ദേഹം വീണ്ടും കമ്മിറ്റിയെ അറിയിച്ചതിനെത്തുടർന്ന് വളരെ കുറഞ്ഞ നിരക്കിൽ സമർപ്പിച്ച ടെണ്ടറുകളെ വീണ്ടും ഒഴിവാക്കി റീടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10% കുറഞ്ഞ നിരക്കുമാത്രം സമർപ്പിച്ചിരിക്കുന്ന ടെണ്ടറുകളിൽ നിന്ന് നറുക്കെടുപ്പ് വഴി കരാർ അനുവദിച്ച് നൽകി പണി നടത്തിയതായി കാണുന്നു.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടം 10 (ഉപചട്ടം 12) പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കേണ്ടതാണെന്നും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരാകരിക്കുകയാണെങ്കിൽ ആയതിന് പ്രസക്തമായ കാരണങ്ങൾ രേഖപ്പെടുത്തി തൊട്ടുയർന്ന നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വ്യക്തമായ സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ നിരക്കുകൾ സ്വീകാര്യമല്ലെന്ന് കാണുകയോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ മാത്രമാണ് കേരള പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം പ്രവൃത്തി റീടെണ്ടർ ചെയ്യാറുള്ളത്. എന്നാൽ താഴെപ്പറയുന്ന എല്ലാ പ്രവൃത്തികൾക്കും നിയമം അനുശാസിക്കും പ്രകാരം ആവശ്യത്തിന് മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ലഭിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 50%ത്തിനു താഴെയുള്ള നിരക്കിൽ ടെണ്ടർ ലഭിക്കുകയാണെങ്കിൽ പഞ്ചായത്ത് കമ്മിറ്റിക്ക് അത്തരം

ടെണ്ടറുകൾ ഒഴിവാക്കാം. എന്നാൽ ഇവിടെ അത്തരം ടെണ്ടറുകൾ ലഭിച്ച് കാണുന്നില്ല. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 25% -നും 50% -നും ഇടയ്ക്കാണ് ടെണ്ടർ കുറവ് എങ്കിൽ 25% ത്തിൽ കൂടുതലുള്ള വ്യത്യാസത്തിന് പെർഫോർമൻസ് ഗ്യാരണ്ടി വാങ്ങിയും ടെണ്ടർ ഉറപ്പിച്ചു നൽകാം. ഇതാണ് മാനദണ്ഡങ്ങൾ എന്നിരിക്കെ തന്നെക്കാൾ ഉയർന്ന തലത്തിലെ സാങ്കേതിക വിദഗ്ദ്ധർ തയ്യാറാക്കി ഡി.പി.സി. അംഗീകരിച്ച എസ്റ്റിമേറ്റിലുള്ള പണികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി റീടെണ്ടർ ചെയ്തത് ന്യായീകരിക്കാവുന്നതല്ല.

31-10-2006-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ മേൽനടപടികളെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എതിർക്കുകയും കേരള പഞ്ചായത്ത്‌രാജ് ആക്ട് 182 (iii) 3 പ്രകാരം വിയോജനാഭിപ്രായം കമ്മിറ്റിയെ അറിയിക്കുകയും ഈ രീതിയിൽ ടെണ്ടർ ഉറപ്പിച്ചു നൽകിയാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുമെന്നും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം പ്രസിഡന്റിനും കമ്മിറ്റി അംഗങ്ങൾക്കും ആയിരിക്കുമെന്നും ബോധ്യപ്പെടുത്തുകയും ആയതിനാൽ ഏറ്റവും കുറഞ്ഞ ടെണ്ടർ അംഗീകരിക്കാൻ സെക്രട്ടറി കമ്മിറ്റിയോട് ശിപാർശ ചെയ്യുകയും ചെയ്തുകാണുന്നു. എന്നാൽ കമ്മിറ്റി ഇത് നിരസിക്കുകയാണ് ഉണ്ടായത്. സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് ഗ്രാമപഞ്ചായത്തിന്റെ മിനിട്ട്സ് ബുക്കിൽ ടി തീയതിയിൽ രേഖപ്പെടുത്തിയും കാണുന്നു. ഇത് സംബന്ധിച്ച സെക്രട്ടറി 9-11-2006-ലെ എ 2/381/05-ാം നമ്പർ കത്തിലൂടെ സർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ 30-11-2006 വരെയും നടപടിയൊന്നുമുണ്ടാകാതിരുന്ന സാഹചര്യത്തിൽ അതേ ദിവസത്തെ സമിതിയുടെ 10-ാം നമ്പർ തീരുമാന പ്രകാരം പ്രവൃത്തികൾ നടത്തുകയാണുണ്ടായതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെ ഇത്തരം തെറ്റായ നടപടികളെ ചോദ്യം ചെയ്തു കൊണ്ട് ആദ്യ ടെണ്ടറുകളിൽ എസ്റ്റിമേറ്റിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ടെണ്ടറുകൾ ക്വാട്ട് ചെയ്തവർ സെക്രട്ടറിക്ക് പരാതിയും നൽകിയതായി കാണുന്നു.

മേൽ സാഹചര്യത്തിൽ ടെണ്ടർ ചെയ്തപ്പോൾ കേരള പൊതുമരാമത്ത് ചട്ടങ്ങൾ ലംഘിച്ചും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യമായ നിയമോപദേശം നൽകിയിട്ടും ആയത് നിരസിച്ചും ഏകപക്ഷീയമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതുമൂലം ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. താഴെപ്പറയുന്ന പ്രവൃത്തികൾ ടെണ്ടർ/റീടെണ്ടർ ചെയ്തതുമൂലമുണ്ടായ നഷ്ടം 5,35,365 രൂപ തെറ്റായ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ടെണ്ടർ/റീടെണ്ടർ ചെയ്തതുമൂലമുണ്ടായ നഷ്ടം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് 2006-07 ഖ.നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തി മൂല്യം | ആദ്യ ടെണ്ടറിലെ കുറഞ്ഞ ടെണ്ടർ നിരക്ക് 7-10-06 | റീടെണ്ടറിൽ അംഗീകരിച്ച നിരക്ക് 30-10-06 | ആദ്യ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക | പ്രവൃത്തിയ്ക്ക് ചെലവായ തുക (നികുതികൾ ഉൾപ്പെടെ) | കരാറുകാരന് നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | 3.5(1) | ഉദയിൻകുളങ്ങര ജംഗ്ഷൻ-ബസ്സ്റ്റാന്റ്/കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 200000 | 28% | 0.1% | 144000 | 199800 | 185200 | 55800 |
| 2 | 3.5(2) | ഈന്തിക്കാല തോട്ടിൻകര റോഡ് പുനരുദ്ധാരണം | 100000 | 25% | 10% | 75000 | 90000 | 84384 | 15000 |
| 3 | 3.5(3) | കോടങ്കര – പാലത്തടി റോഡ് പുനരുദ്ധാരണം | 175000 | 19.9% | 1.1% | 140175 | 173075 | 163129 | 32900 |
| 4 | 3.5(4) | കുന്നവിള – എരുമത്തൂർ മുറിയമ്മാകം റോഡ് | 174808 | 17.99% | 1% | 143360 | 173060 | 162260 | 29700 |
| 5 | 3.5(5) | പൊറ്റയിൽക്കട – ഈന്തിക്കാല റോഡ് പുനരുദ്ധാരണം | 75000 | 18% | 1% | 61500 | 74250 | 69544 | 12750 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6 | 3.5(6) | വാണിയങ്കാല – പട്ടക്കരുവിള റോഡ് പുനരുദ്ധാരണം | 231740 | 19.99% | 0.01% | 185415 | 231717 | 217258 | 46302 |
| 7 | 3.5(7) | ഉദയൻകുളം - കരിക്കിൻതോട്ടം റോഡിൽ നടപ്പാത, റോഡ് പുനരുദ്ധാരണം | 230226 | 24.99% | 11% | 172693 | 204902 | 190067 | 32209 |
| 8 | 3.5(8) | ഉദിയൻകുളങ്ങര – മുളകുപൊറ്റ റോഡ് പുനരുദ്ധാരണം | 168741 | 29% | 11% | 119806 | 150180 | 139307 | 30374 |
| 9 | 3.5(9) | ചെങ്കൽ പി.എച്ച്.സി.-ക്ക് ചുറ്റുമതിൽ നിർമ്മാണം | 169641 | 15.3% | 10% | 143686 | 152677 | 141623 | 8991 |
| 10 | 3.5(10) | ചെങ്കൽ ഹോമിയോ ആശുപത്രി നവീകരണം | 54927 | 24.99% | 10% | 41201 | 49434 | 46350 | 8233 |
| 11 | 3.5(11) | ചെങ്കൽ പി.എച്ച്.സി.-ക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 89606 | 23% | 10% | 68997 | 80646 | 74808 | 11649 |
| 12 | 3.5(12) | പണാരമണ്ണടി - ആറാട്ടുകടവ് റോഡ് പുനരുദ്ധാരണം | 170000 | 29% | 10% | 120700 | 153000 | 142943 | 32300 |
| 13 | 3.5(13) | വനിതാ വ്യവസായ ഉൽപ്പാദന വിതരണ കേന്ദ്രത്തിന് മതിലും ഗേറ്റും നിർമ്മാണം | 49487 | 12.1% | 10% | 43499 | 44539 | 41314 | 1040 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
|---|---|---|---|---|---|---|---|---|---|
| 14 | 3.5(14) | കാളിവിളാകം ലക്ഷം വീട് - ശ്മശാനം - ചുറ്റമതിലും നടപ്പാലവും നിർമ്മാണം | 227028 | 24.99% | 10% | 170294 | 204325 | 189532 | 34031 |
| 15 | 3.5(15) | കോടങ്കര – കൈതക്കുഴി വലിയകുളം റോഡ് പുനരുദ്ധാരണം | 170000 | 25% | 10% | 127500 | 153000 | 142943 | 25500 |
| 16 | 3.5(16) | അലത്തറയ്ക്കൽ – എസ്.എൻ.ഡി.പി. റോഡ് പുനരുദ്ധാരണം | 100000 | 23% | 0.1% | 77000 | 99900 | 93660 | 22900 |
| 17 | 3.5(17) | കുന്നംവിള – പെരിഞ്ചാറ റോഡ് പുനരുദ്ധാരണം | 175000 | 17.3% | 10% | 144725 | 157500 | 147672 | 12775 |
| 18 | 3.5(18) | കുരച്ചൽ – നൊച്ചിയൂർ റോഡ് മെറ്റലിംഗും ടാറിംഗും | 145763 | 19.3% | 0.1% | 117631 | 145618 | 136531 | 27987 |
| 19 | 3.5(19) | ചെമ്മൺകാല – കുട്ടനാടി റോഡ് പുനരുദ്ധാരണം | 174938 | 16.9% | 0.1% | 145374 | 174763 | 163860 | 29389 |
| 20 | 3.5(20) | ചാട്ടുകാൽ – ഇടിവെട്ടിവിള റോഡ് പുനരുദ്ധാരണം | 174934 | 17.99% | 10% | 143463 | 157441 | 147617 | 13978 |
| 21 | 3.5(21) | മൃഗാശുപത്രിക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 48034 | 25.1% | 10% | 35978 | 43231 | 40102 | 7253 |
| 22 | 3.5(22) | സേതുലക്ഷ്മിപുരം മാർക്കറ്റിലെ പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 148893 | 21.99% | 0.1% | 116152 | 148745 | 137976 | 32593 |
| 23 | 3.5(23) | കൊച്ചോട്ടുകോണം - താഴവിളാകം റോഡ് | 169724 | 16.9% | 10% | 141041 | 152752 | 143219 | 11711 |
| **ആകെ** | | | | | | | | | **535365** |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.4.1(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

140. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, ഉത്തരവാദികളായ 20 ജനപ്രതിനിധികളിൽ ഒരാൾ മരണപ്പെടുകയും 11 പേർ തുക പൂർണ്ണമായും അടയ്ക്കുകയും ചെയ്തുവെന്നും ബാക്കിയുള്ള 8 പേർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും 4 അംഗങ്ങളിൽ നിന്ന് തുക ഈടാക്കുകയും ചെയ്തുവെന്നും ശേഷിക്കുന്ന 3 പേർക്കെതിരെ റിക്കവറി നടപടികൾ നടന്നുകൊണ്ടിരിക്കുന്നുവെന്നും ചെങ്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

141. പ്രസ്തുത റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**142. ചെങ്കൽ ഗ്രാമപഞ്ചായത്തിൽ ചട്ടങ്ങൾ പാലിക്കാതെ വർക്കുകൾ ടെണ്ടർ നൽകിയതുമൂലം നഷ്ടമായ തുക തിരിച്ചടയ്ക്കാത്ത ജനപ്രതിനിധികൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ആലപ്പുഴ ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**നടപ്പാക്കാത്ത പദ്ധതിയുടെ പണം അനധികൃതമായി സൂക്ഷിക്കുന്നു - മൂരിക്കിടാങ്ങളുടെ സംരക്ഷണം**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-17

100 കുടുംബങ്ങളുടെ ദാരിദ്ര്യം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ 2007-08 സാമ്പത്തികവർഷം നടപ്പിലാക്കുന്നതിനായി (504/07 തീയതി 14-11-07) ഡി.പി.സി. അംഗീകാരം നൽകിയ ഈ പദ്ധതി പ്രകാരം 10 യൂണിറ്റുകൾക്കായി 200 മൂരിക്കിടാങ്ങളെ വാങ്ങുന്നതിന് നഗരസഭ 1.5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി.

29-3-2008-ലെ ബിൽ നമ്പർ 2/07-08 പ്രകാരം ചീഫ് വെറ്ററിനറി സർജൻ തുക പിൻവലിക്കുകയും തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ 336802011002119 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ 2007-08-ലെ ഈ പദ്ധതി നടപ്പാക്കിയില്ല. പദ്ധതി നടത്തിപ്പിന്റെ ആദ്യപടിയായ ഗുണഭോക്തൃസമിതി രൂപീകരണം നടത്തിയത് 9-5-08-ൽ മാത്രമാണ്. ഇതിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ പ്രാഥമിക നടപടികൾ പോലും സ്വീകരിക്കാതെ 29-3-2008-ൽ പദ്ധതിപ്പണം മുൻകൂറായി പിൻവലിച്ച് ബാങ്കിൽ സൂക്ഷിക്കുകയായിരുന്നുവെന്ന് വ്യക്തമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായമനുസരിച്ച് പണം പിൻവലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 12-4-06-ൽ ജി.ഒ.പി. 177/06-ാം നമ്പരായി പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 6(1) പ്രകാരം ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതേ ഉത്തരവിലെ ഖണ്ഡിക 9(3) പ്രകാരം തൻവർഷം പിൻവലിച്ചതും വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ പദ്ധതിവിഹിതം ആ സാമ്പത്തികവർഷം മാർച്ച് 31-ന് സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഉത്തരവിലെ ഈ രണ്ട് നിർദ്ദേശങ്ങളും പാടെ അവഗണിച്ച് പദ്ധതി ആരംഭിക്കുന്നതിനു മുമ്പുതന്നെ മുൻകൂറായി പണം പിൻവലിക്കുകയും 31-3-2008-ന് ശേഷവും ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിക്കുകയുമാണുണ്ടായത്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഈ നടപടി 12-4-2006-ലെ സർക്കാർ ഉത്തരവിന്റെ നഗ്നമായ ലംഘനമാണ്. ആയതിനാൽ ക്രമവിരുദ്ധമായി സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ അനധികൃതമായി 31-3-2008-ന് ശേഷവും സൂക്ഷിച്ചിട്ടുള്ള 1,50,000 രൂപ അടിയന്തരമായി തിരികെ ഒടുക്കേണ്ടതും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതിപ്പണം പിൻവലിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ഡോ. സുനിൽകുമാർ (സീനിയർ വെറ്ററിനറി സർജൻ),

നന്ദനം, സൗത്ത് ആര്യാട്, നിയർ റൂറൽ ഹോസ്പിറ്റൽ,

ആര്യാട്, അവലൂക്കുന്ന്.പി.ഒ., ആലപ്പുഴ – 688006.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.4.5(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

143. സർക്കാർ ലഭ്യമാക്കിയ മറുപടിയുടേയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**144. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മൂരി കിടാങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി പണം സംബന്ധിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗാർഹികതല ബയോഗ്യാസ് പ്ലാന്റിന് സബ്സിഡി നൽകിയത് ക്രമവിരുദ്ധം**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-21 എ.

- ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി അനുവദനീയമല്ല.
- ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.
- പദ്ധതി നടപ്പിലാക്കിയതിൽ സുതാര്യത ഇല്ലെന്ന് സെക്രട്ടറി.

പ്രോജക്ട് നമ്പർ 57/06-07 (സ്പിൽ ഓവർ 181/07-08) ഫയൽ നമ്പർ പി.3/15696/06-07 കേരള വികസന പദ്ധതി 06-07-ൽ ഉൾപ്പെടുത്തി നഗരസഭയിലെ 50 വാർഡുകളിലുള്ള പൊതുവിഭാഗം ഗുണഭോക്താക്കളിൽ ഒരാളെ വീതം തെരഞ്ഞെടുത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകുന്നതിനായി പ്രോജക്ടു തയ്യാറാക്കി 5,00,000 രൂപ വകയിരുത്തി. 2006-07 വർഷത്തെ ഈ ഏകവർഷ പ്രോജക്ടിന് പി.ഡബ്യൂ.ഡി. ബിൽഡിംഗ് ഡിവിഷന്റെ നിബന്ധനകൾക്ക് വിധേയമായി ഡി.പി.സി. അംഗീകാരം നൽകി.

സർക്കാർ സ്ഥാപനമായ അനർട്ടിനെ ചുമതലപ്പെടുത്തി പ്രോജക്ട് നടപ്പിലാക്കുവാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. അനർട്ടുമായി ബന്ധപ്പെട്ടപ്പോൾ ഈ പ്രോജക്ട് നടത്തുന്നില്ല എന്നും സബ്സിഡി ഇല്ല എന്നും അറിയിച്ചു എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിവിവരം അനർട്ടിനെ അറിയിച്ചതിന്റെയോ പദ്ധതിയുമായി സഹകരിക്കാൻ

അനർട്ട് വിമുഖത അറിയിച്ചതിന്റെയോ യാതൊരു രേഖകളും ഫയലിൽ ഇല്ല. തുടർന്ന് ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകൾ ലഭിച്ചു. കുറഞ്ഞ നിരക്കായ, അതായത് ഒരു യൂണിറ്റിന് 9800 രൂപ നിരക്ക് ക്വാട്ടുചെയ്ത അന്ത്യോദയ, റ്റി.ബി.റോഡ്, അങ്കമാലി എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 9-3-07-ൽ കരാർ ചമച്ച് വർക്ക് ഓർഡർ നൽകി. 50 വാർഡുകളിലും ബയോഗ്യാസ് പ്ലാന്റുകൾ പൂർത്തിയാക്കിയതായി കാണിച്ച് 3-8-07-ൽ അന്ത്യോദയ നൽകിയ കത്തും പ്ലാന്റ് പൂർത്തീകരിച്ചതായി കാണിച്ചുകൊണ്ട് 50 വാർഡുകളിലെയും ഗുണഭോക്താക്കൾ നൽകിയ സാക്ഷ്യപത്രങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. തുടർന്ന് നികുതികൾ കുറവുചെയ്ത് (9800 X 50 = 490000-15680) 4,74,320 രൂപ വൗച്ചർ നമ്പർ 4-9/07 പ്രകാരം നഗരസഭ നൽകി.

<u>പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ :</u>

1. കേരള വികസന പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾ (ജി.ഒ.എം.എസ്.) 40/2004, പ്ലാനിംഗ് തീയതി 30-3-2004 ഉത്തരവിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് സബ്സിഡി നൽകുവാൻ അനുവാദമില്ല. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2 (31) പ്രകാരം ഈ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിലും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും അല്ലാതുള്ള സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുമെന്നും അധികം നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 100% സബ്സിഡി നൽകി നടപ്പിലാക്കി.

2. സബ്സിഡി മാനദണ്ഡം ലംഘിച്ച് നഗരസഭ ക്രമവിരുദ്ധമായി ബയോഗ്യാസ് പ്ലാന്റിനു തുക ചെലവഴിച്ചത് മുമ്പും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരുന്നു. (2005-06-ലെ ചെലവ് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4(6)(എ) കാണുക). പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് മറുപടിയൊന്നും നാളിതുവരെ നഗരസഭ നൽകിയിട്ടില്ല. സമാനമായ ക്രമക്കേട് നഗരസഭ ആവർത്തിക്കുകയാണുണ്ടായത്.

3. ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകുന്നതിനായി ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. "നേരത്തേ ഗുണഭോക്തൃ വിഹിതം അടച്ചവർക്ക് മുൻഗണന നൽകിയതിനുശേഷം മറ്റുള്ളവരെ പരിഗണിക്കുക" എന്ന് ചെയർമാൻ 2-3-07-ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം അടച്ചവർ ആരെല്ലാമാണെന്നോ എത്ര രൂപയാണ് ഗുണഭോക്തൃ

വിഹിതമായി ഈടാക്കിയിട്ടുള്ളത് എന്നോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല." "2005-06 വർഷത്തിൽ ഗുണഭോക്തൃ വിഹിതം അടച്ച 25 ഗുണഭോക്താക്കൾക്ക് പ്ലാന്റ് നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ സ്പിൽ ഓവറായി ഉൾക്കൊള്ളിച്ചിട്ടുള്ളതാണെന്നും 75 (25+50) പ്ലാന്റുകൾക്ക് 7,50,000 രൂപ വേണ്ടിവരും" എന്നും സെക്ഷൻ ക്ലർക്ക് ഫയലിൽ രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 50 ബയോഗ്യാസ് പ്ലാന്റുകൾ മാത്രമാണ് നിർമ്മിച്ചു നൽകിയത്. ഗുണഭോക്തൃ വിഹിതം അടച്ച 25 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് 50 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചുനൽകിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. തീർത്തും സുതാര്യമല്ലാത്ത രീതിയിലാണ് ഈ പ്രോജക്ട് കൈകാര്യം ചെയ്തിട്ടുള്ളത് എന്ന് നിർവ്വഹണോദ്യോഗസ്ഥനായ നഗരസഭാ സെക്രട്ടറി തന്നെ (9-3-07-ൽ) ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ ക്രമക്കേടുകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെട്ട സെക്രട്ടറി ആ വിവരം രേഖപ്പെടുത്തി ആറ് മാസം പിന്നിട്ടപ്പോൾ പരിഹാരനടപടികൾ ഒന്നും സ്വീകരിക്കാതെ 4,90,000 രൂപ നിയമവിരുദ്ധമായി നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ധനദുർവിനിയോഗം നടത്തിയ 4,90,000 രൂപ തുക ചെലവഴിച്ച നഗരസഭാ സെക്രട്ടറിയിൽ നിന്നും ചെലവനുവാദം നൽകിയ നഗരസഭാ ചെയർമാനിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ.റ്റി. സന്തോഷ് (സെക്രട്ടറി), അഴകത്ത്, തെക്കേവിള, കൊല്ലം - 691016.

2. ശ്രീ.പി.പി. ചിത്തരഞ്ജൻ (മുനിസിപ്പൽ ചെയർമാൻ), ഐശ്വര്യ, സിവിൽ സ്റ്റേഷൻ വാർഡ്, ബസാർ.പി.ഒ. ആലപ്പുഴ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.4.5(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

145. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, കേരള വികസന പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം ഗാർഹിക ബയോഗ്യാസ്

പ്ലാന്റിന് സബ്സിഡി നൽകുന്നത് അനുവദനീയമല്ലെങ്കിലും മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 100% സബ്സിഡിയിലായിരുന്ന ബയോഗ്യാസ് നല്കിയതെന്നും പദ്ധതിക്ക് ഡി.പി.സി. അംഗീകാരമുണ്ടെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകുകയും പ്രസ്തുത വിഷയം സാധൂകരിച്ച് നൽകണമെന്ന് സമിതിയോട് അഭ്യർത്ഥിക്കുകയും ചെയ്തു.

146. പ്രസ്തുത മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**147. ഗാർഹികതല ബയോഗ്യാസ് പ്ലാന്റിന് ക്രമവിരുദ്ധമായി സബ്സിഡി നൽകിയത് സംബന്ധിച്ച പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പുതിയ ബയോഗ്യാസ് പ്ലാന്റ് പദ്ധതി - നിയമവിരുദ്ധമായി സബ്സിഡി അനുവദിച്ചു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-21 ബി.

കേരള വികസന പദ്ധതി 07-08-ൽ ഉൾപ്പെടുത്തി നഗരസഭയിലെ 50 വാർഡുകളിൽ ഓരോ വാർഡിലും പൊതുവിഭാഗത്തിൽപ്പെടുന്ന 2 ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകുന്ന പ്രോജക്റ്റിൽ 10,00,000 രൂപ വകയിരുത്തി. പ്ലാന്റ് നിർമ്മിച്ച് നൽകുന്നതിന് പത്രപ്പരസ്യം നൽകി. ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് ടെണ്ടറുകൾ ലഭിച്ചു. ആയതിൽ കുറഞ്ഞ നിരക്ക് (ഒരു യൂണിറ്റിന് 9990 രൂപ) ക്വാട്ടുചെയ്ത അന്ത്യോദയ, അങ്കമാലിയുടെ (മുൻവർഷവും ഈ സ്ഥാപനമാണ് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകിയത്) ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകുവാൻ 6-3-2008-ലെ കൗൺസിൽ യോഗം തീരുമാനിച്ചു. മുനിസിപ്പൽ ചെയർമാൻ നെഗോഷ്യേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റ് ഒന്നിന് അവർ മുമ്പ് ക്വാട്ടു ചെയ്ത നിരക്കിൽ നിന്നും 90 രൂപ കുറച്ച് 9900 രൂപ നിരക്കിൽ നിർമ്മിച്ച് നൽകുവാൻ അന്ത്യോദയ സമ്മതിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (07-08) ആദ്യഘട്ടത്തിൽ 50 ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച് നൽകിയതിന് അന്ത്യോദയയ്ക്ക് താഴെപ്പറയും പ്രകാരം 9,90,000 രൂപ (നികുതികൾ കിഴിച്ച് 9,57,666 രൂപ) നൽകി.

| ചെക്ക് നമ്പർ | തീയതി | തുക | നികുതികൾ കിഴിച്ചതിനു ശേഷം തുക |
|---|---|---|---|
| 667247 | 8-4-08 | 495000 | 478833 |
| 882924 | 22-9-08 | 366300 | 354336 |
| 882930 | 1-11-08 | 128700 | 124497 |
| **ആകെ** | | **990000** | **957666** |

**ഈ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ:**

1. <u>സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി:</u>

വികേന്ദ്രീകൃതാസൂത്രണം - സബ്സിഡി മാർഗ്ഗരേഖ - സർക്കാർ ഉത്തരവ് (എം. എസ്.) 183/07/ത.സ്വ.ഭ.വ. 24-7-2007-ൽ ബയോഗ്യാസ് പ്ലാന്റ് സബ്സിഡി നൽകാവുന്ന ഇനമായി 2007-08 വർഷം ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ സബ്സിഡിയിനമായി ഉൾപ്പെടുത്താത്ത ഗാർഹികതല ബയോഗ്യാസ് പ്ലാന്റ് 100% സബ്സിഡി നൽകി നഗരസഭ നടപ്പാക്കിയിരിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

2. <u>ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല:</u>

വാർഡുസഭ കൂടി അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. വാർഡ് കൗൺസിലർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ബയോഗ്യാസ് പ്ലാന്റുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്.

3. <u>എല്ലാ വാർഡുകളിലും പദ്ധതി നടപ്പാക്കിയിട്ടില്ല:</u>

ഒരു വാർഡിൽ രണ്ടെണ്ണം വീതം 50 വാർഡുകളിലും ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയത്. എന്നാൽ 40 വാർഡുകളിൽ മാത്രമാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ചില വാർഡുകളിൽ 2-ൽ കൂടുതൽ പ്ലാന്റുകൾ നിർമ്മിച്ചു നൽകി. (ഉദാ: കറുകയിൽ 5 എണ്ണം, ആശ്രമം 7 എണ്ണം)

4. <u>അവശ്യ രേഖകൾ ഇല്ല:</u>

ബയോഗ്യാസ് പ്ലാന്റുകൾ പൂർത്തീകരിച്ചതായുള്ള ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടോ തുക സ്വീകരിച്ചതിന് അന്ത്യോദയ നൽകിയ കൈപ്പറ്റു രസീതുകളോ ഫയലിൽ ഇല്ല.

5. <u>ധനദുർവിനിയോഗം</u>:

24-7-2007-ലെ 183/07/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിലും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സബ്സിഡി മാനദണ്ഡം ലംഘിക്കുന്നത് ധനദുർവിനിയോഗമായി കണക്കാക്കുമെന്നും ആയത് ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കുമെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് നഗരസഭയ്ക്ക് ബാധകമല്ല എന്ന തോന്നിക്കുംവിധം നഗരസഭ 100% സബ്സിഡി നൽകി 2005-06, 2006-07, 2007-08 വർഷങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കി. [2005-06 ചെലവ് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-4-6(എ) കാണുക] സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം നഗരസഭാഫണ്ടിന്റെ ദുർവിനിയോഗമായി ഓഡിറ്റിൽ കണക്കാക്കുന്നു. നഗരസഭയിൽ നിന്നും സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ചെലവഴിച്ച 9,90,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ധനദുർവിനിയോഗം ചെയ്ത ഈ തുക നഗരസഭാ സെക്രട്ടറിയിൽ നിന്നും ചെലവനുവാദം നൽകിയ നഗരസഭാ ചെയർമാനിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. റ്റി. സന്തോഷ് (സെക്രട്ടറി),

അഴകത്ത്, തെക്കേവിള, കൊല്ലം -691016.

2. ശ്രീ. പി. പി. ചിത്തരഞ്ജൻ (മുനിസിപ്പൽ ചെയർമാൻ),

ഐശ്വര്യ സിവിൽ സ്റ്റേഷൻ വാർഡ്, ബസാർ പി.ഒ., ആലപ്പുഴ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.4.5 (3))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

148. ബയോഗ്യാസ് പ്ലാന്റ് പദ്ധതിക്ക് 100 ശതമാനം സബ്സിഡിയും നൽകിയെന്നതാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത വിഷയം സാധൂകരിച്ച നൽകുന്നതിന് സർക്കാരിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്നുമുള്ള ആലപ്പുഴ നഗരസഭ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**149. വകുപ്പിന്റെ വിശദീകരണം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റ് പദ്ധതിക്ക് സബ്സിഡി അനുവദിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**കോട്ടയം ജില്ല**

ഓഡിറ്റ് ഖണ്ഡിക

**കോട്ടയം ജില്ലാ പഞ്ചായത്ത്**

**സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 വരവുചെലവ്, ഖണ്ഡിക നമ്പർ: 3.2

✗ സ്വകാര്യ ഭൂമിയിൽ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു

✗ കെട്ടിട നിർമ്മാണ ലൈസൻസ് എടുത്തതും കെട്ടിട നികുതി ഒടുക്കുന്നതും സ്വകാര്യ വ്യക്തിയുടെ പേരിൽ

ജില്ലാ പഞ്ചായത്തിന്റെ 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച പ്രോജക്ടാണ് കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്ര നിർമ്മാണം എന്ന പദ്ധതി (പ്രോജക്ട് നമ്പർ 56/08). നടപ്പുവർഷം സ്പിൽ ഓവർ ആയി അംഗീകാരം ലഭിച്ച (പ്രോജക്ട് നമ്പർ 59/09) പദ്ധതിയുടെ അംഗീകരിച്ച അടങ്കൽ 17,25,000 രൂപ ആയിരുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 17,14,297 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് 11/2008-ൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട പ്രോജക്ട് ഫയലും മറ്റ് രേഖകളും പരിശോധിച്ചതിന്റെയും പ്രാദേശിക പരിശോധന നടത്തിയതിന്റേയും അടിസ്ഥാനത്തിൽ പദ്ധതി ചെലവ് നടത്തിയത് പഞ്ചായത്ത്‌രാജ് നിയമത്തിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായാണെന്ന് വ്യക്തമായി.

നിർദ്ദിഷ്ട തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത് കിടങ്ങൂർ ഗ്രാമ പഞ്ചായത്തിൽ 3-ാം വാർഡിൽ സർവ്വേ നമ്പർ 125/4-ൽപ്പെട്ട സ്ഥലത്താണ്. സ്ഥലത്തിന്റെ ഉടമസ്ഥ പി. കെ. വി. സ്മാരക ലൈബ്രറി പ്രസിഡന്റ് ശ്രീമതി ബിന്ദു ജി. നായർ ആണ്. ടിയാൾ കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ നൽകിയ കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ് അപേക്ഷ പ്രകാരം ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകുകയും (എ 4-59/07-08 തീയതി: 3-2-2008) അതനുസരിച്ച് ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിടംപണി പൂർത്തീകരിക്കുകയുമാണു ണ്ടായത്. നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വസ്തു ഉടമ/കെട്ടിട നിർമ്മാണ ലൈസൻസിയുടെ പേരിൽ നികുതി നിർണ്ണയം നടത്തുകയും കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട് (നമ്പർ.3/123 എ). നിലവിൽ അവിടെ ലൈബ്രറിയും അനുബന്ധപ്രവർത്തനങ്ങളും നടത്തുന്നതായി ഉടമസ്ഥർ അറിയിച്ചിട്ടുണ്ട്.

വനിതാ തൊഴിൽ പരിശീലന കേന്ദ്രം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലും അധീനതയിലുമാണെന്ന് മേൽ വിവരിച്ച വസ്തുതകളിൽ നിന്ന് വ്യക്തമാണ്. നാളിതുവരെ ടി കെട്ടിടം ജില്ലാ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ കൈമാറ്റം ചെയ്തിട്ടില്ല. ബന്ധപ്പെട്ട ഭൂമി പഞ്ചായത്ത് സ്ഥാപനങ്ങളുടെ അധീനതയിലാക്കുന്നതിന് മുമ്പ് തന്നെ വൻതുക ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച അധികൃതരുടെ നടപടി ക്രമവിരുദ്ധമാണ്. തൊഴിൽ പരിശീലനമാണ് വിഭാവനം ചെയ്തതെങ്കിലും കെട്ടിടത്തിന്റെ നിയന്ത്രണം പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്തതിനാൽ പഞ്ചായത്ത് തലത്തിൽ തൊഴിൽ പരിശീലനം നടത്തുന്നതിനോ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനോ സാധ്യമാകുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളിൽപ്പെടുന്നതല്ല സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക എന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും [സ.ഉ.(എം.എസ്.)128/2007/ത.സ്വ.ഭ.വ. തീയതി: 14-5-2007] ഇപ്രകാരം തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. കൂടാതെ ടി മാർഗ്ഗരേഖ പ്രകാരം സമൂഹത്തിലെ താരതമ്യേന കൂടുതൽ ദരിദ്രരായവരിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തൊഴിൽ അവസരങ്ങളും വരുമാന വർദ്ധനവും ഉണ്ടാക്കുന്നതിനുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിന് മുന്തിയ പരിഗണന നൽകണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ അല്ലാതെയും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സാമൂഹ്യനീതിയും പ്രാദേശിക സാമ്പത്തിക വികസനവും നടപ്പാക്കുവാൻ കഴിയണമെന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പ്രസ്തുത തൊഴിൽ പരിശീലന കേന്ദ്രം കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് 8-1-2010-ൽ കൂടിയ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടം വിട്ടുകിട്ടിയതിന്റെ തെളിവായി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിനുള്ള ഔദ്യോഗിക രസീത് ജില്ലാ പഞ്ചായത്തിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു. എന്നാൽ ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമല്ല.

മേൽ കാരണങ്ങളാൽ ഈ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് ആകെ ചെലവഴിച്ച 1714297 രൂപ തടസ്സപ്പെടുത്തുന്നു. ഈ കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമവിരുദ്ധമായി പദ്ധതി തയ്യാറാക്കി അംഗീകാരം നൽകിയ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

Note: ഉത്തരവാദി ലഭ്യമല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.4.6 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

150. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതിയാണ് കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽ പരിശീലന കേന്ദ്ര നിർമ്മാണ പദ്ധതിയെന്നും 2008-ൽ നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടം ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കെട്ടിടം ഏറ്റെടുക്കുന്നതിന് കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിൽ 2019 വരെ പരിശീലനം നടത്തിയിരുന്നുവെന്നും കോവിഡ് പശ്ചാത്തലത്തിൽ പരിശീലനം നിർത്തിവച്ചിരുന്നുവെങ്കിലും പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞതെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

151. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**152. സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കിടങ്ങൂർ തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്**

**പദ്ധതിവിഹിതം ഉപയോഗിച്ച് വാങ്ങിയ ട്രാക്ടറുകൾ പാടശേഖരസമിതി ലേലം ചെയ്തു**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-1

- പാടശേഖര സമിതി ട്രാക്ടർ ലേലം ചെയ്തത് പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ
- ട്രാക്ടറിന്റെ സൂക്ഷിപ്പുകാരനായ കൃഷിഓഫീസർ നടപടിയൊന്നും സ്വീകരിച്ചില്ല
- ലേലത്തിലൂടെ ലഭിച്ച തുക പഞ്ചായത്തിലൊടുക്കിയില്ല

1999-2000 സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന മേഖലയിൽ പദ്ധതിപ്പണം ഉപയോഗിച്ച് (100% സബ്സിഡി) 2 ട്രാക്ടർ, അനുബന്ധ ഉപകരണങ്ങൾ (7,33,140 രൂപയ്ക്ക്) എന്നിവ മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് പാടശേഖര സമിതിക്ക് (ട്രാക്ടർ രജിസ്റ്റർ നമ്പർ കെ.എൽ.ജി.4939, 4940) നിർവ്വഹണോദ്യോഗസ്ഥൻ, (കൃഷി ഓഫീസർ – ശ്രീ. എം. സേവ്യർ) സമിതി സെക്രട്ടറിക്ക് (ശ്രീ. വി. കെ. ജോണി) എഗ്രിമെന്റ് വെച്ച് നൽകി (പദ്ധതിപ്പണം ഉപയോഗിച്ച് വാങ്ങുന്ന വാഹനങ്ങളുടെ സൂക്ഷിപ്പുകാരനായ പഞ്ചായത്ത് സെക്രട്ടറിയാണ് ഇത് നൽകേണ്ടത്).

എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം പാടശേഖരസമിതി പ്രവർത്തന ലാഭത്തിൽ നിന്നും 1,83,285 രൂപ പഞ്ചായത്തിൽ അടയ്ക്കാൻ വ്യവസ്ഥ ചെയ്തതിൽ 1,75,000 രൂപ നാളിതുവരെ അടവാക്കിയിട്ടുണ്ട്. കരാറിൽ ട്രാക്ടറിന്റെയും, അനുബന്ധ ഉപകരണങ്ങളുടെയും റിപ്പയറുകൾ പാടശേഖര സമിതിയുടെ ബാദ്ധ്യതയായിരിക്കുമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ സമിതി പഞ്ചായത്തിനോട് റിപ്പയർ ചെലവ് അനുവദിച്ചുതരാൻ ആവശ്യപ്പെട്ടെങ്കിലും ആയതിന് വ്യവസ്ഥയില്ലെന്ന് പഞ്ചായത്ത് ഭരണസമിതി അറിയിച്ചു. ട്രാക്ടർ റിപ്പയർ ചെയ്യാനാവശ്യമായ തുക ലഭിക്കാത്തതിനാൽ പാടശേഖരസമിതി സ്വമേധയാ ട്രാക്ടറുകൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. പഞ്ചായത്തിന്റെ അനുമതിയില്ലാതെ സമിതി സർക്കാർ

മെക്കാനിക്കൽ എഞ്ചിനീയറുടെ (വാല്യുവേഷൻ നമ്പർ ഡി.3/എസ്.ആർ/2006 പ്രകാരം കെ.എൽ.9.ജി-4939-ന് 42,000 രൂപ കെ.എൽ.9-ജി-4940-ന് 50,000 രൂപ) വാല്യൂവേഷൻ ലഭ്യമാക്കി. 22-6-2008-ന് ലേലപരസ്യം (ചന്ദ്രിക ദിനപത്രം) നൽകി (പരസ്യം നൽകിയത് പാടശേഖര സമിതി സ്വമേധയാ ആണ്). പരസ്യം നൽകുവാനുള്ള അനുമതിക്കായി പഞ്ചായത്ത് ഭരണസമിതിക്ക് പാടശേഖര സമിതി 30-5-2008-ൽ അപേക്ഷ നൽകിയെങ്കിലും ആയത് പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്യുകയും 5(3)/30-5-2008 തീരുമാന പ്രകാരം അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന തീരുമാനമെടുക്കുകയും കൃഷി ഓഫീസറെ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു.

എന്നാൽ പാടശേഖര സമിതിയുടെ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ 25 ടെൻഡർ ഫോറങ്ങൾ (25x150+വാറ്റ്-ന്റെ വിശദ വിവരം ലഭ്യമല്ല) വിൽക്കുകയും 15 പേർ ടെൻഡറിൽ പങ്കെടുക്കുകയും ചെയ്തു. (15x5000 ഇ.എം.ഡി.-യുടെ വിശദ വിവരം ലഭ്യമല്ല). ഇ.എം.ഡി. തുക നാളിതുവരെ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. 5-7-2008-ന് ഉച്ചയ്ക്ക് ലേലം നടന്നു. നിലവിലുള്ള കൃഷി ഓഫീസറിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് 2,58,850 രൂപയ്ക്ക് ലേലം ചെയ്തു എന്നറിയിച്ചുവെങ്കിലും ലേല നടപടികളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുന്നു.

1. പദ്ധതി വിഹിതം ഉപയോഗിച്ച് 100 ശതമാനം സബ്സിഡി നൽകി വാങ്ങിയ ട്രാക്ടറുകൾ സമിതിക്ക് കൈമാറിയപ്പോൾ പഞ്ചായത്ത് വാഹനങ്ങളുടെ കസ്റ്റോഡിയൻ എന്ന നിലയിൽ സെക്രട്ടറിയുമായി എഗ്രിമെന്റ് വയ്ക്കാതിരുന്നത് നിയമവിരുദ്ധമാണ്.

2. പാടശേഖര സമിതിക്ക് ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കൊണ്ടു പോകാൻ പറ്റാത്ത സാഹചര്യത്തിൽ പഞ്ചായത്തിനെ ഏൽപ്പിക്കാതിരുന്നത് ക്രമപ്രകാരമല്ല.

3. പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയില്ലാതെ (പഞ്ചായത്ത് തീരുമാനം (3)/30-5-2008 പ്രകാരം അനുമതി നൽകിയില്ല) ഈ ഉപകരണങ്ങൾ ലേലം ചെയ്യുന്നതിന് മെക്കാനിക്കൽ എഞ്ചിനീയറുടെ അനുമതി തേടിയതും, ദർഘാസ് പരസ്യം, ടെൻഡർ എന്നിവ സ്വമേധയാ സമിതി നടത്തിയതും ക്രമപ്രകാരമല്ല. ആയതിന്മേൽ നിലവിലെ സൂക്ഷിപ്പുകാരൻ (കൃഷി ഓഫീസർ) യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ട്രാക്ടർ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ ലേലം ചെയ്ത നടപടി ക്രമപ്രകാരമല്ല.

4. ഈ പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയിൽ ഉൾപ്പെട്ട പഞ്ചായത്ത് ഭരണസമിതി അംഗം യാതൊരു നടപടിയും സ്വീകരിക്കാത്തത് ക്രമപ്രകാരമല്ല.

5. ടെൻഡർ നടപടിയിലൂടെ ലഭ്യമായ പണം പഞ്ചായത്ത് ഫണ്ടിലോ, നിർവ്വഹണോദ്യോഗസ്ഥന്റെ (കൃഷി ഓഫീസർ) ഫണ്ടിലോ ഒടുക്കാത്തത് ക്രമപ്രകാരമല്ല.

6. ട്രാക്ടറുകൾ ലേലം ചെയ്യാൻ സർക്കാർ അനുമതി വേണമെന്നിരിക്കെ ആയത് ലഭ്യമാക്കിയിട്ടില്ല. (ജി.ഒ. (പി)350/08/ധനകാര്യം/6-8-2008 പ്രകാരം 50000 രൂപ വരെയുള്ള (അസറ്റ് മൂല്യം) വാഹനങ്ങൾ അനുമതിയില്ലാതെ പഞ്ചായത്ത് ഭരണ സമിതിക്ക് ലേലം ചെയ്യാൻ അധികാരം നൽകുന്നു). എന്നാൽ ലേല നടപടികൾ പാടശേഖര സമിതിയാണ് നിർവ്വഹിച്ചത്.

7. സർക്കാരിന്റെയോ, ഭരണസമിതിയുടെയോ അനുമതിയില്ലാതെ പാടശേഖര സമിതിയുടെ നേതൃത്വത്തിൽ വാല്യൂവേഷൻ വാങ്ങി, ടെൻഡർ നടപടി സ്വീകരിച്ച് ലേലം ചെയ്തത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

ടെൻഡർ ഫോമിന്റെ വിലയും ലേല തുകയും പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ഗോപാലൻ (കൃഷിഓഫീസർ), പരവത്ത് കളം,

തേങ്കുറിശ്ശി, പാലക്കാട് ജില്ല -678671

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.4.10]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

153. ട്രാക്ടറുകൾ ലേലം ചെയ്ത തുക 29-10-2013-ന് കൃഷി ഓഫീസർ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും പ്രസ്തുത വിവരം പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകി.

154. ഗ്രാമപഞ്ചായത്തിനെ മറികടന്നുകൊണ്ട് ആസ്തികൾ വിൽപ്പന നടത്തുവാൻ കർഷക സഹായ സമിതി തീരുമാനമെടുക്കുന്നത് ശരിയായ നടപടിയല്ലെന്ന് സമിതി

വിലയിരുത്തി. ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള കരുതൽ തദ്ദേശസ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**155. ഗ്രാമപഞ്ചായത്തിനെ മറികടന്നുകൊണ്ട് ആസ്തികൾ വിൽക്കുവാൻ കർഷക സഹായ സമിതി തീരുമാനമെടുത്തത് ശരിയായ നടപടിയല്ലെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള കരുതൽ തദ്ദേശസ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**കണ്ണൂർ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**തലശ്ശേരി നഗരസഭ**

**വൈദ്യുതി ബോർഡ് നിറവേറ്റേണ്ട ചുമതലകൾക്ക് തനതുഫണ്ട് വിനിയോഗിച്ചത് ക്രമരഹിതം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(43)

വൈദ്യുതി വകുപ്പിന്റെ 23-3-1997-ലെ ജി.ഒ.(എം.എസ്.)13/97 പ്രകാരം കേടായ വൈദ്യുതി ഉപകരണങ്ങൾ മാറ്റിയിടുകയും തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യേണ്ടത് വൈദ്യുതി ബോർഡിന്റെ ചുമതലയാണ്. ഇക്കാര്യത്തിനുവേണ്ടി മുനിസിപ്പൽ ഫണ്ട് ചെലവഴിക്കുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധമാകയാൽ താഴെപ്പറയും പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കും കേടായ വൈദ്യുതി ഉപകരണങ്ങൾ മാറ്റിയിടുന്നതിനും ചെലവഴിച്ച 4,15,260 രൂപ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | ഫയൽ നമ്പർ | തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 19/7-4-07 | ശ്യാം സുന്ദർ | ഇ 4/15213/06 | 3100 |
| 80/17-4-07 | വി. സി. മനോഹരൻ | " | 8860 |
| 81/17-4-07 | എം. ചന്ദ്രൻ | " | 16550 |
| 82/17-4-07 | എം. സജീവൻ | " | 10050 |
| 83/17-4-07 | വി. പവിത്രൻ | " | 2910 |
| 84/17-4-07 | പി. സുധീഷ് | " | 12450 |
| 274/2-6-07 | കെ. ശ്യാം സുന്ദർ | " | 2940 |
| 275/2-6.07 | എം.ചന്ദ്രൻ | " | 12470 |
| 276/2-6-07 | വി. സി. മനോഹരൻ | " | 10280 |
| 339/27-6-07 | കെ. നിനൂപ് കുമാർ | " | 12460 |
| 470/4-8-07 | പി. ജബ്ബാർ | " | 33510 |
| 561/22-8-07 | സി. എം. ചന്ദ്രൻ | " | 20720 |
| 562/22-8-07 | വി. സി. മനോഹരൻ | " | 13900 |
| 805/16-10-07 | പി. ജബ്ബാർ | " | 31750 |
| 806/16-10-07 | വി. സി. മനോഹരൻ, തലശ്ശേരി | " | 13520 |
| 807/16-10-07 | സി. എം. ചന്ദ്രൻ | " | 9950 |
| 1155/21-1-08 | എം. ചന്ദ്രൻ, തലശ്ശേരി | " | 13930 |
| 1156/21-1-08 | വി. സി. മനോഹരൻ, തലശ്ശേരി | " | 34770 |
| 1157/21-1-08 | കെ. നിനൂപ് കുമാർ, തലശ്ശേരി | " | 13970 |
| 1252/14-2-08 | കെൻകോസ്, കതിരൂർ | " | 62700 |
| 1297/26-2-08 | കെ. നിനൂപ് കുമാർ, തലശ്ശേരി | " | 19210 |
| 1298/26-2-08 | പി. ജബ്ബാർ, തലശ്ശേരി | " | 32540 |

| (1) | (2) | (3) | (4) |
|---|---|---|---|
| 1299/26-2-08 | വി. സി. മനോഹരൻ, തലശ്ശേരി | " | 11590 |
| 1300/26-2-08 | എം. ചന്ദ്രൻ, തലശ്ശേരി | " | 7680 |
| 1301/26-2-08 | കെ. ശ്യാം സുന്ദർ, തലശ്ശേരി | " | 3450 |
| ആകെ | | | 415260 |

ഉത്തരവാദികളായ ഉദ്യോഗസ്ഥർ:

1. ശ്രീ.ജോണി സെബാസ്റ്റ്യൻ, സെക്രട്ടറി, - RS.2,15,420/-
"പൈനാപ്പിള്ളിൽ ഹൗസ്",
എട്ടൂർ.പി.ഒ, പായം, കണ്ണൂർ

2. ശ്രീ. ആർ. ലാല്യ, സെക്രട്ടറി, - Rs. 1,99,840/-
"ലീലാ സദനം", പുത്തൻകുളം, കൊല്ലം

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.4.12 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

156. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**157. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയിൽ വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊല്ലം കോർപ്പറേഷൻ**

**വികലാംഗർക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 3-39

വികലാംഗരുടെ ഉപകരണ വിതരണം എന്ന 2008-09-ലെ പ്രോജക്ട് (നമ്പർ 226/08-09) പ്രകാരം 17-3-2009-ൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും ആവശ്യമായ ഉപകരണങ്ങൾ 2,69,010 രൂപ ചെലവ് ചെയ്ത് വാങ്ങിയിരുന്നു. 30-11-2009, 2-12-2009 തീയതികളിലായാണ് ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത്. വാങ്ങിയ ഉപകരണങ്ങളിൽ പലതും വിതരണം ചെയ്യാതെ സൂക്ഷിക്കുന്നതായി സ്റ്റോക്ക് രജിസ്റ്റർ (പേജ് 26) പരിശോധിച്ചതിൽ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇന വിവരം | വാങ്ങിയ എണ്ണം | ഇഷ്യു ചെയ്ത എണ്ണം | ബാക്കി | നിരക്ക് | വിതരണം ചെയ്യാതെ ശേഷിക്കുന്ന ഉപകരണങ്ങളുടെ മതിപ്പ് ചെലവ് |
|---|---|---|---|---|---|
| A. K. Prosthersis | 2 | - | 2 | 38500 | 77000 |
| B. K. Prosthersis | 2 | 1 | 1 | 17600 | 17600 |
| Wheel chair | 7 | 2 | 5 | 5200 | 26000 |
| Tricycle | 13 | 5 | 8 | 4800 | 38400 |
| KAFO | 8 | 2 | 6 | 1900 | 11400 |
| Surgical Shoes | 9 | 4 | 5 | 650 | 3250 |
| Wheel chair commodities | 3 | - | 3 | 5300 | 15900 |
| Therapy mate | 1 | - | 1 | 3060 | 3060 |
| Hearing aid (Profound) B/C | 1 Set | 1 | - | 18000 | - |
| **ആകെ** | | | | | **192610** |

പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയ മേൽ 46 ഉപകരണങ്ങളിൽ 31 എണ്ണവും വിതരണം ചെയ്യാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും അവരുടെ ശാരീരിക വൈകല്യത്തിനനുസൃതമായി ആവശ്യകത മനസ്സിലാക്കിയും ഉപകരണങ്ങൾ വാങ്ങിച്ചിരുന്നുവെങ്കിൽ ഇത്തരത്തിൽ ഉപകരണങ്ങൾ ആവശ്യക്കാരില്ലാതെ നശിക്കുന്ന അവസ്ഥ ഒഴിവാക്കാമായിരുന്നു. കൂടാതെ 1,92,610 രൂപ (ഏകദേശം 2 ലക്ഷം രൂപ) പാഴ്ചെലവാകുകയും ചെയ്തു. ഈ വിഷയത്തിൽ രേഖകൾ സഹിതം തൃപ്തികരമായ വിശദീകരണം ഉണ്ടാകേണ്ടതാണ്. അതുവരെ മേൽ ഉപകരണങ്ങളുടെ വിലയായി അധികം ചെലവഴിച്ച 1,92,610 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥ:

എസ്. ശോഭനകുമാരി (സി.ഡി.പി.ഒ.),

കൊല്ലം പുനലൂർ അർബൻ രേഖാ ഭവൻ.

തട്ടാമല പി.ഒ., കൊല്ലം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.5.2 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

158. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**159. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം കോർപ്പറേഷനിൽ വികലാംഗങ്ങൾക്കുള്ള ഉപകരണ വിതരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.**

**പത്തനംതിട്ട ജില്ല**

ഓഡിറ്റ് ഖണ്ഡിക

**അടൂർ മുനിസിപ്പാലിറ്റി**

**നഗരസഭയിലെ സി.എഫ്.എൽ.-കളുടെ വാർഷിക മെയിന്റനൻസിന് മുൻകൂർ നൽകിയത് സംബന്ധിച്ച്**

റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3-3

- മുൻകൂർ കൈപ്പറ്റിയ സ്ഥാപനം തെരുവുവിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നില്ല
- കരാർ തയ്യാറാക്കിയത് നഗരസഭയ്ക്കും പ്രതികൂലമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി

കേരള വികസന പദ്ധതിയിലുൾപ്പെടുത്തി നഗരസഭയുടെ പരിധിയിലുള്ള സി. എഫ്. എൽ. തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി അമ്മിണി എനർജി സിസ്റ്റം, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പാപ്പനംകോട്, തിരുവനന്തപുരം എന്ന സ്ഥാപനവുമായി 24-3-2005-ൽ നഗരസഭ കരാറുണ്ടാക്കി.

ഇതിൻപ്രകാരം 24-3-2005 മുതൽ ഒരു വർഷക്കാലത്തേക്ക് നഗരസഭാ പരിധിയിലുള്ള മൊത്തം 480 സി.എഫ്.എൽ.-കളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പരാതിയ്ക്ക് അവസരമില്ലാത്തവണ്ണം നടത്താമെന്ന് ടി സ്ഥാപനം നഗരസഭയുമായി എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. എഗ്രിമെന്റ് അനുസരിച്ച് ലൈറ്റ് ഒന്നിന് 336.40 രൂപ നിരക്കിൽ 480 ലൈറ്റുകൾക്ക് മൊത്തം 1,61,472 രൂപ സ്ഥാപനത്തിന് ചെല്ലേണ്ട സ്ഥാനത്ത് മുൻകൂറായി 1,31,000 രൂപ നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 84/3-05 തീയതി 31-3-2005).

എന്നാൽ എഗ്രിമെന്റ് പ്രകാരം സ്ഥാപനത്തിന് ചെല്ലേണ്ട മൊത്തം തുകയായ 1,61,472 രൂപയിൽ അഡ്വാൻസ് കഴിച്ചുള്ള തുക ആദ്യ സർവ്വീസ് പൂർത്തിയായാലുടൻ നൽകണമെന്നും അപ്രകാരം മൊത്തം തുകയും നൽകുന്നില്ലെങ്കിൽ തുടർന്ന് സേവനങ്ങൾ നൽകുന്നതല്ലെന്നും എഗ്രിമെന്റിൽ പറയുന്നുണ്ട്.

അതിനുശേഷം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്ഥാപനം തയ്യാറാകാത്തതിൽ നിയമ നടപടികൾ സ്വീകരിക്കുമെന്നറിയിച്ച് 6-5-2005-ൽ കത്ത് നൽകിയതിനെ തുടർന്ന് 28-5-2005 മുതൽ 7-6-2005 വരെ സന്തോഷ് എന്നൊരാൾ മെയിന്റനൻസ് ജോലി നടത്തിയതായി നഗരസഭാ സെക്രട്ടറിയുടെ സാക്ഷ്യപത്രം ഉണ്ട്.

പിന്നീട് 24-10-2008-ൽ നഗരസഭ നൽകിയ കത്ത് പ്രകാരം വാർഷിക മെയിന്റനൻസ് നടത്തുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകിയെങ്കിലും സ്ഥാപനം മറുപടി നൽകിയിട്ടില്ല.

കരാർ പരിശോധിച്ചാൽ മുഴുവൻ തുകയും ആദ്യ സർവ്വീസ് കഴിയുമ്പോൾ ഒടുക്കേണ്ട നഗരസഭ അപ്രകാരം ചെയ്യാതെ കരാർ ലംഘനം നടത്തിയതുവഴി തുടർ സേവനം ലഭ്യമാക്കാൻ സ്ഥാപനത്തിന് ബാദ്ധ്യത ഇല്ല.

ഇതിനെ തുടർന്ന് അഡ്വ. കെ. എൻ. യശോധരൻ മുഖേന പത്തനംതിട്ട ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിൽ കേസ് നൽകിയിട്ടുണ്ട്.

സ്ഥാപനവും നഗരസഭയും തമ്മിൽ ഉണ്ടാക്കിയ കരാർ പ്രകാരം കേസ്സുകൾ തിരുവനന്തപുരം കോടതികളിൽ മാത്രമേ നടത്താവൂ എന്ന് പറയുന്ന സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ നൽകിയ ഈ കേസിനും സാങ്കേതികമായ നിലനിൽപ്പില്ല.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നഗരസഭയ്ക്ക് പ്രതികൂലമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി അമ്മിണി ഇലക്ട്രോണിക്സ്, തിരുവനന്തപുരം എന്ന സ്ഥാപനവുമായി വ്യവസ്ഥകൾ ഏകപക്ഷീയമായി അംഗീകരിച്ച് നഗരസഭയ്ക്ക് പ്രതികൂലമായ പഴുതുകൾ

ഉൾക്കൊള്ളിച്ച് കരാർ ഉണ്ടാക്കുക വഴി നഗരസഭയ്ക്ക് ധനനഷ്ടം ഉണ്ടായത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. കെ. പ്രേംകുമാർ (മുനിസിപ്പൽ സെക്രട്ടറി),

മഡോണ, പാപ്പനംകോട്, തിരുവനന്തപുരം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.6.4 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

160. നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദികളായ 19 പേരിൽ നിന്നും തുല്യമായി ഈടാക്കാൻ നിർദ്ദേശിച്ചതിനെത്തുടർന്ന്, 13 പേരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടെന്നും രണ്ടുപേർ മരണപ്പെട്ടുവെന്നും ബാക്കിയുള്ള നാലുപേർക്കെതിരെ റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്നും അടൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

161. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**162. റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അടൂർ മുനിസിപ്പാലിറ്റിയിലെ സി. എഫ്. എൽ. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**തൃശ്ശൂർ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**സമാഹരണ മുൻകൂർ നൽകി - പണി പൂർത്തിയാക്കിയിട്ടില്ല**

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് സമാഹരണ മുൻകൂർ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം 12% പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | ഓ.റി. വർഷം | ഖണ്ഡിക നം. | നൽകിയ തുക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | പുതുശ്ശേരി ശ്മശാനത്തിൽ ചൂള നിർമ്മാണം, കോസ്റ്റ്ഫോർഡ്, തൃശ്ശൂർ. (99-2000) | 2004-05 | 3-20 | 1,04,000 |
| | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അംഗൻവാടി കെട്ടിട നിർമ്മാണം - കെ. നന്ദകുമാർ, കണ്ടംകുമരത്ത്, ചെറുതുരുത്തി (98-99) | 2004-05 | 3-20 | 66,000 |
| | കല്ലേകുണ്ട് വാട്ടർ സപ്ലൈ സ്കീം - ശിവദാസൻ, തെക്കേതൊടിയിൽ, ചെറുതുരുത്തി (1999-2000) | 2004-05 | 3-20 | 90,345 |
| | ഇരട്ടക്കുളം വാട്ടർ സപ്ലൈ സ്കീം - നാരായണൻ, കുന്നത്ത്, ചെറുതുരുത്തി (1999-2000) | 2004-05 | 3-20 | 91,345 |
| | മുല്ലക്കപ്പറമ്പ് വാട്ടർ സപ്ലൈ, തിരുവല്ലത്ത്, ചെറുതുരുത്തി (1999-2000) | 2004-05 | 3-20 | 1,00,080 |
| | വെട്ടിക്കാട്ടിരി ലക്ഷംവീട് കോളനി വാട്ടർ സപ്ലൈ, മൊയ്തുണ്ണി മന്തിയിൽ, വെട്ടിക്കാട്ടിരി(1999-2000) | 2004-05 | 3-20 | 95,825 |
| | ചെറുതുരുത്തി ഹൈസ്കൂൾ - ടി -, കെ. വി. കമറുദ്ദീൻ മാസ്റ്റർ, ജി.എച്ച്.എസ്.എസ്. ചെറുതുരുത്തി (1989-2000) | 2004-05 | 3-20 | 1,93,811 |
| | പള്ളിക്കൽ കടവത്തൊടി റോഡ്, കെ. ആർ. വാസുദേവൻ കടവത്തൊടി, പള്ളിക്കൽ (97-98) | 2004-05 | 3-20 | 1,35,477 |
| | പള്ളം ഭാരതപ്പുഴ കടവ് റോഡ് (99-00) | 2004-05 | 3-20 | 33,000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| അന്തിക്കാട് ഗ്രാമപഞ്ചായത്ത് | മുറിയൻ കണ്ടൻ റോഡ് മെറ്റലിങ്ങ് | 2006-07 | 3-6 | 28,000 |
| | ഗ്രൗണ്ട് പാർശ്വഭിത്തി | 2006-07 | 3-6 | 37,701 |
| | ഖാദർ മൈതാനം കോളനി പാർശ്വഭിത്തി നിർമ്മാണം എസ്.ജി.ആർ.വൈ. | 2006-07 | 3-6 | 16,250 |
| | മാങ്ങാട്ടുകര അമ്പാച്ചിറ ലിങ്ക് റോഡ് മെറ്റലിംഗ് എസ്.ജി. ആർ.വൈ. | 2006-07 | 3-6 | 12,500 |
| നടത്തറ ഗ്രാമപഞ്ചായത്ത് | നെല്ലാനി തോട്ടിൽ വിസിബികളുടെ നിർമ്മാണം | 2009-10 | 3-12 | 81,655 |
| തോളൂർ ഗ്രാമപഞ്ചായത്ത് | ഷാരിയേക്കൽ കാളിപ്പാടം റോഡ് | 2006-07 | 3-12 | 11,780 |
| | ഐനിക്കൽ ബണ്ട് സംരക്ഷണം | 2006-07 | 3-12 | 67,000 |
| | മുള്ളൂർ ആളുക്കാരത്തി റോഡ് | 2006-07 | 3-12 | 5,950 |
| | ചാലയ്ക്കൽ പാറ ജല സംഭരണി | 2006-07 | 3-12 | 23,000 |
| മണലൂർ ഗ്രാമ പഞ്ചായത്ത് | വനിതാ വ്യവസായ കേന്ദ്രം റോഡ് നിർമ്മാണം | 2006-07 | 3-4 | 38,400 |
| | വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം | 2006-07 | 3-4 | 46,803 |
| പഴയന്നൂർ ഗ്രാമ പഞ്ചായത്ത് | കല്ലം പറമ്പ് കോളനി ഗ്രാമ റോഡ് ഫോർമേഷൻ | 2006-07 | 3-7 | 47,000 |
| | തേവരുകുളം ചേറുംകോട് റോഡ് | 2006-07 | 3-7 | 22,000 |
| | പുലിപ്പാടം കോളനി റോഡ് | 2006-07 | 3-7 | 23,000 |
| | കല്ലംപറമ്പ് പെരുമ്പാല പറമ്പ് റോഡ് ഫോർമേഷൻ | 2006-07 | 3-7 | 23,000 |
| | വെള്ളാർക്കുളം പ്ലാന്റേഷൻ വർക്ക് | 2006-07 | 3-7 | 23,000 |
| | കുമ്പളക്കോട് മാട്ടിൻമുകൾ കോളനി റോഡ് | 2006-07 | 3-7 | 33,000 |
| | വടക്കേക്കര മിച്ചഭൂമി റോഡ് | 2006-07 | 3-7 | 46,000 |
| | കുന്നംപുള്ളി തോപ്പിൽക്കുളം റോഡ് | 2006-07 | 3-7 | 23,000 |
| | കല്ലംപറമ്പ് കോളനി ഗ്രാമം റോഡ് ഫോർമേഷൻ | 2006-07 | 3-7 | 47,000 |
| | തിരുമണി കോളനി മലമ്പതി റോഡ് ഫോർമേഷൻ | 2006-07 | 3-7 | 47,000 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.6.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

163. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 9 പ്രവൃത്തികളിൽ പുതുശ്ശേരി ശ്മശാനത്തിൽ ചൂള നിർമ്മാണം എന്ന പ്രവൃത്തി 1,31,338 രൂപ ചെലവിൽ കോസ്റ്റ് ഫോർഡ് മുഖേന പൂർത്തീകരിച്ചതും ആയതിന്റെ താക്കോൽ 2006-ൽ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമാണെന്നും പ്രസ്തുത ശ്മശാനം നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും പണി പൂർത്തീകരിച്ചതിന്റെ ബിൽ, എം. ബുക്ക് എന്നീ രേഖകൾ സെക്രട്ടറി കണ്ടിരുന്നില്ലെന്നും വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

164. കോസ്റ്റ് ഫോർഡ് പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെങ്കിലും സ്ഥലപരിശോധന നടത്തിയാൽ പണി പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കാവുന്നതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

165. കൂടാതെ, ശ്മശാനത്തിന്റെ പണി പൂർത്തീകരിക്കുകയും പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ടെന്നും ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട 9 പ്രവൃത്തികളിൽ പള്ളം ഭാരതപ്പുഴ കടവ് റോഡിന്റെ പണിയൊഴികെ ബാക്കി എട്ട് പണികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും പള്ളം ഭാരതപ്പുഴ കടവ് റോഡിന്റെ പ്രവൃത്തിക്ക് നൽകിയ മുൻകൂർ തുകയായ 30,000/- രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

166. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

167. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

168. നെല്ലാനി തോട്ടിൽ വി.സി.ബി.-കളുടെ നിർമ്മാണം 2011-ൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടു പോയിട്ടുള്ളതാണെന്നും നടത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

169. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടത്തറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

170. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തോളൂർ, മണലൂർ, പഴയന്നൂർ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**171. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വള്ളത്തോൾ നഗർ, നടത്തറ ഗ്രാമപഞ്ചായത്തുകൾ, ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്ത്, വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തോളൂർ, മണലൂർ, പഴയന്നൂർ ഗ്രാമപഞ്ചായത്തുകൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**വയനാട് ജില്ല**

ഓഡിറ്റ് ഖണ്ഡിക

**മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്**

**മുൻകൂറായി പണവും ഭക്ഷ്യധാന്യവും കൈപ്പറ്റി പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് - (എസ്.ജി.ആർ.വൈ.)**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക 3-2

2005-06-ലെ എസ്.ജി.ആർ.വൈ. ആക്ഷൻ പ്ലാൻ പ്രകാരം അംഗീകരിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ കൺവീനർമാർക്ക്/വ്യക്തികൾക്ക് ധനവും ഭക്ഷ്യധാന്യവും നൽകിയിട്ടുണ്ടെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. എഗ്രിമെന്റ് പ്രകാരം 31-3-2006-നകം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. ഓഡിറ്റ് തീയതി വരെയും പദ്ധതികൾ പൂർത്തീകരിച്ചതായി വർക്ക്ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5 തീയതി: 24-7-2009) മുഴുവൻ പ്രവൃത്തികളുടെയും കാര്യത്തിൽ റിക്കവറി നടപടികൾ നടന്നുവരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ നൽകിയ അരിയുടെയും ഗോതമ്പിന്റെയും വില മാർക്കറ്റ് നിരക്കിൽ കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് 2007 മാർച്ച് അവസാനിച്ച വർഷത്തേത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖണ്ഡിക 3.6.5.3 പ്രകാരം അരിയുടെ വില കിലോയ്ക്ക് 14.17 രൂപയും ഗോതമ്പിന് 9.54 രൂപയുമാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നൽകിയ തുക/ ഭക്ഷ്യ ധാന്യം | ചെക്ക് നമ്പർ/ തീയതി | കൺവീനറുടെ പേര് | റവന്യൂ റിക്കവറിക്ക് അയച്ച തീയതി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | തെനവയൽ സൈഡ് സംരക്ഷണം - എസ്റ്റിമേറ്റ് 1,00,000 | 25000 | 898926/ 27-8-05 | ശ്രീ. രാമൻ | 28-2-2008 |
| | അരി 980 X 14.17 = 13887 ഗോതമ്പ് 490 X 9.54 = 4675 | 18562 | | | |
| 2 | എട്ടുവയൽ കിണർ നിർമ്മാണം എസ്റ്റിമേറ്റ് 50000 | 12500 | 897942/ 27-8-05 | ശ്രീ. പി. മൂസ്സ | 2-1-2008 |
| 3 | നിരിട്ടാടി കിണർ നിർമ്മാണം എസ്റ്റിമേറ്റ് 50000 | 12500 | 898915/ 27-8-05 | ശ്രീ.ടി. കെ. ബഷീർ | 21-1-2008 |
| | അരി 490 X 14.17 = 6943 ഗോതമ്പ് 245 X 9.54 = 2337 | 9280 | | | |
| 4 | ആശ്രമം സ്കൂൾ റോഡ് അപ്രോച്ച് റോഡ് പ്രവൃത്തി എസ്റ്റിമേറ്റ് 2 ലക്ഷം | 50000 | 898939/ 27-8-05 | ശ്രീ. ടി. മോഹനൻ | 12-3-2009 |
| | അരി 1964 X 14.17 = 27830 ഗോതമ്പ് 982 X 9.54 = 9368 | 37198 | | | |
| 5 | അയണാറ്റ കോളനി റോഡ് പ്രവൃത്തി എസ്റ്റിമേറ്റ് 2 ലക്ഷം | 50000 | 898925/ 27-8-05 | ശ്രീ. ഒ. ആർ. അണ്ണൻ | 2-1-2008 |
| 6 | ശ്രീ.ഒ.ചന്തുവിന് കിണർ എസ്റ്റിമേറ്റ് 50000 | 12500 | 299492/ 29-11-05 | വ്യക്തിഗതം | |
| 7 | മലങ്കര മാസ് ക്ലബ്ബ് കെട്ടിടം എസ്റ്റിമേറ്റ് 1.50 ലക്ഷം | 37500 | 898935/ 27-8-05 | ശ്രീ. ഗിരീഷ് | |
| 8 | പടിഞ്ഞാറെ നടപ്പെറ്റ ബേബിയുടെ വീടിന് സമീപം സൈഡ് കെട്ടൽ എസ്റ്റിമേറ്റ് 50000 | 12500 | 899467/ 21-10-05 | ശ്രീ. ബേബി | |
| 9 | ബസ്സ് വെയിറ്റിംഗ് ഷെഡ് വള്ളിത്തോട് കാപ്പാടി എസ്റ്റിമേറ്റ് 30000 | 7500 | 899491/ 28-11-05 | ശ്രീ. പി. ആർ. നൗഷാദ് | |
| **ആകെ** | | **285040** | | | |

<u>ക്രമ നമ്പർ 6 ശ്രീ. ഒ. ചന്തുവിന് കിണർ</u>

ടിയാന്റെ 18-11-2008-ലെ അപേക്ഷയിൽ കിണർ ഇടിഞ്ഞുപോയെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 25-11-2008-ൽ ബ്ലോക്ക് പഞ്ചായത്ത് തീരുമാനം 127/08(8) പ്രകാരം 2009-10-ലെ പദ്ധതിയിലുൾപ്പെടുത്തി കിണർ അനുവദിക്കുന്നതിനും ഫൈനൽ ബില്ലിൽ നിന്നും മുൻകൂറായി നൽകിയ 12500 രൂപ കുറവ് ചെയ്യുന്നതിനും നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

<u>ക്രമ നമ്പർ 7:</u>

മലങ്കര മാസ് ക്ലബ്ബ് കെട്ടിടത്തിന്റെ പണി 21-6-2006-ന് പൂർത്തീകരിച്ചതായി കൺവീനർ ശ്രീ.ഗിരീഷ് അറിയിച്ചതിനെ തുടർന്ന് ഫൈനൽ ബില്ലും മറ്റ് അനുബന്ധരേഖകളും ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് അയച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെയും തിരിച്ചു കിട്ടിയിട്ടില്ലായെന്ന് വിശദീകരണം നൽകിയിട്ടുണ്ട്.

<u>ക്രമ നമ്പർ 8:</u>

ബ്ലോക്ക് പഞ്ചായത്ത് തീരുമാനം നമ്പർ 10/06 തീയതി: 18-1-2006 പ്രകാരം പ്രവൃത്തി റദ്ദാക്കി.

<u>ക്രമ നമ്പർ 9:</u>

മാനന്തവാടി തഹസിൽദാരുടെ ഡി.2-53/03 എം/07-08 തീയതി 31-3-2008 പ്രകാരം 1500 രൂപയും ഇതേ കത്ത് നമ്പർ തീയതി: 16-5-2005 പ്രകാരം 3000 രൂപയും കൂടി 4500 രൂപ അടച്ചിട്ടുണ്ടെന്ന് വർക്ക്ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രസീത്, തുക ഒടുക്കിയത് സംബന്ധിച്ച വിവരം എന്നിവ ലഭ്യമല്ല.

മുൻകൂറായി നൽകിയ പണവും ഭക്ഷ്യധാന്യത്തിന്റെ വിലയും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയതിന്റെ വിവരവും അല്ലാത്തവയുടെ കാര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പൂർത്തീകരിച്ച വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ യഥാസമയത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനോ, മുൻകൂറായി നൽകിയ തുക തിരിച്ചു പിടിക്കുന്നതിനോ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായതിന് മതിയായ വിശദീകരണവും നൽകേണ്ടതാണ്. കൺവീനർ/വ്യക്തികൾ എന്നിവർക്ക് നൽകിയ 285040 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. വി. വിജയരാജൻ (എക്സ്റ്റൻഷൻ ഓഫീസർ),

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്.

2. ശ്രീ. എം. ഈശ്വരൻ, ശരൺ നിവാസ്,

കൂടോത്തുമ്മൽ, കടിയാമ്പറ്റ (പി.ഒ.), വയനാട്,

(Designation ലഭ്യമാക്കിയിട്ടില്ല)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.6.9 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>എട്ടുവയൽ കിണർ നിർമ്മാണം</u>

172. എട്ടുവയൽ കിണർ നിർമ്മാണത്തിനായി കൺവീനർ വാങ്ങിയ തുക ലഭ്യമായിട്ടില്ലെന്നും റവന്യൂ റിക്കവറിക്ക് അയച്ചിരുന്നുവെങ്കിലും ടിയാൻ മാനന്തവാടിയിൽ നിന്നും വൈത്തിരി താലൂക്കിൽ കണിയാമ്പറ്റ വില്ലേജിൽ കമ്പളക്കാട് എന്ന സ്ഥലത്തേയ്ക്ക് താമസം മാറിയതിനാൽ റവന്യൂ റിക്കവറി ശിപാർശ മടങ്ങിയതായിട്ടാണ് അറിയാൻ കഴിഞ്ഞതെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

<u>ആശ്രാമം സ്കൂൾ അപ്രോച്ച് റോഡ്</u>

173. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ നൽകിയ തുക പലിശ സഹിതം തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

<u>അയഞ്ഞാറ്റ കോളനി റോഡ് പ്രവൃത്തി</u>

174. പ്രസ്തുത പ്രവൃത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക അന്വേഷണ സമിതി നേരിട്ട് പരിശോധിച്ചപ്പോൾ അയഞ്ഞാറ്റ കോളനിയിലേയ്ക്കുള്ള റോഡ് ഇപ്പോൾ ഗതാഗത യോഗ്യമാണെന്നും നിരവധി കുടുംബങ്ങൾ ഈ റോഡ് ഉപയോഗിക്കുന്നുണ്ടെന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും പ്രസ്തുത പ്രവൃത്തിയുടെ കൺവീനർ ഒ. ആർ. അണ്ണൻ എന്നയാൾ ഇപ്പോൾ മാനസിക രോഗിയാണെന്നും അതിനാൽ അദ്ദേഹത്തിൽ നിന്നും തുക ഈടാക്കാൻ കഴിയില്ലെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വെളിപ്പെടുത്തി.

175. മാനസിക രോഗിയെന്ന് പറഞ്ഞ ആൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണോയെന്നും അദ്ദേഹത്തെ ചികിത്സിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷണം വിതരണം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹത്തെ ചികിത്സിക്കുന്നതിന് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹായം തേടിയിട്ടുണ്ടെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

176. ആയത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി അയയ്ക്കണമെന്നും പ്രസ്തുത വ്യക്തിക്ക് സംരക്ഷണം നൽകാനും ബന്ധപ്പെട്ടവരുടെ സഹായത്തോടെ ചികിത്സിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>ശ്രീ. ഒ. ചന്തുവിന് കിണർ</u>

177. പ്രസ്തുത കിണർ 15 മീറ്റർ കുഴിച്ചപ്പോൾ വെള്ളം കണ്ടുവെങ്കിലും തുടർന്ന് 2 മീറ്റർ കൂടി കുഴിച്ചപ്പോൾ പാറ കണ്ടതിനാൽ പണി അവിടെ വച്ച് നിർത്തുകയാണുണ്ടായതെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

<u>മലങ്കര മാസ് ക്ലബ്ബ് കെട്ടിടം</u>

178. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും അധികമായി കൈപ്പറ്റിയ തുക കൺവീനർ വില്ലേജ് ഓഫീസിൽ ഒടുക്കിയിട്ടുണ്ടെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

179. മേൽ വിശദീകരിച്ച മറുപടികളുടെയും സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ 9 പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**180. അയഞ്ഞാറ്റ കോളനി റോഡ് പ്രവൃത്തി കൺവീനറായിരുന്ന ശ്രീ. ഒ. ആർ. അണ്ണൻ എന്ന വ്യക്തിക്ക് സംരക്ഷണം, മാനസികാരോഗ്യ ചികിത്സ എന്നിവ നൽകുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വകുപ്പിന്റെ വിശദീകരണത്തിന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ 9 പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വയനാട് ജില്ലാ പഞ്ചായത്ത്**

**പട്ടികവർഗ്ഗ ഭവനനിർമ്മാണത്തിന് തുക കൈപ്പറ്റിയ സർക്കാർ ഏജൻസി ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക 3-3

- നൂറ് വീടുകൾ പണിയാൻ മുൻകൂർ കൈപ്പറ്റിയ സ്ഥാപനം പൂർത്തിയാക്കിയത് 21 വീടുകൾ മാത്രം
- മുൻകൂർ തിരിച്ചടയ്ക്കാൻ ബാക്കി 1.59 ലക്ഷം.

വയനാട് ജില്ലാ പഞ്ചായത്ത് പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം 2003-04-ൽ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. ആകെ 100 വീടുകൾ നിർമ്മിക്കുന്നതിനായി ആദ്യഗഡു എന്ന നിലയിൽ 15,89,000 രൂപ പ്രസ്തുത ഏജൻസി കൈപ്പറ്റുകയുമുണ്ടായി. എന്നാൽ ആകെ 21 വീടുകളും 3 വീടുകളുടെ തറയും മാത്രമാണ് ഏജൻസി നാളിതുവരെ പൂർത്തിയാക്കിയത്. പൂർത്തിയാക്കിയ 21 വീടുകൾക്ക് ഏജൻസിയും, എൽ.എസ്.ജി.ഡി. എഞ്ചിനീയർമാരും സംയുക്തമായി നടത്തിയതിൽ കണ്ടെത്തിയ മൂല്യം 14,15,642 രൂപയാണ്. ഇതുപ്രകാരം ഏജൻസി ആകെ കൈപ്പറ്റിയ 15,89,000 രൂപയിൽ ചെലവഴിച്ച 14,15,642-രൂപ കിഴിച്ച് 1,59,358 രൂപ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജില്ലാ പഞ്ചായത്തിന് നൽകുവാനുണ്ട്. എന്നാൽ നാളിതുവരെ ടി തുക ഏജൻസി ഒടുക്കിയിട്ടില്ല. 26-5-2008-ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 1(5)/08 നമ്പർ തീരുമാന പ്രകാരം ഏജൻസി ജില്ലാ പഞ്ചായത്തിന് ഒടുക്കേണ്ട തുക 12% പലിശ സഹിതം ഈടാക്കുവാൻ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തതായി കാണുന്നു. ഇതനുസരിച്ച് തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും, സത്വരമായി തുക വസൂലാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. പി. എം. അലിഅസ്ഗർ പാഷ, ഐ.എ.എസ്.(സെക്രട്ടറി),

കരോലിത, വേയർഹൗസിന് സമീപം,

പിണങ്ങോട് റോഡ്, കൽപ്പറ്റ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.6.10 (1))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

181. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**182. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വയനാട് ജില്ലാ പഞ്ചായത്തിലെ പട്ടികവർഗ്ഗ ഭവനനിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ആസ്തി പരിപാലനം**

**തിരുവനന്തപുരം ജില്ല**

<u>ഓഡിറ്റ് ഖണ്ഡിക</u>

**തിരുവനന്തപുരം കോർപ്പറേഷൻ**

**ഷോപ്പിംഗ് കോംപ്ലക്സ് - 5 വർഷത്തിലേറെയായി ഒഴിഞ്ഞുകിടക്കുന്നു**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ: 2.11.5

- കടമുറികൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുന്നില്ല
- ലേലം ഒഴിവാക്കി വാടകയ്ക്ക് നൽകാൻ ശ്രമം
- വാടകയിനത്തിൽ നഗരസഭയ്ക്ക് വൻനഷ്ടം

കടകംപള്ളി സോണിലുള്ള ആനയറ ഷോപ്പിംഗ് കോംപ്ലക്സ് (ടി.സി.76/2023) ഒന്നാം നിലയിലെ 101.63 ചതുരശ്ര മീറ്റർ സ്ഥലം 9-12-2002-ലെ പുതുക്കിയ കരാർ പ്രകാരം നഗരസഭ, സൗത്ത് ഇൻഡ്യൻ ബാങ്കിന് പ്രതിമാസം 1438 രൂപ ലൈസൻസ് ഫീസ് നിശ്ചയിച്ച് നൽകുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 22-5-2003-ലെ 8(21)-ാം നമ്പർ തീരുമാനം അനുസരിച്ച് 1-4-2003 മുതൽ 31-3-2005 വരെ ദീർഘിപ്പിച്ച് നൽകി പ്രതിമാസ ലൈസൻസ് ഫീസ് 1798 രൂപയായി പുതുക്കി നിശ്ചയിക്കുകയും ചെയ്തു. സൗത്ത് ഇൻഡ്യൻ ബാങ്ക് 31-3-2005-ൽ കെട്ടിടം ഒഴിഞ്ഞതായി 23-6-2005-ൽ നഗരസഭയെ അറിയിക്കുകയുണ്ടായി. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിനായി

അത്യാവശ്യ അറ്റകുറ്റ പണികൾ അടിയന്തരമായി ചെയ്ത് തീർത്ത് തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 24-10-2005-ൽ സെക്രട്ടറിയുടെ പി.എ. നഗരസഭാ എഞ്ചിനീയർക്ക് കത്ത് നൽകുകയും 29-3-2006, 7-8-2006 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തു. എന്നാൽ 5-1-2007-ൽ അറ്റകുറ്റ പണി പൂർത്തീകരിച്ചതായി ഫയലിൽ കാണുന്നു. ഒപ്പം കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പ്ലിന്ത് ഏരിയ 101.63 ചതുരശ്ര മീറ്ററായി കണക്കാക്കി ചതുരശ്ര മീറ്ററിന് 80.70 രൂപ പ്രകാരം പ്രതിമാസം ഈടാക്കേണ്ട വാടകയായി 8202 രൂപ നിശ്ചയിച്ചതായും 1-3-2007-ൽ ഫയൽ നോട്ടിൽ വ്യക്തമാകുന്നു.

2000-ാം ആണ്ടിലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ വസ്തു ആർജ്ജിക്കലും കൈയൊഴിയലും ചട്ടങ്ങൾ 11 പ്രകാരം ലൈസൻസുകളുടെ പുതുക്കൽ, ലൈസൻസികളെ പുനരധിവസിപ്പിക്കൽ എന്നിവ ഒഴികെയുള്ള വിൽപ്പന, പാട്ടത്തിന് നൽകൽ, വാടകയ്ക്ക് കൊടുക്കൽ എന്നിവ മുഖേന മുനിസിപ്പാലിറ്റികളുടെ വസ്തു കൈമാറ്റങ്ങൾ പരസ്യ ലേലം വഴിയോ, ടെണ്ടർ മുഖേനയോ ആയിരിക്കേണ്ടതാണ്.

യഥാസമയം അറ്റകുറ്റ പണികൾ പൂർത്തിയാക്കി ലേലനടപടികൾ കൈക്കൊള്ളാതെ കെട്ടിടം വാടകയ്ക്ക് നൽകുന്നതിനായി പോസ്റ്റ് ഓഫീസ്, പ്രൈമറി ഹെൽത്ത് സെന്റർ, ജിംനേഷ്യം എന്നിവയുമായി കത്തിടപാടുകൾ നടത്തിയിരിക്കുന്നു. 8000 രൂപ വാടക നിശ്ചയിച്ച് ജിംനേഷ്യത്തിന് അനുവദിച്ച് 30-12-2009-ൽ അറിയിപ്പ് നൽകി. എന്നാൽ വാടക 4000 രൂപയായി കുറവ് ചെയ്യണമെന്നാവശ്യപ്പെട്ട് ജിംനേഷ്യം നടത്തിപ്പുകാരൻ നൽകിയ അപേക്ഷ 23-1-2010-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചെങ്കിലും തീരുമാനമായിട്ടില്ല.

1-4-2005 മുതൽ 28-2-2010 വരെ 61 മാസക്കാലമായി കെട്ടിടം ഒഴിഞ്ഞ് കിടന്നതുമൂലം നഗരസഭയ്ക്ക് ലക്ഷങ്ങളുടെ നഷ്ടമാണുണ്ടായത്. 1-3-2007-ൽ നഗരസഭ നിശ്ചയിച്ച വാടകതന്നെ 8,202 രൂപയാണ്. യഥാസമയം അറ്റകുറ്റപ്പണി നടത്താതിരുന്നത് മൂലം ഉണ്ടായ നഷ്ടം നഗരസഭാ എഞ്ചിനീയർ, സെക്രട്ടറി എന്നിവരുൾപ്പെടെയുള്ളവരിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ജോൺസൺ കെ. ജോർജ്ജ് (ഐ.എ.എസ്.), സെക്രട്ടറി,

കല്ലുംപുറത്ത് വീട്, വി.എസ്.എൻ.എൽ. റോഡ്,

കാക്കനാട് പി.ഒ., കൊച്ചി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.8.1 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

183. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**184. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനിലെ ഒഴിഞ്ഞുകിടക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ആലപ്പുഴ ജില്ല**

ഓഡിറ്റ് ഖണ്ഡിക

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**ആസ്തികൾ പരിപാലിക്കപ്പെടാതെ നശിച്ചുപോകുന്നു**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2-7

- നാല് വർഷം മാത്രം പഴക്കമുള്ള ആംബുലൻസ് സർവ്വീസ് നിർത്തിവച്ചതിന് കാരണമില്ല
- 1,41,900 രൂപ ചെലവിൽ വാങ്ങിയ മൊബൈൽ മോർച്ചറി യൂണിറ്റ് എവിടെ എന്ന് നഗരസഭയ്ക്കറിയില്ല

1. നാല് വർഷം മാത്രം പഴക്കമുള്ള ആംബുലൻസ് പ്രവർത്തനരഹിതമായി:

2003-04 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതിപ്രകാരം നഗരസഭയ്ക്ക് സ്വന്തമായി ഒരു ആംബുലൻസ് വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം നാല് ക്വട്ടേഷനുകൾ ലഭിക്കുകയും ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത പൂംകുടി ടെംപോ, ഇടപ്പള്ളി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 6,20,800 രൂപയ്ക്ക് ആംബുലൻസ് വാങ്ങി. ഈ വാഹനത്തിന്റെ ലോഗ്ബുക്ക പ്രകാരം 86481 കി.മീറ്റർ വാഹനം ഓടിയതിനു ശേഷം 7-8-2008 മുതൽ പ്രത്യേക കാരണം കൂടാതെ വാഹനം സർവ്വീസ് നിർത്തി വെയ്ക്കുകയും, ഇപ്പോൾ അത് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാൾ കോമ്പൗണ്ടിൽ ഭദ്രമായി സൂക്ഷിച്ചുപോരുകയും

ചെയ്യുന്നതായി കാണുന്നു. വാഹനം വാങ്ങിയ തീയതി മുതൽ സർവ്വീസ് നിർത്തിവെച്ച കാലയളവായ 7-8-2008 വരെ റിപ്പയറിംഗിനും ടയർ/ബാറ്ററി എന്നിവ മാറിയതിനും പ്രധാനമായി താഴെ പറയും പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 65/2-05 | 0934026/11-2-05 | 3414 | 4-ാമത്തെ സർവ്വീസ് ചാർജ്ജ് |
| 97/2-06 | 9594/16-2-06 | 469 | - |
| 98/2-06 | 9595/16-2-06 | 1610 | - |
| 74/6-06 | 726459/14-6-06 | 20452 | റിപ്പയറിംഗ് ചാർജ്ജ് |
| 74/6-06 | 726460/14-6-06 | 19800 | പുതിയ ടയറിന്റെ വില |
| 36/3-07 | 772992/6-3-07 | 3400 | പുതിയ ബാറ്ററിയുടെ വില |
| 57/8-07 | 801867/9-8-07 | 37512 | മെയിന്റനൻസ് ചാർജ്ജ് |
| 66/7-07 | 801812/11-7-07 | 2656 | റിപ്പയർ ചാർജ്ജ് |
| 34/11-07 | - | 1717 | - |
| 66/8-07 | 228864/14-8-07 | 1000 | സി.എഫ്. ടെസ്റ്റ് ചാർജ്ജ് |
| 238/9-08 | 996365/24-9-08 | 2088 | റിപ്പയറിംഗ് ചാർജ്ജ് |
| ആകെ | | 94,118 | |

വലിയ റിപ്പയറിംഗ് ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ലാത്ത ഈ വാഹനം കേവലം 4 വർഷം മാത്രം ഉപയോഗിച്ചതിനുശേഷം പ്രവർത്തനരഹിതമായനിലയിൽ സൂക്ഷിക്കുന്നതിന്റെ കാരണം വ്യക്തമല്ല. താരതമ്യേന മോശമായ സാമ്പത്തിക സ്ഥിതിയുള്ള നഗരസഭയിൽ, വൻതുകകൾ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ മിതമായ ചെലവിൽ എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ വാങ്ങിയിട്ടുള്ള ആംബുലൻസ് ചുരുങ്ങിയ കാലയളവിലെ ഉപയോഗത്തിനുശേഷം പ്രവർത്തനരഹിതമായി സൂക്ഷിക്കാതെ നിരത്തിലിറക്കി ജനങ്ങളുടെ സേവനത്തിനായി ഉപയോഗിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2. <u>മൊബൈൽ മോർച്ചറി യൂണിറ്റ് - 2 എണ്ണം:</u>

2003-04-ൽ പ്രോജക്ട് നമ്പർ എസ്.ഒ.39/04-ാം നമ്പർ പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ച പദ്ധതിയാണ് മൊബൈൽ മോർച്ചറി യൂണിറ്റ്, പദ്ധതി നിർവ്വഹണത്തിനായി

ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്കായ 1-ന് 70950 രൂപ ക്വാട്ടുചെയ്ത "സയന്റിഫിക് എന്റർപ്രൈസസ്, ഏരൂർ റോഡ്, തൃപ്പൂണിത്തുറ" എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് മൊബൈൽ മോർച്ചറി യൂണിറ്റ് നഗരസഭ വാങ്ങി. പ്രസ്തുത സ്ഥാപനത്തിന് 1,41,900 രൂപ 3/04-ലെ 500-ാം നമ്പർ വൗച്ചർ പ്രകാരം വിലയായി നൽകി. (ചെക്ക് നമ്പർ 514225/30-3-04). തുടർന്ന് ഈ മൊബൈൽ മോർച്ചറികളുടെ നാളിതുവരെയുള്ള ഉപയോഗമോ, പ്രവർത്തനമോ സംബന്ധിച്ച യാതൊരു വിവരങ്ങളും ബന്ധപ്പെട്ട ഫയലിൽ ഇല്ല. നഗരസഭയുടെ ആംബുലൻസ് സർവ്വീസ് 2008 ആഗസ്റ്റ് മുതൽ പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നതിനാൽ ഇപ്രകാരം വാങ്ങിയ മൊബൈൽ മോർച്ചറി യൂണിറ്റുകൾ എവിടെ സൂക്ഷിച്ചിരിക്കുന്നു, അവയുടെ നിലവിലെ അവസ്ഥയെന്ത് തുടങ്ങിയ വിവരങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ല. ആയത് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് 28-7-2010-ൽ എം.2-1/2010-ാം നമ്പരായി നൽകിയ ഓഡിറ്റ് റിക്വസിഷന് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

വികസന ഫണ്ട് പ്രയോജനപ്പെടുത്തി വാങ്ങുന്ന ഇത്തരം ആസ്തികൾ കൃത്യമായി പരിപാലിക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് കാണുന്നത്. 1,42,000 രൂപയോളം ചെലവഴിച്ച വാങ്ങിയ ഈ മൊബൈൽ മോർച്ചറി യൂണിറ്റുകളുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

Note: പ്രത്യേക പരാമർശമായതിനാൽ ഉത്തരവാദിയെ നിശ്ചയിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.8.2 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1.നാല് വർഷം മാത്രം പഴക്കമുള്ള ആംബുലൻസ് പ്രവർത്തനരഹിതമായി

185. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

2. മൊബൈൽ മോർച്ചറി യൂണിറ്റ് - 2 എണ്ണം

186. പ്രസ്തുത മൊബൈൽ മോർച്ചറി യൂണിറ്റ് 2008 വരെ ഉപയോഗിച്ചിരുന്നുവെന്നും പിന്നീട് അത് ഉപയോഗശൂന്യമായതിനാൽ ഇ.എം.എസ്. സ്റ്റേഡിയത്തിലെ ഒരു റൂമിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത മോർച്ചറി യൂണിറ്റ് കൈയൊഴിയുന്നതിനുവേണ്ടി അതിന്റെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഇലക്ട്രിക് വിംഗിന് കത്ത് നൽകിയിട്ടുണ്ടെന്നും മൊബൈൽ മോർച്ചറി യൂണിറ്റ് വാങ്ങിയ

രേഖകളൊന്നും കൈവശമില്ലാത്തതാണ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള തടസ്സമെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരിച്ചു.

187. പി.ഡബ്ല്യു.ഡി.യിൽ നിന്ന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയശേഷം പ്രസ്തുത യൂണിറ്റ് വിൽക്കാനാണ് ശ്രമിക്കുന്നതെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ മൊബൈൽ മോർച്ചറി വാങ്ങിയതുമായി ബന്ധപ്പെട്ട യഥാർത്ഥ രേഖകൾ നൽകണമെന്നും ആയത് ലഭ്യമല്ലാത്തതിനാൽ സർക്കാരിൽ നിന്നും അനുവാദം വാങ്ങി മാത്രമേ യൂണിറ്റ് വിൽക്കുവാൻ സാധിക്കുകയുള്ളുവെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

188. മൊബൈൽ മോർച്ചറി യൂണിറ്റ് ഏത് സാഹചര്യത്തിലാണ് കൈയൊഴിയേണ്ടി വരുന്നതെന്നത് സംബന്ധിച്ച് രേഖയുണ്ടാക്കി സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കണമെന്നും ആയതിനുശേഷം പ്രസ്തുത യൂണിറ്റ് കൈയൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

189. ഇക്കാര്യത്തിനായി നഗരകാര്യ ഡയറക്ടർ മുഖേന പ്രൊപ്പോസൽ സമർപ്പിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിക്കുകയും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി ആയത് നൽകാമെന്ന് അറിയിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**190. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നാല് വർഷം മാത്രം പഴക്കമുള്ള ആംബുലൻസ് പ്രവർത്തനരഹിതമായത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**191. മൊബൈൽ മോർച്ചറി യൂണിറ്റ് ഏത് സാഹചര്യത്തിലാണ് കൈയൊഴിയേണ്ടി വന്നതെന്നത് സംബന്ധിച്ച് രേഖയുണ്ടാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയതിനുശേഷം പ്രസ്തുത യൂണിറ്റ് കൈയൊഴിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2024 ജൂൺ 27.

929/2024.

**അനുബന്ധം I**

**പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 6 | തദ്ദേശസ്വയംഭരണ വകുപ്പ് | 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭയിൽ നിന്നും സെന്റേജ് ചാർജ്ജ് ഇനത്തിൽ ലഭിക്കുവാനുള്ള ₹2.95 കോടി രൂപ സംബന്ധിച്ച് തിരുവനന്തപുരം നഗരസഭയും തിരുവനന്തപുരം വികസന അതോറിറ്റിയും തമ്മിൽ അഭിപ്രായ വ്യത്യാസവും തർക്കവും നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയത് സംബന്ധിച്ച് ട്രിഡ സെക്രട്ടറിയും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയും ചർച്ച ചെയ്ത് തീരുമാനത്തിലെത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 13, 14 | ,, | ട്രിഡ ഷോപിംഗ് കോംപ്ലക്സുകളിലെ വാടക കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ സാധിക്കുന്നില്ലായെന്ന് നിരീക്ഷിച്ച സമിതി ട്രിഡയിൽ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനും വാടക പിരിക്കുന്നതിനും നിലവിലുള്ള നിയമത്തിൽ അപര്യാപ്തതയുണ്ടെങ്കിൽ ആയതിന് പരിഹാര മുണ്ടാക്കണമെന്ന് നിർദ്ദേശിക്കുന്നു. കൺസ്യൂമർ ഫെഡുമായി ചർച്ച ചെയ്ത് സൗഹൃദാന്തരീക്ഷത്തിലൂടെ കുടിശ്ശിക വാങ്ങിയെടുക്കാനുള്ള ശ്രമം നടത്തുന്നതായിരിക്കും ഉചിതമെന്ന് സമിതി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിരീക്ഷിക്കുന്നു. വാടക പിരിക്കുന്നതിന് നിയമപരമായ അപര്യാപ്തതയുണ്ടെങ്കിൽ അത് സംബന്ധിച്ചും പ്രസ്തുത പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നത് സംബന്ധിച്ചും സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | 18 | തദ്ദേശസ്വയംഭരണ വകുപ്പ് | തിരുവനന്തപുരം നഗരസഭ ഓഡിറ്റ് വകുപ്പുമായി സഹകരിച്ച് സമയപരിധി നിശ്ചയിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള പ്രവർത്തനം നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | 20 | ,, | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന തുക പിരിച്ചെടുത്തതായി ബന്ധപ്പെട്ട വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 24 | ,, | വസ്തു നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് വീണ്ടും പരിശോധന നടത്തി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | 26 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 27 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 31 | ,, | ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 9 | 37 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിക്കുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയെ സംബന്ധിച്ച പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 40 | ,, | ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ദേവസ്വവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 43 | ,, | വയനാട്, പനമരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ക്രമവിരുദ്ധമായി ഡിമാൻഡിൽ നിന്ന് ഒഴിവാക്കിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ റവന്യൂ റിക്കവറി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 12 | 45 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വയനാട്, കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 49 | തദ്ദേശസ്വയംഭരണ വകുപ്പ് | വെള്ളറട ഗ്രാമപഞ്ചായത്തിൽ മത്സ്യവിപണന കേന്ദ്രം പൊളിച്ചു നീക്കിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി അധികം നൽകിയ തുക എത്രയാണെന്നും ആരാണ് അതിനുത്തരവാദിയെന്നും കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ആയത് തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | 52, 53 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 15 | 57 | ,, | കൊല്ലം കോർപ്പറേഷൻ അനെർട്ടിന് തുക നൽകിയെങ്കിലും പദ്ധതി നടപ്പാക്കാത്തതിനാൽ തുക തിരിച്ചടച്ചിട്ടുണ്ടെന്നുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അടച്ച തുക സർക്കാരിൽ നിന്നോ ട്രഷറിയിൽ നിന്നോ വ്യക്തത വരുത്തി റിപ്പോർട്ട് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 16 | 60 | ,, | സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നഗര ശുചീകരണത്തിന് വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ചില്ലെന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 62 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 64 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വികസന ഫണ്ട് ക്രമ വിരുദ്ധമായി ചെലവഴിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 19 | 67, 68 | തദ്ദേശസ്വയംഭരണ വകുപ്പ് | ഒരു പദ്ധതി നടപ്പാക്കുമ്പോൾ ജനങ്ങളുടെ പണമുപയോഗിച്ച് വാങ്ങിയ വസ്തുക്കൾ ഉപയോഗശൂന്യമാകുന്ന രീതിയാണ് പൊതുവി ലുള്ളതെന്ന് വികലാംഗർക്ക് ട്രൈസൈക്കിൾ വാങ്ങുന്ന പദ്ധതിയുമായി ബന്ധപ്പെട്ട വിഷയ ത്തിന്റെ വെളിച്ചത്തിൽ സമിതി വിലയിരു ത്തുന്നു. ഒരു പദ്ധതി നടപ്പാക്കുമ്പോൾ ഗുണ ഭോക്താക്കളുടെ എണ്ണം കണക്കാക്കി ആവശ്യ മനുസരിച്ച് സാധനങ്ങൾ വാങ്ങണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വിതരണം ചെയ്യാൻ കഴിയാതെ അവശേഷിക്കുന്ന ട്രൈസൈക്കിളുകൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 20 | 71 | ,, | വികലാംഗർക്ക് ബങ്ക് എന്ന പദ്ധതി പ്രകാരം വിതരണം ചെയ്ത ബങ്കുകൾ നിലവിൽ എത്ര പേർ ഉപയോഗിക്കുന്നുണ്ടെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 21 | 74 | ,, | വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ കുടിവെള്ള പദ്ധതിയിലെ അധിക ചെലവ് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 76 | തദ്ദേശസ്വയംഭരണ വകുപ്പ് | വകുപ്പിന്റെ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 23 | 78 | ,, | വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസിന് കരാറുകാരന് അധികം തുക നൽകിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കു ന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 24 | 82 | തദ്ദേശസ്വയംഭരണ വകുപ്പ് | ഇലന്തൂർ ബ്ലോക്കിലെ ചെറുകോൽ ഗ്രാമ പഞ്ചായത്തിലെ നായിപ്രക്കരോട്ട് എസ്.സി. കോളനിയിൽ ശുദ്ധജല വിതരണത്തിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയുടെ ആവശ്യകതയും സാധ്യതയും പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 25 | 85 | ,, | അടൂർ നഗരസഭയുടെ ഖരമാലിന്യ പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്റെ നടപടികൾ ത്വരിതപ്പെടുത്തണമെന്നും കേസിന്റെ വിധി വന്നതിനുശേഷം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 26 | 89 | ,, | പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ റോഡ് ടാറിംഗ് പ്രവൃത്തിക്ക് കരാറുകാരന് അധികം നൽകിയ തുക തിരിച്ചുപിടിക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കൃത്യമായ നടപടി സ്വീകരി ച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഇല്ലെങ്കിൽ ഉത്തരവാദികളായവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു. കരാറുകാരന് അധികമായി തുക നൽകിയ നടപടി സാധൂകരണത്തിനായി സർക്കാരിന് അപേക്ഷ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 27 | 93 | തദ്ദേശസ്വയംഭരണ വകുപ്പ് | വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീപദവി പഠനത്തിനായി പാഴായ തുകയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 97 | ,, | ദേശീയ ഗെയിംസിന്റെ നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്ത വകയിൽ തൃശ്ശൂർ നഗരസഭയ്ക്ക് 83 ലക്ഷം രൂപ അധിക ബാധ്യതയുണ്ടായെന്ന വിഷയത്തിൽ സർക്കാർ തീരുമാനമെടുത്ത് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 29 | 103 | തദ്ദേശസ്വയംഭരണ വകുപ്പ് | ഗുരുവായൂർ നഗരസഭ ടൗൺഹാളിനു സമീപത്തെ കുട്ടികൃഷ്ണൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ പുതിയതായി പണിതതും ഉപയോഗമില്ലാതെ കിടക്കുന്നതുമായ ഒന്നാം നിലയുടെ മൊസൈക്ക് പോളിഷിംഗ് രണ്ട് തവണ നടത്തിയ വിഷയത്തിൽ ചീഫ് എഞ്ചിനീയറുടെ സഹായത്തോടെ സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 30 | 108 | ,, | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ജലസേചന പദ്ധതിയോടനുബന്ധിച്ചുള്ള കുളം ഉപയോഗ യോഗ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 31 | 112 | ,, | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ 5,57,966 രൂപ ചെലവഴിച്ചിട്ടും എങ്ങുമെത്താത്ത ജലസേചന പദ്ധതിയെ സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | 115 | തദ്ദേശസ്വയംഭരണ വകുപ്പ് | മാങ്കുളം ഗ്രാമപഞ്ചായത്തിലെ വൈദ്യുതിനിലയ ത്തെക്കുറിച്ചുള്ള പരാമർശത്തിൻമേൽ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 118 | ,, | കുളത്തൂർ പഞ്ചായത്തിലെ ഖരമാലിന്യ പ്ലാന്റ് പ്രവർത്തിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശ ത്തിന്മേൽ വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 34 | 123 | തദ്ദേശസ്വയംഭരണ വകുപ്പ് | നഗരസഭകളിലേക്കുള്ള പഞ്ചായത്തുകളുടെ കൂട്ടിച്ചേർക്കലിന്റെ ഭാഗമായി ഫയലുകൾ നഷ്ടപ്പെടുന്ന സംഭവങ്ങൾ നിരവധിയാണെന്നും ഫയൽ ലഭ്യമല്ലാത്തതിനാൽ ഉത്തരവാദിയായ വർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും സമിതി അഭിപ്രായ പ്പെടുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അനുമതി ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ അംഗൻവാടി നിർമ്മാണം അവസാനിപ്പിച്ചിരിക്കുന്നതെന്നും എന്നാൽ പ്രസ്തുത വകുപ്പിന്റെ സമ്മപത്ര മുണ്ടായിരുന്നെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടി ട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 35 | 126 | തദ്ദേശസ്വയംഭരണ വകുപ്പ് | വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 129 | ,, | തൃശ്ശൂർ കടങ്ങോട് പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർജ്ജീവ ആസ്തിയായി കിടന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 37 | 132 | തദ്ദേശസ്വയംഭരണ വകുപ്പ് | വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 135 | ,, | തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ വൃദ്ധസദനം ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തിന് വകുപ്പ് നൽകിയ മറുപടി അംഗീകരിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 137 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 139 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 41 | 142 | തദ്ദേശസ്വയംഭരണ വകുപ്പ് | ചെങ്കൽ ഗ്രാമപഞ്ചായത്തിൽ ചട്ടങ്ങൾ പാലിക്കാതെ വർക്കുകൾ ടെണ്ടർ നൽകിയതുമൂലം നഷ്ടമായ തുക തിരിച്ചടയ്ക്കാത്ത ജനപ്രതിനിധികൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 42 | 144 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 147 | ,, | ഗാർഹികതല ബയോഗ്യാസ് പ്ലാന്റിന് ക്രമവിരുദ്ധമായി സബ്സിഡി നൽകിയത് സംബന്ധിച്ച പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 44 | 149 | തദ്ദേശസ്വയംഭരണ വകുപ്പ് | വകുപ്പിന്റെ വിശദീകരണം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 45 | 152 | ,, | സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കിടങ്ങൂർ തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 155 | ,, | ഗ്രാമപഞ്ചായത്തിനെ മറികടന്നുകൊണ്ട് ആസ്തികൾ വിൽക്കുവാൻ കർഷക സഹായ സമിതി തീരുമാനമെടുത്തത് ശരിയായ നടപടിയല്ലെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള കരുതൽ തദ്ദേശ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 47 | 157 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 48 | 159 | ,, | വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 49 | 162 | തദ്ദേശസ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 50 | 171 | ,, | വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വള്ളത്തോൾ നഗർ, നടത്തറ ഗ്രാമ പഞ്ചായത്തുകൾ, ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്ത്, വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തോളൂർ, മണലൂർ, പഴയന്നൂർ ഗ്രാമപഞ്ചായത്തുകൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 51 | 180 | ,, | അയഞ്ഞാറ്റ കോളനി റോഡ് പ്രവൃത്തി കൺവീനറായിരുന്ന ശ്രീ.ഒ.ആർ.അണ്ണൻ എന്ന വ്യക്തിക്ക് സംരക്ഷണം, മാനസികാരോഗ്യ ചികിത്സ എന്നിവ നൽകുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വകുപ്പിന്റെ വിശദീകരണത്തിന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ 9 പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 52 | 182 | തദ്ദേശസ്വയംഭരണ വകുപ്പ് | വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 53 | 184 | ,, | വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 54 | 190, 191 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നാല് വർഷം മാത്രം പഴക്കമുള്ള ആംബുലൻസ് പ്രവർത്തനരഹിതമായത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>മൊബൈൽ മോർച്ചറി യൂണിറ്റ് ഏത് സാഹചര്യത്തിലാണ് കൈയൊഴിയേണ്ടി വന്നതെന്നത് സംബന്ധിച്ച് രേഖയുണ്ടാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയ തിനുശേഷം പ്രസ്തുത യൂണിറ്റ് കൈയൊഴി യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |